06
ജനുവരി 2018 ശനി
1193 ധനു 22
തിരുവനന്തപുരം

# കേരളകൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

106 വർഷങ്ങൾ
4 തലമുറകൾ

16 പേജ് ₹ 6.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU
www.keralakaumudi.com www.facebook.com/keralakaumudi

## നെറികേടുകളുടെ സിൻഡിക്കേറ്റ്




കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രം തിരുത്തിക്കുറിച്ച, ലോകമെങ്ങും അംഗീകരിക്കപ്പെടുന്ന കേരളത്തിന്റെ മാതൃ സർവകലാശാലയായ കേരളസർവകലാശാല കുറേക്കാലമായി വാർത്തകളിൽ നിറയുന്നത് ലാത്തിച്ചാർജ്, ഘെരാവോ, ജലപീരങ്കി എന്നിവയിലൂടെയാണ്. കേരളകൗമുദി പ്രത്യേക ലേഖകൻ എം.എച്ച്. വിഷ്ണു തയ്യാറാക്കിയ, സിൻഡിക്കേറ്റിന്റെ നെറികേടുകൾ തേടിയുള്ള അന്വേഷണപരമ്പര ആരംഭിക്കുന്നു.

പേജ്-6

# കുരിശുമല യാത്ര തടഞ്ഞു; സംഘർഷം, ലാത്തിച്ചാർജ്

- സംഘർഷം ബോണക്കാട്ടും വിതുരയിലും
- പൊലീസുകാർ ഉൾപ്പെടെ എഴുപത് പേർക്ക് പരിക്ക്

വിതുര: കുരിശ് തകർത്തതിന്റെ പേരിൽ തർക്കം നിലനിൽക്കുന്ന ബോണക്കാട് കുരിശുമലയിലേക്ക് രണ്ടായിരത്തോളം വിശ്വാസികൾ സമരോത്സുകരായി നടത്തിയ യാത്ര പൊലീസ് തടഞ്ഞത് ലാത്തിച്ചാർജിലും സംഘർഷത്തിലും കലാശിച്ചു.

കാണിത്തടം ചെക്ക് പോസ്റ്റിലും വിതുരയിലും ഉണ്ടായ സംഘർഷത്തിൽ സി.ഐ അടക്കം ഇരുപതോളം പൊലീസ് ഉദ്യോഗസ്ഥർക്കും വൈദികരും കന്യാസ്ത്രീകളുമടക്കം അമ്പതോളം വിശ്വാസികൾക്കും പരിക്കേറ്റു. ലത്തീൻ കത്തോലിക്ക സഭയുടെ നെയ്യാറ്റിൻകര രൂപതയിലെ കെ.എൽ.സി.എ, കെ.സി.വൈ.എം, കെ.എൽ.സി.ഡബ്ലിയു എന്നിവയുടെ നേതൃത്വത്തിലാണ് ഇന്നലെ രാവിലെ പത്തിന് തേവിയോട് ദൈവപരിപാലന ദേവാലയത്തിൽ നിന്ന് കുരിശുമലയിലേക്ക് യാത്ര തുടങ്ങിയത്. ബോണക്കാട് കാണിത്തടം ചെക്ക് പോസ്റ്റിൽ പൊലീസും വനപാലകരും ബാരിക്കേഡുകൾ നിരത്തി യാത്ര തടഞ്ഞു.



ബോണക്കാട് കുരിശുമലയിലേക്കുള്ള യാത്രികരെ കാണിത്തടം ഫോറസ്റ്റ് ചെക്ക് പോസ്റ്റിൽ പൊലീസ് തടഞ്ഞപ്പോഴുണ്ടായ സംഘർഷം

### കുരിശാകുന്ന തർക്കം

നെയ്യാറ്റിൻകര രൂപതയുടെ തീർത്ഥാടന കേന്ദ്രമായ ബോണക്കാട് കുരിശുമലയിലെ വനഭൂമിയിൽ 60 വർഷം മുൻപ് സ്ഥാപിച്ച കോൺക്രീറ്റ് കുരിശ് കഴിഞ്ഞ സെപ്റ്റംബറിൽ തകർക്കപ്പെട്ടിരുന്നു. ഇതേത്തുടർന്ന് ഇങ്ങോട്ടുള്ള സന്ദർശനം വനംവകുപ്പ് വിലക്കി. തുടർന്ന് ഒരു മരക്കുരിശ് സ്ഥാപിച്ചെങ്കിലും കഴിഞ്ഞ മഴയിൽ അതും തകർന്നു. പുതിയ മരക്കുരിശുമായാണ് ഇന്നലെ ജനക്കൂട്ടം എത്തിയത്.

ബാരിക്കേഡുകൾ തകർത്ത് മുന്നോട്ട് പോകാൻ ശ്രമിച്ചവരെ തടഞ്ഞതോടെ പൊലീസിനു നേരെ കല്ലേറുണ്ടായി. തുടർന്ന് പൊലീസ് ലാത്തി വീശുകയായിരുന്നു.

മുക്കാൽ മണിക്കൂറോളം സംഘർഷം നീണ്ടുനിന്നു. തുടർന്ന് നെടുമങ്ങാട് തഹസിൽദാർ എ.കെ. അനിൽകുമാറിന്റെ നേതൃത്വത്തിൽ ചർച്ച നടത്തി. കുരിശുമലയിലേക്കുള്ള വഴിയിലുള്ള അമലോത്ഭവ മാതാ പള്ളിയിലേക്ക് പോകാനെങ്കിലും അനുവദിക്കണമെന്ന് വിശ്വാസികൾ ആവശ്യപ്പെട്ടു. കൂട്ടത്തോടെ വിടില്ലെന്നും പതിനഞ്ചുപേരുടെ സംഘമായി വിടാമെന്നും തഹസിൽദാർ പറഞ്ഞെങ്കിലും സ്വീകാര്യമായില്ല.

വൈകിട്ട് മൂന്നോടെ ജനക്കൂട്ടം വിതുര കലുങ്ക് ജംഗ്ഷനിലെത്തി റോഡ് ഉപരോധിച്ചു. പൊൻമുടി പാതയിൽ ഗതാഗതം തടസപ്പെട്ടു. ജനക്കൂട്ടം പിരിഞ്ഞു പോകാത്തതിനെ തുടർന്ന് പൊലീസ് ലാത്തിവീശി. പൊലീസിനു നേരെ കല്ലേറുണ്ടായി. ഒരു കെ.എസ്.ആർ.ടി.സി ബസിന്റെ ചില്ലുകൾ എറിഞ്ഞു തകർത്തു. വൈദികരടക്കം അമ്പതോളം പേരെ പൊലീസ് കസ്റ്റഡിയിലെടുത്ത് വിതുര സ്റ്റേഷനിലേക്ക് കൊണ്ടുപോയി. ഇവരെ വിടണമെന്ന് ആവശ്യപ്പെട്ട് ജനക്കൂട്ടം പൊലീസ് സ്റ്റേഷന് മുന്നിലും പ്രതിഷേധിച്ചു. വൈകിട്ട് അഞ്ചരയോടെ റൂറൽ എസ്.പി അശോക് കുമാറും വികാരി ജനറൽ ജി.ക്രിസ്തുദാസും നടത്തിയ ചർച്ചയെ തുടർന്ന് കസ്റ്റഡിയിൽ എടുത്തവർക്കെതിരെ കേസെടുത്തശേഷം ജാമ്യത്തിൽ വിട്ടയച്ചു. അമ്പതു പേരെ വീതം അമലോത്ഭവമാതാ പള്ളിയിലേക്ക് വിടാമെന്ന് പൊലീസ് അറിയിച്ചെങ്കിലും അതും സ്വീകരിച്ചില്ല. കന്യാസ്ത്രീകളും വൈദികരുമടക്കമുള്ളവർ രാത്രി വൈകി സ്റ്റേഷന് മുന്നിൽ നിന്ന് മടങ്ങി.

## ഒറ്റനോട്ടം



മിനിമം ബാലൻസ് പരിധി എസ്.ബി.ഐ കുറച്ചേക്കും

പേജ്-16



സുരക്ഷാ ഫണ്ടില്ലെന്ന് പാകിസ്ഥാനോട് അമേരിക്ക

പേജ്-12



കാലിത്തീറ്റ കേസ്: ലാലുവിന്റെ ശിക്ഷ ഇന്ന്

പേജ്-12

# തോമസ് ചാണ്ടിയെ കൈവിട്ട് സർക്കാർ

- ലേക് പാലസ് റിസോർട്ട് നിലം നികത്തിയെന്ന് ഹൈക്കോടതിയിൽ അറിയിച്ചു



കൊച്ചി: മുൻമന്ത്രി തോമസ് ചാണ്ടി ഡയറക്ടറായ വാട്ടർ വേൾഡ് ടൂറിസം കമ്പനിയുടെ ലേക്ക് പാലസ് റിസോർട്ട് നിലം നികത്തിയെന്ന് ജില്ലാ കളക്ടറുടെ പ്രാഥമികാന്വേഷണ റിപ്പോർട്ടിലുണ്ടെന്ന് സർക്കാർ ഹൈക്കോടതിയിൽ അറിയിച്ചു. ഉപഗ്രഹ ചിത്രങ്ങളടക്കമുള്ള രേഖകൾ കമ്പനിക്ക് നൽകിയെന്നും കളക്ടർക്ക് വേണ്ടി ഹാജരായ സ്റ്റേറ്റ് അറ്റോർണി ബോധിപ്പിച്ചു.

ഇതോടെ, തോമസ് ചാണ്ടിയുടെ മന്ത്രിക്കസേര തന്നെ തെറിപ്പിച്ച വിവാദ നിലം നികത്തൽ കേസിൽ സർക്കാർ അദ്ദേഹത്തെ കൈവിട്ടിരിക്കയാണ്. നിലം നികത്തിയിട്ടില്ലെന്നും ഇത് ഉറപ്പാക്കാൻ സ്ഥലം പരിശോധിച്ചിട്ടില്ലെന്നും വാട്ടർ വേൾഡ് കമ്പനി മറുപടി നൽകി. തുടർന്ന് നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം അന്തിമ നടപടി എടുക്കാൻ കളക്ടർ നൽകിയ നോട്ടീസിന് മറുപടി നൽകാൻ കമ്പനിക്ക് പത്ത് ദിവസം ഹൈക്കോടതി അനുവദിച്ചു. ജനുവരി എട്ടിന് നിശ്ചയിച്ച കളക്ടറുടെ ഹിയറിംഗ് ഇതിനായി 15 ലേക്ക് മാറ്റി.

റിസോർട്ടിന് വേണ്ടി നിലം നികത്തിയെന്ന് വ്യക്തമാക്കുന്ന രേഖകൾ നൽകണമെന്ന ആവശ്യം കളക്ടർ അനുവദിച്ചില്ലെന്ന് ആരോപിച്ച് വാട്ടർ വേൾഡ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ മാത്യു ജോസഫ് നൽകിയ ഹർജിയാണിത്.

നികത്തിയെന്ന് കണ്ട സ്ഥലം ലീലാമ്മ ഈശോയുടേതാണെന്നും തങ്ങൾക്ക് നോട്ടീസ് നൽകിയത് നിയമപരമല്ലെന്നുമായിരുന്നു ഹർജിക്കാരുടെ വാദം. പരിസരവാസികൾക്കൊപ്പം റിസോർട്ട് അധികൃതരും ഭൂവുടമയുടെ അനുമതിയോടെ സ്ഥലം പാർക്കിംഗിന് ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ പേരിലാണ് നടപടിയെന്ന് ഹർജിയിൽ പറയുന്നു.

ശശീന്ദ്രന്റെ കേസ് നീളും; മന്ത്രിസ്ഥാനവും പേജ്-07

## കൊച്ചി എൽ.പി.ജി ടെർമിനൽ സ്തംഭനം

# 300 കോടി നഷ്ടം

എം.എസ്.സജീവൻ

KAUMUDI SPECIAL

കൊച്ചി: പുതുവൈപ്പിലെ പാചകവാതക ഇറക്കുമതി ടെർമിനൽ പദ്ധതിയുടെ നിർമാണം നിലച്ച് 10 മാസം പിന്നിട്ടതോടെ ഇന്ത്യൻ ഓയിൽ കോർപറേഷന് ഇതുവരെ 300 കോടി രൂപ നഷ്ടമായി. ദേശീയ ഹരിത ട്രൈബ്യൂണലും ചെന്നൈ ബെഞ്ചും അനുകൂല ഉത്തരവുകൾ പുറപ്പെടുവിച്ചെങ്കിലും പ്രതിഷേധം മൂലം സ്തംഭനം തുടരുകയാണ്. നിർമാണം പുനരാരംഭിക്കാൻ സർക്കാർ യോഗം ഉടൻ വിളിക്കും.

കേരളത്തിലെയും തമിഴ്നാട്ടിലെയും പാചകവാതകക്ഷാമം പൂർണമായി പരിഹരിക്കാൻ കഴിയുന്നതാണ് വൈപ്പിൻ ദ്വീപിലെ എൽ.പി.ജി ഇറക്കുമതി ടെർമിനൽ. 2016 ൽ നിർമാണം ആരംഭിച്ച ടെർമിനലിനെതിരെ 2017ൽ ഒരുവിഭാഗം ആരംഭിച്ച സമരം അക്രമാസക്തമായതോടെ ഫെബ്രുവരി 16ന് നിർമാണം നിലച്ചു. കഴിഞ്ഞ ജൂലായ് 16ന് സമരസമിതിയുടെ പ്രതിഷേധം ലാത്തിച്ചാർജിൽ കലാശിച്ചു. അതോടെ വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിച്ചു. റിപ്പോർട്ട് സമർപ്പിക്കുംവരെ നിർമാണം പാടില്ലെന്നും തീരുമാനിച്ചു.

പണി പൂർത്തിയാകേണ്ടത്: 2018 ഫെബ്രുവരി
ഇതുവരെ പൂർത്തിയായത്: ഇറക്കുമതി ജെട്ടി



നിർമാണം നിലച്ച എൽ.പി.ജി. ടെർമിനൽ പദ്ധതി പ്രദേശം

### ടെർമിനൽ എന്നാൽ

കപ്പലിൽ ഇറക്കുമതി ചെയ്യുന്ന എൽ.പി.ജി ടെർമിനലിൽ സംഭരിക്കും. അത് പൈപ്പ്ലൈൻ വഴി കേരളം, തമിഴ്നാട് എന്നിവിടങ്ങളിലെ ഫില്ലിംഗ് സ്റ്റേഷനുകളിൽ എത്തിച്ച് സുലഭമായി എൽ.പി.ജി ലഭ്യമാക്കും.

**2,200** കോടിയാണ് ടെർമിനൽ നിർമാണച്ചെലവ്

**6** ലക്ഷം ടൺ ആണ് സംഭരണശേഷി

### പ്രതിദിനം ഒരു കോടി

നിർമാണം സ്തംഭിച്ചതുമൂലം പ്രതിദിനം ഒരു കോടി രൂപയിലേറെ നഷ്ടം സംഭവിക്കുന്നതായി ഐ.ഒ.സി വൃത്തങ്ങൾ പറഞ്ഞു.

10 മാസം കഴിഞ്ഞതോടെ മുന്നൂറു കോടിയിലേറെ നഷ്ടമായി.

*"വിദഗ്ദ്ധ സമിതി റിപ്പോർട്ടിന്മേൽ നടപടി സർക്കാർ സ്വീകരിക്കണം. സമരവുമായി മുന്നോട്ടുപോകും. ചർച്ചയെക്കുറിച്ച് ഔദ്യോഗികമായി സർക്കാർ അറിയിച്ചിട്ടില്ല. ഗ്രീൻ ട്രൈബ്യൂണലിന്റെ ഉത്തരവിനെതിരെ അപ്പീൽ സമർപ്പിക്കും."*

**എം.ബി. ജയഘോഷ്**
**കൺവീനർ, സമര സമിതി**

*"ടെർമിനൽ നിർമാണവുമായി ബന്ധപ്പെട്ട യോഗത്തിന്റെ ദിവസം നിശ്ചയിച്ചിട്ടില്ല."*

**മുഹമ്മദ് വൈ. സഫീറുള്ള**
**ജില്ലാ കളക്ടർ**

### സർക്കാർ ഇടപെടുന്നു


ടെർമിനലിന്റെ നിർമാണം തുടരണമെന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്.

ഐ.ഒ.സിയിലെ ഉന്നതർ, ജില്ലാ ഭരണകൂടം, സമരസമിതി, സാങ്കേതിക വിദഗ്ദ്ധർ എന്നിവർ പങ്കെടുക്കുന്ന യോഗം വിളിക്കാൻ സർക്കാർ നടപടി ആരംഭിച്ചു. തീയതി നിശ്ചയിച്ചിട്ടില്ല. അപകടകരമായ പദ്ധതി അനുവദിക്കില്ലെന്ന നിലപാട് സമരസമിതി തുടരുകയാണ്.

MAXVALUE
CREDITS AND INVESTMENTS LTD.
Transforming Life...
ഗോൾഡ് ലോൺ
ഗ്രാമിന് ഏറ്റവും ഉയർന്ന വായ്പ
കുറഞ്ഞ പലിശനിരക്കിൽ...
* Branches All Over Kerala
www.maxvaluecredits.com

## തലവര

ഫോൺ കെണി കേസ് ഒത്തുതീർപ്പാക്കണമെന്ന ഹർജി പരാതിക്കാരി പിൻവലിച്ചു



കരിമ്പൂച്ചക്കുട്ടി കുറുകെ ചാടി

# ചിലങ്ക കെട്ടും മുമ്പ് തിരിനാളമായി നാട്യമൂർത്തിക്ക് മുന്നിൽ...

## സംസ്ഥാന സ്കൂൾ കലോത്സവത്തിന് ഇന്ന് കൊടിയേറ്റം

കോവളം സതീഷ്കുമാർ

തൃശൂർ: ഒരു നെയ്ത്തിരി നാളം വടക്കുംനാഥന്റെ മുന്നിൽ തെളിക്കുമ്പോൾ ഒരുപാട് പ്രാർത്ഥനകളാണ് നിവേദിക്കപ്പെടുന്നത്. സംസ്ഥാനത്തിന്റെ വിവിധ കോണുകളിൽ നിന്ന് വരുന്ന സ്കൂൾ വിദ്യാർത്ഥികളാണ് വടക്കുംനാഥനു മുന്നിൽ പ്രാർത്ഥനയുമായി എത്തുന്നത്. കാലിൽ ചിലങ്ക കെട്ടി വേദിയിൽ നടനമാടുമ്പോൾ ഒരു ചുവടും പിഴയ്ക്കല്ലേ മഹാദേവാ... എന്ന പ്രാർത്ഥനയാണ് എല്ലാ പേർക്കും.

ഇന്ന് കൊടിയേറുന്ന കലോത്സവത്തിന് ആവേശം നിറയ്ക്കാനെത്തിയ കൗമാരങ്ങൾ. ചുവടും താളവും മേളവുമായി അവർ നിറയും. ഇന്നലെ രാവിലെ തന്നെ പൂരനഗരിയിലെത്തിയവർ പ്രാർത്ഥനകളോടെ നടരാജന്റെ തിരുനടയിലെത്തി. ഇവിടെ പ്രധാന നടയിൽ നെയ്‌വിളക്ക്, പാർവതിയുടെ നടയിൽ പൂജ, ഗണപതിയുടെ നടയിൽ കറുകമാല എന്നിങ്ങനെ പോകുന്നു അർച്ചനകൾ.

ഇന്നലെ വിശേഷ ദിവസമായതിനാൽ പടിഞ്ഞാറെ നടയിലെ വിളക്ക് തെളിച്ചു. 50 ലിറ്റർ എണ്ണ വേണം ഇവിടത്തെ ദീപങ്ങൾ തെളിക്കാൻ. മത്സരാർത്ഥികളായ കുട്ടികളും ദീപം തെളിക്കാനായി കൂടി.

വിളക്കുകളിലൊന്നിൽ നെയ്യ് ഒഴിച്ച് തിരിയിട്ട് തെളിച്ച് പ്രാർത്ഥിച്ചാൽ ഫലമുണ്ടാകുമെന്ന ഉറച്ച വിശ്വാസത്തിലാണ് കുട്ടികളുടെ പ്രാർത്ഥന.

മറ്റ് ജില്ലകളിൽ നിന്ന് എത്തിയ വിദ്യാർത്ഥികളിൽ പലരും ആദ്യമായിട്ടാണ് ത്രിശിവപേരൂരിന്റെ ഈശനായ മഹാദേവന്റെ നടയിലെത്തുന്നത്. ശിവന്റെ ഊര് വികസിച്ച് കിടക്കുന്നത് ഈ അമ്പലത്തിനു ചുറ്റുമാണ്. പ്രധാനവേദി 'നീർമാതളം' അമ്പലമതിലിനടുത്ത്. നിശാഗന്ധി, നീലക്കുറിഞ്ഞി. ചെമ്പരത്തി, നീലോല്പലം, കുടമുല്ല, കണിക്കൊന്ന. ദേവദാരു... എന്നിങ്ങളെ പൂക്കളുടെ നറുമണമുള്ള വേദികളെല്ലാം ചുറ്റിലുമുണ്ട്. ഇവിടങ്ങളിൽ ചുവടു വയ്ക്കുമ്പോൾ, രാഗം വിസ്തരിക്കുമ്പോൾ ഒപ്പം നാട്യമൂർത്തിയായ ശിവന്റെ അനുഗ്രഹത്തിനായാണ് കൂപ്പുകൈകളുമായി ഓരോരുത്തരും ഇവിടെ എത്തുന്നത്.




വടക്കുന്നാഥാ സർവം നടത്തും നാഥാ... തൃശൂരിൽ നടക്കുന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പങ്കെടുക്കാൻ എത്തിയ മത്സരാർത്ഥികൾ വടക്കുന്നാഥ ക്ഷേത്രത്തിൽ പ്രാർത്ഥിക്കുന്നു ഫോട്ടോ: റാഫി എം. ദേവസി

# ആശങ്ക സൃഷ്ടിച്ച് വിധികർത്താക്കളുടെ പിന്മാറ്റം

കൃഷ്ണകുമാർ ആമലത്ത്

തൃശൂർ: സംസ്ഥാന സ്കൂൾ കലോത്സവത്തിന് ഇന്ന് തുടക്കം കുറിക്കാനിരിക്കെ വിധികർത്താക്കളുടെ പിന്മാറ്റം ആശങ്ക സൃഷ്ടിച്ചു. കൂടുതൽ പേർ പിന്മാറുമെന്ന സൂചനയും നിലനിൽക്കുന്നു. നൃത്ത ഇനങ്ങളിലെ ആറു വിധികർത്താക്കളാണ് പിന്മാറിയത്. വ്യക്തിപരമായ കാരണങ്ങളാണ് പിന്മാറ്റത്തിന് പിന്നിലെന്നാണ് ഔദ്യോഗിക വിശദീകരണമെങ്കിലും വിജിലൻസ് സംവിധാനം ശക്തമാക്കിയതിലുള്ള നീരസമാണ് കാരണമെന്നാണ് അറിയുന്നത്. വിധികർത്താക്കളുടെ പിന്മാറ്റത്തെ തുടർന്ന് പുതിയ ആളുകളെ നിയോഗിച്ചതായി ഡി.പി.ഐ മോഹൻകുമാർ കേരളകൗമുദിയോട് പറഞ്ഞു. കഴിഞ്ഞ വർഷം കണ്ണൂരിൽ നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തെക്കാൾ ശക്തമായ സംവിധാനമാണ് ഇത്തവണ തൃശൂരിൽ ഏർപ്പെടുത്തിയിരിക്കുന്നത്. തെറ്റിദ്ധാരണ മൂലമാണ് വിധികർത്താക്കളുടെ പിന്മാറ്റമെന്ന് വിദ്യാഭ്യാസമന്ത്രി സി. രവീന്ദ്രനാഥ് പ്രതികരിച്ചു.

സുതാര്യതയ്ക്ക് വേണ്ടിയാണ് വിജിലൻസ് സംവിധാനമെന്നും ചിലർക്ക് പ്രതിഷേധമുണ്ടെന്ന് കരുതി അത് ഉപേക്ഷിക്കില്ലെന്നും മന്ത്രി പറഞ്ഞു.

19-ാം ചരമവാർഷികം
(13.05.2018)

24-ാം ചരമവാർഷികം
(06.01.2018)





കെ. ശിവാനന്ദൻ
(മോഡേൺ ബേക്കറി, ആറ്റിങ്ങൽ)

എസ്. സനിൽ
(IInd P.D.C., S.N. College, Varkala)

സനിൽ ലാൻഡ്, ടോൾമുക്ക്, ആറ്റിങ്ങൽ.
"മരിക്കാത്ത ഓർമ്മകളുമായി, നിത്യശാന്തി നേർന്നുകൊണ്ട്,"
ഭാര്യ: എൻ. സുപ്രഭ
മക്കൾ: എസ്. സുനിൽ, എസ്. അനിൽ.
മാതാവ്: എൻ. സുപ്രഭ,
സഹോദരങ്ങൾ: എസ്. സുനിൽ, എസ്. അനിൽ.

# അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi




**സിറ്റി കൗമുദിയിൽ**

■ നഗരം പൊലീസിന്റെ കാമറക്കണ്ണിൽ...!
■ ഇത് വരയുടെ സർഗവസന്തം
■ പുതുശോഭയിലേക്ക് ജനാധിപത്യത്തിന്റെ ശ്രീകോവിൽ

## തൈക്കാട് ശ്രീധർമ്മ ശാസ്താ ക്ഷേത്രം

തിരുവനന്തപുരം: തിരുവനന്തപുരം താലൂക്ക് എൻ.എസ്.എസ് കരയോഗ യൂണിയൻ വക തൈക്കാട് ശ്രീ ധർമ്മ ശാസ്താ ക്ഷേത്രത്തിലെ തൃക്കൊടിയേറ്റ് മഹോത്സവത്തിന് എട്ടിന് വൈകിട്ട് അഞ്ചിന് കൊടിയേറും. വിശേഷാൽ പൂജകൾ, കൊടിമര ചുവട്ടിൽ നിറപറ, പുഷ്പാഭിഷേകം, ക്ഷേത്രാചാര പ്രകാരമുള്ള കലാപരിപാടികൾ, അന്നദാനം തുടങ്ങിയ ചടങ്ങുകളോടെ 13ന് സമാപിക്കും. 12ന് രാത്രി ഒമ്പതിനാണ് പള്ളിവേട്ട. 13ന് വൈകിട്ട് അഞ്ചിന് ആറാട്ട് ഘോഷയാത്ര. 14ന് ഉച്ചയ്ക്ക് 1.47ന് മകര സംക്രമാഭിഷേകവും മകരസംക്രമ പൂജയും നടക്കും.

## മെഡിക്കൽ ക്യാമ്പ്

തിരുവനന്തപുരം: നന്മ ചാരിറ്റി ആൻഡ് റിക്രിയേഷൻ ക്ലബ് ശാന്തിഗിരി ആയുർവേദ ആൻഡ് സിദ്ധ ഹെൽത്ത് കെയർ സെന്റർ, പട്ടം താണുപിള്ള മെമ്മോറിയൽ ഗവ. ഹോമിയോ ഹോസ്പിറ്റൽ, മുത്തൂറ്റ് ലാബോറട്ടറി എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ വൈദ്യ പരിശോധന ക്യാമ്പ് സംഘടിപ്പിക്കുന്നു. നാളെ രാവിലെ 9 മുതൽ 1 വരെ മുടവൻമുകൾ ഐ.സി.എം ഹാളിൽ നടക്കും. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് മുത്തൂറ്റ് ലാബോറട്ടറിയുടെ സ്പെഷ്യൽ ഹെൽത്ത് പാക്കേജുകൾ ഉണ്ടായിരിക്കും. ഫോൺ: 7012034656, 9846006806.

## അനുശോചിച്ചു

തിരുവനന്തപുരം: പാറോട്ടുകോണം, പരുത്തിപ്പാറ ഗബ്രീസ് സ്റ്റുഡിയോ ഉടമയും ആൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ (എ.കെ.പി.എ) ഭാരവാഹിയുമായിരുന്ന പി.ജെ. എബ്രഹാമിന്റെ നിര്യാണത്തിൽ ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് നെയ്യാറ്റിൻകര കുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം അനുശോചിച്ചു. ഭാരവാഹികളായ ഹരി തിരുമല, എം.എസ്. അനിൽ കുമാർ, കഴക്കൂട്ടം സജു സത്യൻ, വി.ആർ. സുരേഷ് ബാബു എന്നിവർ സംസാരിച്ചു.

## അവിട്ടം തിരുനാൾ ഗ്രന്ഥശാലാ വാർഷികം

തിരുവനന്തപുരം : ശ്രീ അവിട്ടം തിരുനാൾ ഗ്രന്ഥശാലയുടെ 77-ാമത് വാർഷികാഘോഷം ഇന്ന് വൈകിട്ട് 6ന് നടക്കും. കേരളാ സർവകലാശാല രജിസ്ട്രാർ ഡോ. ആർ. ജയചന്ദ്രൻ ഉദ്ഘാടനം ചെയ്യും. ഗ്രന്ഥശാലാ പ്രസിഡന്റ് ആർ.കെ. നാരായണൻ നായർ അദ്ധ്യക്ഷത വഹിക്കും. കാര്യവട്ടം ശ്രീകണ്ഠൻ നായർ മുഖ്യപ്രഭാഷണം നടത്തും. കുര്യാത്തി വാർഡ് കൗൺസിലർ ബീനാ മുരുകൻ പ്രസംഗിക്കും. ഗ്രന്ഥശാലാ സെക്രട്ടറി കെ.പി. പ്രേമചന്ദ്രൻ സ്വാഗതവും ജനറൽ കൺവീനർ ബി. മോഹനൻ നായർ നന്ദിയും പറയും. തുടർന്ന് സമ്മാനദാനവും രാത്രി 8 ന് തിരുവനന്തപുരം നൂപുരയുടെ നൃത്തനൃത്ത്യങ്ങളും നടക്കും.

## കോവളത്തെ ഒഴിവാക്കിയതിൽ പ്രതിഷേധം

കോവളം: ടൂറിസം വകുപ്പിന്റെ കീഴിൽ ടൂറിസം പ്രൊമോഷൻ കൗൺസിൽ ജില്ലകൾ തോറും സംഘടിപ്പിച്ചുവരുന്ന 'ഉത്സവ് 2018' ൽ കോവളം വിനോദ സഞ്ചാരമേഖലയെ ഒഴിവാക്കിയതിൽ കേരള ടൂറിസം പ്രൊട്ടക്ഷൻ ആൻഡ് ഡെവലപ്മെന്റ് കൗൺസിൽ യോഗം പ്രതിഷേധിച്ചു. ടൂറിസം വകുപ്പിലെ ചില ഉന്നതരുടെ ഏകപക്ഷീയമായ താത്പര്യമാണ് ഈ അവഗണനയ്ക്ക് കാരണമെന്നും കൗൺസിൽ കുറ്റപ്പെടുത്തി. കോവളം ലൈറ്റ് ഹൗസ് ബീച്ചിലെ ഗാന്ധിപാർക്കിൽ നടന്ന പ്രതിഷേധയോഗം കോവളം ടി.എൻ. സുരേഷ് ഉദ്ഘാടനം ചെയ്തു. കൗൺസിൽ പ്രസിഡന്റ് ആർ. വിശ്വനാഥൻ അദ്ധ്യക്ഷത വഹിച്ചു. കോവളം ബി. ശ്രീകുമാർ, പി. സുകേശൻ, എം.എസ്. ഷിബുലാൽ തുടങ്ങിയവർ സംസാരിച്ചു.

## ചിറയ്ക്കൽ ശ്രീ മഹാവിഷ്ണു ക്ഷേത്രം

കോവളം: മുട്ടത്തറ ചിറയ്ക്കൽ ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിലെ തിരുവാതിര മഹോത്സവം നടത്തിപ്പിനായി ഉത്സവ കമ്മിറ്റി രൂപീകരിച്ചു. കേശവൻ രാജു (ജനറൽ കൺവീനർ) കെ.ഹരിദാസൻ (ജോയിന്റ് കൺവീനർ) കെ.ഗോപിനാഥൻ (സെക്രട്ടറി) വി.സുരേഷ്, എൻ.ബാലകൃഷ്ണൻ, (ജോയിന്റ് സെക്രട്ടറി) സി. ശിവൻകുട്ടി (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

## പി.എസ്. നടരാജപിള്ളയുടെ 52-ാമത് ചരമവാർഷികം ജനുവരി 10ന്

തിരുവനന്തപുരം: സ്വാതന്ത്ര്യ സമരസേനാനിയും തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ സ്ഥാപക സെക്രട്ടറിയും തിരു-കൊച്ചി സംസ്ഥാനത്തിന്റെ ആദ്യ ധനകാര്യമന്ത്രിയും എം.പിയുമായിരുന്ന പി.എസ്. നടരാജപിള്ളയുടെ 52-ാമത് ചരമവാർഷികം ജനവരി 10ന് ആചരിക്കും. പേരൂർക്കട പി.എസ്. നടരാജപിള്ള സ്മാരക ഹയർ സെക്കൻഡറി സ്കൂളിൽ രാവിലെ 9ന് അനുസ്മരണ ചടങ്ങുകൾ നടക്കും. അദ്ദേഹത്തിന്റെ പ്രതിമയിൽ പുഷ്പാർച്ചന, അനുസ്മരണയോഗം തുടങ്ങിയവ ഉണ്ടായിരിക്കും. പി.എസ്. നടരാജപിള്ള സ്മാരക എഡ്യൂക്കേഷണൽ ട്രസ്റ്റിന്റെ കീഴിൽ വെള്ളനാട്ട് പ്രവർത്തിക്കുന്ന എൽ.പി സ്കൂളിലും അനുസ്മരണ യോഗം ഉണ്ടായിരിക്കും. അനുസ്മരണ ചടങ്ങുകളിൽ മക്കളായ വെങ്കിടേശൻ, സമ്പത്ത്, രാഗിണി ആർ. പിള്ള, മനോഹരം എന്നിവർ പങ്കെടുക്കും.

## അവകാശ ദിനാചരണം നടത്തി

തിരുവനന്തപുരം : സംസ്ഥാന പൗൾട്രി വികസന കോർപറേഷനിലെ തൊഴിലാളികളെ സ്ഥിരപ്പെടുത്തുക, ശമ്പളം പരിഷ്കരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കേരള സ്റ്റേറ്റ് ഫാം വർക്കേഴ്സ് യൂണിയൻ (എ.ഐ.ടി.യു.സി) തൊഴിലാളികൾ സംസ്ഥാന വ്യാപകമായി അവകാശദിനാചരണം നടത്തി. കോർപ്പറേഷന്റെ പേട്ട ആസ്ഥാന മന്ദിരത്തിന് മുന്നിൽ നടത്തിയ ദിനാചരണം കെ.പി. രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി പി.എസ്. നായിഡു അദ്ധ്യക്ഷത വഹിച്ചു.



മന്നം മെമ്മോറിയൽ നാഷണൽ ക്ലബിന്റെ ആഭിമുഖ്യത്തിൽ നടന്ന ചടങ്ങിൽ നടൻ സുധീർ കരമനയെ ബാല്യകിരിയത്ത് ഉപഹാരം നൽകി ആദരിക്കുന്നു. പ്രസിഡന്റ് അരവിന്ദാക്ഷൻ, സെക്രട്ടറി ആമ്പാടി ചന്ദ്രശേഖരൻ നായർ എന്നിവർ സമീപം

# ആറ്റുകാൽ പൊങ്കാല: ക്രമീകരണങ്ങൾ ഉടൻ പൂർത്തിയാക്കുമെന്ന് നഗരസഭ

തിരുവനന്തപുരം : ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ചുള്ള മുന്നൊരുക്കങ്ങൾ ആരംഭിച്ചതായി മേയറുടെ ഓഫീസ് അറിയിച്ചു. ഇക്കുറി ഒരുക്കങ്ങൾ മുൻകൂട്ടി ആരംഭിച്ചു. ഡിസംബർ 30ന് മേയർ വിളിച്ച ഉദ്യോഗസ്ഥരുടെ യോഗത്തിലാണ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ തീരുമാനിച്ചത്.

31 വാർഡുകളാണ് ഉത്സവമേഖലയിലുള്ളത്. ഇതിൽ 29 വാർഡിലെയും മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടിയാരംഭിച്ചു. ഒന്നരക്കോടിയാണ് പ്രവൃത്തികൾക്കായി നഗരസഭ വിനിയോഗിക്കുന്നത്.

കൗൺസിലർമാരിൽ നിന്ന് വാർഡ്തലത്തിൽ പൂർത്തിയാക്കേണ്ട പ്രവൃത്തികളുടെ പട്ടിക തയ്യാറാക്കിയാണ് പ്രവർത്തനങ്ങൾ ആരംഭിച്ചത്. കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള നാഷണൽ ഹൈവേ വരെ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിക്കാൻ എൻ.എച്ച് ഡിവിഷന് നിർദേശം നൽകാനും തീരുമാനിച്ചു.



### മുന്നൊരുക്കങ്ങൾ ഇങ്ങനെ

■ ശുചിത്വ മിഷന്റെ സഹായത്തോടെ ഗ്രീൻപ്രോട്ടോക്കോൾ സംവിധാനം ഏർപ്പെടുത്തും
■ അന്നദാനം നടത്തുന്ന സംഘടനകൾക്കായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലൈസൻസിംഗ്
■ കുടിവെള്ള വിതരണത്തിന് സന്നദ്ധ സ്ഥാപനങ്ങളുടെ സഹകരണം തേടും
■ താത്കാലിക കച്ചവട സ്ഥാപനങ്ങൾക്ക് താത്കാലിക ലൈസൻസ് സമ്പ്രദായം
■ താത്കാലിക ബിസിനസ് സ്ഥാപനങ്ങളെ നിരീക്ഷിക്കുന്നതിന് കൗൺസിലർമാരുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ്
■ ഭക്തർക്കായി പ്രത്യേക മെഡിക്കൽ ടീം

## ക്രീമിലെയർ പരിധി ഉയർത്തിയില്ലെങ്കിൽ സമരം: സംവരണ സമുദായമുന്നണി

തിരുവനന്തപുരം : കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ പിന്നാക്ക വിഭാഗങ്ങളുടെ അവകാശങ്ങൾ നിഷേധിക്കുന്നതിനും ക്രീമിലെയർ വരുമാനപരിധി ഉർത്താത്തതിലും പ്രതിഷേധിച്ച് സമരം നടത്താൻ സംവരണ സമുദായമുന്നണി സമിതി യോഗം തീരുമാനിച്ചു. ഇതിനായി 10ന് എറണാകുളത്ത് മെക്ക ഓഫീസിൽ ഭാരവാഹികളുടെ യോഗം ചേരും. പ്രസിഡന്റ് വിഷ്ണുപുരം ചന്ദ്രശേഖരന്റെ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി എസ്. കുട്ടപ്പൻ ചെട്ടിയാർ, വി.ആർ. ജോഷി, വർക്കിംഗ് പ്രസിഡന്റ് വി.വി. കരുണാകരൻ, സുഭാഷ് ചന്ദ്രബോസ്, ഇ. അബ്ദുൾ റഷീദ്, കെ.പി. ചെല്ലപ്പൻ, ടി.ജി. ഗോപാലകൃഷ്ണൻ നായർ, രാജൻ, ഷാജി, പ്രൊഫ. ജമാൽ, കെ.എ. ഷെഫീക്ക്, പ്രൊഫ. റെയ്മണ്ട് എന്നിവർ സംസാരിച്ചു.

## ഓഖി ദുരന്തം: ഒരാളുടെ മൃതദേഹം കൂടി തിരിച്ചറിഞ്ഞു

കോവളം : ഓഖി ദുരന്തത്തിൽ കാണാതായ വിഴിഞ്ഞം സ്വദേശിയായ ഒരാളുടെ മൃതദേഹം കൂടി തിരിച്ചറിഞ്ഞു. വിഴിഞ്ഞം കടയ്ക്കുളം കോളനിയിൽ കുന്നത്തു വീട്ടിൽ സിൽവസ്റ്ററിന്റെ (39) മൃതദേഹമാണ് ഡി.എൻ.എ പരിശോധനയിലൂടെ തിരിച്ചറിഞ്ഞത്.



സിൽവസ്റ്റർ

വിഴിഞ്ഞം സ്വദേശികളായ അരുൾ ദാസ്, ജോൺസൺ എന്നിവരോടൊപ്പമാണ് സിൽവസ്റ്റർ മത്സ്യബന്ധനത്തിനു പോയത്. ജോൺസനെ പരിക്കുകളോടെ രക്ഷപ്പെടുത്തിയെങ്കിലും അരുൾ ദാസിനെ കുറിച്ച് ഒരു വിവരവും ലഭിച്ചിട്ടില്ല. കോഴിക്കോട് മെഡിക്കൽ കോളജിൽ സൂക്ഷിച്ചിരിക്കുന്ന മൃതദേഹം ഏറ്റുവാങ്ങാൻ ബന്ധുക്കൾ അവിടേക്ക് തിരിച്ചു. ഭാര്യ : ജസീന്ത. മക്കൾ : ഗിൽഡ (അലീന), ആശ.



എഴിപ്പുറം വേങ്കോട് ശ്രീനാരായണ ഗുരുമന്ദിരത്തിന്റെ പ്രതിഷ്ഠാ വാർഷികത്തോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ നടൻ മധുവിനെ ഡോ. പല്പു ഫൗണ്ടേഷൻ വർക്കിംഗ് ചെയർമാൻ അമ്പലത്തറ ചന്ദ്രബാബുവും ഗുരുമന്ദിരകമ്മിറ്റി പ്രസിഡന്റ് ഡി. വിക്രമനും ചേർന്ന് പൊന്നാട അണിയിക്കുന്നു



കിഴക്കേകോട്ട കുതിരമാളികയിൽ നടക്കുന്ന സ്വാതി സംഗീതോത്സവത്തിൽ മന്ദ സുധാറാണിയും മകൾ മന്ദ ശ്രുതി രാവാലിയും അവതരിപ്പിച്ച കച്ചേരി

## കിണറ്റിൽ വീണ വൃദ്ധയെ രക്ഷിച്ചു

ശ്രീകാര്യം : കിണറ്റിൽ വീണ വൃദ്ധയെ അഗ്നിശമനസേന രക്ഷപ്പെടുത്തി ആശുപത്രിയിലാക്കി. ശ്രീകാര്യം ഇടവക്കോട് പുത്തൻ വീട്ടിൽ ജഗദമ്മയാണ് (79) ഇന്നലെ പുലർച്ചെ വീട്ടുമുറ്റത്തെ 30 അടി താഴ്ചയുള്ള കിണറ്റിൽ വീണത്. കഴക്കൂട്ടം ഫയർഫോഴ്സിലെ ഫയർമാൻമാരായ ദിനേശനും സംഘവും ചേർന്നാണ് രക്ഷാപ്രവർത്തനം നടത്തിയത്.

## തോട്ടം ശ്രീഇരുംകുളങ്ങര ദുർഗാഭഗവതി ക്ഷേത്രം

തിരുവനന്തപുരം: മണക്കാട് തോട്ടം ശ്രീഇരുംകുളങ്ങര ദുർഗാഭഗവതി ക്ഷേത്ര ട്രസ്റ്റിന്റെ പൊതുയോഗവും ഭരണസമിതി തിരഞ്ഞെടുപ്പും നാളെ രാവിലെ 10ന് കാർത്തിക കമ്മ്യൂണിറ്റി ഹാളിൽ ട്രസ്റ്റ് പ്രസിഡന്റ് ബി. ശിവകുമാറിന്റെ അദ്ധ്യക്ഷതയിൽ ചേരുന്നു. എല്ലാ ട്രസ്റ്റ് ബോർഡംഗങ്ങളും യോഗത്തിൽ പങ്കെടുക്കണമെന്ന് സെക്രട്ടറി എൻ. ഗിരിജാനന്ദൻ അറിയിക്കുന്നു.

## സംഗീത കൂട്ടായ്മ

തിരുവനന്തപുരം: പാട്ട് പാടാനും ആസ്വദിക്കാനുമായി 'പാട്ടുക്കൂട്ടം' സംഗീത കൂട്ടായ്മ സ്വാതിതിരുനാൾ സംഗീത കോളേജിന് പിറകുവശം ഡിസ്ട്രിക് കോ - ഓപ്പറേറ്റീവ് ബാങ്ക് എംപ്ലോയീസ് ഹാളിൽ നാളെ വൈകിട്ട് 4ന് ഉദ്ഘാടനം ചെയ്യും.



ത്യാഗരാജ സ്വാമികളുടെ ആരാധനാമഹോത്സവത്തോടനുബന്ധിച്ച് രണ്ടാം പുത്തൻ തെരുവ് കൽപ്പനായകി മണ്ഡപത്തിൽ എൻ.ജെ. നന്ദിനി അവതരിപ്പിച്ച കച്ചേരി

## സി.പി.എം ജില്ലാസമ്മേളനം: സമാപനറാലിക്ക് ലക്ഷം പേർ

തിരുവനന്തപുരം : ഫെബ്രുവരി 3, 4, 5 തീയതികളിൽ നടക്കുന്ന സി.പി. എം ജില്ലാ സമ്മേളനത്തിന്റെ സമാപനറാലിയിൽ ഒരു ലക്ഷം പേർ അണിനിരക്കും.

പൊതുസമ്മേളനവേദിയായ സെൻട്രൽ സ്റ്റേഡിയത്തിന്റെ ഒരുകിലോമീറ്റർ അകലെ 19 കേന്ദ്രങ്ങളിൽ നിന്നാണ് പ്രകടനങ്ങൾ പുറപ്പെടുക. കേന്ദ്രീകരിച്ചുള്ള പ്രകടനം ഒഴിവാക്കും. ജില്ലയിലെ 2327 സി.പി.എം ബ്രാഞ്ചുകളുടെയും ബാനറുകൾക്ക് പിന്നിൽ അതത് ഇടങ്ങളിൽനിന്നുള്ളവർ അണിനിരക്കുമെന്ന് ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പൻ അറിയിച്ചു.

കുറ്റൻ പ്രകടനം നഗരത്തിൽ ഗതാഗതക്കുരുക്ക് സൃഷ്ടിക്കുന്നത് ഒഴിവാക്കാൻ നഗരത്തിലെ വിവിധ പോയന്റുകളിൽ നിന്ന് ബ്രാഞ്ചുകളുടെ ബാനറുകൾക്ക് പിന്നിൽ പ്രവർത്തകർ ചെറുപ്രകടനങ്ങളായി സെൻട്രൽ സ്റ്റേഡിയത്തിലേക്ക് പ്രവേശിക്കുന്നതിലൂടെ സാധിക്കുമെന്ന് സ്വാഗതസംഘം ജനറൽ കൺവീനർ വി. ശിവൻകുട്ടി പറഞ്ഞു. സമ്മേളനത്തിന്റെ സമാപനത്തോടനുബന്ധിച്ച് 10000 റെഡ് വോളണ്ടിയർമാർ അണിനിരക്കുന്ന മാർച്ച് നടക്കും.

പരേഡിന് ചുവപ്പ് സേനയെ ഒരുക്കുന്ന പരിശീലനത്തിന് ജില്ലയിലെ മുഴുവൻ ഏരിയകളിലും തുടക്കമായി. 167 ലോക്കലുകളിൽ നിന്നെത്തുന്ന ചുവപ്പ് സേന നഗരത്തിലെ നാല് കേന്ദ്രങ്ങളിൽനിന്ന് പൊതുസമ്മേളന നഗരിയിലേക്ക് മാർച്ച് ചെയ്യും.

## അമ്പലത്തുമുക്കിൽ ഹൈമാസ്റ്റ് ലൈറ്റ് ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: പേട്ട അമ്പലത്തുമുക്കിൽ എം. എൽ.എ ഫണ്ടിൽ നിന്നും അനുവദിച്ച ഹൈമാസ്റ്റ് ലൈറ്റിന്റെ ഉദ്ഘാടനം വി.എസ്. ശിവകുമാർ എം.എൽ.എ നിർവഹിച്ചു. പേട്ട വാർഡ് കൗൺസിലർ ഡി. അനിൽകുമാർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികളായ എം.എസ്. പിള്ള, ഡി. സോമൻ, ആർ. പ്രകാശ്, ക്ഷേത്ര യോഗ പ്രസിഡന്റ് എ.പി.ടി. പിള്ള, ടി. ശശി എന്നിവർ സംസാരിച്ചു. രഞ്ചൻ സ്വാഗതവും ആർ. നടരാജപിള്ള നന്ദിയും പറഞ്ഞു.

## യുവാവിനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ രണ്ടു പേർ പിടിയിൽ

തിരുവനന്തപുരം : വീടിന് സമീപം പരസ്യമദ്യപാനം എതിർത്ത പൂന്തുറ മാണിക്യംവിളാകം സ്വദേശി ഷംനാദിനെ കൊലപ്പെടുത്താൻ ശ്രമിച്ച രണ്ടു പേർ പിടിയിൽ.

ബീമാപള്ളി കോളനി റോഡിൽ അഷ്കർ, ബീമാപള്ളി സദാം നഗറിൽ മുഹമ്മദ് റാസിക് എന്നിവരാണ് പിടിയിലായത്. പത്തേക്കറിന് സമീപം ഒളിവിലായിരുന്ന ഇരുവരെയും വ്യാഴാഴ്ച ഉച്ചയോടെയാണ് പൂന്തുറ പൊലീസ് കസ്റ്റഡിയെടുത്തത്. ഇരുവരും നിരവധി ക്രിമിനൽ കേസുകളിൽ പ്രതികളാണെന്ന് പൊലീസ് പറഞ്ഞു.



പിടിയിലായ പ്രതികൾ

പുതുവർഷത്തലേന്ന് രാത്രിയായിരുന്നു അക്രമണം. വീടിന് സമീപത്തുനിന്ന് പരസ്യമായി മദ്യവും മയക്കുമരുന്നും ഉപയോഗിച്ച അഞ്ചംഗ സംഘത്തെ ഷംനാദ് എതിർത്തു. തുടർന്ന് ഇവർ ഷംനാദിനെ കത്തികൊണ്ട് കുത്തുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ ഷംനാദ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. സിറ്റി പൊലീസ് കമ്മിഷണർ പി. പ്രകാശിന്റെ നേതൃത്വത്തിൽ ശംഖുംമുഖം എ.സി.പി ഷാനിഹാൻ, പൂന്തുറ സി.എച്ച്.ഒ സജിൻ ലൂയിസ്, എ.എസ്.ഐമാരായ അനീസ്, മോഹനകുമാർ പൊലീസുകാരായ അനിൽകുമാർ, രാജേഷ് എന്നിവരടങ്ങുന്ന സംഘമാണ് പ്രതികളെ പിടിച്ചത്. ഒളിവിൽ കഴിയുന്ന മറ്റ് പ്രതികളായ അമാനുള്ള, സെയ്ദാലി, അർഷാദ് എന്നിവർക്കായുള്ള അന്വേഷണം ഊർജിതമാക്കിയതായി പൊലീസ് അറിയിച്ചു.



ഹൈമാസ്റ്റ് ലൈറ്റിന്റെ ഉദ്ഘാടനം വി.എസ്. ശിവകുമാർ എം.എൽ.എ നിർവഹിക്കുന്നു

**കൂടുതൽ പ്രാദേശിക വാർത്തകൾ പേജ് 3,9,10**

## ഓഖി: സാന്ത്വന യാത്രയും പ്രാർത്ഥനായോഗവും സമാപിച്ചു

കോവളം : ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഓഖി ദുരന്ത മേഖലകളിൽ നടത്തിയ സാന്ത്വന യാത്രയും പ്രാർത്ഥനാ യോഗവും സമാപിച്ചു.

കെ.പി.സി.സി പ്രസിഡന്റ് എം.എം. ഹസൻ ഫ്ലാഗ് ഓഫ് ചെയ്ത യാത്ര പൂവാറിൽ നിന്നും ആരംഭിച്ച് ദുരന്ത മേഖലകളായ കരിംകുളം, പുല്ലുവിള, അടിമലത്തുറ എന്നിവിടങ്ങളിലൂടെ സഞ്ചരിച്ച് വിഴിഞ്ഞത്ത് സമാപിച്ചു. വൈകിട്ട് 4ഓടെ വിഴിഞ്ഞത്ത് നടന്ന പ്രാർത്ഥനാ യോഗം മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു.

ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനലിന്റെ അദ്ധ്യക്ഷതയിൽ എം.എൽ.എമാരായ വി.എസ്. ശിവകുമാർ എം.വിൻസെന്റ് കെ.പി.സി.സി സെക്രട്ടറി ആർ. വത്സലൻ, കോളിയൂർ ദിവാകരൻ നായർ, ജി. സുബോധൻ, ആസ്റ്റിൻ ഗോമസ്, കെ.വി. അഭിലാഷ് അഡോൾഫ് മൊറായിസ്, ആർ. സഞ്ജയകുമാർ, ആഗ്നസ് റാണി, ശ്രീകണ്ഠൻ നായർ കാഞ്ഞിരംകുളം ശിവകുമാർ, വെങ്ങാനൂർ ശ്രീകുമാർ മണ്ഡലം പ്രസിഡന്റ് മാരായ വിഴിഞ്ഞം മുജീബ് റഹ്മാൻ, കരിംകുളം ഫ്രാങ്ക്ലിൻ കുമാർ, പൂവാർ സോമൻ, കാഞ്ഞിരംകുളം സരസാദാസ്, വട്ടവിള വിജയകുമാർ, ബാലരാമപുരം സുധീർ, പനയാറകുന്ന് ജോയി, കല്ലിയൂർ ഉദയകുമാർ എന്നിവർ സംസാരിച്ചു.




വിഴിഞ്ഞത്ത് നടന്ന സാന്ത്വന യാത്രയുടെ പ്രാർത്ഥന സംഗമം ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു

## പാർട്ടി കോൺഗ്രസിന് സംഭാവന

തിരുവനന്തപുരം: സി.പി.ഐ പാർട്ടി കോൺഗ്രസിന് ജില്ലാ ടെയ്‌ലറിംഗ് ആർട്ടിസാൻസ് ആൻഡ് സ്കിൽഡ് വർക്കേഴ്സ് യൂണിയൻ (എ.ഐ.ടി.യു.സി) പതിനായിരം രൂപ സംഭാവന നൽകി.

യൂണിയൻ ജില്ലാ കമ്മിറ്റി ഓഫീസിൽ നടന്ന ചടങ്ങിൽ ജനറൽസെക്രട്ടറി മുട്ടയ്ക്കാട് ശശി എ.ഐ.ടി.യു.സി സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി. രാജേന്ദ്രനെ തുക ഏല്പിച്ചു.

സി.പി.ഐ ജില്ലാ സെക്രട്ടറി ജി.ആർ. അനിൽ, എ.ഐ.ടി.യു.സി ജില്ലാ സെക്രട്ടറി എം. രാധാകൃഷ്ണൻ നായർ, ജില്ലാ വൈസ് പ്രസിഡന്റ് പട്ടം ശശിധരൻ, നരുവാമൂട് ചന്ദ്രൻ, എം. അനസ്, നെല്ലിവിള വിജയൻ എന്നിവർ പങ്കെടുത്തു.



എ.ഐ.ടി.യു.സി നേതൃത്വത്തിലുള്ള ജില്ലാ ടെയ്‌ലറിംഗ് ആർട്ടിസാൻസ് ആൻഡ് സ്കിൽഡ് വർക്കേഴ്സ് യൂണിയൻ സി.പി.ഐ പാർട്ടി കോൺഗ്രസിന് സംഭാവന ചെയ്ത പതിനായിരം രൂപ യൂണിയൻ ജനറൽ സെക്രട്ടറി മുട്ടയ്ക്കാട് ശശി എ.ഐ.ടി.യു.സി സംസ്ഥാന ജനറൽസെക്രട്ടറി കെ.പി. രാജേന്ദ്രന് കൈമാറുന്നു

# നാട്ടുകാര്യം

www.keralakaumudi.com www.facebook.com/keralakaumudi

## ഭരതന്നൂർ റസിഡന്റ്സ് വെൽഫെയർ സഹകരണ സംഘം

കല്ലറ : ഭരതന്നൂർ റസിഡന്റ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ പുതിയതായി ആരംഭിക്കുന്ന സഹകരണ സംഘത്തിന്റെ ഉദ്ഘാടനം നാളെ നെല്ലികുന്ന് എൽ.പി.എസ് ആഡിറ്റോറിയത്തിൽ ഡി.കെ. മുരളി എം.എൽ.എ നിർവഹിക്കും. ചികിത്സാ സഹായ വിതരണം പഞ്ചായത്ത് പ്രസിഡന്റ് എസ്. ഗീതയും പ്രതിഭകളെ ആദരിക്കൽ ജില്ലാ പഞ്ചായത്ത് അംഗം എസ്.എം. റാസിയും നിർവഹിക്കും.

## രംഗപ്രഭാതിൽ സെമിനാർ

വെമ്പായം: അമച്വർ നാടകങ്ങളുടെ കാലിക പ്രസക്തി ചർച്ച ചെയ്ത് രംഗപ്രഭാതിൽ നാടക സെമിനാർ നടന്നു. നാട്യശാസ്ത്ര സെക്രട്ടറി പാലക്കാട് ദിലീപ് സെമിനാർ ഉദ്ഘാടനം ചെയ്തു. കെ.എ. സംഗീത, അശോക് ശശി, അനിൽ, എസ്.രംഗപ്രഭാത്, നരിപ്പറ്റ രാജു, പി.എ.എം. റഷീദ്, ഹരീഷ്, അഭിഷേക് എന്നിവർ പങ്കെടുത്തു.

## വായ്പ വിതരണം

വെമ്പായം: എസ്.എൻ.ഡി.പി യോഗം ചീരാണിക്കര ശാഖയുടെ കീഴിൽ പ്രവർത്തിക്കുന്ന ഗുരുപ്രസാദം, ശ്രീഗുരുദേവ മൈക്രോ ഫൈനാൻസ് യൂണിറ്റുകൾക്ക് വായ്പ വിതരണം നടത്തി. ശാഖാ പ്രസിഡന്റ് വി. ഭാസുരൻ അദ്ധ്യക്ഷത വഹിച്ചു. ശാഖാ സെക്രട്ടറി സതീശൻ, വൈസ് പ്രസിഡന്റ് കെ. സുരേന്ദ്രൻ, വിദ്യാധരൻ എന്നിവർ സംസാരിച്ചു.

## ബഹുജന മുന്നേറ്റ യോഗം ഇന്ന്

ആറ്റിങ്ങൽ: ആറ്റിങ്ങൽ ദേശീയപാത വികസനം യാഥാർത്ഥ്യമാക്കണമെന്നും ഗതാഗത പ്രശ്നത്തിന് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് നഗര വികസന സമിതിയുടെ ആഭിമുഖ്യത്തിൽ ബഹുജന മുന്നേറ്റം സംഘടിപ്പിക്കുന്നതിന്റെ മുന്നോടിയായി ഇന്ന് വൈകിട്ട് 3.30ന് ആറ്റിങ്ങൽ ടൗൺ യു.പി.എസിൽ യോഗം നടക്കും.

## കവിതാചർച്ച

വർക്കല: മൊഴിക്കൂട്ടായ്മയുടെ നേതൃത്വത്തിൽ 6ന് വൈകുന്നേരം 4 ന് കല്ലമ്പലം അക്ഷയ ഹാളിൽ പേരൂർ സത്താർ രചിച്ച അമ്മമനസ് എന്ന കവിതാസമാഹാരം ചർച്ച ചെയ്യും. എ.വി.ബാഹുലേയൻ വിഷയം അവതരിപ്പിക്കും.

## ക്രിക്കറ്റ്, ഫുട്ബാൾ മത്സരം

ആറ്റിങ്ങൽ: ആറ്റിങ്ങൽ നഗരസഭ ക്രിക്കറ്റ്, ഫുട്ബാൾ എന്നീ കായിക വിഭാഗങ്ങളിൽ ജില്ലാതല യൂത്ത് മത്സരങ്ങളിലേയ്ക്ക് ടീമിനെ തിരഞ്ഞെടുക്കുന്നതിനായി 9.10 തീയതികളിൽ രജിസ്റ്റേഡ് ക്ലബുകളുടെ മത്സരം സംഘടിപ്പിക്കുന്നു. ഫോൺ: 9447655240, 9746109031.

## പൊതുയോഗം

കല്ലമ്പലം: ഞെക്കാട് മധുരക്കോട് തെങ്ങുവിളാകത്ത് ശ്രീ ഭഗവതി ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ചുള്ള പൊതുയോഗം ഞായറാഴ്ച രാവിലൊട് 10ന് ക്ഷേത്രാങ്കണത്തിൽ നടക്കും.

## നേത്രചികിത്സാ ക്യാമ്പ്

വർക്കല: മേൽവെട്ടൂർ ആശാൻ മെമ്മോറിയൽ റസിഡന്റ്സ് അസോസിയേഷൻ, വർക്കല ലയൺസ് ക്ലബ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ അരവിന്ദ് കണ്ണാശുപത്രിയുടെ സഹകരണത്തോടെ 7ന് രാവിലെ 8 മുതൽ ഉച്ചയ്ക്ക് 2വരെ അസോസിയേഷൻ ഹാളിൽ സൗജന്യ നേത്രചികിത്സാ ക്യാമ്പ് നടക്കും. വിവരങ്ങൾക്ക് ഫോൺ. 9846928599, 9495193140

## ആറ്റിങ്ങൽ ടൗൺ റസിഡന്റ്സ് അസോസിയേഷൻ

ആറ്റിങ്ങൽ: ആറ്റിങ്ങൽ ടൗൺ റസിഡൻസ് അസോസിയേഷൻ വാർഷികം 7ന് ആറ്റിങ്ങൽ ദ്വാരക ഓഡിറ്റോറിയത്തിൽ നടക്കും. വൈകിട്ട് 3ന് നടക്കുന്ന പൊതുയോഗത്തിൽ പ്രസിഡന്റ് വി. മോഹനൻ നായർ അദ്ധ്യക്ഷത വഹിക്കും. ഡോ. സതീദേവി, മോഹനകുമാരി, അഡ്വ. ജി. സുരേന്ദ്രൻ, സി. മദനൻപിള്ള, ടി.വി. രാമകൃഷ്ണൻ എന്നിവർ സംസാരിക്കും. 4ന് നടക്കുന്ന പൊതു സമ്മേളനം നഗരസഭാ ചെയർമാൻ എം.പ്രദീപ് ഉദ്ഘാടനം ചെയ്യും. നഗരസഭാ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ സി. പ്രദീപ്, കൗൺസിലർ എസ്. സന്തോഷ്, അഡ്വ. വിജയമോഹനൻ നായർ, കെ. അശോകൻ, എൻ. രവീന്ദ്രൻ നായർ, ഗിരിജ ഗോപാലകൃഷ്ണൻ എന്നിവർ സംസാരിക്കും. വിദ്യാഭ്യാസ അവാർഡ് വിതരണവും ഓണാഘോഷ കലാ കായിക മത്സര വിജയികൾക്ക് സമ്മാനവിതരണവും നടക്കും. 5.30ന് നൃത്ത നൃത്യങ്ങൾ, തുടർന്ന കുടുംബ സംഗമം.

## ആലോചനാ യോഗം നാളെ

മുടപുരം : തെങ്ങുംവിള ഭഗവതി ക്ഷേത്രത്തിലെ കുംഭഭരണി മഹോത്സവത്തോടു അനുബന്ധിച്ച് മുട്ടപ്പലം മാർക്കറ്റ് ജംഗ്ഷനിൽ നിന്ന് ആരംഭിക്കുന്ന ഉരുൾ മഹോത്സവത്തിന്റെ നടത്തിപ്പിനെ കുറിച്ച് ആലോചിക്കുന്നതിനുള്ള നാട്ടുകാരുടെ യോഗം നാളെ വൈകിട്ട് ആറിന് മുട്ടപ്പലം മാർക്കറ്റ് ജംഗ്ഷനിൽ നടക്കും.

# പുല്ലമ്പാറ തോട്ടിൽ മാലിന്യം : നോട്ടീസുമായി അധികൃതർ

വെമ്പായം: പുല്ലമ്പാറ പഞ്ചായത്തിലെ ചുള്ളാളം - പുല്ലമ്പാറ തോട്ടിൽ വീടുകളിലെ മാലിന്യം തുറന്നുവിടുന്നതായി കണ്ടെത്തിയതിനെത്തുടർന്ന് തോട്ടിലേക്ക് തുറന്നുവിട്ട പൈപ്പുകളും ഓവുകളും ഒരാഴ്ചക്കുള്ളിൽ മാറ്റാൻ വീട്ടുകാർക്ക് അധികൃതർ നോട്ടീസ് നൽകി.

പുല്ലമ്പാറ പഞ്ചായത്തധികൃതരും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരും വ്യാഴാഴ്ച തോടുകടന്നു പോകുന്നയിടങ്ങളിൽ പരിശോധന നടത്തിയപ്പോഴാണ് അമ്പതിലധികം വീടുകളിലെ അടുക്കളമാലിന്യവും കക്കൂസ് മാലിന്യവും കൈത്തോട്ടിലേക്ക് ഒഴുക്കിവിടുന്നത് ശ്രദ്ധയിൽപ്പെട്ടത്.

വാലിക്കുന്ന്, മൂന്നുതോട്, പുല്ലമ്പാറ, കുളപ്പുര മിച്ചഭൂമി, ശാസ്താംനട തുടങ്ങിയ നിരവധി ഗ്രാമങ്ങൾ വെള്ളത്തിനായി ഈ തോടിനെ ആശ്രയിക്കുന്നുണ്ട്. തൊട്ടടുത്ത വാമനപുരം ആറിലേക്കുള്ള ജലസ്രോതസുകൂടിയാണ് ഈ കൈത്തോട്. മാലിന്യമൊഴുക്കുന്നത് വഴി ഗുരുതരമായ ആരോഗ്യഭീഷണിയുണ്ടാക്കുന്ന സാഹചര്യമാണുള്ളതെന്ന് ആരോഗ്യവകുപ്പ് അധികൃതർ പറഞ്ഞു.

മാത്രമല്ല, ഈ തോടിനടുത്താണ് നെല്ലനാട്- വാമനപുരം പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതി പ്രവർത്തിക്കുന്നത്. തോട്ടിലെ വെള്ളം ഉപയോഗിക്കുന്നവരുടെ പരാതിയെത്തുടർന്നാണ് അധികൃതർ പരിശോധന നടത്തിയത്. പഞ്ചായത്ത് വൈസ് പ്രസിഡന്റ് മുത്തിപ്പാറ ശ്രീകണ്ഠൻനായർ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷ പ്രീതാ മനോജ്, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ ഷെഹീർ, പ്രസാദ്, ജനപ്രതിനിധികളായ സുജാത, അജിത്ത്, മിനി എന്നിവരും സംഘത്തിലുണ്ടായിരുന്നു. തോട് മലിനമാക്കുന്നവർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് പഞ്ചായത്തും ആരോഗ്യവകുപ്പ് അധികൃതരും പറഞ്ഞു.



പഞ്ചായത്തധികൃതരും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരും പുല്ലമ്പാറ തോട്ടിൽ പരിശോധന നടത്തുന്നു.

- അമ്പതിലധികം വീടുകളിലെ അടുക്കളമാലിന്യവും കക്കൂസ് മാലിന്യവും തോട്ടിലേക്ക്
- തോട്ടിലേക്ക് തുറന്നുവിട്ട പൈപ്പുകളും ഓവുകളും ഒരാഴ്ചക്കുള്ളിൽ മാറ്റാൻ നോട്ടീസ്.
- മലിനപ്പെടുന്നത് വാമനപുരം ആറിലേക്കുള്ള ജലസ്രോതസ്.
- വാലിക്കുന്ന്, മൂന്നുതോട്, പുല്ലമ്പാറ, കുളപ്പുര മിച്ചഭൂമി, ശാസ്താംനട തുടങ്ങിയ നിരവധി ഗ്രാമങ്ങൾ ആശ്രയിക്കുന്നതും ഈ തോടിനെ.

## റബർ പുരയിൽ അഗ്നിബാധ: രണ്ടു വീടുകൾക്ക് നാശം

വെഞ്ഞാറമൂട്: റബർ പുരയിൽ നിന്നുണ്ടായ അഗ്നിബാധയിൽ വെഞ്ഞാറമൂട് മേഖലയിലെ രണ്ടു വീടുകൾക്ക് നാശനഷ്ടം സംഭവിച്ചു.

ഇന്നലെ രാവിലെ 6.30 ന് വാമനപുരം കാഞ്ഞിരംപാറ ആശാരിമുക്ക് മുരളീധരന്റെ വീട്ടിലായിരുന്നു ആദ്യത്തെ തീപിടുത്തമുണ്ടായത്. വീടിന്റെ അടുക്കളയോട് ചേർന്നുള്ള റബർ പുകപ്പുരയ്ക്ക് തീപിടിച്ച് 150ലധികം റബർ ഷീറ്റുകൾ കത്തിനശിക്കുകയും തീ പടർന്ന് അടുക്കള ഭാഗവും കത്തിനശിച്ചു. രാവിലെ 8.30 ന് പൊയ്ക മുക്ക് പറങ്കിമാംവിള ചൈത്രത്തിൽ മുരളീധരന്റെ വീട്ടിലും റബർ പുകപ്പുരയിലാണ് തീപിടുത്തമുണ്ടായത്. ഇവിടെ 150ലധികം റബർ ഷീറ്റുകൾ കത്തിനശിച്ചതിന് പുറമേ സമീപത്തുള്ള വീട്ടിലേക്ക് തീപടർന്ന് വീടിന്റെ ഒരു ഭാഗം കത്തിനശിച്ചു. രണ്ട് സംഭവങ്ങളിലും വെഞ്ഞാറമൂട് ഫയർഫോഴ്സ് യൂണിറ്റിന്റെ അവസരോചിതമായ ഇടപെടൽ വൻ നാശനഷ്ടം ഒഴിവാക്കി.

## കിണറ്റിൽ വീണ വൃദ്ധയെ രക്ഷിച്ചു

ശ്രീകാര്യം : കിണറ്റിൽ വീണ വൃദ്ധയെ അഗ്നിശമനസേന രക്ഷപ്പെടുത്തി ആശുപത്രിയിലാക്കി. ശ്രീകാര്യം ഇടവക്കോട് പുത്തൻ വീട്ടിൽ ജഗദമ്മയാണ് (79) ഇന്നലെ പുലർച്ചെ വീട്ടുമുറ്റത്തെ 30 അടി താഴ്ചയുള്ള കിണറ്റിൽ വീണത്. കഴക്കൂട്ടം ഫയർഫോഴ്സിലെ ഫയർമാൻമാരായ ദിനേശനും സംഘവും ചേർന്നാണ് രക്ഷാപ്രവർത്തനം നടത്തിയത്.

## അവിട്ടം തിരുനാൾ ഗ്രന്ഥശാലാ വാർഷികം

തിരുവനന്തപുരം : ശ്രീ അവിട്ടം തിരുനാൾ ഗ്രന്ഥശാലയുടെ 77-ാമത് വാർഷികാഘോഷം ഇന്ന് വൈകിട്ട് 6 ന് നടക്കും. കേരളാ സർവകലാശാല രജിസ്ട്രാർ ഡോ. ആർ. ജയചന്ദ്രൻ ഉദ്ഘാടനം ചെയ്യും. ഗ്രന്ഥശാലാ പ്രസിഡന്റ് ആർ.കെ. നാരായണൻ നായർ അദ്ധ്യക്ഷത വഹിക്കും. കാര്യവട്ടം ശ്രീകണ്ഠൻ നായർ മുഖ്യപ്രഭാഷണം നടത്തും. കുര്യാത്തി വാർഡ് കൗൺസിലർ ബീനാ മുരുകൻ പ്രസംഗിക്കും. ഗ്രന്ഥശാലാ സെക്രട്ടറി കെ.പി. പ്രേമചന്ദ്രൻ സ്വാഗതവും ജനറൽ കൺവീനർ ബി. മോഹനൻ നായർ നന്ദിയും പറയും. തുടർന്ന് സമ്മാനദാനവും രാത്രി 8 ന് തിരുവനന്തപുരം നൂപുരയുടെ നൃത്തനൃത്ത്യങ്ങളും നടക്കും.

## മെഡിക്കൽ ക്യാമ്പ്

തിരുവനന്തപുരം : നന്മ ചാരിറ്റി ആൻഡ് റിക്രിയേഷൻ ക്ലബ് ശാന്തിഗിരി ആയുർവേദ ആൻഡ് സിദ്ധ ഹെൽത്ത് കെയർ സെന്റർ, പട്ടം താണുപിള്ള മെമ്മോറിയൽ ഗവ. ഹോമിയോ ഹോസ്പിറ്റൽ, മുത്തൂറ്റ് ലാബോറട്ടറി എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ വൈദ്യ പരിശോധന ക്യാമ്പ് സംഘടിപ്പിക്കുന്നു. നാളെ രാവിലെ 9 മുതൽ 1 വരെ മുടവൻമുകൾ ഐ.സി.എം ഹാളിൽ നടക്കും. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് മുത്തൂറ്റ് ലാബോറട്ടറിയുടെ സ്പെഷ്യൽ ഹെൽത്ത് പാക്കേജുകൾ ഉണ്ടായിരിക്കും. ഫോൺ: 7012034656, 9846006806.

## കയർ ഭൂവസ്ത്രങ്ങളണിഞ്ഞ് തോടുകളും തണ്ണീർത്തടങ്ങളും

കിളിമാനൂർ: കിളിമാനൂർ ബ്ലോക്കിൽ കയർഭൂവസ്ത്രമുപയോഗിച്ച് തോടുകളുടെ സംരക്ഷണഭിത്തിയും തണ്ണീർതടങ്ങളും സംരക്ഷിക്കുന്ന പദ്ധതിക്ക് തുടക്കമായി. കരവാരം പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച പദ്ധതിയുടെ പഞ്ചായാത്തുതല ഉദ്ഘാടനം തോട്ടയ്ക്കാട് കീഴതിൽ തോട്ടിൽ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ സുഭാഷ് നിർവഹിച്ചു.

പഞ്ചായത്ത് പ്രസിഡന്റ് ഐ.എസ് ദീപയുടെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എസ് സരേഷ്കുമാർ, ജൂബിലിവിനോദ് ലിസിശ്രീകുമാർ, ഡി ബേബികുമാർ, പ്രസന്ന, വിലാസിനി, ഗിൽബർട്ട് രാജ്, രമ്യ, ഷീബ, സുധർമിണി, ജൂനൈന തുടങ്ങിയവർ സംസാരിച്ചു.



കിളിമാനൂർ ബ്ലോക്ക് പരിധിയിൽ ആദ്യമായി കയർഭൂവസ്ത്രവിതാനം പദ്ധതി കരവാരം തോട്ടയ്ക്കാട് കീഴതിൽ തോട്ടിൽ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ സുഭാഷ് ഉദ്ഘാടനം ചെയ്യുന്നു

## ബൈക്കിടിച്ച് വഴിയാത്രക്കാരിക്ക് പരിക്ക്

കിളിമാനൂർ: വീട്ടു സാധനങ്ങൾ വാങ്ങി മടങ്ങുന്നതിനിടയിൽ റോഡ് മുറിച്ചു കടക്കുമ്പോൾ ബൈക്കിടിച്ച് വീട്ടമ്മയ്ക്ക് ഗുരുതരമായി പരിക്കേറ്റു. തൊളിക്കുഴി ആനന്ദൻ മുക്ക് സ്വദേശി സുലോചന (45) യ്ക്കാണ് പരിക്കേറ്റത്. ഇന്നലെ വൈകിട്ട് 5മണിക്ക് മാർക്കറ്റ് റോഡിൽ പഴയകുന്നുമ്മൽ പഞ്ചായത്ത് ബസ് സ്റ്റാൻഡിന് സമീപമാണ് അപകടമുണ്ടായത്. കിളിമാനൂർ പൊലീസ് സ്ഥലത്തെത്തി ഇവരെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## പ്രചാരണബോർഡുകൾ മോഷ്ടിച്ചു

വർക്കല : വെന്നിക്കോട് പണയിൽകടവ് അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ പ്രചാരണാർത്ഥം സ്ഥാപിച്ചിരുന്ന പ്രചാരണബോർഡുകൾ മോഷണം പോയതായി പരാതി. സി.പി.എം ചെറുന്നിയൂർ ലോക്കൽ കമ്മിറ്റി വർക്കല പൊലീസിൽ പരാതി നൽകി.

## ഐ.എസ്.ഒ പ്രഖ്യാപനം ഇന്ന്

മുടപുരം : പാട്ടത്തിൽ ഗവ. എൽ.പി. സ്കൂളിലെ ഐ.എസ്.ഒ അംഗീകാരത്തിന്റെ പ്രഖ്യാപനം ഇന്ന് രാവിലെ 9 ന് ഡെപ്യൂട്ടി സ്പീക്കർ വി. ശശി നിർവഹിക്കും. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മംഗലാപുരം ഷാഫി അദ്ധ്യക്ഷത വഹിക്കും. ഗ്രാമപഞ്ചായത്ത് മെമ്പർ ജയ സ്വാഗതം പറയും. ഹെഡ്മിസ്ട്രസ് കെ.എസ്. വിജയകുമാരി റിപ്പോർട്ട് അവതരിപ്പിക്കും.

## ലോറിയും ഓട്ടോയും കൂട്ടിയിടിച്ച് ഒരാൾക്ക് പരിക്ക്

വെഞ്ഞാറമൂട്: ലോറിയും ഓട്ടോയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ഓട്ടോ യാത്രക്കാരന് പരിക്കേറ്റു. ഇന്നലെ ഉച്ചയ്ക്ക് 12.30ന് കൊടുവഴന്നൂരിൽ വച്ചുണ്ടായ അപകടത്തിൽ പുളിമാത്ത് സ്വദേശി ഷാജഹാനാ (45) ണ് പരിക്കേറ്റത്. ഇയാളെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## പാലിയേറ്റീവ് കെയർ സൊസൈറ്റി മൂന്നാം വർഷത്തിലേക്ക്

■ നിർദ്ധനർക്ക് ഭവനനിർമ്മാണ പദ്ധതിയടക്കം നിരവധി പുതിയ പ്രഖ്യാപനങ്ങൾ

കിളിമാനൂർ : നിർദ്ധനരോഗികൾക്കും അഗതികൾക്കും നിരാലംബർക്കും കനിവും കാരുണ്യവുമേകാനായി സി.പി.എം കിളിമാനൂർ ഏരിയാകമ്മിറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ച കെ.എം. ജയദേവൻമാസ്റ്റർ സ്മാരക പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സൊസൈറ്റി മൂന്നാമത് വർഷത്തിലേക്ക് കടക്കുന്നു. ഈ വർഷം കൂടുതൽ പ്രവർത്തനങ്ങൾ സൊസൈറ്റി ഏറ്റെടുക്കുമെന്ന് പൊതുയോഗത്തിൽ ഭാരവാഹികൾ അറിയിച്ചു. പുതുതായി ഒരു ആംബുലൻസ് കൂടി വാങ്ങുന്നതിനും നിർദ്ധനർക്ക് ഭവന നിർമ്മാണ പദ്ധതിക്കും ബ്ലോക്കിലെ എട്ടുപഞ്ചായത്തുകളിലും കിടപ്പുരോഗികൾക്ക് സാന്ത്വനമെത്തിക്കാനും സൊസൈറ്റിക്ക് പദ്ധതിയുണ്ട്. സൊസൈറ്റി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വിദ്യാഭ്യാസ സഹായപദ്ധതി വ്യാപകമാക്കും. കിടപ്പുരോഗികളെ പരിചരിക്കാനും സൗജന്യ ചികിത്സക്കും സ്വന്തമായി ഓഫീസും കിടക്കകളോട് കൂടിയ ആസ്ഥാന മന്ദിരവും നിർമ്മിക്കും. സ്വന്തമായി ആസ്ഥാനമുണ്ടാക്കുന്നതിനും പ്രഗത്ഭ ഡോക്ടർമാരെ ഉൾപ്പെടുത്തി സൗജന്യ ചികിത്സാ പദ്ധതി രൂപീകരിക്കുന്നതിനും ജനറൽ ബോഡി അംഗീകാരം നൽകി. ജനറൽ ബോഡിയോഗത്തിൽ സൊസൈറ്റി പ്രസിഡന്റ് അഡ്വ. മടവൂർ അനിൽ അദ്ധ്യക്ഷനായി. സെക്രട്ടറി എം. ഷാജഹാൻ റിപ്പോർട്ടും, ട്രഷറർ അഡ്വ. എസ്. ജയചന്ദ്രൻ കണക്കുകളും അവതരിപ്പിച്ചു. എസ്. രഘുനാഥൻനായർ, ഡി. സ്മിത, എം. സത്യശീലൻ, അഡ്വ. ഡി. ശ്രീജ, അൻസാരി തുടങ്ങിയവർ സംസാരിച്ചു. സൊസൈറ്റിയിൽ ആയിരംപേരെ അംഗങ്ങളാക്കാനുള്ള കർമ്മ പദ്ധതിക്കും രൂപം നൽകി.

## കന്യാകുളങ്ങര ആശുപത്രി ജീവനക്കാരനു നേരെ ആക്രമണം

വെഞ്ഞാറമൂട്: കന്യാകുളങ്ങര സർക്കാർ ആശുപത്രിയിൽ നടന്ന ആക്രമണത്തിൽ സെക്യൂരിറ്റി ജീവനക്കാരന് പരിക്കേറ്റു. സെക്യൂരിറ്റി ജീവനക്കാരനായ ടൈറ്റസിനാണ് മർദനമേറ്റത്. വ്യാഴാഴ്ച രാത്രി 9 മണിയോടെയാണ് സംഭവം. ചികിത്സയ്ക്കെത്തിയ ഒരാൾ ഡ്യൂട്ടി ഡോക്ടറെ ചീത്ത വിളിക്കുന്നതു കണ്ട് തടയാൻ ശ്രമിച്ച ടൈറ്റസിനെ മർദ്ദിക്കുകയായിരുന്നു. സംഭവം കണ്ട് ഓടിയെത്തിവർ ഇയാളെ പിടികൂടി പൊലീസിൽ ഏൽപ്പിച്ചു. സംഭവവുമായി ബന്ധപ്പെട്ട് നൗഫൽ എന്നയാൾക്കെതിരെ അധികൃതർ വെഞ്ഞാറമൂട് പൊലീസിൽ പരാതി നൽകി

## പഴയകുന്നുമ്മലിൽ ആഴ്ച ചന്ത ആരംഭിച്ചു

കിളിമാനൂർ : പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്, കൃഷി ഭവൻ, കുടുംബശ്രീ എന്നിവയുടെ ആഭിമുഖ്യത്തിൽ പഴയകുന്നുമ്മേൽ കൃഷിഭവനോട് ചേർന്ന് ആഴ്ച ചന്ത ആരംഭിച്ചു. ചന്തയുടെ ഉദ്ഘാടനം പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. രാജേന്ദ്രൻ നിർവഹിച്ചു.

വികസന കാര്യ സ്ഥിരം സമിതി അദ്ധ്യക്ഷ ലാലി അദ്ധ്യക്ഷത വഹിച്ചു. എല്ലാ ബുധനാഴ്ചയും ചന്ത പ്രവർത്തിക്കും.




ആഴ്ച ചന്തയുടെ ഉദ്ഘാടനം പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. രാജേന്ദ്രൻ നിർവഹിക്കുന്നു

## പ്ലാസ്റ്റിക് നിരോധനം പ്രഹസനം; റസിഡന്റ്സ് അസോസിയേഷൻ സമരരംഗത്തേക്ക്

കിളിമാനൂർ: കിളിമാനൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 2017 ആഗസ്റ്റ് ഒന്ന് മുതൽ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ വില്പനയും ഉപയോഗവും നിരോധിച്ചു കൊണ്ടിറങ്ങിയ ഉത്തരവ് ഇപ്പോഴും കടലാസിൽ മാത്രമുറങ്ങുന്നു. ഉത്തരവിറങ്ങി അഞ്ച് മാസം പിന്നിടുമ്പോഴും തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലാത്തതിനാൽ, വാലഞ്ചേരി റസിഡന്റ്സ് അസോസിയേഷൻ സമരരംഗത്തേക്ക് കടക്കുകയാണെന്ന് ഭാരവാഹികൾ അറിയിച്ചു. വ്യാപാരി വ്യവസായികൾ, കുടുംബശ്രീ പ്രവർത്തകർ, റസി. അസോസിയേഷൻ ഭാരവാഹികൾ, പൊതുജനങ്ങൾ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് ബൈലപ്രസിദ്ധീകരിച്ചു കൊണ്ടാണ് നിരോധന ഉത്തരവ് പുറപ്പെടുവിച്ചത്. ഗ്രാമപഞ്ചായത്താഫീസിനു മുന്നിലുള്ള വ്യാപാര സ്ഥാപനങ്ങളിലുൾപ്പെടെ എല്ലായിടത്തും പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗവും വില്പനയും നടക്കുന്നെങ്കിലും ഇതിനെക്കുറിച്ച് അറിയില്ലെന്നാണ് പഞ്ചായത്തധികൃതർ വിവരാവകാശരേഖയിലൂടെ വ്യക്തമാക്കിയത്. എന്നാൽ, നാളിതുവരെ വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയോ നിരോധിത പ്ലാസ്റ്റിക് പിടിച്ചെടുക്കുകയോ ചെയ്തിട്ടില്ല. കൂടാതെ പ്രദേശത്തു നിന്നും ഗ്രാമ പഞ്ചായത്ത് പ്ലാസ്റ്റിക് ശേഖരിച്ച് സംസ്കരണ യൂണിറ്റുകളിലേക്ക് കൊണ്ടു പോകുമെന്നും അതിനാൽ വീടുകളിൽ ശേഖരിച്ചു വയ്ക്കണമെന്നും അറിയിച്ചിരുന്നെങ്കിലും ഇതും നടപ്പാക്കിയിട്ടില്ല.

അടിയന്തരമായി പ്ലാസ്റ്റിക് നിരോധനം നടപ്പാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുകയും മാലിന്യശേഖരണം നടത്താമെന്ന ഉറപ്പ് പാലിക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് വാലഞ്ചേരി റസിഡന്റ്സ് അസോസിയേഷൻ ഗ്രാമപഞ്ചായത്ത് അധികൃതർക്ക് നിവേദനം നൽകി. നടപടി ഉണ്ടായില്ലെങ്കിൽ മറ്റ് റസി. അസോസിയേഷനുകളെയും സംഘടനകളെയും നാട്ടുകാരെയും സംഘടിപ്പിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങളുമായി പഞ്ചായത്ത് ഓഫീസിനു മുന്നിൽ ധർണ നടത്താനാണ് അസോസിയേഷൻ ഭരണസമിതിയുടെ തീരുമാനം.

## ചരമം



**സുഭദ്ര**

**കിളിമാനൂർ:** വെള്ളല്ലൂർ ശാന്തി നിലയത്തിൽ പരേതനായ വാസുദേവന്റെ ഭാര്യ സുഭദ്ര (85) നിര്യാതയായി. മക്കൾ: ലില്ലി, ലൈല, ജോർജ്, ജോയി. മരുമക്കൾ: ബി. ഹരിദാസൻ, എസ്. രാജേന്ദ്രൻ (എക്സ് മിലിട്ടറി), ഷീന. സഞ്ചയനം ചൊവ്വാഴ്ച രാവിലെ 8.30.

## വനിതകൾക്കായി സൗജന്യ തൊഴിൽ പരിശീലനം

ആറ്റിങ്ങൽ: കേന്ദ്ര ഗവൺമെന്റ് സി.ഡി.ടി.പി പദ്ധതി പ്രകാരം എസ്.എൻ.ഡി.പി യോഗം ആറ്റിങ്ങൽ യൂണിയനും ഗവ. പോളിടെക്നിക് കോളേജും സംയുക്തമായി എല്ലാ ജനവിഭാഗങ്ങളിലേയും വനിതകൾക്ക് സൗജന്യമായി നടത്തുന്ന ഗാർമെന്റ്സ് മേക്കിംഗ് കോഴ്സ് മൂന്നാം ബാച്ച് ഉദ്ഘാടനം ആറ്റിങ്ങൽ യൂണിയൻ ഹാളിൽ നടന്നു. യൂണിയൻ പ്രസിഡന്റ് എസ്. ഗോകുൽദാസ് ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ വി.വി.റേ അദ്ധ്യക്ഷത വഹിച്ചു. യൂണിയൻ സെക്രട്ടറി എം. അജയൻ, പ്രോഗ്രാം കോ ഓർഡിനേറ്റർ കൃഷ്ണനുണ്ണി, ഗോപകുമാർ, ബിന്ദു, യൂണിയൻ വനിതാ സംഘം പ്രസിഡന്റ് സുശീലാ രാജൻ, പ്രശോഭാ ഷാജി, ബിന്ദു ബിനു, രാധാമണി, ഉഷ എന്നിവർ സംസാരിച്ചു.

വിവിധ കോഴ്സുകളിലായി 800ലധികം വനിതകൾ ആറ്റിങ്ങൽ യൂണിയൻ ഹാളിൽ മുൻപ് നടന്ന സൗജന്യ പരിശീലം വിജയകരമായി പൂർത്തിയാക്കിയിരുന്നു.



കേന്ദ്ര ഗവൺമെന്റ് സി.ഡി.ടി.പി പദ്ധതി പ്രകാരം എസ്.എൻ.ഡി.പി യോഗം ആറ്റിങ്ങൽ യൂണിയൻ വനിതകൾക്കായുള്ള സൗജന്യ ഗാർമെന്റ്സ് മേക്കിംഗ് കോഴ്സ് മൂന്നാമത് ബാച്ചിന്റെ ഉദ്ഘാടനം യൂണിയൻ പ്രസിഡന്റ് എസ്. ഗോകുൽദാസ് നിർവഹിക്കുന്നു. ആറ്റിങ്ങൽ ഗവ. പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽ വി.വി. റേ, യൂണിയൻ സെക്രട്ടറി എം. അജയൻ, കൃഷ്ണനുണ്ണി, ഗോപകുമാർ, ബിന്ദു, സുശീലാ രാജൻ എന്നിവർ സമീപം.

## യോഗാ പരിശീലനം ഉദ്ഘാടനം ചെയ്തു

കിളിമാനൂർ: കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വയോജനങ്ങൾക്കുള്ള സൗജന്യ യോഗാ പരിശീലന ക്ലാസിന്റെ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീജാ ഷൈജു ദേവ് നിർവ്വഹിച്ചു. സി.ഡി.പി.ഒ. ടി.ആർ. ഷീലാകുമാരി അദ്ധ്യക്ഷത വഹിച്ചു. യോഗാചാര്യൻ ആനച്ചൽ മോഹൻദാസ് ക്ലാസ് നയിച്ചു.



കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിൽ വയോജനങ്ങൾക്കുള്ള യോഗാ പരിശീലനം പ്രസിഡന്റ് ശ്രീജാ ഷൈജു ദേവ് ഉദ്ഘാടനം ചെയ്യുന്നു.

## പുതുവർഷ സബ്സിഡി മാർക്കറ്റ്

മുടപുരം : അഴൂർ മുട്ടപ്പലം സർവീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ കൺസ്യൂമർ ഫെഡുമായി സഹകരിച്ച് അഴൂർ മാർക്കറ്റ് ജംഗ്ഷനിൽ നടത്തിയ പുതുവർഷ സബ്സിഡി മാർക്കറ്റ് ബാങ്ക് പ്രസിഡന്റ് എസ്. വി. അനിലാൽ ഉദ്ഘാടനം ചെയ്തു.

അഴൂർ ഗ്രാമപഞ്ചായത്തംഗങ്ങളായ സി. സുര, അഴൂർ വിജയൻ, ബാങ്ക് ഭരണ സമിതി അംഗങ്ങളായ എം. അലിയാരുകുഞ്ഞ്, കെ. സുരേഷ്കുമാർ, എം.കെ. കുമാരി, രമണൻ, ജി. വിജയകുമാരി, സെക്രട്ടറി കെ. എസ്. വിജയകുമാരി, എസ്. രാധാകൃഷ്ണൻ, വിനോദ് എസ്. ദാസ് തുടങ്ങിയവർ പങ്കെടുത്തു.

## ശ്രീജ്ഞാനോദയസംഘം ഗ്രന്ഥശാലയെ ആദരിച്ചു

വർക്കല: താലൂക്കിലെ മികച്ച ഗ്രന്ഥശാലയായി തിരഞ്ഞെടുക്കപ്പെട്ട പേരേറ്റിൽ ശ്രീജ്ഞാനോദയസംഘം ഗ്രന്ഥശാലയെ ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ച് വെൺകുളം എസ്.എൻഡിപി യോഗം ശാഖയിൽ നടന്ന സമ്മേളനത്തിൽ ആദരിച്ചു. ഗുരുധർമ്മ പ്രചരണസംഘം സംസ്ഥാന പ്രസിഡന്റ് എഴകോൺ രാജ് മോഹനാണ് ഗ്രന്ഥശാലാ സെക്രട്ടറി വി. ശ്രീനാഥക്കുറുപ്പിനെ ആദരിച്ചത്. സംസ്ഥാന സെക്രട്ടറി മധുമാറനാട്, ശ്രീനാരായണ സ്റ്റഡി സർക്കിൾ ജില്ലാ ഓർഗനൈസിംഗ് സെക്രട്ടറി വർക്കല മോഹൻദാസ്, ജി. മനോഹരൻ, അജിത്ത്കൃഷ്ണ, ഓടനാവട്ടം ഹരീന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.



പേരേറ്റിൽ ശ്രീജ്ഞാനോദയ സംഘം ഗ്രന്ഥശാലാ സെക്രട്ടറി വി. ശ്രീനാഥക്കുറുപ്പിനെ ഗുരുധർമ്മ പ്രചരണസംഘം സംസ്ഥാന പ്രസിഡന്റ് എഴകോൺ രാജ്മോഹൻ ആദരിക്കുന്നു.

# നാട്ടുകാര്യം

www.keralakaumudi.com www.facebook.com/keralakaumudi

## സൻസദ് ആദർശ് ഗ്രാമയോജന

ബാലരാമപുരം: കേന്ദ്രസർക്കാരിന്റെ സൻസദ് ആദർശ് ഗ്രാമയോജന പദ്ധതിയുടെ ഭാഗമായി ആറ്റിങ്ങൽ രാജധാനി എൻജിനീയറിംഗ് കോളേജിലെ നാഷണൽ സർവീസ് സ്കീം കോട്ടുകാൽ ഗ്രാമം തിരഞ്ഞെടുത്തു. ഇതിന്റെ ഭാഗമായി തൊഴിൽ രഹിതർക്കുള്ള പരിശീലനം (സി.സി.ടി.വി ഇൻസ്റ്റാലേഷൻ, അസിസ്റ്റന്റ് ഇലക്ട്രീഷൻ, വെൽഡർ ) ഇന്ന് രാവിലെ 10.30 മുതൽ ഉച്ചക്ക് രണ്ട് വരെ പഞ്ചായത്ത് കാര്യാലയത്തിൽ നടക്കും. രജിസ്ട്രേഷന് പഞ്ചായത്തുമായി ബന്ധപ്പെടണമെന്ന് സെക്രട്ടറി അറിയിച്ചു.

## സാക്ഷ്യപത്രം ഹാജരാക്കണം

നെയ്യാറ്റിൻകര : തിരുപുറം ഗ്രാമപഞ്ചായത്തിൽ നിന്നും വിധവാ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾ പുനർ വിവാഹം ചെയ്തിട്ടില്ല എന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ സാക്ഷിപത്രം ഗ്രാമപഞ്ചായത്ത് ഓഫീസിൽ 30നകം ഹാജരാക്കമെന്ന് സെക്രട്ടറി അറിയിച്ചു.

## അദ്ധ്യാപക ഒഴിവ്

ബാലരാമപുരം: കോട്ടുകാൽക്കോണം മുത്താരമ്മൻ ഹയർസെക്കൻഡറി സ്കൂളിൽ അൺ-എയ്ഡഡ് കോമേഴ്സ് വിഭാഗത്തിൽ ഒരു എക്കണോമിക്സ് അദ്ധ്യാപകന്റെ ഒഴിവ്. താൽപര്യമുള്ളവർ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം നേരിട്ട് ഹാജരാകണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. ഫോൺ: 8547412310

## തൊഴുക്കൽ എൻ. എസ്. എസ് കരയോഗം

നെയ്യാറ്റിൻകര : തൊഴുക്കൽ എൻ. എസ്. എസ് കരയോഗ വാർഷികവും ഭരണസമിതി തിരഞ്ഞെടുപ്പും പ്രസിഡന്റ് ഭുവനേന്ദ്രൻ നായരുടെ അദ്ധ്യക്ഷതയിൽ നടന്നു. മേഖലാ കൺവീനർ മധുകുമാർ, താലൂക്ക് യൂണിയൻ സെക്രട്ടറി രാമചന്ദ്രൻ നായർ, എൻ. എസ്. എസ് ഇൻസ്പെക്ടർ എസ്. മഹേഷ്കുമാർ തുടങ്ങിയവർ പങ്കെടുത്തു. പുതിയ ഭരണസമിതി അംഗങ്ങളായി ഭുവനേന്ദ്രൻ നായർ (പ്രസിഡന്റ്), കെ. എസ്. വേണുഗോപാലൻ നായർ (വെസ് പ്രസിഡന്റ്) കെ. പി . നാരായണൻ നായർ (സെക്രട്ടറി ) രവീന്ദ്രൻ നായർ ( ജോയിൻ സെക്രട്ടറി) , സതീഷ് ചന്ദ്രൻ (ട്രഷറർ) എന്നിവരേയും താലൂക്ക് യൂണിയൻ പ്രതിനിധികളായി അപ്പുക്കുട്ടൻ നായർ, മുരളിധരൻ നായർ, സുഭാഷ് എന്നിവർ ഉൾപ്പെട്ട 13 അംഗ എക്സിക്യൂട്ടിവ് കമ്മിറ്റിയെയും തിരഞ്ഞെടുത്തു.

## സെമിനാർ നാളെ

പൂവാർ: കൊച്ചുതുറ സ്വപ്ന ലൈബ്രറി സ്പോർട്സ് ആൻഡ് ആർട്സ് ക്ലബ്ബും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലും നെയ്യാറ്റിൻകര താലൂക്ക് ലൈബ്രറി കൗൺസിലും സംയുക്തമായി 'തീരദേശ മത്സ്യതൊഴിലാളികളുടെ ജീവിതവും ഓഖി ദുരന്തവും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സംഘടിപ്പിക്കുന്ന സെമിനാർ നാളെ വൈകിട്ട് 5ന് നടക്കും. കൊച്ചുതുറ സെന്റ് ആന്റണീസ് സ്കൂളിൽ നടക്കുന്ന സെമിനാർ ഇടവക വികാരി ഫാ. തോമസ് ഓഖി ദുരന്തത്തിൽ മരിച്ചവർക്കായി അനുസ്മരണ പ്രാർത്ഥന നടത്തും. ഡോ. ഐറിസ് കോലിയോ, ഡോ. ജോൺസൺ ജാമെന്റ്, റോബർട്ട് പനിപ്പിള്ള, പി.കെ. തുളസിധരൻ, ലിസ്ബ യേശുദാസ്, ലോറൻസ് ഫെർണാണ്ടസ് തുടങ്ങിയവർ പങ്കെടുക്കും.

## വ്യാപാരി വ്യവസായി സമ്മേളനം

നെടുമങ്ങാട്: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി നെടുമങ്ങാട് യൂണിറ്റ് ദ്വൈവാർഷിക സമ്മേളനം ജില്ലാ പ്രസിഡന്റ് പെരിങ്ങമ്മല രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് കെ. വിജയൻ അദ്ധ്യക്ഷത വഹിച്ചു. വൈ. വിജയൻ, ധനീഷ് ചന്ദ്രൻ, പാലോട് കുട്ടപ്പൻ നായർ, വെള്ളനാട് സുകുമാരൻ നായർ, വിജയൻ നായർ, കല്ലയം ശ്രീകുമാർ എന്നിവർ സംസാരിച്ചു. ഭാരവാഹികൾ: കെ. വിജയൻ (പ്രസിഡന്റ്), ആർ. കൃഷ്ണകുമാർ (ജനറൽ സെക്രട്ടറി), മേടയിൽ നൗഷാദ് (ട്രഷറർ). കെ. വിജയൻ തുടർച്ചയായി 27-ാം വർഷമാണ് പ്രസിഡന്റാകുന്നത്.

## ഊർജ്ജിത നികുതി പിരിവ് ക്യാമ്പ്

നെടുമങ്ങാട്: തൊളിക്കോട് ഗ്രാമപഞ്ചായത്തിൽ ഊർജ്ജിത നികുതി പിരിവ് ക്യാമ്പുകൾ 9, 10, 11 തീയതികളിൽ രാവിലെ 10 മുതൽ വൈകിട്ട് നാല് വരെ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ നടക്കുമെന്ന് സെക്രട്ടറി അറിയിച്ചു. ഗ്രാമപഞ്ചായത്തിലെ ഏതു കെട്ടിടത്തിന്റെയും നികുതി പിഴ ഒഴിവാക്കി ക്യാമ്പിൽ ഒടുക്കാം. 9ന് മേലേതുരുത്തി ഗ്രാമകേന്ദ്രം, പനയ്ക്കോട് ജംഗ്ഷൻ. 10ന് മാങ്കാട് കമ്മ്യൂണിറ്റി ഹാൾ, മലയടി അംഗൻവാടി. 11ന് മരുതുംമൂട് ജംഗ്ഷൻ, പറണ്ടോട് ജംഗ്ഷൻ എന്നിവിടങ്ങളിലായാണ് ക്യാമ്പ്.

## താലൂക്ക് സെമിനാർ നാളെ

മലയിൻകീഴ്: ലൈബ്രറി കൗൺസിൽ കാട്ടാക്കട താലൂക്ക് സംഘടിപ്പിക്കുന്ന താലൂക്ക് സെമിനാർ നാളെ രാവിലെ 9.30ന് ഐ.ബി. സതീഷ് എം.എൽ.എ ഉദ്ഘാടനം ചെയ്യും. മലയിൻകീഴ് ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നടക്കുന്ന സെമിനാറിൽ താലൂക്ക് ലൈബ്രറി കൗൺസിൽ പ്രസിഡന്റ് എസ്. രാമകൃഷ്ണപിള്ള അദ്ധ്യക്ഷത വഹിക്കും. സാഹിത്യകാരൻ കെ.ഇ.എൻ കുഞ്ഞഹമ്മദ് വിഷയം അവതരിപ്പിക്കും. മലയിൻകീഴ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. ചന്ദ്രൻനായർ, ബ്ലോക്ക് പഞ്ചായത്ത് അംഗം എൽ. അനിത, താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ. വാസുദേവൻനായർ, ലൈബ്രറി കൗൺസിൽ അംഗം ശിവപ്രസാദ് എന്നിവർ സംസാരിക്കും. താലൂക്കിലുൾപ്പെട്ട ഗ്രന്ഥശാല പ്രവർത്തകരും അക്ഷരസ്നേഹികളും പരിപാടിയിൽ പങ്കെടുക്കണമെന്ന് താലൂക്ക് സെക്രട്ടറി അറിയിച്ചു.



പനച്ചമൂട്ടിലെ പരിശോധനയിൽ പിടികൂടിയ പാൻ ഉൽപ്പനങ്ങൾ നശിപ്പിക്കാനായി കൂട്ടിയിട്ടിരിക്കുന്ന

## നിരോധിത ഉത്പന്നങ്ങൾ പിടികൂടി

വെള്ളറട: വെള്ളറടയിൽ ആരോഗ്യവകുപ്പിന്റെയും പൊലീസിന്റെയും ഗ്രാമപഞ്ചായത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ നടന്ന പരിശോധനയിൽ നിരോധിത പുകയില ഉത്പന്നങ്ങളും പ്ലാസ്റ്റിക് ക്യാരിബാഗുകളും പിടികൂടി. മൂന്നുകടകളിൽ നിന്നായി എൻപതിനായിരത്തോളം രൂപയുടെ ഉത്പന്നങ്ങളാണ് പിടിച്ചെടുത്തത്. പിടിച്ചെടുത്ത പാൻ ഉത്പന്നങ്ങൾ പഞ്ചായത്ത് ഓഫീസ് പരിസരത്ത് തീയിട്ട് നശിപ്പിച്ചു. ഒരു മിനി ലോറി നിറയെ പ്ലാസ്റ്റിക് ക്യാരി ബാഗുകളും പിടിച്ചെടുത്തിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ കടകളിലും റെയ്ഡ് വ്യാപിപ്പിക്കുമെന്നും അനധികൃതമായി നിരോധിത ഉത്പനങ്ങൾ കൈവശം വെയ്ക്കുകയും വിതരണം നടത്തുകയും ചെയ്യുന്ന വ്യാപാരികൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി പറഞ്ഞു.

# പ്ലാസ്റ്റിക് നിരോധനം പാഴ്‌വാക്ക്: നാടെങ്ങും ഫ്ലക്സ് മയം

## നിരോധിച്ചത് 50 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് ഉത്പന്നങ്ങൾ

▸എ.പി.ജിനൻ

നെയ്യാറ്റിൻകര: പ്ലാസ്റ്റിക് നിരോധനം കാറ്റിൽപ്പറത്തിക്കൊണ്ട് നെയ്യാറ്റിൻകരയിലും പരിസരങ്ങളിലും നിരോധിത പ്ലാസ്റ്റിക് കവറുകളും ഫ്ലക്സ് ബോർഡുകളുടെയും ഉപയോഗം തുടരുന്നതായി പരാതി. ടൗൺ പ്രദേശങ്ങളിൽ മാത്രമല്ല സമീപ ഗ്രാമപഞ്ചായത്തുകളിലും ഇവ യഥേഷ്ടം ഉപയോഗിക്കുന്നു. ടൗൺ പ്രദേശത്തെ വ്യാപാര സ്ഥാപനങ്ങളിലും ടൗൺ മാർക്കറ്റിലും പ്ലാസ്റ്റിക് കവറുകൾ വിൽക്കുകയും ഉപയോഗിക്കുകയും ചെയ്തിട്ടും നഗരസഭാ അധികൃതർ നടപടി കാണിക്കുന്നില്ലെന്ന ആക്ഷേപവുമുണ്ട്. നഗരസഭയുടെ കീഴിലുള്ള അക്ഷയ ഷോപ്പിംഗ് കോംപ്ലക്സിന് ചുറ്റും ഫ്ലക്സ് ബോർഡുകളുടെ അതിപ്രസരമാണ്. നെയ്യാറ്റിൻകര മിനി സിവിൽ സ്റ്റേഷനു ചുറ്റും വിവിധ സംഘടനകളുടെ ഫ്ലക്സ് ബോർഡുകൾ പ്രദർശിപ്പിച്ചിരിക്കുന്നത് കാരണം ഓഫീസുകളുടെ ബോർഡുകൾ പോലും കാണാൻ കഴിയുന്നില്ല.

KAUMUDI ALERT



നെയ്യാറ്റിൻകര സിവിൽ മിനി സ്റ്റേഷൻ പരിസരത്ത് ഉയർന്നിരിക്കുന്ന ഫ്ലക്സ് ബോർഡുകൾ

### മാതൃകയായി എസ്.എൻ.ഡി.പി യൂണിയൻ

ഇക്കഴിഞ്ഞ ശിവഗിരി തീർത്ഥാടനത്തിന് അരുവിപ്പുറത്ത് എത്തിയ ഭക്തർക്ക് ഇക്കോ ഫ്രണ്ടലി വരവേല്പാണ് യൂണിയൻ കൺവീനർ ആവണി ശ്രീകണ്ഠന്റെ നേതൃത്വത്തിൽ നടത്തിയത്.

- ആശുപത്രിക്കുള്ളിൽ പ്ലാസ്റ്റിക് മയം
- നെയ്യാറ്റിൻകര ജില്ലാ ആശുപത്രിക്കുള്ളിൽ പ്ലാസ്റ്റിക് കവറുകൾ കൊണ്ടു വരരുതെന്ന് കർശന നിർദ്ദേശമുണ്ടെങ്കിലും ഇവ കൊണ്ടുവരുന്നവരെ ആരും പരിശോധിക്കാറില്ല
- പ്ലാസ്റ്റിക് കവർ നിർമാണ വ്യവസായത്തിന് തദ്ദേശ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കി നൽകിയിട്ടില്ലെങ്കിലും ഇവ നിർബാധം ഉത്പാദിപ്പിക്കുന്നുണ്ട്
- ഹെൽത്ത് ജീവനക്കാർ വ്യാപാരികളോട് പ്ലാസ്റ്റിക് കവറുകൾ ഉപയോഗിക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ആരും ചെവിക്കൊണ്ട മട്ടില്ല

### ചെറുകിടക്കാർ ദുരിതത്തിൽ

കേരള സർക്കാർ ഫ്ലക്സ് ബോർഡുകൾ നിരോധിച്ചെങ്കിലും ബാങ്കുകളിൽ നിന്നു ലോണെടുത്ത് ചെറുകിട സംരംഭങ്ങൾ ആരംഭിച്ചവരെ കണക്കിലെടുത്ത് നിരോധനം നിയന്ത്രണത്തിലൊതുക്കി. അതേസമയം തിരഞ്ഞെടുപ്പ് കമ്മിഷൻ നിരോധനം കർശനമായി പാലിക്കാൻ ഉത്തരവിട്ടത് ഗുണമായി. ഫ്ലക്സ് ബോർഡ് നിർമ്മിക്കുന്ന മെഷീനിൽ തുണി ബോർഡുകളും നിർമ്മിക്കാം.



ജോസ് ഫ്രാങ്കിൻ

## ക്ഷീരോത്പാദക സംഘത്തിൽ കോൺഗ്രസ് പാനലിന് വിജയം

നെയ്യാറ്റിൻകര : പെരുമ്പഴുതൂർ മുട്ടയ്ക്കാട് ക്ഷീരോത്പാദക സഹകരണ സംഘത്തിൽ നടന്ന ഭരണ സമിതി തിരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള പാനൽ വിജയിച്ചു. പ്രസിഡന്റായി ജോസ് ഫ്രാങ്കിനെ തിരഞ്ഞെടുത്തു. വൈസ് പ്രസിഡന്റായി ബാബുരാജ്, ഭരണസമിതി അംഗങ്ങളായി കെ. അനിൽകുമാർ, എസ്. പ്രസാദ്, ആർ. മോഹനൻ, ഡി. ഇന്ദിരാബേബി, ടി. സുധർമ, ഒ. ശ്രീലത, ഡി. സിന്ധു എന്നിവരെയും തിരഞ്ഞെടുത്തു.

## ഉപഭോക്തൃ ബോധവത്കരണ വനിതാ സെമിനാർ

ബാലരാമപുരം: ജില്ലാ ഉപഭോക്തൃ സമിതി ബാലരാമപുരം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന ഉപഭോക്തൃ ബോധവത്കരണ വനിതാ സെമിനാർ ബാലരാമപുരം പഞ്ചായത്ത് പ്രസിഡന്റ് ആർ.എസ്. വസന്തകുമാരി ഉദ്ഘാടനം ചെയ്തു. യൂണിറ്റ് വൈസ് പ്രസിഡന്റ് ആർ. സദാശിവൻ നായർ അദ്ധ്യക്ഷത വഹിച്ചു. ഡി. വേണുഗോപാൽ മുഖ്യപ്രഭാഷണം നടത്തി. ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളിലെ നടപടിക്രമങ്ങളെക്കുറിച്ച് താലൂക്ക് സപ്ലൈ ഓഫീസർ വേണുഗോപാൽ ക്ലാസെടുത്തു. ഷാമിലാ ബീവി, ഹരിഹരൻ, ആർ.കെ.ബിന്ദു തുടങ്ങിയവർ സംബന്ധിച്ചു.

## കാഞ്ഞിരംകുളം നിത്യസഹായ മാതാ തീർത്ഥാടന ദേവാലയം

നെയ്യാറ്റിൻകര: കാഞ്ഞിരംകുളം നിത്യസഹായ മാതാ മലങ്കര കത്തോലിക്കാ തീർത്ഥാടന ദേവാലയത്തിലെ തിരുനാൾ 7ന് കൊടിയേറും. മേജർ അതിരൂപതാ വികാരി ജനറൽ ഡോ. മാത്യു മനക്കരക്കാവിൽ, ഫാ. ഫ്രാൻസിസ് മുതുകത്താനിയിൽ, ഫാ. ആന്റണി പ്ലാംപറമ്പിൽ എന്നിവർ ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കും. തിരുനാൾ പ്രദക്ഷിണം 13ന് നടക്കും. 7ന് വൈകിട്ട് 5ന് നടക്കുന്ന വിശുദ്ധ കുർബാനയ്ക്ക് ജില്ലാ വികാരി ഫാ. ആന്റണി പ്ലാംപറമ്പിൽ മുഖ്യകാർമ്മികത്വം വഹിക്കും. ഫാ. തോമസ് പ്രശാന്ത് ഒ.ഐ.സി കൊടിയേറ്റ് കർമ്മം നിർവഹിക്കും. 8, 9, 10, 11 തിയതികളിൽ ഫാ. ഫ്രാൻസിസ് മുതുകത്താനിയിൽ നയിക്കുന്ന ജീവിത നവീകരണ ധ്യാനം നടക്കും. മലങ്കര കാത്തലിക്ക് യൂത്ത് മൂവ്മെന്റ് ജില്ലാ ഡയറക്ടർ ഫാ. ബെനഡിക്റ്റ് വാറുവിള, നാലാഞ്ചിറ ബഥനി ആശ്രമ സുപ്പീരിയർ ഫാ. ഇഗ്നേഷ്യസ് ജോർജ്, പാറശാല രൂപതാ വികാരി ജനറൽ ഫാ. സെലിൻ ജോസ്, പാറശാല രൂപതാ ചാൻസലർ ഫാ. ഹോർമിസ് പുത്തൻവീട്ടിൽ, മാർ ഇവാനിയോസ് ബഥനി സ്കൂൾ പ്രിൻസിപ്പൽ ഫാ. എബിൻ തോമസ് പണിക്കർ, ഫാ. ജോൺ വിയാനി കൊറ്റിനാട്ട് തുടങ്ങിയവർ തിരുനാൾ ദിനങ്ങളിലെ ദിവ്യബലിക്ക് നേതൃത്വം നൽകും. 13ന് തിരുനാൾ റാസ ദേവാലയത്തിൽ നിന്നും പുറപ്പെട്ട് കാഞ്ഞിരംകുളം ജംഗ്ഷൻ, പനനിന്ന, കുഴിവിളവഴി ചാവടി ജംഗ്ഷനിലെത്തി തിരികെ ദേവാലയത്തിൽ സമാപിക്കും. 14ന് രാവിലെ 8 ന് പ്രഭാത പ്രാർത്ഥനയെത്തുടർന്ന് നടക്കുന്ന വിശുദ്ധ കുർബാനയ്ക്ക് ഡോ. മാത്യു മനക്കരക്കാവിൽ മുഖ്യകാർമ്മികത്വം വഹിക്കും. കുട്ടികളുടെ ആദ്യകുർബാന സ്വീകരണം നടക്കും. 21 ന് രാവിലെ ദിവ്യബലിക്കു ശേഷം കൊടിയിറക്ക് നടക്കും.



കോട്ടൂർ കാപ്പുക്കാട് ആനവളർത്തൽ കേന്ദ്രം വിദ്യാർത്ഥികൾ സന്ദർശിക്കുന്നു

## ആനവിശേഷങ്ങളറിയാൻ വിദ്യാർത്ഥികളെത്തി

ബാലരാമപുരം: ബാലരാമപുരം ഹൈസ്കൂളിന്റെ ശതാബ്ദിയാഘോഷങ്ങളുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് പഠനയാത്ര സംഘടിപ്പിച്ചു. ആനവിശേഷങ്ങൾ കണ്ടറിയാൻ കോട്ടൂർ കാപ്പുക്കാട് ആന വളർത്തൽ കേന്ദ്രത്തിലാണ് വിദ്യാർത്ഥികളെത്തിയത്.

കാപ്പുകാട്ടിലെ ആന വീരൻ എൺപത് വയസുള്ള സോമനെ വിദ്യാർത്ഥികൾ സന്ദർശിച്ചു. രണ്ടരമാസം പ്രായമുള്ള ആനയാണ് കാപ്പുക്കാട്ടിലെ ഇളയ ഗജവീരൻ. ആനക്ക് വിയർപ്പ് ഗ്രന്ഥികളില്ലെന്നതും രണ്ടരമാസം പ്രായമുള്ള ആനയുടെ നിറം ചുവപ്പാണെന്നതുമൊക്കെയുള്ള വിവരങ്ങൾ വിദ്യാർത്ഥികൾക്ക് പുതിയ വിജ്ഞാനമായി. സ്കൂൾ ഹെഡ്മിസ്ട്രസ് എൻ.എസ്. ബെറ്റി, സ്റ്റാഫ് സെക്രട്ടറി ചന്ദ്രകുമാർ, അദ്ധ്യാപകരായ ലത, ഗീത, ശുഭ, അനില, ഷെർളി എന്നിവർ പഠനയാത്രക്ക് നേതൃത്വം നൽകി.

## വീട്ടുമുറ്റത്തൊരു മുട്ടക്കോഴി

ബാലരാമപുരം: വീട്ടുമുറ്റത്തൊരു മുട്ടക്കോഴി പദ്ധതി കോട്ടുകാൽ പഞ്ചായത്ത് പ്രസിഡന്റ് റ്റി. എസ്. സജി ഉദ്ഘാടനം ചെയ്തു. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ കൊച്ചുത്രേസ്യ അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് കെ. എസ്. സജി മുഖ്യപ്രഭാഷണം നടത്തി. മെമ്പർമാരായ ബിനു. റ്റി. എസ്, പ്രസാദ്, ശ്യാമള, ബിനു, അജിതകുമാരി, സുജകുമാരി, വസന്തകുമാരി, ചന്ദ്രലേഖ എന്നിവർ പങ്കെടുത്തു. ഹരിചന്ദ്രൻ സ്വാഗതം പറഞ്ഞു.





വീട്ടുമുറ്റത്തൊരു മുട്ടക്കോഴി പദ്ധതി കോട്ടുകാൽ പഞ്ചായത്ത് പ്രസിഡന്റ് റ്റി.എസ്. സജി ഉദ്ഘാടനം ചെയ്യുന്നു.

## പൂതംകോട് ശാഖയിൽ ശ്രീനാരായണ ധർമ്മ പ്രചാരണ സമ്മേളനം

നെയ്യാറ്റിൻകര : എസ്.എൻ.ഡി.പി യോഗം പൂതംകോട് ശാഖയുടെ വാർഷികത്തോടനുബന്ധിച്ചുള്ള ശ്രീനാരായണ ധർമ്മ പ്രചാരണ സമ്മേളനം നെയ്യാറ്റിൻകര യൂണിയൻ കൺവീനർ ആവണി ബി . ശ്രീകണ്ഠൻ ഉദ്ഘാടനം ചെയ്തു. ശാഖാ സെക്രട്ടറി വി, എസ്, ഷാജി ലാലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ യൂത്ത് മൂവ്മെന്റ് സംസ്ഥാന കമ്മിററി അംഗം സജീഷ് കോട്ടയം മുഖ്യ പ്രഭാഷണം നടത്തി.

യോഗം ഡയറക്ടർ ബോർഡംഗം വൈ.എസ്. കുമാർ, യൂണിയൻ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗം കിരൺ ചന്ദ്രൻ എന്നിവർ പ്രസംഗിച്ചു. പൂതംകോട് ഹരികുമാർ സ്വാഗതവും സനൽകുമാർ നന്ദിയും പറഞ്ഞു. ശാഖാപരിധിയിലെ കുടുംബങ്ങളിൽ വിവിധ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് അവാർഡുകൾ വിതരണം ചെയ്തു.

## ഓഖി: സാന്ത്വന യാത്രയും പ്രാർത്ഥനായോഗവും സമാപിച്ചു

കോവളം : ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഓഖി ദുരന്ത മേഖലകളിൽ നടത്തിയ സാന്ത്വന യാത്രയും പ്രാർത്ഥനായോഗവും സമാപിച്ചു. കെ.പി.സി.സി പ്രസിഡന്റ് എം.എം. ഹസൻ ഫ്ലാഗ് ഓഫ് ചെയ്ത യാത്ര പൂവാറിൽ നിന്നും ആരംഭിച്ച് ദുരന്ത മേഘലകളായ കരിംകുളം, പുല്ലുവിള , അടിമലത്തുറ എന്നിവിടങ്ങളിലൂടെ സഞ്ചരിച്ച് വിഴിഞ്ഞത്ത് സമാപിച്ചു. വൈകിട്ട് 4ഓടെ വിഴിഞ്ഞത്ത് നടന്ന പ്രാർത്ഥനാ യോഗം മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു.

ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനലിന്റെ അദ്ധ്യക്ഷതയിൽ എം.എൽ.എ മാരായ വി.എസ്. ശിവകുമാർ എം. വിൻസെന്റ് കെ.പി.സി.സി സെക്രട്ടറി ആർ. വത്സലൻ, കോളിയൂർ ദിവാകരൻ നായർ, ജി. സുബോധൻ, ആസ്റ്റിൻ ഗോമസ്, കെ. വി. അഭിലാഷ് അഡോൾഫ് മൊറായിസ്, ആർ. സജയകുമാർ, ആഗ്നസ് റാണി, ശ്രീകണ്ഠൻ നായർ കാഞ്ഞിരംകുളം ശിവകുമാർ, വെങ്ങാനൂർ ശ്രീകുമാർ മണ്ഡലം പ്രസിഡന്റ്മാരായ വിഴിഞ്ഞം മുജീബ് റഹ്മാൻ, കരിംകുളം ഫ്രാഗ്ലിൻ കുമാർ, പൂവാർ സോമൻ, കാഞ്ഞിരംകുളം സരസാദാസ്, വട്ടവിള വിജയകുമാർ, ബാലരാമപുരം സുധീർ, പനയാറകുന്ന് ജോയി, കല്ലിയൂർ ഉദയകുമാർ എന്നിവർ സംസാരിച്ചു.





വിഴിഞ്ഞത്ത് നടന്ന സാന്ത്വന യാത്രയുടെ പ്രാർത്ഥന സംഗമം ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു



ഒ.രാജഗോപാൽ എം.എൽ.എ പാടത്ത് വിത്തെറിഞ്ഞ് ഉദ്ഘാടനം ചെയ്യുന്നു

## വെള്ളായണി പാടത്ത് വിത്തെറിഞ്ഞു

നേമം: വെള്ളായണി നിലമക്കരി പാടശേഖരത്തെ കർഷകർക്ക് പുത്തൻ പ്രതീക്ഷയേകി പാടത്ത് വിത്തെറിഞ്ഞു. ഇന്നലെ രാവിലെ ഒ. രാജഗോപാൽ എം.എൽ.എ ഉദ്ഘാടനം ചെയതു. നിലമക്കരിയിലെ പതിനഞ്ച് ഹെക്ടറിലാണ് കൃഷിയിറക്കിയത്. കൃഷിഭവൻ നൽകിയ നൂറ്റിപത്ത് ദിവസത്തിനുള്ളിൽ വിളവെടുക്കാവുന്ന വർഷ ഇനത്തിലുള്ള വിത്താണ് പാകിയത്. വാർഡ് കൗൺസിലർ പാപ്പനംകോട് സജി, കൗൺസിലർ എം. ആർ. ഗോപൻ, നേമം കൃഷിഭവൻ ഓഫീസർ ശ്രീകല, പാടശേഖര സമിതി പ്രസിഡന്റ് സുരേന്ദ്രൻ, സെക്രട്ടറി ബി.ആർ. ബിജു എന്നിവർ പങ്കെടുത്തു.

# അവഗണനയുടെ പേരോ ശ്മശാനം ?

■ പാറശാല പഞ്ചായത്തിൽ പൊതുശ്മശാനമില്ല

പാറശാല: പൊതുശ്മശാനം എന്ന പാറശാല ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. പൊതു ശ്മശാനത്തിന്റെ അഭാവം കാരണം പഞ്ചായത്തിലെ സാധാരണക്കാർ പോലും കിലോമീറ്ററുകൾ അകലെയുള്ള തിരുവനന്തപുരത്തെ ശാന്തികവാടത്തെയാണ് ആശ്രയിക്കുന്നത്. സംസ്ഥാനത്ത് രണ്ട് വില്ലേജുകളോട്ടുകൂടിയ ചുരുക്കം പഞ്ചായത്തുകളിൽ ഒന്നായ പാറശാല വിസ്തൃതിയിലും വരുമാനത്തിലും മുന്നിലാണ്. താലൂക്ക് പദവിയോളം എത്തി നിൽക്കുകയാണെങ്കിലും പൊതുശ്മശാനം മാത്രം അകലെതന്നെ. ഇവിടത്തുകാരുടെ വർഷങ്ങളായുള്ള ആവശ്യം കേൾക്കാൻ അധികൃതർക്കും താത്പര്യമില്ല. കഴിഞ്ഞ പഞ്ചായത്ത് ഭരണസമിതി ശ്മശാനത്തിനായി പാറശാല ആശുപത്രി ജംഗ്ഷന് സമീപത്തെ ആർ.സി സ്ട്രീറ്റിന് പിന്നിൽ 50 സെന്റ് സ്ഥലം വാങ്ങിയിരുന്നു. എന്നാൽ നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് നിർമ്മാണം നടന്നില്ല. പുതിയ പഞ്ചായത്ത് ഭരണ സമിതി നിലവിൽ വന്നതിനെ തുടർന്ന് ശ്മശാനത്തിന് കണ്ടെത്തിയ സ്ഥലം പാറശാല സർക്കാർ ആശുപത്രിക്ക് കൈമാറി. തുടർന്ന് ആശുപത്രിയ്ക്ക് പിന്നിലുള്ള 50 സെന്റ് സ്ഥലം ശ്മശാനത്തിനായി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ തുടരുകയാണ്. പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് ശ്മശാനത്തിലേക്കുള്ള റോഡും തോടിന് കുറുകെയുള്ള പാലവും പൂർത്തിയാക്കി. തുടർന്ന് സർക്കാർ അനുമതികൾക്കായി കാത്തിരിക്കുകയാണ്.

KAUMUDI ALERT

### അവഗണനയുടെ കരിനിഴൽ

- ശ്മശാനത്തിനായി ആർ.സി സ്ട്രീറ്റിന് പിന്നിൽ 50 സെന്റ് സ്ഥലം വാങ്ങിയിരുന്നു
- നാട്ടുകാരുടെ പ്രതിഷേധം കാരണം സ്ഥലം ശ്മശാന നിർമ്മാണം നടന്നില്ല
- ആർ.സി സ്ട്രീറ്റിലെ സ്ഥലം പാറശാല സർക്കാർ ആശുപത്രിക്ക് കൈമാറും
- ശ്മശാനത്തിനായി ആശുപത്രിയുടെ 50 സെന്റ് സ്ഥലം ഏറ്റെടുക്കാൻ നടപടി തുടങ്ങി
- ഇപ്പോൾ ഇവിടത്തുകാർക്ക് ആശ്രയം തലസ്ഥാനത്തെ ശാന്തികവാടം

> “ പൊതു ശ്മശാനത്തിനായി സർക്കാർ വാങ്ങിയിട്ടിരുന്ന പഞ്ചായത്ത് ഭൂമി സർക്കാർ ആശുപത്രിയായി ഏറ്റെടുക്കണം. പകരം ആശുപത്രി വക ഭൂമി പൊതു ശ്മശാനത്തിനായി പഞ്ചായത്തിന് കൈമാറാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം.
>
> - നാട്ടുകാർ

## പഞ്ചായത്ത് പ്രസിഡന്റ് വിളിച്ചു ചേർത്ത യോഗം ബഹിഷ്കരിച്ചു

പൂവാർ: ജില്ലാ മെഡിക്കൽ ഓഫിസറുടെ നിർദ്ദേശ പ്രകാരം താൻ വിളിച്ചു ചേർത്ത യോഗം ചിലർ ബഹിഷ്കരിച്ചതിന് പിന്നിൽ രാഷ്ട്രീയ ലക്ഷ്യങ്ങളാണെന്ന് അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്. മിനി അറിയിച്ചു.

തീരപ്രദേശത്ത് പടരുന്ന പകർച്ചവ്യാധി നിയന്ത്രണ വിധേയമാക്കുന്നതുമായി ബന്ധപ്പെട്ട് പുല്ലുവിള സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ പ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിലയിരുത്താനായിരുന്നു യോഗം വിളിച്ചത്. ഫിഷറീസ്, ഭക്ഷ്യ സുരക്ഷ, പൊതുമരാമത്ത്, ജല അതോറിട്ടി തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥരെത്തിയെങ്കിലും ഡി. എം. ഒ, മെഡിക്കൽ ഓഫീസർ, ആരോഗ്യ വകുപ്പിലെ മറ്റു ജീവനക്കാർ എന്നിവരൊന്നും എത്തിയില്ല.

ഇതിനു പിന്നിൽ കരുംകുളം പഞ്ചായത്ത് പ്രസിഡന്റിന്റെ രാഷ്ട്രീയ ഇടപെടലുണ്ടെന്നും ഇത് ജനങ്ങളോടുള്ള വെല്ലുവിളിയാണെന്നും ബ്ലോക്ക് പ്രസിഡന്റ് കുറ്റപ്പെടുത്തി.

TV
# നാട്ടുകാര്യം

www.keralakaumudi.com www.facebook.com/keralakaumudi

### ബഹുജന മുന്നേറ്റ യോഗം ഇന്ന്

ആറ്റിങ്ങൽ: ആറ്റിങ്ങൽ ദേശീയപാത വികസനം യാഥാർത്ഥ്യമാക്കണമെന്നും ഗതാഗത പ്രശ്നത്തിന് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് നഗര വികസന സമിതിയുടെ ആഭിമുഖ്യത്തിൽ ബഹുജന മുന്നേറ്റം സംഘടിപ്പിക്കുന്നതിന്റെ മുന്നോടിയായി ഇന്ന് വൈകിട്ട് 3.30ന് ആറ്റിങ്ങൽ ടൗൺ യു.പി.എസിൽ യോഗം നടക്കും.

### കവിതാചർച്ച

വർക്കല: മൊഴിക്കൂട്ടായ്മയുടെ നേതൃത്വത്തിൽ 6ന് വൈകുന്നേരം 4 ന് കല്ലമ്പലം അക്ഷയഹാളിൽ പേരൂർ സത്താർ രചിച്ച അമ്മമനസ് എന്ന കവിതാസമാഹാരം ചർച്ച ചെയ്യും. എ.വി.ബാഹുലേയൻ വിഷയം അവതരിപ്പിക്കും.

### ക്രിക്കറ്റ്, ഫുട്ബാൾ മത്സരം

ആറ്റിങ്ങൽ: ആറ്റിങ്ങൽ നഗരസഭ ക്രിക്കറ്റ്, ഫുട്ബാൾ എന്നീ കായിക വിഭാഗങ്ങളിൽ ജില്ലാതല യൂത്ത് മത്സരങ്ങളിലേയ്ക്ക് ടീമിനെ തിരഞ്ഞെടുക്കുന്നതിനായി 9.10 തീയതികളിൽ രജിസ്റ്റേഡ് ക്ലബ്ബുകളുടെ മത്സരം സംഘടിപ്പിക്കുന്നു. ഫോൺ: 9447655240, 9746109031.

### പൊതുയോഗം

കല്ലമ്പലം: ഞെക്കാട് മധുരക്കോട് തെങ്ങു വിളാകത്ത് ശ്രീ ഭഗവതി ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ചുള്ള പൊതുയോഗം ഞായറാഴ്ച രാവിലൊട് 10ന് ക്ഷേത്രാങ്കണത്തിൽ നടക്കും.

### നേത്രചികിത്സാ ക്യാമ്പ്

വർക്കല: മേൽവെട്ടൂർ ആശാൻ മെമ്മോറിയൽ റസിഡന്റ്സ് അസോസിയേഷൻ, വർക്കല ലയൺസ് ക്ലബ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ അരവിന്ദ് കണ്ണാശുപത്രിയുടെ സഹകരണത്തോടെ 7ന് രാവിലെ 8 മുതൽ ഉച്ചയ്ക്ക് 2വരെ അസോസിയേഷൻഹാളിൽ സൗജന്യ നേത്രചികിത്സാ ക്യാമ്പ് നടക്കും. വിവരങ്ങൾക്ക് ഫോൺ. 9846928599, 9495193140

### ആറ്റിങ്ങൽ ടൗൺ റസിഡന്റ്സ് അസോസിയേഷൻ

ആറ്റിങ്ങൽ: ആറ്റിങ്ങൽ ടൗൺ റസിഡൻസ് അസോസിയേഷൻ വാർഷികം 7ന് ആറ്റിങ്ങൽ ദ്വാരക ഓഡിറ്റോറിയത്തിൽ നടക്കും. വൈകിട്ട് 3ന് നടക്കുന്ന പൊതുയോഗത്തിൽ പ്രസിഡന്റ് വി. മോഹനൻ നായർ അദ്ധ്യക്ഷത വഹിക്കും. ഡോ. സതീദേവി, മോഹനകുമാരി, അഡ്വ. ജി. സുരേന്ദ്രൻ, സി.മദനൻപിള്ള, ടി.വി. രാമകൃഷ്ണൻ എന്നിവർ സംസാരിക്കും. 4ന് നടക്കുന്ന പൊതു സമ്മേളനം നഗരസഭാ ചെയർമാൻ എം. പ്രദീപ് ഉദ്ഘാടനം ചെയ്യും. നഗരസഭാ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ സി. പ്രദീപ്, കൗൺസിലർ എസ്. സന്തോഷ്, അഡ്വ. വിജയമോഹനൻ നായർ, കെ. അശോകൻ, എൻ. രവീന്ദ്രൻ നായർ, ഗിരിജ ഗോപാലകൃഷ്ണൻ എന്നിവർ സംസാരിക്കും. വിദ്യാഭ്യാസ അവാർഡ് വിതരണവും ഓണാഘോഷ കലാ കായിക മത്സര വിജയികൾക്ക് സമ്മാനവിതരണവും നടക്കും. 5.30ന് നൃത്ത നൃത്യങ്ങൾ, തുടർന്ന കുടുംബ സംഗമം.

### എൽ.ഐ.സി ഏജന്റ്സ് ഓർഗനൈസേഷൻ ബ്രാഞ്ച് സമ്മേളനം

ആറ്റിങ്ങൽ: എൽ.ഐ.സി ഏജന്റ്സ് ഓർഗനൈസേഷൻ ഒഫ് ഇന്ത്യ( സി.ഐ.ടി.യു) ആറ്റിങ്ങൽ ബ്രാഞ്ച് സമ്മേളനം 8 ന് ആറ്റിങ്ങൽ ഷൈൻ കോംപ്ലക്സിൽ നടക്കും. രാവിലെ 9 ന് രജിസ്ട്രേഷൻ, 9.30ന് നടക്കുന്ന സമ്മേളനം സി.ഐ.ടി.യു സംസ്ഥാന കമ്മിറ്റി അംഗം ആർ. രാമു ഉദ്ഘാടനം ചെയ്യും. സി. സന്തോഷ് കുമാർ അദ്ധ്യക്ഷത വഹിക്കും. ജി. വിശ്വംഭരൻ, എസ്. സുനിൽകുമാർ, ടി. ജോൺ വില്യം എം. എസ്. ജയകുമാർ, വി. ശ്രീനാഥ് കുറുപ്പ്, അഞ്ചുതെങ്ങ് സുരേന്ദ്രൻ, കടകുളം സന്തോഷ് കുമാർ, വി. ശശി, ജി. ഗിരീഷ് കുമാർ എന്നിവർ സംസാരിക്കും.

### ആലോചനാ യോഗം നാളെ

മുടപുരം : തെങ്ങുംവിള ഭഗവതി ക്ഷേത്രത്തിലെ കുംഭഭരണി മഹോത്സവത്തോടു അനുബന്ധിച്ച് മുട്ടപ്പലം മാർക്കറ്റ് ജംഗ്ഷനിൽ നിന്ന് ആരംഭിക്കുന്ന ഉരുൾ മഹോത്സവത്തിന്റെ നടത്തിപ്പിനെ കുറിച്ച് ആലോചിക്കുന്നതിനുള്ള നാട്ടുകാരുടെ യോഗം നാളെ വൈകിട്ട് ആറിന് മുട്ടപ്പലം മാർക്കറ്റ് ജംഗ്ഷനിൽ നടക്കും.

### കുടിശിക പിരിവ്

കടയ്ക്കാവൂർ: അഞ്ചുതെങ്ങ് പഞ്ചായത്തിലെ വസ്തു നികുതി കുടിശിക നൂറു ശതമാനം പിരിക്കുന്നതിനുന്നതിന്റെ ഭാഗമായി 8ന് രണ്ടാംവാർഡ് നെടുങ്ങണ്ട കയർ സംഘം, 6ന് മൂന്നാം വാർഡ്, എസ്. എൻ. ഡി. പി. ഹാൾ, നെടുങ്ങണ്ട, 9 ന് നാലാം വാർഡ് പോളയ്ക്കൽ അംഗൻ വാടി, 12 അഞ്ചാം വാർഡ് മുടിപ്പുര അങ്കൻ, 12ന് ആറാം വാർഡ് തട്ടാന്റവിള അങ്കൻ വാഡി, 8ന് ഏഴാം വാർഡ് പുത്തൻമണ്ണ അങ്കൻ വാടി 15ന് എട്ടാം വാർഡ് മുഖ്യസ്ഥാൻ പറമ്പ് നഴ്സറി, 6ന് പത്താം വാർഡ് പഞ്ചായത്ത് ആഫീസ്, 15 ന് പതിനൊന്നാം വാർഡ് ബി. ബി, എൽ. പി. എസ് അഞ്ചുതെങ്ങ്, 10ന് പന്ത്രണ്ടാം വാർഡ് ബീ. ബി. എൽ. പി. എസ്. അഞ്ചുതെങ്ങ്, 6ന് പതിമൂന്നാം വാർഡ്, മുണ്ടുതുറ അങ്കൻ വാഡി, 12ന് പതിനാലാം വാർഡ് മാമ്പള്ളി സെന്റ് അലോഷ്യസ്സ് സ്കൂൾ എന്നി വിടങ്ങളിൽ കരമെടുക്കുമെന്ന് സെക്രട്ടറി അറിയിച്ചു.

## ആദരിച്ചു

വർക്കല: താലൂക്കിലെ മികച്ച ഗ്രന്ഥശാലയായി തിരഞ്ഞെടുക്കപ്പെട്ട പേരേറ്റിൽ ശ്രീജ്ഞാനോദയസംഘം ഗ്രന്ഥശാലയെ ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ച് വെൺകുളം എസ്.എൻഡിപി യോഗം ശാഖയിൽ നടന്ന സമ്മേളനത്തിൽ ആദരിച്ചു. ഗുരുധർമ്മ പ്രചരണസംഘം സംസ്ഥാന പ്രസിഡന്റ് എഴകോൺ രാജ് മോഹനാണ് ഗ്രന്ഥശാലാ സെക്രട്ടറി വി. ശ്രീനാഥക്കുറുപ്പിനെ ആദരിച്ചത്. സംസ്ഥാന സെക്രട്ടറി മധുമാറനാട്, ശ്രീനാരായണ സ്റ്റഡി സർക്കിൾ ജില്ലാ ഓർഗനൈസിംഗ് സെക്രട്ടറി വർക്കല മോഹൻദാസ്, ജി. മനോഹരൻ, അജിത്ത്കൃഷ്ണ, ഓടനാവട്ടം ഹരീന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.



*പേരേറ്റിൽ ശ്രീജ്ഞാനോദയ സംഘം ഗ്രന്ഥശാലാ സെക്രട്ടറി വി. ശ്രീനാഥക്കുറുപ്പിനെ ഗുരുധർമ്മ പ്രചരണസംഘം സംസ്ഥാന പ്രസിഡന്റ് എഴകോൺ രാജ്മോഹൻ ആദരിക്കുന്നു.*

# കാവൽക്കണ്ണുകൾ 'ഉറക്കത്തിൽ'; കാവലില്ലാതെ ജനങ്ങൾ

■ കഴിഞ്ഞദിവസം നടന്ന അപകടത്തിൽ ബൈക്ക് സ്റ്റാൻഡ് കാലിൽ തുളച്ചു കയറിയ ആളെ ആശുപത്രിയിൽ എത്തിച്ച് രക്ഷപെടുത്തിയത് ഫയർഫോഴ്സ്

◗ സജീവ് ഗോപാലൻ

വർക്കല: ഓപ്പറേഷൻ കാവൽക്കണ്ണുകളുടെ ഭാഗമായി വർക്കല പൊലീസ് സ്റ്റേഷനിൽ സ്ഥാപിച്ച മോണിറ്ററിംഗ് സംവിധാനം കണ്ണടച്ചിട്ട് പത്ത് മാസം പിന്നിടുന്നു. ട്രാഫിക് നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനും സ്ഥാപനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കാനും വ്യാപാരി വ്യവസായി ഏകോപന സമിതി പുത്തൻചന്ത യൂണിറ്റിന്റെ നേതൃത്വത്തിൽ 15 നിരീക്ഷണ കാമറകളാണ് 2017 ഫെബ്രുവരി മാസത്തിൽ പുത്തൻചന്തയുടെ രണ്ട് കിലോമീറ്റർ ചുറ്റളവിൽ സ്ഥാപിച്ചത്.

ജനപ്രതിനിധികളുടെയും വ്യാപാരികളുടെയും സാന്നിദ്ധ്യത്തിൽ ഡി.ജി.പി ലോക്നാഥ് ബഹ്റയാണ് ഫെബ്രുവരി മൂന്നിന് മോണിറ്ററിംഗ് സംവിധാനം ഉദ്ഘാടനം ചെയ്തത്. കാമറ അനുബന്ധ മോണിറ്ററിംഗ് ഉപകരണങ്ങളിൽ ഒരെണ്ണം പുത്തൻചന്തയിലെ വ്യാപാരഭവനിലും മറ്റൊന്ന് വർക്കല പൊലീസ് സ്റ്റേഷനിലുമായിരുന്നു സ്ഥാപിച്ചത്. മോണിറ്ററുകൾ സ്ഥാപിച്ച് ഒരാഴ്ചയ്ക്ക് ശേഷം പൊലീസ് സ്റ്റേഷനിലെ മോണിറ്ററുകൾ പ്രവർത്തനരഹിതമാകുകയായിരുന്നു.

കാമറ അനുബന്ധ ഉപകരണങ്ങളിൽ പരിചയസമ്പന്നരല്ലാത്ത പൊലീസുകാരെ ചുമതല ഏല്പിച്ചത് വഴി കാമറ ദൃശ്യങ്ങൾ ഓപ്പറേറ്റ് ചെയ്യുന്നതിൽ വന്ന പിഴവാണ് സംവിധാനം തകരാറിലാക്കിയതെന്നാണ് ഒരു വിഭാഗം പൊലീസുകാർ പറയുന്നത്. പുത്തൻചന്തയിലെ വ്യാപാരഭവനിലുള്ള മോണിറ്റർ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ട്രാഫിക് നിയമലംഘനങ്ങൾ, മറ്റു കുറ്റകൃത്യങ്ങൾ ഉൾപെടെയുള്ള സംഭവങ്ങൾ തുടങ്ങി കാമറയിൽ പതിയുന്ന ദൃശ്യങ്ങൾ പൊലീസുകാർക്ക് പരിശോധിക്കണമെങ്കിൽ ഇപ്പോൾ പുത്തൻചന്തയിലെത്തണം. കഴിഞ്ഞ ദിവസം മൈതാനം അണ്ടർ പാസേജിനു സമീപം ബൈക്ക് യാത്രികൻ അപകടത്തിൽ പെട്ട് നടുറോഡിൽ കിടന്നതു പോലും പൊലീസ് അറിഞ്ഞില്ല. ഫയർഫോഴ്സെത്തിയാണ് ബൈക്കിന്റെ സ്റ്റാൻഡ് കാലിൽ തുളച്ചു കയറിയ ആളെ ആശുപത്രിയിൽ എത്തിച്ച് രക്ഷപെടുത്തിയത്.

വാഹനങ്ങളുടെ അമിത വേഗതയും പുത്തൻചന്തയിൽ രാത്രികാലങ്ങളിൽ സാമൂഹ്യവിരുദ്ധ ശല്യവും രൂക്ഷമാകുമ്പോഴും ഇതിനെതിരെ നടപടികൾ സ്വീകരിക്കാൻ പൊലീസിന് കഴിയുന്നതുമില്ല. പുത്തൻചന്തയിൽ മരക്കടമുക്ക് റോഡ്, കടയ്ക്കാവൂർ റോഡ് മിഷൻആശുപത്രി പരിസരം, റെയിൽവെ മേൽപ്പാലം പരിസരം എന്നിവിടങ്ങളിലാണ് കാമറകൾ സ്ഥാപിച്ചിട്ടുള്ളത്. വ്യാപാരി വ്യവസായി ഏകോപന സമിതി മുൻകൈയെടുത്ത് മൊത്തം എട്ട് ലക്ഷത്തോളം രൂപ ചെലവഴിച്ചാണ് കാമറകളും മോണിറ്ററുകളും സ്ഥാപിച്ചത്.

തകരാറിലായ മോണിറ്റർ സംവിധാനം പൂർവസ്ഥിതിയിലാക്കാൻ അധികൃതരുടെ ഭാഗത്തു നിന്ന് നടപടികൾ ഉണ്ടാകുന്നില്ലെന്നാണ് നാട്ടുകാർ ഉൾപ്പെടെയുള്ളവരുടെ പരാതി.





### അടഞ്ഞ കാമറക്കണ്ണുകൾ

- ■ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും സുരക്ഷ ഉറപ്പാക്കാൻ ആരംഭിച്ച 'ഓപ്പറേഷൻ കാവൽക്കണ്ണുകൾ' പാതിവഴിയിൽ നിശ്ചലം.
- ■ ആകെ 8 ലക്ഷം രൂപയുടെ പദ്ധതി ഉപകാരപ്പെടാതെ നശിക്കുന്നു.
- ■ മോഷ്ടാക്കളെയും സാമൂഹ്യവിരുദ്ധരെയും പിടിക്കാൻ കഴിയാതെ പൊലീസ് ഇരുട്ടിൽ.
- ■ 10 മാസമായി കാമറകൾ നന്നാക്കിയില്ല.
- ■ കാമറയിൽ പതിയുന്ന ദൃശ്യങ്ങൾ പൊലീസുകാർക്ക് പരിശോധിക്കണമെങ്കിൽ പുത്തൻചന്തയിലെത്തണം.

### കാരണങ്ങൾ ഇവ

- ■ പരിചയസമ്പന്നരല്ലാത്ത പൊലീസുകാരെ ചുമതല ഏല്പിച്ചു.
- ■ കാമറ ദൃശ്യങ്ങൾ ഓപ്പറേറ്റു ചെയ്യുന്നതിൽ വന്ന പിഴവ്.
- ■ സിസ്റ്റം നന്നാക്കുന്നതിൽ വരുന്ന അനാസ്ഥ.

### പരിണിതഫലങ്ങൾ

- ■ വാഹനങ്ങളുടെ അമിതവേഗതയും അപകടങ്ങളും കണ്ടെത്താൻ കഴിയുന്നില്ല.
- ■ സാമൂഹ്യവിരുദ്ധരുടെ അഴിഞ്ഞാട്ടം അവസാനിപ്പിക്കാൻ നടപടിയെടുക്കാൻ കഴിയുന്നില്ല.

### പ്രത്യേകം പൊലീസുകാരെ നിയോഗിക്കണം



" പൊലീസ് സ്റ്റേഷനുകളിൽ മോണിറ്ററുകൾ കൈകാര്യം ചെയ്യാൻ പരിശീലനം നേടിയ ഉദ്യോഗസ്ഥന്മാരെ നിയമിക്കണമെന്ന നിർദ്ദേശം ഉന്നത ഉദ്യോഗസ്ഥരും സർക്കാരും ഇതുവരെയും പ്രാവർത്തികമാക്കിയിട്ടില്ല. മാത്രവുമല്ല പ്രാദേശിക ഭരണകൂടങ്ങൾ ഓപ്പറേഷൻകാവൽകണ്ണുകൾ പദ്ധതിക്ക് വേണ്ടത്ര സഹായ സഹകരണങ്ങൾ നൽകുന്നുമില്ല. തെരുവോരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കാമറകൾ പ്രവർത്തിപ്പിക്കുന്നതിന് വൈദ്യുതി ലഭ്യമാക്കുന്നതിനുമുള്ള സഹകരണവും ബോർഡിൽ നിന്നും ഉണ്ടാകുന്നില്ല.

*ബി.ജോഷി ബാസു, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ വൈസ് പ്രസിഡന്റ്*

# കുടിവെള്ളക്ഷാമം രൂക്ഷം; അധികൃതർ മൗനത്തിൽ

◗ ഡി. ശിവദാസ്

കടയ്ക്കാവൂർ: സംസ്ഥാന മനുഷ്യാവകാശകമ്മിഷൻ രണ്ട്തവണ ഉത്തരവ് പുറപ്പെടുവിച്ചിട്ടും അഞ്ചുതെങ്ങ് പഞ്ചായത്തിലെ ഒന്ന്, രണ്ട്. മൂന്ന് വാർഡുകളിലും വെട്ടൂർ പഞ്ചായത്തിലെ രണ്ട് വാർഡുകളിലും കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാൻ അധികൃതർ തയ്യാറാകുന്നില്ല.

ഇവിടത്തെ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ പ്രവർത്തനരഹിതമായിക്കിടന്ന കാക്കകഴിശുദ്ധജലവിതരണ പദ്ധതി പുന:സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചതിനെത്തുടർന്ന് പുനർനിർമ്മാണം ആരംഭിച്ചെങ്കിലും പണി പാതിവഴിയിൽ മുടങ്ങുകയാണ്. വേനൽകാലത്ത് പ്രദേശവാസികൾ കുടിവെള്ളത്തിനായി നെട്ടോട്ടമാണ്. സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ ആക്ടിംങ്ങ് ചെയർ പേഴ്സൺപി. മോഹൻദാസാണ്ഒടുവിൽ രണ്ട്മാസം മുമ്പ് ഉത്തരവ് പുറപ്പെടുവിച്ചത്.

ഒരു വർഷത്തിനകം പണി പൂർത്തീകരിക്കാമെന്ന് കമ്മീഷൻ മുമ്പാകെ വാട്ടർ അതോറിട്ടി ഉറപ്പുനൽകി വർഷം രണ്ട് കഴിഞ്ഞിട്ടും നടപടിയുണ്ടായിട്ടില്ല. പദ്ധതി നടപ്പിലാക്കാൻ കുറച്ച് സ്ഥലത്ത് പൈപ്പുകൾ ഇട്ടതല്ലാതെ മറ്റ് പണികൾ നടന്നിട്ടില്ല. കോൺട്രാക്ടറുടെ അനാസ്ഥയും ഉദ്യോഗസ്ഥരുടെ വീഴ്ച്ചയും കാരണം മുടങ്ങുന്ന കുടിവെള്ള പദ്ധതി

അടിയന്തരമായി പുനസ്ഥാപിക്കണമെന്ന് കാണിച്ച് മൂന്നാം വാർഡ് മെമ്പർ അജയകുമാർ നൽകിയ പരാതി പരിഗണിച്ചാണ് മനുഷ്യാവകാശ ഉത്തരവ് പുറപ്പെടുവിച്ചത്.

വാട്ടർ അതോറിട്ടി അസി: എക്സിക്യൂട്ടീവ് എൻജിനിയർ, കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ റിപ്പോർട്ട് പ്രകാരം പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനം ഭാഗികമായി പൂർത്തീകരിച്ചെന്ന് പറഞ്ഞിരുന്നു. കുടിവെള്ളം ഭരണഘടന ഉറപ്പ് നൽകുന്ന മൗലിക അവകാശമെന്നതിലുപരി മനുഷ്യാവകാശമാണെന്നും വേനൽ കാലത്ത് കുടിവെള്ളക്ഷാമം അനുഭവിക്കുന്ന ഒരു പ്രദേശനിവാസികളുടെ പരിദേവനം കമ്മീഷൻ ഉത്തരവ് നൽകിയിട്ടു നടപ്പിലാക്കിയില്ല എന്നത് ഖേദകരമായിതോന്നുന്നതായും കമ്മീഷൻ ചൂണ്ടിക്കാട്ടി.

റോഡ് കുഴിച്ച് പൈപ്പ് ഇടാനുള്ള തുക എത്രയും പെട്ടന്ന് ലഭ്യമാക്കി പൊതുമരാമത്ത് വകുപ്പിൽഅടച്ച്റോഡ്കുഴിയ്ക്കുന്നതിന് കളക്ടറുടെ അനുമതി ലഭ്യമാക്കി പൈപ്പുലൈൻ സ്ഥാപിയ്ക്കണമെന്നും, നിലവിലുള്ള കിണറുകളുടെ പുനരുദ്ധാരണത്തിന് വേണ്ടി രൂപരേഖ കരാറുകാരന്റെ അടുത്തു നിന്നും അടിയന്തരമായി ലഭ്യമാക്കി ഡിസൈൻ വിഭാഗത്തിൽ നിന്നും അനുമതി വാങ്ങി തുടർനടപടികൾ അടിയന്തരമായി സ്വീകരിയ്ക്കണമെന്നും കമ്മീഷൻ നിർദ്ദേശം നൽകി.

എം. എൽ. ഡി. ശേഷിയുള്ള മൈക്രോ ഫിൽറ്റർ സ്ഥാപിക്കാനും പമ്പ്, മോട്ടോർ, മറ്റ് അനുബന്ധഘടകങ്ങൾ എന്നിവ സ്ഥാപിയ്ക്കുന്നതിനുള്ള എസ്റ്റിമേറ്റ്തയ്യാറാക്കി പ്രാവർത്തികമാക്കാനുള്ള നടപടി കൈക്കൊള്ളണമെന്നും മൂന്ന് മാസത്തിനകം ഉത്തരവ് നടപ്പിലാക്കി അസി: എൻജിനിയർ കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് നൽകണമെന്നും ഉത്തരവായിട്ട് മാസം രണ്ട് കഴിഞ്ഞിട്ടും പണി എങ്ങുമെത്തിയില്ല.



*പൈപ്പിന്റെ പണികൾക്കായിവർഷങ്ങളായി കൊണ്ട് ഇട്ടിരിയ്ക്കുന്ന പൈപ്പുകൾ*

- ■ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിടുന്നത് രണ്ടാം തവണ
- ■ കുടിവെള്ളം മൗലികാവകാശമെന്നതലുപരി മനുഷ്യാവകാശമെന്ന് കമ്മീഷന്റെ കണ്ടെത്തൽ.
- ■ ഉത്തരവിറങ്ങിയത്, മൂന്നാം വാർഡ് മെമ്പർ അജയകുമാർ നൽകിയ പരാതിയിൽ.

" പ്രതികരണം: രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിയ്ക്കാൻ സർക്കാർ അടിയന്തരനടപടികൾ സ്വീകരിയ്ക്കണം.

അജയകുമാർ,
മൂന്നാം വാർഡ് മെമ്പർ,
അഞ്ചുതെങ്ങ് പഞ്ചായത്ത്

## വനിതകൾക്ക് സൗജന്യ തൊഴിൽ പരിശീലനം

ആറ്റിങ്ങൽ: കേന്ദ്ര ഗവൺമെന്റ് സി.ഡി.ടി.പി പദ്ധതി പ്രകാരം എസ്. എൻ. ഡി. പി യോഗം ആറ്റിങ്ങൽ യൂണിയനും ഗവ. പോളിടെക്നിക് കോളേജും സംയുക്തമായി എല്ലാ ജനവിഭാഗങ്ങളിലേയും വനിതകൾക്ക്സൗജന്യമായി നടത്തുന്ന ഗാർമെന്റ്സ്മേക്കിംഗ്കോഴ്സ് മൂന്നാം ബാച്ച്ഉദ്ഘാടനം ആറ്റിങ്ങൽ യൂണിയൻ ഹാളിൽ നടന്നു. യൂണിയൻ പ്രസിഡന്റ് എസ്. ഗോകുൽദാസ് ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ വി.വി.റേ അദ്ധ്യക്ഷത വഹിച്ചു. യൂണിയൻ സെക്രട്ടറി എം. അജയൻ, പ്രോഗ്രാം കോ ഓർഡിനേറ്റർ കൃഷ്ണനുണ്ണി, ഗോപകുമാർ, ബിന്ദു, യൂണിയൻ വനിതാ സംഘം പ്രസിഡന്റ് സുശീലാ രാജൻ, പ്രശോഭാ ഷാജി, ബിന്ദു ബിനു, രാധാമണി, ഉഷ എന്നിവർ സംസാരിച്ചു.

വിവിധ കോഴ്സുകളിലായി800ലധികം വനിതകൾ ആറ്റിങ്ങൽ യൂണിയൻ ഹാളിൽ മുൻപ് നടന്ന സൗജന്യ പരിശീലം വിജയകരമായി പൂർത്തിയാക്കിയിരുന്നു.



*കേന്ദ്ര ഗവൺമെന്റ് സി.ഡി.ടി.പി പദ്ധതി പ്രകാരം എസ്.എൻ.ഡി.പി യോഗം ആറ്റിങ്ങൽ യൂണിയൻ വനിതകൾക്കായുള്ള സൗജന്യ ഗാർമെന്റ്സ്മേക്കിംഗ് കോഴ്സ് മൂന്നാമത് ബാച്ചിന്റെ ഉദ്ഘാടനം യൂണിയൻ പ്രസിഡന്റ് എസ്. ഗോകുൽദാസ് നിർവഹിക്കുന്നു. ആറ്റിങ്ങൽ ഗവ. പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽ വി. വി. റേ, യൂണിയൻ സെക്രട്ടറി എം. അജയൻ, കൃഷ്ണനുണ്ണി, ഗോപകുമാർ, ബിന്ദു, സുശീലാ രാജൻ എന്നിവർ സമീപം.*

## മുട്ടപ്പലം സഹകരണ ബാങ്കിന്റെ പുതുവർഷ സബ്സിഡി മാർക്കറ്റ്

മുടപുരം : അഴൂർ മുട്ടപ്പലം സർവീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ കൺസ്യൂമർ ഫെഡുമായി സഹകരിച്ച് അഴൂർ മാർക്കറ്റ് ജംഗ്ഷനിൽ നടത്തിയ പുതുവർഷ സബ്സിഡി മാർക്കറ്റ് ബാങ്ക് പ്രസിഡന്റ് എസ്. വി. അനിലാൽ ഉദ്ഘാടനം ചെയ്തു.
അഴൂർ ഗ്രാമപഞ്ചായത്തംഗങ്ങളായ സി. സുര, അഴൂർ വിജയൻ, ബാങ്ക് ഭരണ സമിതി അംഗങ്ങളായ എം. അലിയാരുകുഞ്ഞ്, കെ. സുരേഷ്കുമാർ, എം.കെ. കുമാരി, രമണൻ, ജി. വിജയകുമാരി, സെക്രട്ടറി കെ. എസ്. വിജയകുമാരി, എസ്. രാധാകൃഷ്ണൻ, വിനോദ് എസ്. ദാസ് തുടങ്ങിയവർ പങ്കെടുത്തു.



*അഴൂർ മുട്ടപ്പലം സർവീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ അഴൂർ മാർക്കറ്റ് ജംഗ്ഷനിൽ നടത്തിയ പുതുവർഷ സബ്സിഡി മാർക്കറ്റ് ബാങ്ക് പ്രസിഡന്റ് എസ്.വി. അനിലാൽ ഉദ്ഘാടനം ചെയ്യുന്നു*

### പ്രചാരണബോർഡുകൾ മോഷ്ടിച്ചു

വർക്കല : വെന്നിക്കോട് പണയിൽ കടവ് അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ പ്രചാരണാർത്ഥം സ്ഥാപിച്ചിരുന്ന പ്രചാരണബോർഡുകൾ മോഷണം പോയതായി പരാതി. സി.പി.എം ചെറുന്നിയൂർ ലോക്കൽ കമ്മിറ്റി വർക്കല പൊലീസിൽ പരാതി നൽകി.

### ഐ.എസ്.ഒ പ്രഖ്യാപനം ഇന്ന്

മുടപുരം : പാട്ടത്തിൽ ഗവ. എൽ. പി. സ്കൂളിലെ ഐ.എസ്.ഒ അംഗീകാരത്തിന്റെ പ്രഖ്യാപനം ഇന്ന് രാവിലെ 9 ന് ഡെപ്യൂട്ടി സ്പീക്കർ വി. ശശി നിർവഹിക്കും. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മംഗലാപുരം ഷാഫി അദ്ധ്യക്ഷത വഹിക്കും. ഗ്രാമപഞ്ചായത്ത് മെമ്പർ ജയ സ്വാഗതം പറയും. ഹെഡ്മിസ്ട്രസ് കെ.എസ്. വിജയകുമാരി റിപ്പോർട്ട് അവതരിപ്പിക്കും.

## റബർ ഷീറ്റിന് തീപിടിച്ചു; വീട് ഭാഗികമായി കത്തിനശിച്ചു

കല്ലറ : ചിമ്മിനിയിൽ ഉണക്കാനിട്ടിരുന്ന റബർ ഷീറ്റിന് തീപിടിച്ചതിനെ തുടർന്ന് വീട് ഭാഗികമായി കത്തിനശിച്ചു. 200 റബർഷീറ്റുകളും നശിച്ചു. കല്ലറ കുറ്റിമൂട് കാഞ്ഞിരംപാറ മുരളി നിവാസിൽ മുരളീധരൻ നായരുടെ വീടിനാണ് തീപിടിച്ചത്. ഇന്നലെ രാവിലെ 7.30നാണ് സംഭവം. അടുക്കളയുടെ മേൽക്കൂരയിലുള്ള ഓടുകൾ പൊട്ടിത്തെറിച്ചു. വീട്ടുപകരണങ്ങളും നശിച്ചു.
അടുപ്പിലെ തീ റബർ ഷീറ്റുകളിലേയ്ക്ക് പടർന്നതാണ് അപകട കാരണം. നാട്ടുകാരും വെഞ്ഞാറമൂട് ഫയർഫോഴ്സുമെത്തി തീയണച്ചു.



*കേരള കോൺഗ്രസ് ( ജേക്കബ്) ജില്ലാ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട വേങ്ങോട് വടക്കേ വിളാകം വീട്ടിൽ ആർ.രാജേന്ദ്രൻ*

## പുൽപടർപ്പിന് തീപിടിച്ചു

വർക്കല: പ്രവർത്തനം മുടങ്ങിക്കിടന്ന കല്ലമ്പലം മുള്ളറംകോട് ഏയ്ഞ്ചൽ മോണ്ടിസോറിസ്കൂൾ വളപ്പിലെ പുൽപടർപ്പിന് തീപിടിച്ചു. വെള്ളിയാഴ്ച വൈകിട്ട് 4 മണിയോടെയാണ് സംഭവം. രണ്ടേക്കർ വരുന്ന വസ്തുവിൽ ഒന്നര ഏക്കറോളം ഭാഗത്ത് പടർന്നു പന്തലിച്ച കാട്ടുപുല്ലുകളാണ് കത്തിയത്. വർക്കലഫയർഫോഴ്സ്എത്തി തീ അണച്ചതിനാൽ കൂടുതൽ അനിഷ്ടങ്ങൾ ഉണ്ടായില്ല.

# ആശുപത്രിയിൽ കാന്റീനുണ്ട്, പ്രവർത്തനം നിലച്ചിട്ട് മാസങ്ങൾ

■ ചിറയിൻകീഴിലേത് ജില്ലയിലെ ആദ്യ റഫറൽ ആശുപത്രി
■ രോഗികളും കൂട്ടിരിപ്പുകാരും ദുരിതത്തിൽ
■ ലേലനടപടികൾ മുടങ്ങിയതിൽ നടപടിയില്ല

◗ ജിജു പെരുങ്ങുഴി

ചിറയിൻകീഴ്: ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിലെ കാന്റീൻ പ്രവർത്തനരഹിതമായിട്ട് മാസങ്ങളായി. ഇത് കാരണം, ദിനംപ്രതി എത്തുന്ന നൂറുകണക്കിന് രോഗികളും കൂട്ടിരിപ്പുകാരും സമീപത്തെ ഹോട്ടലുകളെയാണ് ആശ്രയിക്കുന്നത്.

ജില്ലയിലെ ആദ്യത്തെ റഫറൽ ആശുപത്രിയായ ഇവിടെ

ജീവനക്കാർ മാത്രം ഇരുന്നൂറോളമുണ്ട്. ഒരു ചായ വാങ്ങണമെങ്കിൽ പോലും ആശുപത്രി പരിസരത്ത് നിന്ന് പുറത്തിറങ്ങി റോഡ് ക്രോസ് ചെയ്യേണ്ടി വരുന്നത് കൂട്ടിരിപ്പുകാരായ സ്ത്രീകൾ ഉൾപ്പെടെയുള്ളവരെ വലയ്ക്കുകയാണ്. സാധാരണ രീതിയിൽ ഒരു വർഷത്തെ കാലാവധിയാണ് കാന്റീൻ ലേലത്തിനുള്ളത്. മുൻപ് ഇത് ലേലത്തിനെടുത്ത കരാറുകാരൻ ലേലത്തുക ഒരു വർഷത്തിനുള്ളിൽ മുതലാക്കിയെടുക്കാൻ സാധിക്കാത്തതിനാൽ കോടതിയിൽ നിന്ന് സ്റ്റേ വാങ്ങി തുടർന്നും വർഷങ്ങളോളം കാന്റീൻ നടത്തിയിരുന്നു. തുടർന്ന് കേസുമായി ബന്ധപ്പെട്ട നടപടികളെത്തുടർന്ന് കരാറുകാരൻ മാസങ്ങൾക്ക്മുമ്പ് കാന്റീൻ മതിയാക്കുകയായിരുന്നു. പിന്നീട് ലേല നടപടികളിൽ വന്ന വീഴ്ചയാണ് കാന്റീൻ തുറന്ന് പ്രവർത്തിക്കാത്തിതിന് കാരണമെന്നാണറിയുന്നത്. എത്രയും വേഗം കാന്റീൻ തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളണമെന്നാണ് രോഗികളുടെയും കൂട്ടിരിപ്പ്കാരുടെയും ആവശ്യം.





*ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിലെ ക്യാന്റീൻ മന്ദിരം*

# പ്രതിഷേധം അണപൊട്ടി; കലുങ്ക് ജംഗ്ഷൻ യുദ്ധക്കളം

**കെ.മണിലാൽ**

വിതുര: ബോണക്കാട് കുരിശുമല തീർത്ഥാടനയാത്ര തടഞ്ഞതിനെത്തുടർന്നുണ്ടായ റോഡ് ഉപരോധവും സംഘർഷവും വിതുര കലുങ്ക് ജംഗ്ഷനെ മണിക്കൂറുകളോളം യുദ്ധക്കളമാക്കി. യാത്ര തടഞ്ഞതിൽ പ്രതിഷേധിച്ച് വിശ്വാസികൾ ഉച്ചതിരിഞ്ഞ് മൂന്നോടെ ബോണക്കാട്ടു നിന്ന് വിതുര ജംഗ്ഷനിലേക്ക് വാഹനങ്ങളിലെത്തുകയായിരുന്നു.

ആയിരക്കണക്കിന് വിശ്വാസികൾ റോഡിലിരുന്നതോടെ പൊൻമുടി - തിരുവനന്തപുരം റോഡിൽ ഗതാഗതം സ്തംഭിച്ചു. ശക്തമായ പൊലീസ് സംഘവും സ്ഥലത്തുണ്ടായിരുന്നു. സമരക്കാരെ പിരിച്ചുവിടാൻ പൊലീസ് ശ്രമിച്ചെങ്കിലും നടന്നില്ല. തുടർന്ന് സ്ഥിതിഗതികൾ വഷളായി. സമരക്കാർ കെ.എസ്.ആർ.ടി.സി ബസിന് നേരെ കല്ലെറിഞ്ഞതോടെ പൊലീസ് ലാത്തിവീശി. ലാത്തിയടിയിൽ കന്യാസ്ത്രീകളുൾപ്പെടെയുള്ളവരുടെ തല പൊട്ടി. ചിതറിയോടിയ സമരക്കാർ സമീപത്തെ കടകളിൽ കയറി. സമരക്കാരിൽ അമ്പതോളം പേരെ അറസ്റ്റ് ചെയ്ത് സ്റ്റേഷനിലേക്ക് കൊണ്ടുപോയതോടെയാണ് രംഗം ശാന്തമായത്. റോഡ് ഉപരോധസമരം നടക്കുന്നതറിയാതെ ബസ് കയറാനെത്തിയ വിദ്യാർത്ഥികൾ രംഗങ്ങൾ കണ്ട് പരിഭ്രാന്തരായി. ലാത്തിച്ചാർജ് തുടങ്ങിയതോടെ കുട്ടികൾ പേടിച്ചോടി. ഇതിനിടെ സംഭവമറിഞ്ഞ് രക്ഷാകർത്താക്കൾ പരിഭ്രാന്തരായി കലുങ്ക് ജംഗ്ഷനിലെത്തിക്കൊണ്ടിരുന്നു. പരിക്കേറ്റവരുമായി ആശുപത്രിയിലേക്ക് പോകുന്ന ആംബുലൻസുകളുടെ മുഴക്കമായിരുന്നു റോഡിൽ. വിതുരയ്ക്ക് പുറമേ പാലോട്, നെടുമങ്ങാട്, ആര്യനാട്, തൊളിക്കോട് ഭാഗങ്ങളിൽ നിന്നും ആംബുലൻസെത്തിച്ചു. പരിക്കേറ്റവരെ വിതുര താലൂക്ക് ആശുപത്രിയിൽ പ്രാഥമിക ചികിത്സ നൽകിയശേഷം മെഡിക്കൽകോളജ് ആശുപത്രിയിലേക്ക് മാറ്റി.

### പൊലീസ് സ്റ്റേഷനു മുന്നിലും പ്രതിഷേധം

കസ്റ്റഡിയിലെടുത്തവരെ വിട്ടയയ്ക്കണമെന്നാവശ്യപ്പെട്ട് വിശ്വാസികൾ വിതുര പൊലീസ് സ്റ്റേഷനു മുന്നിലും തടിച്ചുകൂടി. വൻ പൊലീസ് സംഘവും സ്റ്റേഷനു മുന്നിൽ നിലയുറപ്പിച്ചു. വൈകിട്ട് അഞ്ചോടെ റൂറൽ എസ്.പി അശോക് കുമാർ സ്ഥലത്തെത്തി വികാരി ജനറൽ ജി. ക്രിസ്തുദാസുമായി ചർച്ച നടത്തി. ബസിനു കല്ലെറിഞ്ഞതിനെ തുടർന്ന് കസ്റ്റഡിയിലെടുത്ത മൂന്നു യുവാക്കളെ വിവസ്ത്രരാക്കി നിറുത്തിയതിൽ വിശ്വാസികൾ പ്രതിഷേധിച്ചു. എസ്.പിയുമായുള്ള ചർച്ചയ്ക്ക് ശേഷമാണ് കസ്റ്റഡിയിലെടുത്തവരെ ജാമ്യത്തിൽ വിട്ടത്.



ബോണക്കാട് കുരിശുമലയിലേക്കുള്ള യാത്ര കാണിത്തടം ഫോറസ്റ്റ് ചെക്ക് പോസ്റ്റിൽ പൊലീസ് ലാത്തിവീശിയപ്പോൾ



നെടുമങ്ങാട് തഹസിൽദാർ അനിൽകുമാറുമായി കുരിശുമല യാത്രികർ ചർച്ച നടത്തുന്നു

## തർക്കത്തിലായ കുരിശുമലയാത്ര

വിതുര: കുരിശുമലയിലെ വനഭൂമിയിൽ 60 വർഷം മുമ്പ് സ്ഥാപിച്ച കുരിശ് തകർക്കപ്പെട്ടതോടെയാണ് ഇവിടെ സംഘർഷാവസ്ഥയുണ്ടാകുന്നത്.

കുരിശ് തകർക്കപ്പെട്ടതിനു ശേഷം സമർപ്പിക്കപ്പെട്ട ഒരു ഹർജിയിൽ നിലവിലെ സ്ഥിതി തുടരാൻ ഹൈക്കോടതി ഉത്തരവിട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് കുരിശുമലയിലേക്കുള്ള യാത്രയ്ക്ക് വനംവകുപ്പ് വിലക്ക് ഏർപ്പെടുത്തിയത്.

ജനുവരി മാസത്തിലെ ആദ്യ വെള്ളിയാഴ്ച വിശ്വാസികൾ കുരിശുമലയിലേക്ക് മുൻ വർഷങ്ങളിൽ തീർത്ഥാടനയാത്ര നടത്തിയിരുന്നതാണ്.

ഈ പതിവ് തെറ്റിക്കാതിരിക്കാനാണ് നെയ്യാറ്റിൻകര രൂപതയുടെ കീഴിലുള്ള 247 ദേവാലയങ്ങളിൽ നിന്നുള്ള വിശ്വാസികൾ ഇന്നലെയും എത്തിയത്. എൺപതോളം വാഹനങ്ങളിലായാണ് വിശ്വാസികൾ വന്നത്.

### വിശ്വാസത്തിന് മുറിവേല്പിച്ചു

ബോണക്കാട് അമലോത്ഭവ മാത പള്ളിയിലേക്ക് പോലും വിശ്വാസികളെ കടത്തിവിടാതിരുന്നത് വേദനാജനകമാണ്. ആരാധനയ്ക്കുള്ള സ്വാതന്ത്ര്യമാണ് നിഷേധിക്കപ്പെട്ടത്.

*-അഡ്വ. രാജു, കെ.എൽ. സി.എ നെയ്യാറ്റിൻകര രൂപത പ്രസിഡന്റ്*

### നാലു കേസുകൾ

കാണിത്തടം ചെക്ക് പോസ്റ്റിലും വിതുര കലുങ്ക് ജംഗ്ഷനിലുമായി നടന്ന സംഘർഷവുമായി ബന്ധപ്പെട്ട് പൊലീസ് നാലു കേസുകൾ രജിസ്റ്റർ ചെയ്തു. കാണിത്തടം ചെക്ക് പോസ്റ്റിൽ നാശനഷ്ടമുണ്ടാക്കിയത്, പൊലീസിനെ ആക്രമിച്ചത്, കടകൾക്കു നേരെ ആക്രമണം നടത്തിയത്, കെ.എസ്.ആർ.ടി.സി ബസിന് കല്ലെറിഞ്ഞത് എന്നീ കുറ്റങ്ങൾ ചുമത്തിയാണ് കേസ്.



കുരിശുമലയിലെത്തിയ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല കന്യാസ്ത്രീകളോട് സംസാരിക്കുന്നു

## പൊലീസ് സ്റ്റേഷന് മുന്നിലും പ്രതിഷേധം

വിതുര : കലുങ്ക് ജംഗ്ഷനിലുണ്ടായ സംഘർഷത്തിലെ പ്രതികളെന്നാരോപിച്ച് പൊലീസ് കസ്റ്റഡിയിലെടുത്തവരെ വിട്ടയയ്ക്കണമെന്നാവശ്യപ്പെട്ട് വിശ്വാസികൾ വിതുര പൊലീസ് സ്റ്റേഷന് മുന്നിൽ മണിക്കൂറുകളോളം കുത്തിയിരുന്ന് പ്രതിഷേധിച്ചു. ഇന്നലെ വൈകിട്ട് മൂന്നോടെ കലുങ്ക് ജംഗ്ഷനിൽ നടന്ന സംഘർഷത്തിൽ പൊലീസിനെതിരെ കല്ലെറിഞ്ഞ കേസിൽ പിടിക്കപ്പെട്ടവരെ വിട്ടയയ്ക്കാനാവശ്യപ്പെട്ടായിരുന്നു സമരം. സ്റ്റേഷന്റെ കവാടം കടന്ന് ഏറെ ഉള്ളിലായാണ് വിശ്വാസികൾ നിലയുറപ്പിച്ചിരുന്നത്. സ്ത്രീകളും വൈദികരും കന്യാസ്ത്രീകളുടക്കമുള്ള വിശ്വാസികൾ സ്റ്റേഷൻ മുറ്റത്ത് മണിക്കൂറുകൾ കാത്തിരുന്നു.

നെയ്യാറ്റിൻകര രൂപത വികാരി ജനറൽ ജി. ക്രിസ്തുദാസ്, കെ. എൽ. സി.എ പ്രസിഡന്റ് അഡ്വ. രാജു എന്നിവർ റൂറൽ എസ്.പിയുമായി ചർച്ച ആരംഭിച്ചതോടെയാണ് സംഘർഷാവസ്ഥയ്ക്ക് അയവുണ്ടായത്. ഈ സമയം പിടിക്കപ്പെട്ടവരിൽ ചിലരെ ലോക്കപ്പിൽ വിവസ്ത്രരായി നിറുത്തിയിരിക്കുന്നതായി വാർത്ത പരന്നു.

സംഘർഷം കണക്കിലെടുത്ത് സ്പെഷ്യൽ ആംഡ് പൊലീസ് ബറ്റാലിയനിൽപ്പെട്ട നൂറുകണക്കിന് പൊലീസുകാർ സ്റ്റേഷന് പുറത്ത് നിലയുറപ്പിച്ചിരുന്നു. ചർച്ചകൾക്കൊടുവിൽ പിടിക്കപ്പെട്ട ചാങ്ങ കാവിയോട് സ്വദേശി ജഗൻ, കുളപ്പട സ്വദേശി അനീഷ്, മനു എന്നിവരടക്കമുള്ളവരെ വിട്ടയച്ചതോടെ സംഘർഷാവസ്ഥയ്ക്ക് അയവ് വന്നു.



സംഘർഷത്തെ തുടർന്ന് പൊലീസിനെ വിതുര കലുങ്ക് ജംഗ്ഷനിൽ വിന്യസിച്ചപ്പോൾ

അനീഷിന്റെ നാഭിഭാഗത്ത് തോക്കിന്റെ ലാത്തികൊണ്ട് ഇടിച്ചു പരിക്കേല്പിച്ചെന്നും പരിക്ക് സാരമായതിനാൽ ഇയാളെ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോകണമെന്നും വൈദികർ നിർദ്ദേശിച്ചു. തുടർന്ന് അനീഷിനെ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോയി. അമ്പത് പേരടങ്ങുന്ന സംഘത്തിന് ബോണക്കാട് എസ്റ്റേറ്റിനോട് ചേർന്ന പള്ളിയിൽ കുർബാന കൂടുവാൻ ചർച്ചയിൽ പൊലീസ് അനുവാദം നൽകിയെങ്കിലും വൈദികർ തയ്യാറായില്ല.

വിശ്വാസികൾക്ക് നിയന്ത്രണമില്ലാതെ ബോണക്കാട്ടേക്ക് പോകാനുള്ള അവസരം ഒരുക്കണമെന്ന് ആവശ്യപ്പെട്ട് രാത്രി വൈകുവോളം വിശ്വാസികൾ സ്റ്റേഷന് മുന്നിലുണ്ടായിരുന്നു. നെടുമങ്ങാട് തഹസിൽദാർ എം.കെ. അനിൽകുമാർ, റവന്യൂ ഉദ്യോഗസ്ഥർ തുടങ്ങിയവരും സ്റ്റേഷനിലെത്തിയിരുന്നു.

### കല്ലേറിൽ പൊലീസുകാർക്കും പരിക്ക്

പാലോട് സി.ഐ മനോജ് കുമാർ, വിതുര എസ്.ഐ കെ.ആർ. ബിജു, വലിയമല എസ്.ഐ അജേഷ്, വിതുര എ.എസ്.ഐ വിനോദ്, സി.പി.ഒമാരായ സജീർ, റാണി, അനിത എന്നിവർക്കും ആംഡ് പൊലീസ് ബറ്റാലിയനിലെ പതിനഞ്ചോളം പൊലീസുകാർക്കും പരിക്കേറ്റു.

### സംഭവത്തിൽ ദുരൂഹത: കെ.എൽ.സി.എ

തിരുവനന്തപുരം: വിശ്വാസകളെ പൊലീസിനെ ഉപയോഗിച്ച് നേരിട്ട സംഭവത്തിൽ ദുരൂഹതയുണ്ടെന്ന് കേരള ലാറ്റിൻ കാത്തലിക്സ് അസോസിയേഷൻ ( കെ. എൽ. സി. എ) സംസ്ഥാന സമിതി ആരോപിച്ചു.

സംഭവത്തിൽ പ്രതിഷേധിച്ച് എല്ലാ രൂപതകളിലും ശനി, ഞായർ ദിവസങ്ങളിൽ പ്രതിഷേധപരിപാടികൾ സംഘടിപ്പിക്കുമെന്ന് സംസ്ഥാന പ്രസിഡന്റ് ആന്റണി നൊറോണ, ജന.സെക്രട്ടറി അഡ്വ. ഷെറി ജെ. തോമസ്, ഡയറക്ടർ ജോസ് നവസ് എന്നിവർ അറിയിച്ചു.

## ചികിത്സയിലുള്ളവർ

തിരുവനന്തപുരം: ബോണക്കാട്ടെ സംഘർഷത്തിൽ പരിക്കേറ്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലുള്ളവർ:

കാട്ടാക്കട സ്വദേശി ജിജി (35), വിതുര സ്വദേശി രാജൻ (50), ചന്ദ്രമംഗലം ജോസ് (39 ), ഊരൂട്ടമ്പലം അൻസലദാസ് (38), വട്ടപ്പാറ സ്വദേശി സിസ്റ്റർ ക്രിസ്റ്റീന (58), കട്ടക്കോട് ജോർജ് (65), ആനപ്പാറ രാജേന്ദ്രൻ (53), മണിവിള സ്വദേശി ഫാദർ കിരൺ (33), വെള്ളനാട് ലാസർ (65 ), ആര്യനാട് ജിതിൻ (22), ചുള്ളിമാനൂർ അഖിൽ (24), വിതുര ഷിബു (32), വിളപ്പിൽശാല ഇഗ്നേഷ് (68), വിതുര രമേശ് (50), നെയ്യാറ്റിൻകര ജിനോജ് (21), വിതുര രാജൻ (40), ആര്യനാട് മനോജ് (25), ആര്യനാട് ഫാദർ ഏൺസൺ സേവ്യർ (31) , കുളപ്പട അനീഷ് (24), കട്ടയ്ക്കോട് ബിനീത (23), ആര്യനാട് ഫ്രാനീഷ് (31 ), മണ്ണൂർകോണം രതീഷ് (35 ), സിവിൽ പൊലീസ് ഓഫീസർമാരായ സജീർ (36), അഖിൽ (27), കേരള ആംഡ് പൊലീസിലെ ബിനു കെ. ജോസഫ് (31).







## റിസർവ് ബാങ്ക് ലാഭവിഹിതം കൂട്ടും

മുംബയ്: കേന്ദ്രസർക്കാരിനു നൽകേണ്ട ലാഭവിഹിതം നടപ്പുവർഷം റിസർവ് ബാങ്ക് കൂട്ടിയേക്കും. കഴിഞ്ഞ സാമ്പത്തിക വർഷം 30,659 കോടി രൂപയാണ് നൽകിയത്. ഈവർഷം 10,000 കോടിയോളം രൂപ അധികമായി നൽകുമെന്നാണ് സൂചന. 2015-16ൽ 65,876 കോടി രൂപയായിരുന്നു ലാഭവിഹിതം.

**മാർക്കറ്റ്**

| | | |
|---|---|---|
| 184.21 ↑ | സെൻസെക്സ് | 34153.85 |
| 54.05 ↑ | നിഫ്റ്റി | 10558.85 |

**സ്വർണം**

| | |
|---|---|
| പവൻ (8ഗ്രാം) | 21,880 |
| ഒരു ഗ്രാം | 2735 |

# ജി.ഡി.പി വളർച്ച കുറയും; ഈവർഷം പ്രതീക്ഷ 6.5%

ന്യൂഡൽഹി: നടപ്പു സാമ്പത്തിക വർഷം ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദന (ജി.ഡി.പി) വളർച്ച നാലു വർഷത്തെ താഴ്ചയായ 6.5 ശതമാനമായി (129.85 ലക്ഷം കോടി രൂപ) കുറയുമെന്ന് കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിന്റെ (സി.എസ്.ഒ) റിപ്പോർട്ട്. ഇന്ത്യ 2016-17ൽ 7.1 ശതമാനവും 2015-16ൽ എട്ട് ശതമാനവും വളർന്നിരുന്നു. വളർച്ച കുറയുന്നതിന്റെ കാരണം സി.എസ്.ഒ വ്യക്തമാക്കുന്നില്ല. എന്നാൽ, നോട്ട് അസാധുവാക്കൽ, ചരക്ക് - സേവന നികുതി (ജി.എസ്.ടി) എന്നിവ സമ്പദ്‌രംഗത്ത് സൃഷ്ടിച്ച മാന്ദ്യം വളർച്ചയെ ബാധിക്കുമെന്ന് ഉറപ്പായിരുന്നു.

നടപ്പു വർഷം ജി.വി.എ (ഗ്രോസ് വാല്യു ആഡഡ്) വളർച്ച 6.6 ശതമാനത്തിൽ നിന്ന് 6.1 ശതമാനമായും കാർഷിക വളർച്ച 4.9 ശതമാനത്തിൽ നിന്ന് 2.1 ശതമാനമായും മാനുഫാക്ചറിംഗ് വളർച്ച 7.9 ശതമാനത്തിൽ നിന്ന് 4.6 ശതമാനമായും കുറയുമെന്ന് സി.എസ്.ഒ വിലയിരുത്തുന്നു. ധനകാര്യ, റിയൽ എസ്റ്റേറ്റ് രംഗം 5.7 ശതമാനത്തിൽ നിന്ന് 7.3 ശതമാനത്തിലേക്കും ഖനന മേഖല 1.8 ശതമാനത്തിൽ നിന്ന് 2.9 ശതമാനത്തിലേക്കും വളർച്ച മെച്ചപ്പെടുത്തുമെന്നും റിപ്പോർട്ട് പറയുന്നു. കേന്ദ്രസർക്കാരിന്റെ നികുതി വരുമാനം ഉൾപ്പെടുത്താതെയുള്ള ജി.ഡി.പി വളർച്ചയാണ് ജി.വി.എ.

നടപ്പു വർഷത്തെ ആദ്യ പകുതിയിലുണ്ടായ തളർച്ചയാണ് ഈവർഷത്തെ മൊത്തം വളർച്ചയെ താഴേക്ക് നയിക്കുക. ജി.എസ്.ടിയും നോട്ട് അസാധുവാക്കലും നടപ്പു വർഷത്തെ ആദ്യപാദ വളർച്ചയെ (ഏപ്രിൽ - ജൂൺ) മൂന്നു വർഷത്തെ താഴ്ചയായ 5.7 ശതമാനത്തിലേക്ക് വീഴ്ത്തിയിരുന്നു. ജൂലായ് - സെപ്തംബറിൽ 6.3 ശതമാനത്തിലേക്ക് വളർച്ച മെച്ചപ്പെട്ടു. രണ്ടാം പകുതിയിൽ (ഒക്ടോബർ - മാർച്ച്) വളർച്ച ഏഴ് ശതമാനത്തിൽ കുറയില്ലെന്നാണ് സി.എസ്.ഒയുടെ പ്രതീക്ഷ.

വ്യാവസായിക ഉത്പാദന വളർച്ചാ സൂചികയിൽ (ഐ.ഐ.പി) 40 ശതമാനം പങ്കുവഹിക്കുന്ന മുഖ്യ വ്യവസായ മേഖല നവംബറിൽ 13 മാസത്തെ ഉയരമായ 6.8 ശതമാനത്തിലേക്ക് വളർന്നത് ഇതിന്റെ സൂചനയായി കേന്ദ്രസർക്കാർ വിലയിരുത്തുന്നു. കുടുംബ കേന്ദ്രീകൃത ചെലവുകൾ, കോർപ്പറേറ്റ് നിക്ഷേപം എന്നിവ ഉയരുകയും നോട്ട് പ്രതിസന്ധി മായുകയും ജി.എസ്.ടി നിരക്കുകൾ പ്രായോഗികമാകുകയും ചെയ്യുന്നതോടെ 2018ൽ ഇന്ത്യ വീണ്ടും വളർച്ചാ കുതിപ്പിന്റെ ട്രാക്കിലേറുമെന്നും സർക്കാർ പ്രതീക്ഷിക്കുന്നു.

## വളർച്ച 4 വർഷത്തെ താഴ്ചയിലേക്ക്

**6.5%**

ജി.എസ്.ടി., നോട്ട് അസാധുവാക്കൽ എന്നിവ സമ്പദ്‌രംഗത്ത് സൃഷ്ടിച്ച മാന്ദ്യം മൂലം ഈവർഷം ജി.ഡി.പി 6.5 ശതമാനത്തിനു മുകളിൽ വളരില്ലെന്നാണ് സാമ്പത്തിക വിദഗ്ദ്ധരുടെയും വിലയിരുത്തൽ.




**ജി.വി.എ പ്രതീക്ഷ 6.1%**

നികുതി വരുമാനം ഉൾപ്പെടാതെയുള്ള സാമ്പത്തിക വളർച്ച ഈവർഷം 6.1 ശതമാനമാകുമെന്നാണ് സർക്കാരിന്റെ വിലയിരുത്തൽ. 6.7 ശതമാനം വരെ വളരാമെന്ന് റിസർവ് ബാങ്ക് പറയുന്നു. കഴിഞ്ഞ വർഷം വളർച്ച 6.6 ശതമാനം ആയിരുന്നു.

### ബഡ്ജറ്റ് പ്രഖ്യാപനം വെല്ലുവിളിയാകും

ഫെബ്രുവരി ഒന്നിന് ധനമന്ത്രി അരുൺ ജയ്റ്റ്‌ലി 2018-19 വർഷത്തേക്കുള്ള കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിക്കാനിരിക്കേയാണ് ഇന്നലെ നടപ്പു വർഷത്തെ വളർച്ച താഴുമെന്ന സി.എസ്.ഒയുടെ വിലയിരുത്തൽ എത്തിയത്.

യഥാർത്ഥ വളർച്ചയുമായി ഏറെക്കുറേ സാമ്യമായിരിക്കുമെന്നാണ് സി.എസ്.ഒയുടെ റിപ്പോർട്ട് വിലയിരുത്തപ്പെടാറുള്ളത്. ജനപ്രിയ പദ്ധതികൾ നിറയ്ക്കുന്നതിനൊപ്പം വളർച്ച മെച്ചപ്പെടുത്താനുള്ള പദ്ധതികളും ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കേണ്ട വെല്ലുവിളിയാണ് ഇതോടെ ജയ്റ്റ്‌ലിക്ക് മുന്നിൽ ഉണ്ടായിരിക്കുന്നത്.

### കണക്കുകൂട്ടൽ ഇങ്ങനെ

ബാങ്കുകളിലെ നിക്ഷേപവും വായ്പകളും, റെയിൽവേ, എയർപോർട്ട്, തുറമുഖങ്ങൾ എന്നിവയുടെ വരുമാനം, വാഹന വില്പന, വില്പന നികുതി, കാർഷികോത്പാദനം തുടങ്ങിയ ഘടകങ്ങൾ വിലയിരുത്തിയാണ് ജി.ഡി.പി വളർച്ചാ പ്രതീക്ഷ കണക്കുകൂട്ടുന്നത്.



വർക്കല ശിവഗിരി മഠത്തിന്റെ പ്രഥമ ഗുരുരത്ന പുരസ്കാരം തീർത്ഥാടന സമ്മേളനത്തിൽ ശ്രീനാരായണ ധർമ്മ സംഘം പ്രസിഡന്റ് സ്വാമി വിശുദ്ധാനന്ദ പ്രമുഖ വ്യവസായിയും ലുലു ഗ്രൂപ്പ് ചെയർമാനുമായ എം.എ. യൂസഫലിക്ക് സമ്മാനിക്കുന്നു.

# കരാറുകാരുടെ കുടിശിക ₹1,500 കോടി

- ₹500 കോടിയുടെ ബിൽ ട്രഷറിയിലെത്തിയിട്ട് രണ്ടുമാസം
- നിർമ്മാണ പ്രവർത്തനങ്ങൾ നിലയ്ക്കുന്നു

പി. അഭിലാഷ്

ആലപ്പുഴ: കെ.എസ്.ആർ.ടി.സി പെൻഷൻ കുടിശിക സർക്കാരിനു തലവേദനയായിരിക്കേ, സംസ്ഥാനത്തെ കരാറുകാർക്കുള്ള കുടിശിക 1,500 കോടി രൂപയായി. ട്രഷറിയിൽ രണ്ടു മാസം മുമ്പ് നൽകിയ 500 കോടി രൂപയുടെ ബില്ലെങ്കിലും മാറിക്കിട്ടിയില്ലെങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിറുത്തിവയ്ക്കേണ്ടിവരുമെന്ന് കരാറുകാർ പറയുന്നു.

ആയിരത്തോളം കരാറുകാരുടെ ബില്ലാണ് ചുവപ്പുനാടകൾ മറികടന്ന് രണ്ടുമാസം മുമ്പ് ട്രഷറിയിലെത്തിയത്. ഈ 500 കോടി രൂപയിൽ നിന്ന് 15 കോടി രൂപവരെ കിട്ടാനുള്ള കരാറുകാരുണ്ട്. ബില്ല് ട്രഷറിയിലെത്തിയതോടെ പ്രതീക്ഷയിലായിരുന്ന ചെറുകിട കരാറുകാരാണ് നിരാശരായത്. ബാങ്കുകളിലും സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിലും നിന്നെടുത്ത വായ്പാത്തുക തിരിച്ചടയ്ക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യത്തിലാണ് ഇവരിൽ പലരും. റോളിംഗിലൂടെ പിടിച്ചുനിൽക്കുന്ന ഇടത്തരം കരാറുകാരും കടക്കെണിയിലേക്കാണ് നീങ്ങുന്നത്. ജനുവരി 15നുള്ളിൽ ബില്ല് മാറാനുള്ള വഴിയൊരുക്കുമെന്ന ധനമന്ത്രി ഡോ. തോമസ് ഐസക്കിന്റെ വാഗ്ദാനം കണക്കിലെടുത്താണ് നിലവിൽ സമര പരിപാടികളിലേക്ക് കരാറുകാർ നീങ്ങാത്തത്.

ബില്ല് ട്രഷറിയിലെത്താത്ത 1,000 കോടി രൂപയുടെ കാര്യത്തിൽ തീരുമാനമായില്ല. മൊത്തം രണ്ടായിരത്തോളം കരാറുകാർ കുടിശികക്കണക്കിലുണ്ട്. എൽ.ഡി.എഫ് സർക്കാർ അധികാരത്തിലെത്തിയപ്പോൾ കരാറുകാർക്കുള്ള കുടിശിക 2,500 കോടിയോളമായിരുന്നു. ആയിരം കോടിയോളം രൂപ ഇതുവരെ തീർപ്പാക്കി.

> ട്രഷറിയിലെത്തിയ ബില്ല് മാറിക്കിട്ടിയാൽ ആശ്വാസമാകുമായിരുന്നു. ചെറുകിടക്കാരായ കരാറുകാർ വലിയ പണക്കാരൊന്നുമല്ല. അഡ്ജസ്റ്റ്മെന്റിലൂടെയാണ് അവർ കാര്യങ്ങൾ നീക്കുന്നത്. രണ്ടുമാസമായി ഇവരുടെ കാര്യം വലിയ കഷ്ടമാണ്"
>
> വർഗീസ് കണ്ണമ്പള്ളി, (ഗവ. കോൺട്രാക്ടേഴ്സ് അസോ.)

**₹500 കോടി**
ബില്ല് ട്രഷറിയിലെത്തിയ 500 കോടി രൂപ കരാറുകാർക്ക് ഇനിയും കിട്ടിയില്ല

**₹1,000 കോടി**
ബില്ല് ട്രഷറിയിലെത്താത്ത 1,000 കോടി രൂപയുടെ കാര്യത്തിൽ തീരുമാനമായിട്ടില്ല

| SCRIP | BSE | NSE |
|---|---|---|
| ABB | 1438.550 | 1435.100 |
| ACC | 1805.700 | 1809.950 |
| Adani Power | 46.400 | 46.400 |
| AKSHOPTICAL | 44.350 | 44.150 |
| AMARAJA | 862.300 | 862.000 |
| ANDHARA BANK | 58.650 | 58.700 |
| APOLLOTYRE | 281.500 | 280.600 |
| APPOLOHOS | 1193.850 | 1196.300 |
| ARVINDMILL | 445.550 | 447.550 |
| ASHOKLEY | 127.400 | 127.450 |
| ASIANPNT | 1183.750 | 1185.250 |
| AVAYA GLOBAL | 127.800 | 126.450 |
| AVTNPL | 57.350 | 57.350 |
| AXISBANK | 563.100 | 563.250 |
| BAJAJAUTO | 3277.550 | 3279.850 |
| BALAJITELE | 160.100 | 160.000 |
| BANKOFBARODA | 161.650 | 161.800 |
| BATAIND | 764.200 | 764.800 |
| BEML | 1550.400 | 1550.000 |
| BFLSOFT | 710.550 | 714.000 |
| BHARTI | 540.000 | 540.000 |
| BHEL | 102.450 | 102.350 |
| BIOCON | 541.200 | 540.950 |
| BOI | 172.350 | 172.250 |
| BOMBDYE | 277.500 | 277.900 |
| BPCL | 487.500 | 487.700 |
| BPL | 109.650 | 110.200 |
| BRITANNIA | 4643.200 | 4644.100 |
| BSES | 577.500 | 578.150 |
| CANARABANK | 364.050 | 364.850 |
| CEAT | 1976.750 | 1977.500 |
| CENTURY TEXT | 1436.500 | 1435.000 |
| CHENNAIPETRO | 423.850 | 422.850 |
| CIPLA | 613.000 | 615.150 |
| COLGATE | 1101.050 | 1100.700 |
| CORPBNK | 41.200 | 41.150 |
| CROMPGREV | 92.800 | 92.950 |
| D-LINK | 128.350 | 129.950 |
| DABUR | 357.500 | 358.200 |
| DENABANK | 26.850 | 26.700 |
| DIVIS LAB | 1105.150 | 1107.650 |
| DRREDDY | 2467.350 | 2473.400 |
| DWARKESH SUGAR | 48.350 | 48.450 |
| EIHOTEL | 154.100 | 154.000 |
| ENGGINDIA | 200.350 | 200.200 |
| ESCORTS | 794.200 | 795.100 |
| Excel Infoways Ltd | 98.750 | 98.550 |
| FEDERALBNK | 111.600 | 112.100 |
| FINLXCABLE | 712.200 | 713.600 |
| GAIL | 494.350 | 494.400 |
| GARDEN SILK | 46.200 | 46.400 |
| GEOJIT | 117.500 | 117.950 |
| GESHIPP | 411.600 | 411.650 |
| GLAXO | 2478.950 | 2488.200 |
| GLENMARK | 592.450 | 591.600 |
| Globus Spirits Ltd | 169.600 | 170.350 |
| GNFC | 484.750 | 485.350 |
| GODREJS | 989.600 | 990.050 |
| GRASIM | 1211.300 | 1214.200 |
| GUJAMBCEM | 274.000 | 273.900 |
| HARMALA | 95.450 | 95.750 |
| HDFC | 1725.950 | 1725.200 |
| HDFCBNK | 1860.450 | 1863.600 |
| HEROHONDA | 3739.300 | 3744.650 |
| HINDALCO | 276.850 | 276.400 |
| HINDLEVER | 1356.500 | 1356.550 |
| HINDUJAFUN | 776.500 | 776.750 |
| HPCL | 414.900 | 415.000 |
| I-FLEX | 4087.950 | 4101.650 |
| ICICIBANK | 312.600 | 312.900 |
| IDBI | 63.900 | 63.800 |
| INDHOTEL | 132.750 | 132.800 |
| INDIACEM | 199.050 | 199.050 |
| INFOSYS | 1012.100 | 1012.000 |
| INFOTECH ENT | 576.400 | 578.050 |
| IOB | 24.250 | 24.150 |
| IOC | 383.700 | 383.850 |
| ITC | 262.900 | 262.900 |
| Jindal Cotex Ltd | 9.250 | 9.450 |
| KALECONSULT | 1459.250 | 1465.950 |
| KARUR VYSYA BANK | 122.500 | 122.800 |
| KOTAKM | 1003.050 | 1003.050 |
| L&T | 1314.500 | 1314.900 |
| LICHSGFIN | 570.900 | 571.250 |
| LUPINCHEM | 899.150 | 900.150 |
| LYKALAB | 75.300 | 75.600 |
| M&M | 756.300 | 756.350 |
| MAHABANK | 23.650 | 23.650 |
| Mahindra Holidays | 359.150 | 359.050 |
| MARUTI | 9434.050 | 9433.850 |
| MAXIND | 588.250 | 588.900 |
| MCDOWEL | 3952.250 | 3953.250 |
| MRF | 72877.950 | 72905.900 |
| MTNL | 28.900 | 28.950 |
| MUKTAARTS | 103.700 | 103.650 |
| NAICHOLAS | 2852.200 | 2853.500 |
| NEYBELI | 111.600 | 111.550 |
| NHPC Ltd | 33.550 | 33.550 |
| NIIT | 111.150 | 111.850 |
| NTPC | 177.350 | 177.500 |
| OBC | 124.150 | 124.300 |
| Oil India Ltd (OIL) | 380.550 | 380.500 |
| ONGC | 197.700 | 198.450 |
| ONWARDTECI | 132.250 | 132.250 |
| PANACEABIO | 244.900 | 243.750 |
| PETRONET | 252.050 | 252.150 |
| PFIZER | 2041.900 | 2049.500 |
| Pipavav Shipyard | 57.200 | 57.200 |
| POLARIS | 393.950 | 394.850 |
| PRYACEM | 421.200 | 421.100 |
| PTC | 119.650 | 119.750 |
| RAMCOSYS | 540.950 | 541.000 |
| RELCAP | 600.500 | 600.800 |
| RELIANCE | 923.000 | 923.250 |
| SARIGAMA | 833.650 | 832.700 |
| SBI | 306.200 | 306.350 |
| SCI | 96.100 | 96.250 |
| SIB | 32.900 | 32.900 |
| SIEMENS | 1286.500 | 1286.700 |
| SKFBEAR | 1911.300 | 1884.150 |
| SMITHKLC | 6390.600 | 6398.450 |
| STROPTICAL | 340.750 | 341.000 |
| SUNPHARMA | 578.750 | 578.750 |
| SYNDIBANK | 79.650 | 79.500 |
| Tata Communications | 671.700 | 672.200 |
| TATACHEM | 758.050 | 757.600 |
| TATAELXSI | 1005.550 | 1005.850 |
| TATATEA | 313.600 | 312.950 |
| TCS | 2684.450 | 2689.200 |
| TELCO | 430.800 | 431.600 |
| THERMAX | 1235.150 | 1236.750 |
| THMCOOK | 249.250 | 249.500 |
| TIPSINDIA | 115.000 | 115.200 |
| TISCO | 770.300 | 770.700 |
| TITANIND | 909.050 | 909.700 |
| TRIGYNTECH | 131.750 | 131.500 |
| UCOBANK | 32.700 | 32.800 |
| UNICHEMLAB | 351.550 | 351.300 |
| VESUVIUS | 1376.750 | 1383.750 |
| Vguard | 237.350 | 237.850 |
| VOLTAS | 645.550 | 646.350 |
| WIPRO | 309.750 | 309.550 |
| WONDERLA | 390.400 | 391.550 |
| ZEETELE | 589.050 | 586.850 |

## വിനിമയനിരക്ക്



| കറൻസി | സെൽ | ബയിംഗ് |
|---|---|---|
| ഡോളർ | 63.42 | 63.33 |
| യൂറോ | 76.43 | 76.33 |
| പൗണ്ട് | 85.89 | 85.77 |
| സ്വിസ് ഫ്രാങ്ക് | 64.90 | 64.79 |
| സിംഗപ്പൂർ ഡോളർ | 47.78 | 47.71 |
| ആസ്ട്രേലിയ ഡോളർ | 49.73 | 49.67 |
| കനേഡിയൻ | 50.70 | 50.62 |
| ബഹ്റിൻ ദിനാർ | 168.01 | |
| കുവൈറ്റ് ദിനാർ | 210.09 | |
| ഒമാനി റിയാൽ | 164.58 | |
| സൗദി റിയാൽ | 16.89 | |
| യു. എ. ഇ. ദിർഹം | 17.25 | |
| ഖത്തർ റിയാൽ | 17.40 | |

## കമ്പോളനിലവാരം

**കൊച്ചി**

| | |
|---|---|
| വെളിച്ചെണ്ണ മില്ലിംഗ് | 20,400 |
| വെളിച്ചെണ്ണ | 19,600 |
| കൊപ്ര | 13,295-14,300 |
| പിണ്ണാക്ക് എക്സ്പെല്ലർ | 3000 |
| പിണ്ണാക്ക് റോട്ടറി | 3800 |
| കുരുമുളക് | |
| ചേറ്റാത്തത് | 43,700 |
| കുരുമുളക് പുതിയത് | 42,200 |
| കുരുമുളക് ചേറ്റിയത് | 45,700 |
| ചുക്ക് മീഡിയം | 12,500 |
| ചുക്ക് ബെസ്റ്റ് | 13,500 |
| മഞ്ഞൾ | 11,500 |
| സേലം-ഈറോഡ് | 8500-9000 |
| കാഞ്ഞിരക്കുരു | 1850 |
| അടയ്ക്ക | |
| പുതിയത് | 20,000-21,000 |
| അടയ്ക്ക പഴയത് | ഇല്ല |
| പഞ്ചസാര | 3700 |
| വറ്റൽമുളക് | 8000-15,000 |
| ഉഴുന്ന് | 6000-7000 |
| ചെറുപയർ | 6500-7300 |
| കടല | 5,500-6,500 |
| മുതിര | 4500 |
| എള്ള് | 11,000 |
| മല്ലി | 6,300-9,000 |
| പച്ചരി നമ്പർ-2 | 2400-3150 |
| പുഴക്കലരി (ജയ) | 3700-3750 |
| ജാതിക്കതൊണ്ടൻ | 200-230 |
| തൊണ്ടില്ലാത്തത് | 380-390 |
| ജാതിപത്രി | 500-600 |
| ഗ്രാമ്പൂ | 690 |
| പാംഓയിൽ | 6400 |
| പൈനാപ്പിൾ | |
| പച്ച | 20.00 |
| പച്ച (സ്പെഷ്യൽ) | 21.00 |
| പഴം | 24.00 |
| റബർ | |
| ആർഎസ്എസ്4 | 12,800 |
| ആർഎസ്എസ്-5 | 12,000-12,400 |
| ഒട്ടുപാൽ | 8300 |
| ലാറ്റക്സ് | 8600 |

**ആലപ്പുഴ**

| | |
|---|---|
| വെളിച്ചെണ്ണ | 19700 |
| പിണ്ണാക്ക് | 3000 |
| കൊപ്ര | 13000 |
| ,, | 13050 |
| ,, | 13100 |

**കോട്ടയം**

കമ്പോളനിലവാരം

| | |
|---|---|
| വ്യാപാരി വില | |
| ആർ.എസ്.എസ്4 | 126.50 |
| ആർ.എസ്.എസ്5 | 122.00 |
| തരംതിരിക്കാത്തത് | 112.00 |
| ഒട്ടുപാൽ | 75.00 |
| റബർ ബോർഡ് | |
| ആർ.എസ്.എസ്4 | 12950 |
| ആർ.എസ്.എസ്5 | 12500 |
| തരംതിരിക്കാത്തത് | 11550 |
| ഒട്ടുപാൽ | 8980 |
| ബാങ്കോക്ക് | |
| ആർ.എസ്.എസ്1 | 10594 |
| ആർ.എസ്.എസ്2 | 10476 |
| ആർ.എസ്.എസ്3 | 10368 |
| ആർ.എസ്.എസ്4 | 10309 |
| ആർ.എസ്.എസ്5 | 10221 |
| കോലാലമ്പൂർ (ബ്രായ്ക്കറ്റിൽ ഡോളർ വില) | |
| എസ്.എം.ആർ 20 | 9230 (145.60) |
| 60% ലാറ്റക്സ് | 7479 (118.00) |
| വെളിച്ചെണ്ണ | 21500 |
| കൊപ്ര | 14000 |
| ശർക്കര (മറയൂർ) | 7400 |
| ശർക്കര (പാണ്ടി) | 5800 |

**തൃശൂർ**

മാർക്കറ്റ്

| | |
|---|---|
| വെളിച്ചെണ്ണ | 19800 |
| കൊപ്ര | 13900 |
| തേങ്ങപിണ്ണാക്ക് | 2950 |
| എള്ളിൻപിണ്ണാക്ക് | 3150 |
| നല്ലെണ്ണ | 2200 |
| കടലെണ്ണ | 2200 |
| അടയ്ക്ക കൊക്കാലെ | |
| പഴയത് | 4000-4600 |
| രണ്ടാംതരം | 1000-2000 |
| അമല | |
| പുതിയത് | 3900-4290 |
| പഴയത് | 4100-4712 |
| രണ്ടാംതരം | 2600-3200 |
| അടയ്ക്ക പഴഞ്ഞി | |
| പഴയത് | 4100-4700 |
| പുതിയത് | 4000-4350 |
| രണ്ടാംതരം | 2600-3300 |

**നെടുമങ്ങാട്**

കമ്പോളനിലവാരം

| | |
|---|---|
| കുരുമുളക് (പഴയത്) | 420 (കിലോ) |
| കുരുമുളക് (പുതിയത്) | 370 (കിലോ) |
| പച്ചക്കുരുമുളക് | 152 (,,) |
| കൊട്ടപ്പാക്ക് | 180 (,,) |
| വരവുമേനി | 130 (,,) |
| റബ്ബർ | 116 (,,) |
| ഒട്ടുപാൽ | 67 (,,) |
| ജാതിക്ക | 150 (,,) |
| ജാതിപരിപ്പ് | 260 (,,) |
| ജാതിപത്രി | 450 (,,) |
| ഗ്രാമ്പൂ | 500 (,,) |
| കാപ്പിപരിപ്പ് | 100 (,,) |
| കൊക്കോ | 10 (,,) |
| തേങ്ങ | 50 (,,) |
| സ്വർണം | |
| കൊച്ചി (8ഗ്രാം) | 21,880 |
| ഒരുഗ്രാം | 2735 |
| വെള്ളി | |
| തിരുവനന്തപുരം | 43000 |
| കൊച്ചി | 43000 |

### ജി.എസ്.ടി റീഫണ്ട് വൈകൽ

# വ്യവസായികൾക്ക് വായ്പാ പദ്ധതിയുമായി കെ.എഫ്.സി

തിരുവനന്തപുരം: ജി.എസ്.ടിയിൽ റീഫണ്ട് വൈകുന്നത് മൂലം മൂലധന പ്രതിസന്ധി നേരിടുന്ന വ്യവസായികൾക്കും കയറ്റുമതിക്കാർക്കും ആശ്വാസം പകരുന്ന ഹ്രസ്വകാല വായ്പാ പദ്ധതിക്ക് കെ.എഫ്.സി തുടക്കം കുറിച്ചു. റീഫണ്ട് തുകയുടെ 75 ശതമാനമാണ് വായ്പ. 15 കോടി രൂപവരെ 9.5 ശതമാനം പലിശനിരക്കിൽ വായ്പയായി നേടാം. സിബിൽ റേറ്റിംഗിൽ 650 പോയിന്റിന് മുകളിലുള്ളവരും കെ.എഫ്.സിയുടെ വായ്പാ അർഹതാ വിലയിരുത്തലിൽ 70 ശതമാനത്തിനു മുകളിലുള്ളവരുമാണ് വായ്പയ്ക്ക് അർഹർ. മൂന്നുമാസം മോറട്ടോറിയം അനുവദിക്കുന്ന പദ്ധതിയിൽ വായ്പ ആറുമാസത്തിനകം തിരിച്ചടയ്ക്കണം.

## ഓഹരി വിപണി റെക്കാഡ് ഉയരത്തിൽ

കൊച്ചി: സെൻസെക്സും നിഫ്റ്റിയും ഇന്നലെ സർവകാല റെക്കാഡ് ഉയരത്തിൽ വ്യാപാരം പൂർത്തിയാക്കി. പൊതുമേഖലാ ബാങ്കുകൾക്ക് 80,000 കോടി രൂപയുടെ മൂലധന പാക്കേജ് നൽകാനുള്ള സർക്കാരിന്റെ നീക്കവും ജി.ഡി.പി വളർച്ച കരകയറുമെന്ന സൂചനകളുമാണ് തുണയായത്. വ്യാപാരാന്ത്യത്തിൽ സെൻസെക്സ് 184 പോയിന്റുയർന്ന് 34,153ലും നിഫ്റ്റി 54 പോയിന്റുയർന്ന് 10,558ലുമാണുള്ളത്.

## ശാസ്ത്രകൗമുദി

# അന്ധത മാറ്റാൻ അഞ്ച് കോടി



ന്യൂയോർക്ക്: കണ്ണിലെ റെറ്റിനയ്ക്ക് തകരാർ സംഭവിച്ച് അന്ധതയിലേക്ക് എത്തുന്ന രോഗാവസ്ഥയ്ക്ക് അഞ്ച് കോടി രൂപയുടെ മരുന്നുമായി അമേരിക്കൻ കമ്പനി രംഗത്ത് എത്തിയിരിക്കുകയാണ്. ഒറ്റ ഡോസ് കൊണ്ട് കണ്ണിന്റെ അന്ധത പൂർണമായും മാറുമെന്നാണ് അവകാശവാദം. റെറ്റിന നശിച്ചുണ്ടാവുന്ന പാരമ്പര്യ അന്ധതയെ മറികടക്കാനാണ് മരുന്ന്. ലക്ഷ്വർന എന്നാണ് മരുന്നിന്റെ പേര്. ഫിലാഡൽഫിയ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സ്പാർക്ക് തെറാപ്യൂട്ടിക്സ് ആണ് അത്യപൂർവ മരുന്നിന്റെ നിർമ്മാതാക്കൾ. ജീൻ തെറാപ്പി വഴിയാണ് മരുന്ന് വികസിപ്പിച്ചതെന്നാണ് കമ്പനി നൽകുന്ന വിശദീകരണം. നശിച്ച ജീനുകളെ പുനർനിർമിക്കുന്ന ലക്ഷ്വർന, ജീൻ തെറാപ്പി വഴി നിർമിച്ച ആദ്യ അമേരിക്കൻ മെഡിസിനാണെന്നും കമ്പനി അവകാശപ്പെടുന്നു.

## കൗമുദി ടിവി

| | |
|---|---|
| 6.00 ഡിവോഷണൽ സോംഗ് | 1.35 സീക്രട്ട് ഫയൽസ് |
| 6.26 am, pm ദൈവദശകം | 2.35 ഡേ വിത്ത് എ സ്റ്റാർ |
| 7.30 പ്രണവം | 5.35 ഹാസ്യരസം |
| 8.30 ന്യൂസ് ട്രാക്ക് | 6.35 താരപ്പകിട്ട് |
| 9.00 സ്ട്രെയിറ്റ് ലൈൻ | 7.35 സാൾട്ട് & പെപ്പർ |
| 10.00 നേർക്കണ്ണ് | 8.00 സ്വയംവരം |
| 10.35 സ്നേക്ക് മാസ്റ്റർ | 8.35 ഡ്രീം ഡ്രൈവ് |
| 12.35 താരപ്പകിട്ട് | 9.00 സി.ഐ ഷിബു എസ്.ഐ |




**ഡിഡി മലയാളം**
7.00 കൃഷിദർശൻ
8.00 മേഘരാഗം

**ഡിഡി കേരളം**
11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാനശ്യാമസന്ധ്യ

**ഏഷ്യാനെറ്റ്**
6.00 വേഴാമ്പൽ
6.30 ശ്രീമുരുകൻ
7.00 വാനമ്പാടി

**ന്യൂസ്**
8.00 ന്യൂസ്
8.30 ചുറ്റുവട്ടം
12.30 സ്മാർട്ട് ഡ്രൈവ്
2.30 ഡോ. ലൈവ്

**ഏഷ്യാനെറ്റ് പ്ലസ്**
8.30 കോമഡി ടൈം
6.30 ഹിറ്റ്സ് ഓഫ് ബഡായി ബംഗ്ലാവ്
10.00 വിശ്വസിച്ചാലും ഇല്ലെങ്കിലും

**HBO**
06:00 Red Dawn
07:28 Almost Heroes
09:05 Madagascar: Escape 2 Africa
10:41 Collateral Beauty
12:27 The Dark Knight Rises
03:28 The Tuxedo
05:16 Puss in Boots
06:52 Jaws 2
09:00 The Conjuring
10:54 The Conjuring 2

**STAR MOVIES**
06:08 Hotel Transylvania
07:55 Babys Day Out
09:57 Titanic
01:52 Doctor Strange
04:11 Chinese Zodiac
06:44 The Adventures of Tintin
09:00 Thor 2: The Dark World
11:22 Speed 2: Cruise Control

**ANIMAL PLANET**
06:00 Wildest Survival
07:00 Wild Cats
08:00 Animal Planet Exclusives
09:00 Survival Games
10:00 Lords of the Jungle
11:00 Animal Planet Select
12:00 Lions
12:23 Lions
12:47 Survival Games
01:31 The Pack
02:00 Lords of the Jungle
03:00 The Pack
04:00 Wild Flicks
05:30 The Pack
06:00 Animals Unleashed
07:00 Animal Planet Exclusives
07:30 Animal Planet Exclusives
09:00 Lords of the Jungle
10:00 Wildest Survival
11:00 Wild Cats

### സിനിമ

**ഏഷ്യാനെറ്റ് hd :** 9.00 അവതാരം
**ഏഷ്യാനെറ്റ് മൂവീസ്:** 7.00 നായിക 9.00 വെള്ളാനകളുടെ നാട് 11.00 ശ്രീകൃഷ്ണപുരത്തെ നക്ഷത്രത്തിളക്കം
**ഏഷ്യാനെറ്റ്:** 9.00 അവതാരം
**ഏഷ്യാനെറ്റ് പ്ലസ്:** 12.00 അഴകിയ തമിഴ് മകൻ
**എസിവി:** 9.00 ചക്രം 2.00 ചെറിയ കള്ളനും വലിയ പൊലീസും 9.30 കാറ്റത്തൊരു പെൺപൂവ്
**റോസ്ബൗൾ:** 10.00 ആഷിക് ബെനായ അപ്നെ
**ജുക്ക്ബോക്സ്:** 6.30 അയാൾ കഥ എഴുതുകയാണ്
**കൈരളി:** 1.15 കൊമ്പൻ
**വി:** 12.30 പട്ടണപ്രവേശം 8.00 ജില്ല

## നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2018 ജനുവരി 06 ശനി)

**മേടം:** *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*
പ്രവർത്തനങ്ങൾക്ക് അംഗീകാരം, പഠനകാര്യങ്ങളിൽ വിജയം, ആരോഗ്യം ശ്രദ്ധിക്കണം.

**ഇടവം:** *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*
പുതിയ സ്നേഹബന്ധം, വ്യവസായം പുനരാരംഭിക്കും. സുപ്രധാന തീരുമാനങ്ങൾ ഉണ്ടാകും.

**മിഥുനം:** *(മകയിരം രണ്ടാം പകുതിഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*
പുണ്യക്ഷേത്രങ്ങൾ സന്ദർശിക്കും. ആത്മീയ ചിന്തകൾ വർദ്ധിക്കും, പക്ഷഭേദമില്ലാതെ പ്രവർത്തിക്കും.

**കർക്കടകം:** *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*
അവസരങ്ങൾ പ്രയോജനപ്പെടുത്തും. ജോലിഭാരം വർദ്ധിക്കും, വ്യക്തിസ്വാതന്ത്ര്യം ഉണ്ടാകും.

**ചിങ്ങം:** *(മകം, പൂരം, ഉത്രം കാൽഭാഗം)*
മനഃസന്തോഷം ഉണ്ടാകും, പ്രവർത്തനവിജയം, പുതിയ പദ്ധതികൾ അംഗീകരിക്കും.

**കന്നി:** *(ഉത്രം അവസാന മുക്കാൽഭാഗം, അത്തം, ചിത്തിര ആദ്യ പകുതി ഭാഗം)*
ബന്ധുസമാഗമം, പ്രവർത്തന മേഖലയിൽ അംഗീകാരം, ഉല്ലാസ യാത്രയ്ക്ക് അവസരം.

**തുലാം:** *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*
പൊതുജന പിന്തുണ, പ്രശ്നങ്ങൾ പരിഹരിക്കും, സ്വഗൃഹത്തിൽ എത്തിച്ചേരും.

**വൃശ്ചികം:** *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*
ആശയ വിനിമയത്തിൽ വിജയം, ആനുകൂല്യങ്ങൾ ലഭിക്കും. പുതിയ ആത്മബന്ധം.

**ധനു:** (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)
വിട്ടുവീഴ്ചാ മനോഭാവം. ഗുരുസ്ഥാനീയരുടെ വാക്കുകൾ അനുസരിക്കും. ശരിയായ പരോഗതി ഉണ്ടാകും.

**മകരം:** *(ഉത്രാടം അവസാന മുക്കാൽ ഭാഗം, തിരുവോണം, അവിട്ടം- ആദ്യ പകുതി).*
വാഹന ലഭ്യത, സാമ്പത്തിക പരോഗതി, പുതിയ പ്രവർത്തന മേഖല,

**കുംഭം:** *(അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*
പുതിയ അവതരണശൈലി, സാമ്പത്തിക കാര്യങ്ങളിൽ ശ്രദ്ധ വേണം. ആത്മാർത്ഥമായി പ്രവർത്തിക്കും.

**മീനം:** *(പൂരുരുട്ടാതി അവസാന കാൽ ഭാഗം, ഉത്രട്ടാതി, രേവതി).*
പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കും, ആവശ്യപ്പെട്ട കൂട്ടുകെട്ടുകൾ ഉപേക്ഷിക്കും, അംഗീകാരങ്ങൾ ഉണ്ടാകും.

- ഗോപകുമാർ ശർമ്മ

## ഗുരുമാർഗം

മംഗളസ്വരൂപമായി വിളങ്ങുന്ന അല്ലയോ ഭഗവൻ, ആത്മാനന്ദം തന്നു രക്ഷിക്കണം. വിഷ്ണുഭഗവാൻ പോലും ഭക്തിപൂർവം ദർശിച്ച് അങ്ങയെ വണങ്ങി കഴിഞ്ഞുകൂടുന്നു.





പൂരം 47- 59
പഞ്ചമി 27 - 45
1940 പൗഷം 16
1439 റബീ ഉൽ ആഖിർ 18
1193 ധനു 22

## ആർക്കും വേണ്ടെങ്കിൽ അടച്ചുപൂട്ടണം

**കെ**.എസ്.ആർ.ടി.സിയുടെ ബാദ്ധ്യതകൾ ഇനി ഏറ്റെടുക്കാനാവില്ലെന്ന സർക്കാർ നിലപാട് ഇപ്പോഴത്തെ സാഹചര്യത്തിൽ തികച്ചും സ്വാഭാവികമാണ്. എത്രകണ്ടു സഹായം നൽകുന്നോ അത്രകണ്ട് നാശത്തിലേക്ക് കൂപ്പുകുത്തുന്ന ഒരു സ്ഥാപനം എത്ര നാളാണ് ഈ രൂപത്തിൽ സംരക്ഷിക്കപ്പെടാനാകുന്നത്. ജീവനക്കാർക്കുള്ള പെൻഷനടക്കം കഴിയാവുന്ന സാമ്പത്തിക സഹായം നൽകിയിട്ടും കോർപറേഷന് പ്രതിസന്ധി ഒഴിഞ്ഞ നാളില്ല. പ്രതിമാസം 175 കോടി രൂപ വരുമാനമുള്ളിടത്ത് ചെലവ് 345 കോടി രൂപയാണ്. ഓരോ മാസവും 170 കോടി രൂപ നഷ്ടത്തിലോടുന്ന കോർപറേഷനെ ഇപ്പോഴത്തെ പ്രതിസന്ധിയിൽ നിന്ന് കരകയറ്റാൻ ലഘുവായ ശസ്ത്രക്രിയകളൊന്നും പോരാ. രണ്ടും കല്പിച്ചുള്ള മേജർ ശസ്ത്രക്രിയ തന്നെ വേണ്ടിവരും. കോർപറേഷന്റെ നിലനില്പു തന്നെ അത്യാപത്തിലായിട്ടും ജീവനക്കാരെ നയിക്കുന്ന യൂണിയനുകളുടെ മനോഭാവത്തിൽ ഒരു മാറ്റവും കാണുന്നില്ലെന്നതാണ് ഏറ്റവും ഉത്കണ്ഠാജനകമായ കാര്യം. ഓരോ മാസവും മേലധികാരികൾ ഓടിനടന്ന് ഇരന്നെങ്കിലും ശമ്പളത്തിനുള്ള വക ഒപ്പിക്കുമെന്ന് അവർക്ക് തീർച്ചയുണ്ട്.

എന്നാൽ വിരമിച്ച ജീവനക്കാരുടെ സ്ഥിതി അതല്ല. അഞ്ചുമാസത്തെ പെൻഷൻ കുടിശികയാണ്. കടം വാങ്ങിയാണ് അതു നൽകിക്കൊണ്ടിരുന്നത്. പണയപ്പെടുത്താൻ ഇനി ഡിപ്പോകളൊന്നും ശേഷിക്കുന്നില്ല. അതുകൊണ്ടു തന്നെ പെൻഷനുള്ള പണം ഒപ്പിക്കാൻ വഴികളൊന്നുമില്ല. ഇതിനായി ഇനി സർക്കാരിന്റെ മുമ്പിൽ കൈനീട്ടിയിട്ടു കാര്യമില്ലെന്ന് ആവർത്തിച്ചു വ്യക്തമാക്കപ്പെട്ടുകഴിഞ്ഞു.

**ഹൈക്കോടതിയിൽ അങ്ങനെ കട്ടായം പറഞ്ഞുവെങ്കിലും നാല്പതിനായിരം വരുന്ന പെൻഷൻകാരുടെയും അവരെ ആശ്രയിച്ചു ജീവിക്കുന്ന കുടുംബങ്ങളുടെയും ദുരിതം അങ്ങനെയങ്ങു കണ്ടില്ലെന്നു നടിക്കാൻ സർക്കാരിനാകുമോ? പ്രത്യേകിച്ചും കോർപറേഷനെ ഇങ്ങനെയൊരു പതനത്തിലെത്തിച്ചതിൽ സർക്കാരിനും പങ്കുള്ള സ്ഥിതിക്ക്.**

ഹൈക്കോടതിയിൽ അങ്ങനെ കട്ടായം പറഞ്ഞുവെങ്കിലും നാല്പതിനായിരം വരുന്ന പെൻഷൻകാരുടെയും അവരെ ആശ്രയിച്ചു ജീവിക്കുന്ന കുടുംബങ്ങളുടെയും ദുരിതം അങ്ങനെയങ്ങു കണ്ടില്ലെന്നു നടിക്കാൻ സർക്കാരിനാകുമോ? പ്രത്യേകിച്ചും കോർപറേഷനെ ഇങ്ങനെയൊരു പതനത്തിലെത്തിച്ചതിൽ സർക്കാരിനും പങ്കുള്ള സ്ഥിതിക്ക്. കോർപറേഷന്റെ ബാദ്ധ്യതകൾ ഏറ്റെടുക്കാൻ ഇനി സാദ്ധ്യമല്ലെന്നു പറയുമ്പോൾ സംസ്ഥാനത്തെ ഏറ്റവും വലിയ ഈ പൊതുമേഖലാ സ്ഥാപനത്തിന്റെ ഭാവി എന്തായിരിക്കണമെന്നു തീരുമാനിക്കേണ്ട ഭാരിച്ച നിയോഗം ഏറ്റെടുക്കേണ്ടത് സർക്കാരല്ലാതെ മറ്റാരാണ്? പെൻഷൻ നൽകാൻ മാസം തോറും വിഹിതം നൽകുന്നതിനു പുറമെ ശേഷിക്കുന്ന തുകയ്ക്ക് വായ്പ എടുക്കാൻ ധനകാര്യ സ്ഥാപനങ്ങൾക്ക് ഗ്യാരന്റി നിൽക്കുന്നതും സർക്കാർ തന്നെയാണ്. എന്നാൽ ഈ ഏർപ്പാട് ഇനി തുടരാൻ സാദ്ധ്യമല്ലെന്നു നിലപാടെടുക്കുമ്പോൾ കോർപറേഷന്റെ നിലനില്പ് ഉറപ്പാക്കാനുദ്ദേശിച്ചു രൂപം നൽകിയ പുനരുദ്ധാരണ പദ്ധതി എന്തുകൊണ്ട് ഇതുവരെ നടപ്പാക്കാൻ സഹായിക്കുന്നില്ല എന്ന ചോദ്യം ഉയരുന്നുണ്ട്. ബാങ്കുകളിൽ നിന്ന് 3000 കോടി രൂപയുടെ വായ്പ എടുത്ത് നിലവിലുള്ള കടങ്ങൾ അപ്പാടെ തീർത്ത് പുതിയൊരു സ്ലേറ്റിൽ തുടക്കം കുറിക്കാനുള്ള പാക്കേജ് പദ്ധതി രണ്ടുവർഷത്തിലധികമായി സർക്കാരിന്റെയും കോർപറേഷന്റെയും മുമ്പിലുണ്ട്. ഭാരിച്ച പലിശ നൽകേണ്ട വായ്പകളാണ് കോർപറേഷന്റെ ദുർഗതിക്കുള്ള കാരണങ്ങളിലൊന്ന്. ഒരു മാസം പലിശയും ഗഡുക്കളുമായി 80 കോടി രൂപ അടയ്ക്കേണ്ട സ്ഥിതിയാണിപ്പോൾ. കഴിഞ്ഞ മാസം പോലും ശമ്പളം നൽകാൻ ബാങ്കിൽ നിന്ന് കടമെടുത്തത് 12 ശതമാനം പലിശയ്ക്കാണ്. ഒരു വായ്പ വീട്ടാൻ വീണ്ടും വായ്പകളെടുക്കേണ്ട നിർദ്ധനന്റെ അവസ്ഥയിലായ കോർപറേഷന് ഇനി ഒരുപാടുകാലം ഈ രൂപത്തിൽ മുന്നോട്ടു പോകാനാവില്ലെന്നു വ്യക്തം. സ്ഥാപനം കഴുത്തോളം മുങ്ങിത്താണിട്ടും അതിന്റെ ഗൗരവം മനസിലാക്കാതെയാണ് ജീവനക്കാരുടെ സമീപനം. രക്ഷകനായെത്തിയ ആളെ മാസങ്ങൾക്കകം പറഞ്ഞുവിട്ടത് വകുപ്പു മന്ത്രിയാണെങ്കിലും ആ ദുഷ്കർമ്മത്തിനെതിരെ ഒരു യൂണിയൻ പോലും ശബ്ദമുയർത്തിയില്ല. സ്ഥാപനം നിലനിൽക്കുകയും മേൽഗതി പ്രാപിക്കുകയും ചെയ്താലേ തങ്ങൾക്കും മോക്ഷമുള്ളൂ എന്നു ചിന്തിക്കുന്നവർ കോർപറേഷനിൽ ഇപ്പോഴും കുറവാണ്. ബസും ജീവനക്കാരും തമ്മിലുള്ള അനുപാതം രാജ്യത്ത് ഏറ്റവും കൂടുതൽ ഇവിടെയായിട്ടും ഓരോ ദിവസവും നൂറുകണക്കിന് ഷെഡ്യൂളുകൾ റദ്ദാക്കപ്പെടേണ്ടിവരുന്നത് കുത്തഴിഞ്ഞ ഭരണ സംവിധാനത്തിനു തെളിവാണ്.

സർക്കാർ കൈവിടുകയും ഏറെ പ്രതീക്ഷ ഉയർത്തിയ പുനരുദ്ധാരണ പാക്കേജ് അലമാരയിൽത്തന്നെ ഇരിക്കുകയും ചെയ്യുമ്പോൾ കെ.എസ്.ആർ.ടി.സിയുടെ മുമ്പിൽ ശേഷിക്കുന്ന ഏക വഴി നടത്താനറിയാവുന്ന വിദഗ്ദ്ധന്മാരെ ഏല്പിക്കുകയോ അതിനു കഴിയുന്നില്ലെങ്കിൽ ജീവനക്കാർക്ക് നഷ്ടപരിഹാരം നൽകി കമ്പനി തന്നെ അടച്ചുപൂട്ടുകയോ ആണ്. ഗതാഗത മേഖലയിൽ കെ.എസ്.ആർ.ടി.സിയുടെ സാന്നിദ്ധ്യം നാലിലൊന്നു മാത്രമാണ്. ബസ് സർവീസ് എങ്ങനെ ലാഭകരമായി നടത്തണമെന്ന് അറിയാവുന്നവർ ധാരാളമുണ്ട്. റൂട്ട് കുത്തക ഉൾപ്പെടെ എല്ലാ അനുകൂല ഘടകങ്ങളുണ്ടായിട്ടും കെ.എസ്.ആർ.ടി.സിക്ക് ലാഭകരമായി സർവീസുകൾ നടത്താനാവുന്നില്ലെങ്കിൽ എന്തിന് നഷ്ടക്കണക്കു കേൾക്കാൻ മാത്രം ഇങ്ങനെ ഒരു സ്ഥാപനം നിലനിൽക്കണം?

# നെറികേടുകളുടെ സിൻഡിക്കേറ്റ്

എം.എച്ച്. വിഷ്ണു



**കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രം തിരുത്തിക്കുറിച്ച, ലോകമെങ്ങും അംഗീകരിക്കപ്പെടുന്ന കേരളത്തിന്റെ മാതൃസർവകലാശാലയായ കേരളസർവകലാശാല കുറേക്കാലമായി വാർത്തകളിൽ നിറയുന്നത് ലാത്തിച്ചാർജ്, ഘെരാവോ, ജലപീരങ്കി എന്നിവയിലൂടെയാണ്. അക്കാഡമിക് നിലവാരമുയർത്താനും അടിസ്ഥാന സൗകര്യവികസനത്തിനും സർവകലാശാലയുടെ യശസുയർത്താനും സിൻഡിക്കേറ്റ് അംഗങ്ങൾക്ക് സമയമില്ല. കരാറുകാരുടെ മാസപ്പടിയും അണാപൈസ കുറയാത്ത ബത്തകളും പിന്നാക്കവിരുദ്ധതയുമാണ് അവർക്ക് പഥ്യം. 'കേരളകൗമുദി' പ്രത്യേകലേഖകൻ എം.എച്ച് വിഷ്ണു തയ്യാറാക്കിയ, സിൻഡിക്കേറ്റിന്റെ നെറികേടുകൾ തേടിയുള്ള അന്വേഷണപരമ്പര ആരംഭിക്കുന്നു.**




**കേ**ട്ടറിവിനെക്കാൾ വലുതാണ് കേരള സർവകലാശാലയിലെ സിൻഡിക്കേറ്റിന്റെ നെറികേടുകൾ. നിയമസഭ പാസാക്കിയ നിയമമായാലും പുല്ലുവിലയാണ്. പിന്നാക്ക സമുദായക്കാരോടുള്ള അലർജിയാണ് മുഖമുദ്ര. ഒരു വികസന പ്രവർത്തനവും അനുവദിക്കില്ല. ഗവർണറുടെ ചാൻസലേഴ്സ് അവാർഡിന്റെ അഞ്ചുകോടി വർഷങ്ങളായി അനക്കമില്ലാതെ ബാങ്കിൽ കിടക്കുന്നു. അടിപിടി, അക്രമം, ബന്ദിയാക്കൽ, ജലപീരങ്കി, ലാത്തിച്ചാർജ്. ഏറെക്കാലമായി സിൻഡിക്കേറ്റ് യോഗങ്ങളുടെ അജൻഡ ഇതാണ്....

രണ്ടു കാരണങ്ങളാലാണ് ഈ കൊലവിളി. വൈസ്ചാൻസലർ ഡോ.പി.കെ.രാധാകൃഷ്ണനോടുള്ള അന്ധമായ എതിർപ്പാണ് മുഖ്യം. പിന്നാക്കക്കാർക്ക് ഗുണംകിട്ടുന്ന ഒരു തീരുമാനവുമെടുക്കരുത്, അതാണ് രണ്ടാമത്തേത്. രണ്ടു പതിറ്റാണ്ടായി പൂഴ്ത്തിവച്ചിരുന്ന, പിന്നാക്കക്കാർക്ക് അർഹമായ അദ്ധ്യാപക തസ്തികകൾ സംവരണം പാലിച്ച് വിജ്ഞാപനം ചെയ്തതോടെ വി.സി സിൻഡിക്കേറ്റിന്റെ കണ്ണിലെ കരടായി. ഇടംവലം തിരിയാൻ അനുവദിക്കാതെ, വി.സിക്കുനേരെ കൊലവിളി നടത്തിയിരുന്ന സിൻഡിക്കേറ്റംഗങ്ങൾ ഇപ്പോൾ നിശബ്ദരാണ്. കേരളസർവകലാശാലാ നിയമ ഭേദഗതി ഓർഡിനൻസിൽ ഗവർണർ പി.സദാശിവം ഒപ്പുവച്ചതോടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും കാറ്റുപോയി. മേയ് 16വരെ കാലാവധിയുണ്ടായിരുന്ന രണ്ടും അസാധുവായി മാറി. വി.സിയുടെ രക്തത്തിനായി ദാഹിച്ചവർ, ഇപ്പോൾ ജീവശ്വാസം തേടി സർവകലാശാലയിൽ അലഞ്ഞുനടക്കുന്നു. ജനാധിപത്യത്തിന്റെ പേരുപറഞ്ഞ് കേരളയിലെ സിൻഡിക്കേറ്റംഗങ്ങൾ നടത്തുന്ന പരിധിവിട്ട അതിക്രമങ്ങൾ സാക്ഷരകേരളത്തെ നാണിപ്പിക്കുന്നതാണ്.

സാമ്പത്തികസംവരണമെന്ന സർക്കാരിന്റെ നിയമവിരുദ്ധ തീരുമാനത്തിന് പ്രചോദനമായത് കേരളയിലെ സിൻഡിക്കേറ്റാണെന്ന് പറഞ്ഞാൽ അതിശയോക്തിയാവില്ല. 2010 സെപ്തംബർ 18ന് സർവകലാശാലകളിലെ അദ്ധ്യാപക നിയമനത്തിന് യു.ജി.സി കർശന വ്യവസ്ഥകളോടെ ഉത്തരവിറക്കിയെങ്കിലും സർവകലാശാല വകവച്ചില്ല. മാനേജ്മെന്റ് വകുപ്പിൽ പ്രൊഫസർ, അസോസിയറ്റ് പ്രൊഫസർ ഒറ്റ ഒഴിവുകളിൽ സംവരണം വേണ്ടെന്ന് 2007ൽ ഹൈക്കോടതി വിധിയുണ്ടായി. ഇതിന്റെ ചുവടുപിടിച്ച് എല്ലാ വകുപ്പുകളിലെയും ഒറ്റ തസ്തികകളിലെ സംവരണം സിൻഡിക്കേറ്റ് എടുത്തുകളഞ്ഞു. പിന്നാക്ക സംഘടനകൾ വലിയ പ്രക്ഷോഭം നടത്തിയതിനെത്തുടർന്ന് 2013ൽ ഉമ്മൻചാണ്ടി സർക്കാർ നിയമഭേദഗതി കൊണ്ടുവന്നു. അപ്പോഴും ഒറ്റതസ്തികകൾ ഒഴിച്ചിട്ട് നിയമനം നടത്താനായിരുന്നു സിൻഡിക്കേറ്റിന്റെ തീരുമാനം.

വ്യാപകപരാതിയുണ്ടായതോടെ ഭാഗികമായി നിയമനങ്ങൾ നടത്താനുള്ള തീരുമാനം യു.ഡി.എഫ് സർക്കാർ മരവിപ്പിക്കുകയായിരുന്നു.

വർഷങ്ങളായി ഒഴിഞ്ഞുകിടക്കുന്ന 112 തസ്തികകൾ സർവകലാശാലയുടെ നിലനിൽപ്പിനെ തകർക്കുമെന്ന സ്ഥിതിയായപ്പോഴാണ് വൈസ്ചാൻസലർ പുനരാലോചന തുടങ്ങിയത്. സഹായം തടയുമെന്ന് യു.ജി.സിയും രണ്ടാംഘട്ട ഫണ്ടില്ലെന്ന് റൂസയും നടപടിയെടുക്കുമെന്ന് പട്ടികവർഗ്ഗകമ്മിഷനും മുന്നറിയിപ്പ് നൽകി. ദേശീയകൗൺസിലിന്റെ (നാക്) എ-ഗ്രേഡ് അക്രഡിറ്റേഷൻ പോവുമെന്ന സ്ഥിതിയായി. സ്ഥിതി ഗുരുതരമായതോടെ വകുപ്പുകൾ ഒരു യൂണിറ്റായി കണക്കാക്കുന്ന പഴയരീതി മാറ്റി, അസി.പ്രൊഫസർ, അസോ.പ്രൊഫസർ, പ്രൊഫസർ എന്നിങ്ങനെ മൂന്ന് കാറ്റഗറിയായി 112 ഒഴിവുകൾ വിജ്ഞാപനം ചെയ്ത് വി.സി ഡോ.പി.കെ.രാധാകൃഷ്ണൻ ഉത്തരവിറക്കി. പിന്നാക്ക, പട്ടിക വിഭാഗങ്ങൾക്കുള്ള സംവരണം ഉറപ്പാക്കി. നിയമനം അനുവദിക്കില്ലെന്ന് സെനറ്റ്, അക്കാഡമിക് കൗൺസിൽ യോഗങ്ങളിൽ സിൻഡിക്കേറ്റംഗങ്ങൾ ഭീഷണി മുഴക്കി. ഭീഷണി വകവയ്ക്കാതെ വി.സി നിയമനനടപടികൾ തുടങ്ങിയതോടെ സിൻഡിക്കേറ്റംഗങ്ങൾ സമനില കൈവിട്ടു. വി.സിയുടെ രാജിയാവശ്യപ്പെട്ട് മാർക്ക്ദാനം, നിയമനക്രമക്കേട്, ബന്ധുനിയമനം എന്നിങ്ങനെ ആരോപണങ്ങൾ അഴിച്ചുവിട്ടു. 64കാരനായ വൈസ്ചാൻസലറെ മരുന്നുകഴിക്കാനോ മൂത്രമൊഴിക്കാനോ പോലും അനുവദിക്കാതെ രണ്ടരമണിക്കൂർ സിൻഡിക്കേറ്റ് ഹാളിൽ പൂട്ടിയിട്ടു. പിന്നീടുണ്ടായ അക്രമങ്ങൾ കേരളം ലജ്ജയോടെയാണ് കണ്ടത്.

### കത്തുന്നത് സംവരണ വിരോധം

കേരളയിലെ പിന്നാക്കവിരോധത്തിന്റെ ജീവനുള്ള ഉദാഹരണമാണ് വൈസ്ചാൻസലർ ഡോ.പി.കെ.രാധാകൃഷ്ണൻ. 1998ൽ അദ്ദേഹം അപേക്ഷിച്ച കെമിസ്ട്രിയിലെ പ്രൊഫസർ തസ്തിക ഇന്നുവരെ നികത്തിയിട്ടില്ല. ഒരു കാരണമേയുള്ളൂ, തസ്തിക ഈഴവസംവരണമാണ്. 19 വർഷത്തിനു ശേഷം ഇപ്പോൾ ഈ തസ്തിക പുനർവിജ്ഞാപനം ചെയ്തു. വിരമിക്കുന്നതുവരെ ഡോ.പി.കെ.രാധാകൃഷ്ണൻ പ്രൊഫസറായിരിക്കുന്നത് തടയുകയായിരുന്നു അന്നത്തെ സിൻഡിക്കേറ്റിലെ 'ദീർഘദർശി'കളുടെ ലക്ഷ്യം.

സംവരണം പാലിച്ച് നിയമനം നടത്താനുള്ള വി.സിയുടെ നിർദ്ദേശം കഴിഞ്ഞ മേയ് 10ന്റെ സിൻഡിക്കേറ്റ് അംഗീകരിച്ചില്ല. പഠിക്കാൻ ഉപസമിതിയെ വച്ചു. ഉപസമിതി രണ്ടുവട്ടം യോഗം ചേർന്നു. അദ്ധ്യാപകസംഘടനകളുമായി ചർച്ചനടത്തി. റിപ്പോർട്ടുമില്ല, മിനിട്ട്സുമില്ല, ബത്തകൾ കൃത്യമായി കൈക്കലാക്കി. അഞ്ചുമാസം കാത്തിരുന്നശേഷം നിയമസഭ പാസാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഒക്ടോബർ 25ന് തസ്തികകൾ പൂൾചെയ്ത് സംവരണം ഉറപ്പാക്കിയുള്ള ഉത്തരവിന്റെ കരട് വി.സി സിൻഡിക്കേറ്റംഗങ്ങൾക്ക് അയച്ചുകൊടുത്തു. അഭിപ്രായമറിയിക്കാൻ ഒരുമാസം സമയം നൽകി. ആർക്കും മറുപടിയുണ്ടായിരുന്നില്ല. നവംബർ 27ന് 112 തസ്തികകൾ വിജ്ഞാപനം ചെയ്തതോടെ കലാപമായി. യു.ജി.സി ചട്ടങ്ങൾ പാലിച്ച് നിയമനം നടത്താൻ എൽ.ഡി.എഫ് സർക്കാരാണ് അനുമതി നൽകിയെന്നത് സൗകര്യപൂർവ്വം മറന്ന് ഇടത് അംഗങ്ങളും യുദ്ധത്തിനിറങ്ങി.

### ഫുൾ വേണ്ട, ഹാഫ് ആവാം

"ഫുൾബ്രൈറ്റൊന്നും ഇവിടെ വേണ്ട, ഹാഫോ ക്വാർട്ടറോ വേണമെങ്കിൽ ആവാം"-ഫുൾബ്രൈറ്റ് സ്കോളർഷിപ്പ് നേടിയ ഡോ.ദിവ്യസേനന്റെ നിയമനത്തെക്കുറിച്ചുള്ള സിൻഡിക്കേറ്റ് ചർച്ചയിൽ കോളേജ്അദ്ധ്യാപകനായ അംഗം പറഞ്ഞതിങ്ങനെ. ഗവേഷകർക്കുള്ള അന്താരാഷ്ട്ര അംഗീകാരം നേടിയൊരു അസി.പ്രൊഫസർ നമുക്ക് അനിവാര്യമാണെന്ന യാഥാർത്ഥ്യം ബഹളത്തിൽ ഫുള്ളായി മുങ്ങിപ്പോയി.

പരീക്ഷാഫലം വൈകുന്നത് ചർച്ച ചെയ്യാൻ സിൻഡിക്കേറ്റ് യോഗംചേരുകയാണ്. പരീക്ഷാകൺട്രോളറുടെയും അദ്ധ്യാപകരുടെയും വീഴ്ചകൾ അംഗങ്ങൾ അക്കമിട്ട് നിരത്തുന്നു. ചർച്ച മൂത്തുമൂത്ത് ഒടുവിൽ രജിസ്ട്രാറെ മാറ്റാനാണ് തീരുമാനമുണ്ടായത്. പരീക്ഷാഫലവും രജിസ്ട്രാറുമായി ബന്ധമൊന്നുമില്ലെങ്കിലും ഒത്തുതീർപ്പായി. പിന്നാക്കക്കാരനായ രജിസ്ട്രാറുടെ കസേരപോയി. പരീക്ഷാഫലം വൈകിപ്പിച്ച് കൺട്രോളർ 'ചെറുതായൊന്നു മനസുവച്ചാൽ' രജിസ്ട്രാറുടെ കസേര തെറിപ്പിക്കാം എന്നതായി സ്ഥിതി.

### പരീക്ഷ മുടങ്ങിയാലും പിന്നാക്കക്കാരൻ വേണ്ട


'മോൻ മരിച്ചാലും വേണ്ടീല, മരുമകളുടെ കണ്ണീര് കാണണം' എന്ന പഴഞ്ചൊല്ലിന്റെ ദൃശ്യാവിഷ്കാരം കുറച്ചു നാൾ മുൻപുണ്ടായി. പി.വി.സി ഡോ.എൻ.വീരമണികണ്ഠൻ കാലാവധി പൂർത്തിയായ സമയം. കോളേജ് വികസനകൗൺസിൽ ചെയർമാൻ ഡോ.എം.ജയപ്രകാശിനെ പർച്ചേസ് കമ്മിറ്റി അദ്ധ്യക്ഷന്റെ ചുമതലയേൽപ്പിച്ചു. നിശ്ചിത തുകയ്ക്ക് മുകളിലുള്ള പർച്ചേസുകൾ സമിതിയാണ് അംഗീകരിക്കേണ്ടത്. കെ.എച്ച്.ബാബുജന്റെ നേതൃത്വത്തിൽ അഞ്ച് സിൻഡിക്കേറ്റംഗങ്ങൾ കലാപത്തിനിറങ്ങി, പ്രോട്ടോക്കോൾ പ്രകാരം കോളേജ് വികസനകൗൺസിൽ ചെയർമാൻ തങ്ങളെക്കാൾ താഴെയാണ് ഇതായിരുന്നു കാരണം. പരീക്ഷാപേപ്പർ, പ്രിന്റഡ്നോട്ടുകൾക്കുള്ള കടലാസ്, കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങാനുള്ള കരാർ മുടങ്ങി. സിൻഡിക്കേറ്റ് അയഞ്ഞില്ല. ചട്ടപ്രകാരം സിൻഡിക്കേറ്റംഗങ്ങളെ അദ്ധ്യക്ഷനാക്കാനാവില്ലെന്ന് വി.സി ഉറച്ചനിലപാടെടുത്തതോടെ ബഹിഷ്കരണം ചീറ്റിപ്പോയി.

*(നാളെ-കോളേജ് പരിശോധന, പണം കായ്ക്കുന്ന മരം)*

### കേരളത്തിൽ നമ്പർ 1

കേന്ദ്രമാനവവിഭവശേഷി മന്ത്രാലയത്തിന്റെ റാങ്കിംഗിൽ സംസ്ഥാനത്ത് ഒന്നാമതാണ് കേരള. 166 അദ്ധ്യാപകരിൽ 151 പേർക്കും പിഎച്ച്.ഡി. അഞ്ചുവർഷത്തിനിടെ പിഎച്ച്.ഡി നേടിയവർ -1300. അന്യസംസ്ഥാന ഗവേഷകർ-188. വമ്പൻ പാക്കേജിൽ കാമ്പസ് പ്ലേസ്മെന്റ്-46. അദ്ധ്യാപകർക്ക് ആയിരത്തിലധികം പബ്ലിക്കേഷനുകൾ, 29 കോടിയുടെ ഗവേഷണ പ്രോജക്ടുകൾ. 18 അദ്ധ്യാപകർക്ക് ദേശീയ-അന്തർദേശീയ പുരസ്കാരങ്ങൾ. കെമിസ്ട്രിയിലെ അദ്ധ്യാപകന് പേറ്റന്റ്. വിദ്യാർത്ഥികൾക്കായി അഞ്ച് ഹോസ്റ്റലുകൾ. ശീതീകരിച്ച തീയറ്ററടക്കമുള്ള യൂത്ത്സെന്റർ. അന്താരാഷ്ട്ര നിലവാരത്തിലുള്ള രണ്ട് സ്റ്റേഡിയങ്ങൾ. 5 ലക്ഷം പുസ്തകങ്ങളുള്ള ലൈബ്രറി. 392 ഏക്കർ കാമ്പസ്. 162 ക്വാർട്ടേഴ്സുകൾ.

# നിഗൂഢ കറൻസികളെ നിയന്ത്രിക്കേണ്ടതുണ്ട്



ഡോ.എം. ജയപ്രകാശ്

**പ**ണത്തിന്റെ മേലുള്ള ഭരണകൂട-പരമാധികാരത്തിൽ വിള്ളൽ വീണിരിക്കുന്നു. കറൻസികൾ പുറപ്പെടുവിക്കാനുള്ള അധികാരം കേന്ദ്രബാങ്കുകൾക്ക് (സർക്കാരുകൾക്ക്) മാത്രമാണെന്നും അത് ലംഘിച്ച് ആരെങ്കിലും സ്വന്തം നിലയിൽ കറൻസികൾ അടിച്ചിറക്കിയാൽ അവർ അകത്തായിപ്പോകും എന്നായിരുന്നു നാം ഇതുവരെ വിശ്വസിച്ചിരുന്നത്. അതുകൊണ്ടുതന്നെ, അദ്ഭുതസിദ്ധികളാൽ സമൃദ്ധമാണ് കമ്പ്യൂട്ടർ സാങ്കേതികവിദ്യയെങ്കിലും അതിന്റെ സങ്കേതങ്ങളുപയോഗിച്ച്, സർക്കാരിന്റെ അനുമതിയൊന്നും കൂടാതെതന്നെ കറൻസികൾ നിർമ്മിക്കാനും കൈമാറ്റം ചെയ്യപ്പെടാനും ആഗോളതലത്തിൽ സ്വീകാര്യത നേടിയെടുക്കാനും കഴിയുമെന്ന് ആരും നിരൂപിച്ചിരുന്നതുമില്ല.

പക്ഷേ അസംഭവ്യമെന്ന് കരുതിയിരുന്ന ഇക്കാര്യങ്ങളാണിപ്പോൾ, നിഗൂഢ കറൻസികളുടെ വരവോടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. കാണാനും സ്പർശിക്കാനും സാധിക്കാത്ത, ഓൺലൈൻ അസ്തിത്വം മാത്രമുള്ള ഡിജിറ്റൽ കറൻസികളാണിവ. യഥാർത്ഥത്തിൽ ഓരോ കറൻസിയും ഓരോ ഡിജിറ്റൽ അക്കം മാത്രമാകുന്നു. പക്ഷേ, ഇവയുടെ പ്രചാരം അവഗണിക്കാനാകാത്തവിധം വർദ്ധിച്ചു കഴിഞ്ഞിരിക്കുന്നു. 17,800 കോടി ഡോളറിന്റെ കൊടുക്കൽ-വാങ്ങലുകളുടെ ലോകമായി നിഗൂഢ കറൻസികൾ വളർന്നിരിക്കുന്നു.

പേരുപോലെതന്നെ, പല കാര്യങ്ങളിലും രഹസ്യങ്ങൾ പേറുന്നവയാണ് നിഗൂഢ കറൻസികൾ. ഇത്തരം കറൻസിയുടെ ജനനത്തിൽതന്നെ നിഗൂഢതകളുണ്ട്. യഥാർത്ഥത്തിൽ ആരെന്ന് ഇതുവരെ വ്യക്തമായിട്ടില്ലാത്ത സതോഷി നാക്കോ മോട്ടോ എന്ന ഒരാളുടെ നാമത്തിൽ (ചിലപ്പോൾ അതൊരു കൂട്ടം വ്യക്തികളാകാം) 2009 ജനവരിയിൽ പുറപ്പെടുവിച്ച ധവള പത്രത്തിലൂടെയാണ് ആദ്യ നിഗൂഢ കറൻസിയുടെ ജനനവും അതിന്റെ നിർമ്മിതിക്കും കൈമാറ്റത്തിനും വേണ്ടി അനുഷ്ഠിക്കേണ്ട സങ്കേതങ്ങളെക്കുറിച്ചും ലോകമറിയുന്നത്. ബിറ്റ്കോയിന് പിറകേ മറ്റുപല നിഗൂഢ കറൻസികളും സൃഷ്ടിക്കപ്പെട്ടു. ഇപ്പോൾ ആയിരത്തോളം പേരുകളിലുള്ള നിഗൂഢ കറൻസികളുണ്ട്. എന്നാൽ പ്രചാരത്തിലും ജനപ്രീതിയിലും ബിറ്റ്കോയിൻ തന്നെയാണ് ഏറെ മുന്നിൽ.

ബ്ലോക്ക്ചെയിൻ എന്ന അതി സങ്കീർണമായ സങ്കേതമാണ് ബിറ്റ്കോയിൻ നിർമ്മാണത്തിന്റെയും കൈമാറ്റത്തിന്റെയും ആധാരശില. വൈദഗ്ദ്ധ്യമേറിയ കമ്പ്യൂട്ടർ ഉപകരണങ്ങളുടെ സഹായത്തോടെ, നിരനിരയായി ചിട്ടപ്പെടുത്തിയിട്ടുള്ള സമസ്യകളിൽ ഓരോന്നിന്റെയും ഉത്തരം കണ്ടെത്തി, പടിപടിയായി അന്തിമ ഫല നിർണയത്തിലെത്തുന്ന ഗണിത പ്രക്രിയയിലൂടെയാണ് ഓരോ ബിറ്റ്കോയിനും ഖനനം ചെയ്യെടുക്കുന്നത്. കഠിനമായ ഈ ഡിജിറ്റൽ വീഥിയിലൂടെ മുന്നേറാൻ തുനിയാത്തവർക്ക്, ബിറ്റ്കോയിൻ വിൽക്കുന്ന സംരംഭങ്ങളിൽ നിന്ന് സാദാ കറൻസി കൊടുത്ത് അവ സ്വായത്തമാക്കാവുന്നതാണ്. (ഇന്ത്യയിലും ഇത്തരം കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്). ആകെ നിർമ്മിച്ചെടുക്കാവുന്ന ബിറ്റ്കോയിനുകളുടെ എണ്ണം ഇപ്പോൾ 2100 കോടിയായിട്ടാണ് ക്ലിപ്തപ്പെടുത്തിയിട്ടുള്ളത്. ഓരോ ബിറ്റ്കോയിനിന്റെയും ജനനവും കൈമാറ്റങ്ങളും അപ്പപ്പോൾത്തന്നെ ഡിജിറ്റൽ കണക്കു പുസ്തകമായ ബ്ലോക്ക് ചെയിനിൽ രേഖപ്പെടുത്തപ്പെടും. മറ്റ് കണക്ക് പുസ്തകങ്ങളെപ്പോലെ ഏതെങ്കിലും ഒരിടത്ത് മാത്രം കേന്ദ്രീകൃതമായിരിക്കുന്ന ഒന്നല്ല ബ്ലോക്ക് ചെയിൻ. അതിന്റെ അനേകലക്ഷം കോപ്പികൾ ഓപ്പൺ സോഴ്സിൽ ലഭ്യമാക്കിയിട്ടുണ്ട്. ബിറ്റ്കോയിൻ ഇടപാടുകാർക്ക് എപ്പോൾ വേണമെങ്കിലും അവരുടെ അക്കൗണ്ട് പരിശോധിക്കുന്നതിനുള്ള സൗകര്യമുണ്ട്.

ബിറ്റ്കോയിൻ പോലുള്ള നിഗൂഢ കറൻസികളുടെ വക്താക്കൾ അവയുടെ അനേകം മേന്മകൾ നിരത്തുന്നുണ്ട്. സാധാരണ കറൻസികളെപ്പോലെ കൊടുക്കൽ-വാങ്ങലുകൾക്കുള്ള മാദ്ധ്യമമായി ഇവയും ഉപയോഗിക്കാനാവും എന്നതിനോടൊപ്പം തന്നെ ഇവിടെ വില നൽകൽ ഡിജിറ്റലാകുന്നതിനാൽ കൈമാറ്റങ്ങൾ വളരെ വേഗത്തിൽ നടക്കും. എന്നാൽ സാധാരണയുള്ള ഡിജിറ്റൽ പണം കൈമാറ്റം പോലെ ബാങ്കുകളുടെയോ ക്രെഡിറ്റ് കാർഡ് കമ്പനികളുടെയോ മദ്ധ്യസ്ഥത ബിറ്റ്കോയിൻ വഴിയുള്ള ഇടപാടുകൾക്ക് ആവശ്യമില്ല. ഇവിടെ വാങ്ങുന്നവരും വിൽക്കുന്നവരും മാത്രമേ ആവശ്യമുള്ളൂ. മൂന്നാമതൊരു ഇടനിലക്കാരനെ ഒഴിവാക്കുംവഴി അവരുടെ അന്തരങ്ങളിലോ അവർക്ക് നൽകേണ്ട കമ്മീഷനോ ഇല്ലാതെതന്നെ ഡിജിറ്റൽ ഇടപാട് സാദ്ധ്യമാകുന്നു. അതുപോലെ തന്നെ, ഓരോ ബിറ്റ്കോയിനിന്റെയും സഞ്ചാരവഴികൾ സുതാര്യമാണെങ്കിലും കൊടുക്കുന്നവരുടെയും വാങ്ങുന്നവരുടെയും പേരുവിവരങ്ങൾ ഗൂഢാക്ഷരശാസ്ത്രത്തിന്റെ സങ്കേതങ്ങളുപയോഗിച്ച് ഗോപ്യമായി വയ്ക്കാൻ കഴിയുന്നു. ഇന്നിപ്പോൾ ബിറ്റ്കോയിൻ പോലുള്ള നിഗൂഢ കറൻസികൾ വിൽക്കാനും വാങ്ങാനുമുള്ള ഒരു മാദ്ധ്യമം മാത്രമല്ല, അവ ഒരു നിക്ഷേപ സാമഗ്രിയായും പരിണമിച്ചിരിക്കുന്നു. ലോകമെമ്പാടും ഓഹരി കമ്പോളങ്ങളിൽ ഷെയറുകൾ പോലെ വിൽക്കാനും വാങ്ങാനും കഴിയുന്ന നിക്ഷേപ വസ്തുവാണ് ബിറ്റ്കോയിൻ. ഇന്ത്യയിൽ തന്നെ ഇത്തരം ഒൻപത് കൈമാറ്റ വിപണികളുണ്ട്. പക്ഷേ ബിറ്റ്കോയിനും മറ്റും സമൂഹത്തിന് ഗുണകരമായ ഒരു ദൗത്യവും നിർവഹിക്കുന്നില്ലെന്നും അവ ഒരുതരം തട്ടിപ്പാണെന്നും അതിനാൽ അവയെ നിരോധിക്കണമെന്നുമാണ് സാമ്പത്തിക നോബൽ ജേതാവ് പോൾ ക്രുഗ്മാനെപ്പോലുള്ളവർ താക്കീത് ചെയ്യുന്നത്. അനാശാസ്യമായ കാര്യങ്ങൾക്ക് ഉപയോഗിക്കാൻ പാകത്തിലുള്ള സൗകര്യങ്ങൾ നിഗൂഢ കറൻസികൾക്കുണ്ട്. ബിറ്റ്കോയിൻ നൽകുന്നവരുടെയും സ്വീകരിക്കുന്നവരുടെയും പേരുവിവരങ്ങൾക്ക് പകരം അവരവർക്ക് മാത്രം മനസിലാക്കാവുന്ന കോഡുകൾ വഴിയാണ് ഓരോ കൈമാറ്റവും രേഖപ്പെടുത്തുന്നത്. ഒന്നാമതായി ഈ സംവിധാനം കറൻസി പണം വെളുപ്പിക്കാനുള്ള അത്താണിയാകും. രണ്ടാമതായി, മയക്കുമരുന്നുപോലുള്ള നിരോധിത ഉത്പന്നങ്ങൾ വാങ്ങാനും വിൽക്കാനും അത് സഹായകരമാകുന്നു. മൂന്നാമതായി കൊടുക്കൽ വാങ്ങലുകളിൽ നിന്നും ഓഹരി കമ്പോളങ്ങളിൽ നിന്നുമുള്ള നേട്ടങ്ങൾ സർക്കാരിന്റെ നികുതിവലയ്ക്ക് പുറത്തായിപ്പോകുന്നു. പണത്തിന്റെ അളവ് നിയന്ത്രിച്ചുകൊണ്ട് വിലക്കയറ്റവും മറ്റും നിയന്ത്രിക്കാനുള്ള കേന്ദ്ര ബാങ്കുകളുടെ കഴിവിനും നിഗൂഢ കറൻസികൾ ഭീഷണിയാകും. നിക്ഷേപ വസ്തു ആയതോടെ ബിറ്റ്കോയിനും മറ്റും ഊഹക്കച്ചവടക്കാരുടെ ഓമനയായി മാറിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇവയുടെ മൂല്യം കടുത്ത ചാഞ്ചാട്ടങ്ങൾക്ക് വിധേയമാകുന്നുണ്ട്. കഴിഞ്ഞവർഷം ആദ്യം 800 ഡോളർ വിലയുണ്ടായിരുന്ന ഒരുബിറ്റ് കോയിനിന്റെ മൂല്യം വർഷാവസാനത്തോടെ 20,000 ഡോളറായി ഓടിക്കയറി. ഒരാഴ്ചയ്ക്കുള്ളിൽ അത് 13,000 ഡോളറായി ഇടിയുകയും ചെയ്തു. ഇക്കാരണങ്ങളാൽ എപ്പോൾ വേണമെങ്കിലും പൊട്ടിപ്പോകാവുന്ന കുമിളകളാണ് ഇവയെന്നും പ്രവചനമുണ്ട്.

ബിറ്റ്കോയിൻ പോലുള്ള നിഗൂഢ കറൻസികളെ യഥേഷ്ടം വിഹരിക്കാൻ, അറിഞ്ഞോ അറിയാതെയോ അനുവദിച്ചശേഷം ഒരു സുപ്രഭാതത്തിൽ അവയെ പൊടുന്നനെ നിരോധിക്കുന്നത് ഗുണത്തേക്കാളേറെ ദോഷം ചെയ്യാനാണിട. അതിനാൽ ആദ്യം ചെയ്യാവുന്നത് ഇവയുടെ സാന്നിദ്ധ്യം അംഗീകരിക്കുകയും രാജ്യ (ജന) താത്പര്യം മുൻനിറുത്തിയുള്ള നിയന്ത്രണങ്ങൾക്ക് നിഗൂഢ കറൻസികളെ വിധേയമാക്കുകയുമാണ്. ജപ്പാൻ, ആസ്ട്രേലിയ, അമേരിക്ക, ഫിലിപ്പൈൻസ്, എസ്റ്റോണിയ തുടങ്ങിയ രാജ്യങ്ങൾ ഇതിനകം തന്നെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കഴിഞ്ഞു. ഇന്ത്യയും ഈ വഴിയേ സഞ്ചരിക്കാൻ അമാന്തിക്കേണ്ടതില്ല.

*(ലേഖകന്റെ ഫോൺ : 9447253600)*



**ബിറ്റ്കോയിൻ പോലുള്ള നിഗൂഢ കറൻസികളുടെ വക്താക്കൾ അവയുടെ അനേകം മേന്മകൾ നിരത്തുന്നുണ്ട്. സാധാരണ കറൻസികളെപ്പോലെ കൊടുക്കൽ-വാങ്ങലുകൾക്കുള്ള മാദ്ധ്യമമായി ഇവയും ഉപയോഗിക്കാനാവും എന്നതിനോടൊപ്പം തന്നെ ഇവിടെ വില നൽകൽ ഡിജിറ്റലാകുന്നതിനാൽ കൈമാറ്റങ്ങൾ വളരെ വേഗത്തിൽ നടക്കുകയും ചെയ്യും. എന്നാൽ സാധാരണയുള്ള ഡിജിറ്റൽ പണം കൈമാറ്റം പോലെ ബാങ്കുകളുടെയോ ക്രെഡിറ്റ് കാർഡ് കമ്പനികളുടെയോ മദ്ധ്യസ്ഥത ബിറ്റ്കോയിൻ വഴിയുള്ള ഇടപാടുകൾക്ക് ആവശ്യമില്ല.**



## കുറ്റം പറയാൻ മാത്രം എന്തിനീ സർക്കാർ: കുമ്മനം

കോട്ടയം: കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കാതെ കേന്ദ്രത്തെ നിരന്തരം കുറ്റപ്പെടുത്തുന്ന സർക്കാർ ആവശ്യമില്ലെന്ന് ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് കുമ്മനം രാജശേഖരൻ പറഞ്ഞു. ബി.ജെ.പി സെല്ലുകളുടെ സംസ്ഥാന യോഗം കോട്ടയം ഐശ്വര്യ റസിഡൻസിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സ്വന്തം പിടിപ്പുകേട് മറച്ചുവയ്ക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. സ്വന്തമായി ഒരു പദ്ധതിയും നടപ്പാക്കാതെ എന്തിനും കേന്ദ്രസഹായം തേടുകയാണ്.

www.keralakaumudi.com www.facebook.com/keralakaumudi

### ആന്റണിയുടെ ഡ്രൈവർ മരിച്ച നിലയിൽ

ന്യൂഡൽഹി: മുതിർന്ന കോൺഗ്രസ് നേതാവ് എ.കെ.ആന്റണിയുടെ ഡ്രൈവറെ മരിച്ച നിലയിൽ കണ്ടെത്തി. ജന്തർമന്ദർ റോഡിലെ ആന്റണിയുടെ ഔദ്യോഗിക വസതിയോട് ചേർന്നുള്ള ക്വാർട്ടേഴ്സിലാണ് ഉത്തർപ്രദേശിലെ ഫത്തേപൂർ സ്വദേശിയായ സഞ്ജയ് സിംഗിനെ (35) തൂങ്ങിമരിച്ച നിലയിൽ ഇന്നലെ രാവിലെ കണ്ടെത്തിയത്. ആത്മഹത്യയാണെന്നാണ് പ്രാഥമിക നിഗമനം. കഴിഞ്ഞ മൂന്ന് വർഷമായി ആന്റണിയുടെ ഡ്രൈവറായി പ്രവർത്തിക്കുകയായിരുന്നു.

ആന്റണിയുടെ മകന്റെ വാഹനവുമായി കഴിഞ്ഞദിവസം പുറത്തുപോയി രാത്രി ഒരുമണിയോടെ ഇയാൾ തിരിച്ചെത്തിയത്. ഡൽഹിയിൽ മറ്റൊരു ആവശ്യത്തിന് വന്ന തന്റെ സഹോദരനെയും ബന്ധുവിനെയും ഫോണിൽ വിളിച്ച സഞ്ജയ് തനിക്ക് ഒരാഴ്ച അവധി കിട്ടിയെന്നും നാട്ടിലേക്ക് ഒരുമിച്ച് മടങ്ങാമെന്നും അറിയിച്ചിരുന്നു. ഇതനുസരിച്ച് ഇന്നലെ രാവിലെ ആന്റണിയുടെ വസതിയിലെത്തിയപ്പോഴാണ് മരണ വിവരം സഹോദരൻ അറിയുന്നത്.

### കെ.എസ്.ആർ.ടി.സി ശമ്പളം നൽകി

തിരുവനന്തപുരം: കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് ഇന്നലെ ശമ്പളം ലഭിച്ചു. കഴിഞ്ഞ ദിവസം ശമ്പളം നൽകാൻ സർക്കാർ 70 കോടി അനുവദിച്ചിരുന്നു. അതേസമയം കെ.എസ്.ആർ.ടി.സി പെൻഷൻ നൽകുന്നതിനെപ്പറ്റി ഒരു ധാരണയുമായിട്ടില്ല. അഞ്ച് മാസമായി പെൻഷനില്ലാതെ കണ്ണിലെണ്ണയുമൊഴിച്ച് കാത്തിരിക്കുകയാണ് പെൻഷൻകാർ. കനത്ത നഷ്ടത്തിലോടുന്ന കെ.എസ്. ആർ.ടി.സിയുടെ പെൻഷൻ സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കാനാവില്ലെന്ന നിലപാടിലാണ് സർക്കാർ.

### എസ്.എൻ.ഡി.പി യോഗം വാർഷിക പൊതുയോഗം

ചേർത്തല: എസ്.എൻ.ഡി.പി യോഗം112-ാം വാർഷിക പൊതുയോഗം നാളെ ചേർത്തല ശ്രീനാരായണ കോളേജ് ഓഡിറ്റോറിയത്തിൽ ഡോ. പല്പു മെമ്മോറിയൽ നഗറിൽ നടക്കും.

രാവിലെ 10ന് യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ റിപ്പോർട്ടും കണക്കും ബഡ്ജറ്റും അവതരിപ്പിക്കും. പ്രസിഡന്റ് ഡോ. എം.എൻ. സോമൻ അദ്ധ്യക്ഷത വഹിക്കും. വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി, ദേവസ്വം സെക്രട്ടറി അരയക്കണ്ടി സന്തോഷ് എന്നിവർ സംസാരിക്കും. 3500 ലധികം പ്രതിനിധികൾ പങ്കെടുക്കും.

### ലാത്തിച്ചാർജ് പ്രതിഷേധാർഹം: എം.എം ഹസൻ

തിരുവനന്തപുരം: ബോണക്കാട്ട് കുരിശുമലയാത്രയ്ക്കുനേരെനടന്ന ക്രൂരമായ പൊലീസ് ലാത്തിച്ചാർജ്ജിൽ കെ.പി.സി.സി. പ്രസിഡന്റ് എം.എം.ഹസൻ ശക്തമായി പ്രതിഷേധിച്ചു. വൈദികർ ഉൾപ്പെടെയുള്ള വിശ്വാസികൾക്ക് നേരെയാണ് പൊലീസ് അതിക്രമം കാട്ടിയത്. ആരാധന സ്വാതന്ത്ര്യം തടസപ്പെടുത്തിയ സർക്കാർ നടപടി ഒരിക്കലും അംഗീകരിക്കാനാവില്ല. ബോണക്കാട്ട് സ്ഥാപിച്ചിരുന്ന കുരിശും അൾത്താരയും നേരത്തെ നശിപ്പിച്ചത് സർക്കാരിന്റെ ഒത്താശയോടെയാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നുവെന്നും ഹസൻ പറഞ്ഞു.

### സെനറ്റ്, സിൻഡിക്കേറ്റ് തിരഞ്ഞെടുപ്പിന് സ്റ്റേ

കൊച്ചി: കേരള സർവകലാശാലയിലെ സെനറ്റ്, സിൻഡിക്കേറ്റ് തിരഞ്ഞെടുപ്പ് ഹൈക്കോടതി സ്റ്റേ ചെയ്തു. യു.ജി.സി മാനദണ്ഡപ്രകാരമുള്ള നിയമനമല്ലെന്ന് ചൂണ്ടിക്കാട്ടി പ്രിൻസിപ്പൽമാരുടെ വോട്ടർ പട്ടികയിലെ ഭൂരിപക്ഷത്തെയും സർക്കാർ ഒഴിവാക്കിയിരുന്നു. കേരള സർവകലാശാല സിൻഡിക്കേറ്റംഗം ഡോ. എം. ജീവൻലാൽ നൽകിയ ഹർജിയിൽ എയ്ഡഡ്, സർക്കാർ കോളേജുകളെന്ന ഭേദമില്ലാതെ എല്ലാ പ്രിൻസിപ്പൽമാർക്കും വോട്ടവകാശം നൽകാൻ ഹൈക്കോടതി സിംഗിൾബെഞ്ച് ഉത്തരവിട്ടു.

### ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രതിഷേധിച്ചു

തിരുവനന്തപുരം: കോഴിക്കോട് റീജണൽ സയൻസ് സെന്ററിന്റെ വേദിയിൽ ഗോമാതാ മാഹാത്മ്യം അവതരിപ്പിക്കാനും അത് ശാസ്ത്രസത്യമാണെന്ന് സ്ഥാപിക്കാനുമായി പരിപാടി നടത്തിയതിൽ കേരള ശാസ്ത്രസാഹിത്യപരിഷത്ത് പ്രതിഷേധിച്ചു. അംഗീകൃത ശാസ്ത്രസ്ഥാപനങ്ങളെ അന്ധവിശ്വാസങ്ങളും വിശ്വാസങ്ങളും പ്രചരിപ്പിക്കാൻ വേദിയാക്കുന്നത് അംഗീകരിക്കാനാവില്ലെന്ന് പരിഷത്ത് അറിയിച്ചു.

# സി.പി.എമ്മിന് നന്ദി പറഞ്ഞ് മാണി; ഇടത്തേക്കുള്ള ദൂരം കുറയുന്നു

**കേരള കോൺഗ്രസ് (എം) ഇടതുമുന്നണിക്കൊപ്പം ചേരണമെന്നാഗ്രഹിക്കുന്ന സി.പി.എം പ്രവർത്തകരുടെ സൻമനസിന് നന്ദി**

▸വി.ജയകുമാർ

കോട്ടയം: കേരള കോൺഗ്രസ് - എമ്മിനെ എൽ.ഡി.എഫിൽ എടുക്കണമെന്ന സി.പി.എം ജില്ലാ സമ്മേളന പ്രതിനിധികളുടെ അഭിപ്രായത്തിന് നന്ദി പറഞ്ഞ് കെ.എം. മാണി. 'ഈ ആഗ്രഹം പ്രകടിപ്പിച്ച സി.പി.എം പ്രവർത്തകരുടെ സന്മനസിന് നന്ദി. മുന്നണി പ്രവേശനം പാർട്ടി വിവിധ തലങ്ങളിൽ ചർച്ച ചെയ്തു വരികയാണ്. എപ്പോഴാകുമെന്ന് ഇപ്പോൾ പറയാനാവില്ല' മാണി പറഞ്ഞു.

മാണിയുടെ നന്ദി പ്രകടനത്തോടെ മുന്നണി പ്രവേശനം വൈകാതെ യാഥാർത്ഥ്യമായേക്കുമെന്നാണ് സൂചന. കോട്ടയം ജില്ലാ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ സ്വീകരിച്ച അടവുനയം സംസ്ഥാനതലത്തിൽ വ്യാപിപ്പിക്കണമെന്നായിരുന്നു സി.പി.എം കോട്ടയം ജില്ലാ സമ്മേളനത്തിലെ പൊതുവികാരം.

സംസ്ഥാന രാഷ്ട്രീയത്തിൽ ചർച്ചാവിഷയമായ കൂട്ടുകെട്ടിന് വഴിയൊരുക്കിയ ജില്ലാ നേതൃത്വത്തെ സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണനും പ്രശംസിച്ചിരുന്നു. ഇതിന്റെ തുടർച്ചയായിട്ടാണ് മാണിയുടെ പ്രതികരണം. മാണി ഗ്രൂപ്പിന്റെ മുന്നണി പ്രവേശനം പാർട്ടി കോൺഗ്രസ് ചർച്ച ചെയ്ത് തീരുമാനിക്കുമെന്നായിരുന്നു ജില്ലാ സെക്രട്ടറി വി.എൻ. വാസവൻ പറഞ്ഞത്.




#### സി.പി.എം - സി.പി.ഐ വാക്പോര്

മാണി ഗ്രൂപ്പിനെ ചൊല്ലി സി.പി.എം - സി.പി.ഐ വാക്പോരും രൂക്ഷമായി. ജില്ലയിൽ സി.പി.ഐ, ബി.ജെ.പിക്ക് പിറകിൽ നാലാം സ്ഥാനത്താണെന്ന വാസവന്റെ പ്രസ്താവനയ്ക്ക് ഒന്നാം സ്ഥാനത്ത് കോൺഗ്രസാണെന്നായിരുന്നു സി.പി.ഐ ജില്ലാ സെക്രട്ടറി സി.കെ. ശശിധരന്റെ മറുപടി. സി.പി.ഐയാണ് രണ്ടാം സ്ഥാനത്തുള്ളത്. അടുത്ത മാസം നടക്കുന്ന ജില്ലാ സമ്മേളനത്തിൽ സി.പി.എമ്മിന് ചുട്ടമറുപടി നൽകണമെന്നാണ് ഭൂരിഭാഗം സി.പി.ഐ നേതാക്കളുടെയും അഭിപ്രായം.

# കാണിക്കാർക്ക് ലഭിച്ച പുരസ്കാരവും പണവും തിരികെ നൽകണം

**കേരളകൗമുദി വാർത്തയിലെ പരാമർശങ്ങൾ അന്വേഷിക്കണമെന്ന് ആദിവാസി മഹാസഭ**

▸എസ്.കിരൺബാബു


കുട്ടിമാത്തൻ


'ആ പണം കാണി സമുദായത്തിന്'

കേരളകൗമുദി പ്രസിദ്ധീകരിച്ച പരമ്പര

KAUMUDI FOLLOW UP

തിരുവനന്തപുരം. 2002 ൽ കേരള കാണി സമുദായ ക്ഷേമ ട്രസ്റ്റിന് ലഭിച്ച യു.എൻ.ഡി.പിയുടെ (യുണൈറ്റഡ് നേഷൻ ഡെവലപ്മെന്റ് പ്രോഗ്രാം) ഇക്വേറ്റർ പുരസ്കാരവും തുകയും ആദിവാസികൾക്ക് തിരിച്ചു നൽകണമെന്ന് കേരള ആദിവാസി മഹാസഭ സംസ്ഥാന പ്രസിഡന്റ് മോഹനൻ ത്രിവേണി ആവശ്യപ്പെട്ടു. പ്രസ് ക്ലബിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കാണിക്കാർക്ക് ലഭിച്ച പുരസ്കാരം പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെ.എൻ.ടി.ബി.ജി.ആർ.ഐ) മുൻ ഡയറക്ടർ ഡോ. പുഷ്പാംഗദൻ തട്ടിയെടുക്കുകയായിരുന്നെന്നും ഇക്കാര്യം സർക്കാർ അന്വേഷിക്കണമെന്നും അദ്ദേഹം പറഞ്ഞു.

കേരളകൗമുദിയിൽ പ്രസിദ്ധീകരിച്ച 'ജീവനിയാകാൻ' ആരോഗ്യപ്പച്ച എന്ന പരമ്പരയെ തുടർന്നാണ് ആദിവാസി മഹാസഭയുടെ നേതൃത്വത്തിൽ വാർത്താസമ്മേളനം വിളിച്ചത്. 1987 ൽ ആരോഗ്യപ്പച്ചയെന്ന അദ്ഭുത സസ്യത്തെ ഗവേഷകർക്ക് കാട്ടിക്കൊടുത്ത കോട്ടൂരിലെ ചോനാംപാറയിലുള്ള കുട്ടിമാത്തൻകാണിയും മല്ലൻ കാണിയും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു. കേരളകൗമുദിയിലെ പരമ്പര വായിച്ചപ്പോഴാണ് തങ്ങളോട് ചെയ്ത ചതി തിരിച്ചറിഞ്ഞതെന്നും ഡോ. പുഷ്പാംഗദനെപ്പോലുള്ളവരെ എതിർക്കാനുള്ള ശേഷി ആദിവാസികൾക്കില്ലെന്നും കുട്ടിമാത്തൻ കാണി വിതുമ്പലോടെ പറഞ്ഞു. അന്ന് ജോഹന്നാൻസ് ബർഗിൽ അന്താരാഷ്ട്ര ഭൗമ ഉച്ചകോടിയോട് അനുബന്ധിച്ച് നടന്ന യു.എൻ ഇക്വേറ്റർ ഇനിഷ്യേറ്റീവ് ചടങ്ങിൽ ഡോ. പുഷ്പാംഗദനൊപ്പം കാണിക്കാരുടെ പ്രതിനിധിയായി പോയത് താനായിരുന്നു.

വർഷങ്ങൾക്ക് മുമ്പ് ഇക്കാര്യങ്ങൾ പല ചാനലുകളിലും പത്രങ്ങളിലും വന്നെങ്കിലും തനിക്ക് വ്യക്തിഗതമായി ലഭിച്ച പുരസ്കാരം എന്നായിരുന്നു ഡോ. പുഷ്പാംഗദന്റെ വിശദീകരണം.

#### മുഖ്യമന്ത്രിക്ക് പരാതി നൽകും

പുരസ്കാരത്തെയും തുകയെയും പറ്റി കേരളകൗമുദിയിൽ വന്ന വാർത്ത സർക്കാർ ഗൗരവകരമായി എടുക്കണമെന്നും ഇതുസംബന്ധിച്ചുള്ള പരാതി മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രി എ.കെ ബാലൻ, സംസ്ഥാന ഗോത്രവർഗ കമ്മീഷൻ, എന്നിവർക്ക് നൽകുമെന്നും മോഹൻ ത്രിവേണിയും വി. ഉദയകുമാറും അറിയിച്ചു.


Kerala Kani Community Welfare Trust

യു.എൻ.ഡി.പിയുടെ വെബ്സൈറ്റിൽ കാണി ട്രസ്റ്റിനാണ് പുരസ്കാരം എന്ന് പറഞ്ഞിരിക്കുന്നു

## എൻ.സി.പിയെ വെട്ടിലാക്കി കുരുക്ക് വീണ്ടും മുറുകി

# കേസ് നീളും; മന്ത്രിസ്ഥാനവും

▸സി.പി. ശ്രീഹർഷൻ



തിരുവനന്തപുരം: എ.കെ. ശശീന്ദ്രനെതിരായ ഫോൺ കെണി കേസ് ഒത്തുതീർപ്പാക്കാൻ അഭ്യർത്ഥിച്ച് പരാതിക്കാരി ഹൈക്കോടതിയിൽ നൽകിയ ഹർജി പിൻവലിച്ചതും തോമസ് ചാണ്ടിക്കെതിരെ കേസെടുക്കാൻ വിജിലൻസ് കോടതി നിർദ്ദേശിച്ചതും എൻ.സി.പി സംസ്ഥാന നേതൃത്വത്തെ വെട്ടിലാക്കി. മന്ത്രിസ്ഥാനം വീണ്ടെടുക്കാമെന്ന എൻ.സി.പി നേതൃത്വത്തിന്റെ പ്രതീക്ഷയ്ക്കേറ്റ കനത്ത അടിയാണ് പുതിയ സംഭവവികാസങ്ങൾ. കേസുകൾ നീളാമെന്നിരിക്കെ, പകരം മന്ത്രിയാരെന്ന ചോദ്യം ഇടത് മുന്നണിയിലും സജീവമാവുകയാണ്.

സി.പി.എമ്മിന്റെയും സി.പി.ഐയുടെയും പാർട്ടി സമ്മേളനങ്ങൾ സമാപിക്കുന്നതോടെ മന്ത്രിക്കാര്യത്തിൽ മുന്നണി ചർച്ചയിലേക്ക് കടന്നേക്കും. എന്നാൽ, എൻ.സി.പി ഇപ്പോഴും ഘടകകക്ഷി എന്ന നിലയിൽ അവകാശവാദമുയർത്തി നിൽക്കുകയാണ്. കേസുകൾ തീർപ്പാകുന്ന മുറയ്ക്ക് എൻ.സി.പിക്ക് മന്ത്രിസ്ഥാനം അനുവദിക്കാമെന്ന വ്യവസ്ഥയിൽ സി.പി.എം പുതിയ മന്ത്രിയെ നിയമിക്കുമെന്ന അഭ്യൂഹമുണ്ട്. 19 അംഗ മന്ത്രിസഭയാണിപ്പോൾ. 21 പേർ വരെയാകാം. 19 മന്ത്രിമാർ മതിയെന്ന മാനദണ്ഡം അധികാരത്തിലേറുമ്പോൾ സ്വയം നിശ്ചയിച്ചതാണെന്നിരിക്കെ, മാറ്റത്തിന് പിണറായി വിജയൻ തയ്യാറാകുമോയെന്നാണറിയേണ്ടത്.

ബന്ധുനിയമന കേസിൽ കുറ്റവിമുക്തനായ ഇ.പി. ജയരാജന് പുനഃപ്രവേശം സാദ്ധ്യമാകുമോയെന്ന ചോദ്യവുമുയരുന്നു. ഫോൺ കെണി കേസിൽ പരാതിക്കാരി ഹൈക്കോടതിയെ സമീപിച്ചതോടെയാണ് മജിസ്ട്രേട്ട് കോടതിയിലെ കേസ് നടപടി ഹൈക്കോടതി സ്റ്റേ ചെയ്തത്. ഹർജി പിൻവലിച്ച സ്ഥിതിക്ക് സ്റ്റേ നീക്കപ്പെടും. വിചാരണ തുടരേണ്ടിവരും. ഹൈക്കോടതിയിൽ നിന്ന് പ്രതികൂല വിധി ഭയന്നാകാം പരാതിക്കാരി ഹർജി പിൻവലിച്ചതെന്ന് എൻ.സി.പി നേതൃത്വം കരുതുന്നുണ്ട്.

മജിസ്ട്രേട്ട് കോടതിയിൽ വിചാരണ തുടരുമ്പോൾ ശശീന്ദ്രന് അനുകൂല സാഹചര്യമുണ്ടാകാമെന്ന പ്രതീക്ഷയും അവർക്കുണ്ട്. എന്നാൽ കേസ് എത്ര നാൾ നീളുമെന്ന് പറയാനാവാത്ത സ്ഥിതിയാണ് തിരിച്ചടിയാവുന്നത്. വിജിലൻസിന്റെ ത്വരിത പരിശോധനയിലാണ് തോമസ് ചാണ്ടിക്കെതിരായ കേസിൽ കഴമ്പുണ്ടെന്ന നിഗമനമുണ്ടായത്. സർക്കാർ വാദവും ചാണ്ടിക്കെതിരായി. കേസെടുക്കാൻ വിജിലൻസ് കോടതി നിർദ്ദേശിച്ച സ്ഥിതിക്ക് അതും എത്രനാൾ വേണമെങ്കിലും നീളാം.

#### ലയന ചർച്ച സജീവമാകും

മന്ത്രിസ്ഥാന പ്രതീക്ഷ നിലനിറുത്താൻ ആർ. ബാലകൃഷ്ണപിള്ളയുടെ കേരള കോൺഗ്രസുമായുള്ള ലയനനീക്ക ചർച്ചകൾ എൻ.സി.പി നേതൃത്വത്തിലെ ഒരു വിഭാഗം ശക്തമാക്കാനാണിട. അതിപ്പോൾ ആലോചനാഘട്ടത്തിൽ മാത്രമെന്നാണ് മുതിർന്ന നേതാവ് കേരളകൗമുദിയോട് പ്രതികരിച്ചത്.

### കേസ് തീർപ്പാക്കണമെന്ന ഹർജി പരാതിക്കാരി പിൻവലിച്ചു

കൊച്ചി: ഫോൺകെണി വിവാദവുമായി ബന്ധപ്പെട്ട് മുൻമന്ത്രി എ.കെ. ശശീന്ദ്രനെതിരെ നൽകിയ പരാതിയിലെ തുടർ നടപടികൾ റദ്ദാക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ നൽകിയ ഹർജി പരാതിക്കാരിയായ മാദ്ധ്യമ പ്രവർത്തക പിൻവലിച്ചു. കേസിൽ ശശീന്ദ്രൻ വിചാരണ നേരിടേണ്ടി വരുമെന്ന കാര്യം ഇതോടെ ഏറക്കുറെ ഉറപ്പായി.

ഇന്നലെ ഹർജി പരിഗണിക്കുമ്പോൾ പൊതുതാത്പര്യമുള്ളതു കൊണ്ടല്ലേ സർക്കാർ അന്വേഷണ കമ്മിഷനെ നിയോഗിച്ചതെന്ന് ഹൈക്കോടതി ചോദിച്ചു. സർക്കാരിന്റെ നിലപാടും തേടി. രണ്ട് സ്വകാര്യ വ്യക്തികൾ തമ്മിലുള്ള പ്രശ്നമാണിതെന്നും കേസിലെ ഒരു വകുപ്പൊഴിച്ച് മറ്റെല്ലാത്തിലും ജാമ്യം ലഭിക്കുമെന്നും സർക്കാർ അഭിഭാഷകൻ വ്യക്തമാക്കി. വാദിയും പ്രതിയും ഒത്തുതീർപ്പിലെത്തിയാൽ വിചാരണ നന്നായി നടത്താൻ പ്രോസിക്യൂഷന് കഴിയില്ലെന്നും വിശദീകരിച്ചു. അന്വേഷണ കമ്മിഷൻ ശശീന്ദ്രനെ കുറ്റവിമുക്തനാക്കിയെന്ന് അദ്ദേഹത്തിന്റെ അഭിഭാഷകനും അറിയിച്ചു.

എന്നാൽ, കേസിൽ കക്ഷി ചേരാൻ ഹർജി നൽകിയവർ ഇതിനെ എതിർത്തു. വാദിയും പ്രതിയും മാത്രമല്ല സമൂഹം കൂടി കക്ഷിയായ കേസാണിതെന്നും ഒത്തുതീർപ്പാക്കാൻ അനുവദിക്കരുതെന്നും ഇവർ വാദിച്ചു. കേസിലെ തുടർനടപടികൾ അവസാനിപ്പിക്കണമെന്ന പരാതിക്കാരിയുടെ ആവശ്യം തിരുവനന്തപുരം സി.ജെ.എം കോടതി നിരസിച്ചതാണെന്നും അറിയിച്ചു. മഹിളാ മോർച്ച സംസ്ഥാന പ്രസിഡന്റ് രേണു സുരേഷടക്കമുള്ളവരാണ് കക്ഷി ചേരാൻ ഹർജി നൽകിയിരുന്നത്. ഈ വാദം കണക്കിലെടുത്ത ഹൈക്കോടതി ഇത്തരം കേസുകളിൽ ഗൗരവമേറിയ നിലപാടാണ് വേണ്ടതെന്ന് അഭിപ്രായപ്പെട്ടു. ഹർജി വിധിപറയാൻ മാറ്റുകയാണെന്നും അതിന് മുമ്പ് ഹർജി പിൻവലിക്കുന്നോ എന്ന് പരാതിക്കാരി അറിയിക്കണമെന്നും വ്യക്തമാക്കി. ഉച്ചയ്ക്ക് 1.45ന് വീണ്ടും പരിഗണിച്ചപ്പോൾ ഹർജി പിൻവലിക്കുകയാണെന്ന് പരാതിക്കാരി അറിയിച്ചു. കോടതി ഇതനുവദിച്ചു.


ശശീന്ദ്രൻ വിചാരണ നേരിടേണ്ടി വന്നേക്കും

# ടൂറിസ്റ്റ് ബസ് അപകടത്തിൽപ്പെട്ടു 36 വിദ്യാർത്ഥികൾക്ക് പരിക്ക്

കോഴിക്കോട്: സ്കൂളിൽ നിന്ന് വിനോദയാത്രയ്ക്കെത്തിയ സംഘം സഞ്ചരിച്ച ബസ്സ് നിയന്ത്രണം വിട്ട് റോഡരികിലെ വീട്ടിലേക്ക് പാഞ്ഞു കയറി 36 വിദ്യാർത്ഥികൾക്കും മൂന്ന് അദ്ധ്യാപകർക്കും പരിക്കേറ്റു. നാലു വിദ്യാർത്ഥികൾക്കാണ് സാരമായി പരിക്കേറ്റത്. പയ്യന്നൂർ ഷേണായീസ് എച്ച്.എസ്.എസിൽ നിന്നുള്ള വിനോദയാത്ര സംഘമാണ് അപകടത്തിൽ പെട്ടത്.

പുതിയാപ്പ വളവിൽ നിയന്ത്രണം വിട്ട ബസ്സ് റോഡിന്റെ താഴ് ഭാഗത്തുള്ള തെക്കേതൊടി സച്ചിതാനന്ദന്റെ വീട്ടിലേക്കാണ് ഇടിച്ചു കയറിയത്. വീട്ടിലുണ്ടായിരുന്നവർക്ക് പരിക്കേറ്റില്ല. സച്ചിതാനന്ദന്റെ ഗർഭിണിയായ ഭാര്യയെ ശാരീരിക അസ്വാസ്ഥ്യത്തെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ രാവിലെ കോഴിക്കോട്ടെത്തി പ്ലാനറ്റേറിയവും ബീച്ചും കണ്ട് കാപ്പാട്ടേക്ക് മടങ്ങുമ്പോൾ വൈകുന്നേരം 3.20നാണ് അപകടം. പരിക്കേറ്റവരെ ആദ്യം ബീച്ച് ആശുപത്രിയിലും തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളജിലേക്കും മാറ്റി. മൂന്നു പേരെ സ്വകാര്യ ആസ്പത്രിയിൽ പ്രവേശിപ്പിച്ചു.

ഇർഷാദ്, രാധാമണി, ജയശ്രീ, ആര്യ, ആദർശ്, അഭിരാമി, സുരഭി, നന്ദന, കാർത്തിക്, അഗ്നസ്, ശ്രീനാഥ്, നവനീത്, ശ്രീരാഗ്, നിരഞ്ജൻ, വിജയ്, റിൻഷ, അഭിഷേക് തുടങ്ങിയവർക്കാണ് പരിക്കേറ്റത്.

അപകടം നടന്നയുടനെ നാട്ടുകാരാണ് രക്ഷാപ്രവർത്തനം നടത്തിയത്. ഉടൻ എത്തിയ ഫയർഫോഴ്സും പൊലീസും അപകടത്തിൽ പെട്ടവരെ ആസ്പത്രിയിൽ എത്തിക്കാൻ സഹായിച്ചു.

### സർക്കാർ വിവേചനം തുടരുന്നു: വെള്ളാപ്പള്ളി

പറവൂർ: ദുരന്തങ്ങളുണ്ടാകുമ്പോൾ ആശ്വാസം നൽകുന്ന കാര്യത്തിൽ സർക്കാർ ഇരട്ടത്താപ്പ് തുടരുന്നത് ശരിയല്ലെന്ന് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ പറഞ്ഞു. കുഞ്ഞിത്തൈ എസ്.എൻ എൽ.പി സ്കൂൾ സുവർണ ജൂബിലി മന്ദിരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ശക്തനും നട്ടെല്ല് വളയാത്തവനുമായ മുഖ്യമന്ത്രിയെ ഒരു സമുദായം 'റാ' പോലെയാക്കി നിറുത്തി. നഷ്ടപരിഹാരം എത്ര തവണ കൂട്ടി, മക്കൾക്ക് ജോലിയും വീടും വള്ളവും വലയും കൊടുക്കാമെന്നു പറഞ്ഞു. എന്നിട്ടും പോരെന്നാണ്. ഇത് സംഘടിത സമുദായശക്തിയുടെ കരുത്താണ്. ചോദിക്കും മുമ്പ് എസ്.എൻ.ഡി.പി യോഗം പത്ത് ലക്ഷം രൂപ സംഭാവന നൽകി. ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ എല്ലാ ജനവിഭാഗങ്ങളോടും ഒരേ സമീപനം വേണം. കോഴിക്കോട്ട് കഴിഞ്ഞ ദിവസം നാല് കുട്ടികൾ മുങ്ങി മരിച്ചപ്പോൾ എന്താണ് കൊടുത്തത്. എത്ര ചെത്തുകാരാണ് തെങ്ങിൽ നിന്നു വീണ് മരിച്ചത്. നട്ടെല്ല് ഒടിഞ്ഞ് കിടക്കുന്നവർ നൂറുകണക്കിനുണ്ട്. ഇവരെ ആരും സഹായിച്ചില്ല. സംഘടിത മതശക്തിയും വോട്ട് ബാങ്ക് രാഷ്ട്രീയവും നിലനിൽക്കുന്നിടത്തോളം നാട്ടിൽ സമൂഹ്യ നീതി കിട്ടുമെന്ന് ആരും പ്രതീക്ഷിക്കേണ്ടെന്ന് വെള്ളാപ്പള്ളി പറഞ്ഞു.

## ചൈനയെയും കൊറിയയെയും താരതമ്യം ചെയ്തില്ല: പിണറായി

**വാർത്തയോട് നീതികാട്ടണം**

കൊല്ലം: ചൈനയെയും ഉത്തര കൊറിയയെയും താരതമ്യം ചെയ്ത് താൻ പ്രസംഗിച്ചതായി മലയാളത്തിലെ ഒരു പ്രമുഖ പത്രം തെറ്റായി വാർത്ത നൽകിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

ആഗോള കേരളീയ മാദ്ധ്യമ സംഗമം കൊല്ലം ബീച്ച് ഹോട്ടലിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ചൈനയിൽ നിന്ന് വ്യത്യസ്തമായി ഉത്തരകൊറിയയാണ് കൂടുതൽ സാമ്രാജ്യത്വ വിരുദ്ധ നിലപാട് സ്വീകരിക്കുന്നതെന്ന് താൻ സി.പി.എം കോഴിക്കോട് ജില്ലാ സമ്മേളനത്തിൽ പ്രസംഗിച്ചതായാണ് പത്രം റിപ്പോർട്ട് ചെയ്തത്. ദേശീയ മാദ്ധ്യമങ്ങൾ ഇതേറ്റെടുത്തു. സാർവദേശീയ സംഭവവികാസങ്ങൾ പറഞ്ഞപ്പോൾ ഓരോ രാജ്യത്തെയും സ്ഥിതിഗതികൾ സംബന്ധിച്ച് വിശദീകരിച്ചിരുന്നു. ചൈനയെക്കുറിച്ച് പറഞ്ഞു. ഉത്തര കൊറിയയെക്കുറിച്ചും പറഞ്ഞു. പക്ഷേ രണ്ട് രാജ്യങ്ങളെയും താരതമ്യം ചെയ്ത് ഒന്നും പറഞ്ഞിരുന്നില്ല. തെറ്റായി വാർത്ത നൽകിയ പത്രത്തിന്റെ മുഖ്യപത്രാധിപരെ വിളിച്ച് കാര്യം അന്വേഷിച്ചിരുന്നു. മാദ്ധ്യമങ്ങളുടെ ഇത്തരം നിലപാട് ഗുണകരമല്ല. വാർത്തയോട് നീതികാട്ടുന്ന രീതിയുണ്ടാകണം.

കേരളത്തിന്റെ വികസന കാര്യത്തിൽ എല്ലാവർക്കും അഭിപ്രായം പറയാൻ അവസരം ഉണ്ടാകണമെന്നും അദ്ദേഹം തുടർന്ന് പറഞ്ഞു. മീഡിയ അക്കാഡമി ചെയർമാൻ ആർ.എസ്. ബാബു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മന്ത്രി ജെ.മേഴ്സിക്കുട്ടി അമ്മ, ഡോ. ഡി. ബാബുപോൾ, നോർക്ക എക്സിക്യൂട്ടിവ് വൈസ് ചെയർമാൻ കെ. വരദരാജൻ തുടങ്ങിയവർ സംസാരിച്ചു.



# പൊലീസിന്റെ തോളത്തും ഇനി കണ്ണ്


കാമറയുമായി പൊലീസ്

▸പ്രത്യേക ലേഖകൻ

തിരുവനന്തപുരം: തോളത്ത് കാമറയുമായി ചുറ്റുന്ന പൊലീസിനെ ചില ഹോളിവുഡ് ചിത്രങ്ങളിൽ കാണാറുണ്ട്. തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ ഇന്നുമുതൽ 25 പൊലീസുകാർ യൂണിഫോമിൽ കാമറ ഘടിപ്പിച്ചെത്തും. പരീക്ഷണ പദ്ധതിയുടെ ഉദ്ഘാടനം ഇന്നലെ പൊലീസ് ആസ്ഥാനത്ത് ഡി.ജി.പി ലോക്നാഥ് ബെഹ്റ നിർവഹിച്ചു. ഡി.ജി.പിയുടെ കമ്പ്യൂട്ടറിലും പൊലീസ് ആസ്ഥാനത്തെ ഡി.ജി.പി കൺട്രോൾറൂമിലും എല്ലാദൃശ്യങ്ങളും തത്സമയം കാണാം. ഗതാഗത നിയന്ത്രണത്തിനുള്ള പൊലീസുകാർക്ക് ബോഡികാമറ നൽകണമെന്ന് രാജ്യസഭാ സെലക്ട് കമ്മിറ്റി ശുപാർശ ചെയ്തിരുന്നു. ഇതിനുപിന്നാലെയാണ് പട്രോളിംഗ്, ഗതാഗതനിയന്ത്രണം, ക്രമസമാധാനപാലനം എന്നിവ കൂടുതൽ കാര്യക്ഷമമാക്കാൻ ബോഡികാമറകൾ വാങ്ങിയത്. മിനിരത്ന കമ്പനിയായ മുംബയിലെ ബ്രോഡ്കാസ്റ്റിംഗ് കൺസൾട്ടന്റ് ഇന്ത്യ ലിമിറ്റഡ് നിർമ്മിച്ച ബ്രോഡ്കാസ്റ്റിംഗ് സംവിധാനമുള്ള 50 കാമറകളാണ് ആദ്യഘട്ടത്തിൽ വാങ്ങിയത്. ഒരുവർഷം ഓൺസൈറ്റ് വാറണ്ടിയുണ്ട്. കാമറ തകരാറിലായാൽ മുംബയ് കമ്പനിയുടെ ജീവനക്കാർ ഇവിടെയെത്തി അറ്റകുറ്റപ്പണി നടത്തണം. കരാർതുകയുടെ 5 ശതമാനം ബാങ്ക്ഗാരന്റിയും പൊലീസ് വാങ്ങിയിട്ടുണ്ട്. അറ്റകുറ്റപ്പണി നടത്തിയില്ലെങ്കിൽ ഈ തുക പിഴയായി ഈടാക്കും. ഒരുവർഷത്തിനുശേഷം വാർഷിക അറ്റകുറ്റപ്പണിക്ക് കരാറൊപ്പിടും.

### സ്മാർട്ടോട് സ്മാർട്ട്

- റസല്യൂഷൻ കുറഞ്ഞ ചിത്രങ്ങളും ദൃശ്യങ്ങളുമായതിനാൽ വേഗത്തിൽ ട്രാൻസ്മിറ്റ് ചെയ്യാനാവും. അന്വേഷണത്തിനും തെളിവിനുമായി ദൃശ്യങ്ങൾ റെക്കാഡ് ചെയ്യാൻ കാമറയിലെ ഇൻബിൽറ്റ് 64 ജിബി മെമ്മറിയുണ്ട്. എല്ലാദിവസവും റെക്കാഡിംഗ് കൺട്രോൾറൂമിൽ ശേഖരിക്കും. മുംബയ് കമ്പനിയുടെ സെർവറിലൂടെയാണ് തത്സമയ സംപ്രേഷണം.
- കൺട്രോൾറൂമുകളിലടക്കം പത്തിടത്ത് ലൈവായി വീഡിയോ കാണാം. ഇതിനായി ഉദ്യോഗസ്ഥർക്ക് പാസ്‌വേർഡ് നൽകും. ആവശ്യമെങ്കിൽ നാഷണൽ എമർജൻസി റെസ്പോൺസ് സിസ്റ്റം കൺട്രോൾ റൂമിലേക്കും ദൃശ്യങ്ങൾ നൽകാം. ജി.പി.എസ് സൗകര്യമുള്ളതിനാൽ പട്രോളിംഗ് കൃത്യമാണോയെന്നും നിരീക്ഷിക്കാനാവും.

ഒഡിഷ, പഞ്ചാബ്, ഡൽഹി, ബംഗളൂരു, ഹൈദരാബാദ്, കൊൽക്കത്ത പൊലീസുകളിൽ ബോഡി കാമറകളുണ്ട്



"ക്രമസമാധാനം കൂടുതൽ കാര്യക്ഷമമാക്കുകയാണ് ലക്ഷ്യം. ഇക്കൊല്ലം തന്നെ സംസ്ഥാനത്തുടനീളം പദ്ധതി നടപ്പാക്കും. അത്യാധുനിക കാമറകളാണ് വാങ്ങിയിട്ടുള്ളത്"

-ലോക്നാഥ് ബെഹ്റ
പൊലീസ് മേധാവി

കാമറകളിലെ പുഷ്-ടു-ടാക് സംവിധാനമുപയോഗിച്ച് ടു വേ കമ്മ്യൂണിക്കേഷൻ സാദ്ധ്യമാവും

ഒരുകാമറയുടെ വില **30,000** രൂപ
സോഫ്ട്‌വെയറടക്കം വില **50,000**

## സർക്കാർ നിലപാട് നിഷേധം: ചെന്നിത്തല



തിരുവനന്തപുരം: കെ.എസ്.ആർ.ടി.സി പെൻഷൻ ബാദ്ധ്യത ഏറ്റെടുക്കാൻ സർക്കാർ തയാറല്ലെന്ന ധനമന്ത്രിയുടെ നിലപാട് അംഗീകരിക്കാനാവില്ലെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പ്രസ്താവനയിൽ പറഞ്ഞു. അഞ്ച് മാസമായി പെൻഷൻ വിതരണം മുടങ്ങിയിട്ട്. രോഗപീഡകളും കുടുംബപ്രശ്നങ്ങളും മൂലം നട്ടം തിരിയുന്ന പെൻഷൻകാരിൽ പലരും ആത്മഹത്യയുടെ വക്കിലാണ്. ഇതൊരു മാനുഷിക പ്രശ്നമായി എടുത്ത് സ്ഥായിയായ പരിഹാരം കണ്ടെത്താതെ അവരെ കൈയൊഴിയുന്ന ധനമന്ത്രിയുടെ നിലപാട് ധിക്കാരപരമാണെന്നും ചെന്നിത്തല പറഞ്ഞു.





## കോട്ടാത്തല ശ്രീകുമാറിന് പ്രവാസിഭാരതി പുരസ്കാരം

കുണ്ടറ: പ്രവാസിഭാരതീയ ദിനാഘോഷത്തോടനുബന്ധിച്ച് പ്രവാസി ഭാരതി ന്യൂസ് ബുള്ളറ്റിനും എൻ.ആർ.ഐ കോ ഓർഡിനേഷൻ കൗൺസിലും ചേർന്ന് ഏർപ്പെടുത്തിയ പ്രവാസി ഭാരതി മാദ്ധ്യമ പുരസ്കാരം കേരളകൗമുദി കുണ്ടറ ലേഖകൻ കോട്ടാത്തല ശ്രീകുമാറിന്.

ജൂൺ 1ന് കേരളകൗമുദിയിൽ പ്രസിദ്ധീകരിച്ച 'ദാരിദ്ര്യം ബാഗിൽ നിറച്ച് ഈ മക്കൾ സ്കൂളിലേക്ക്' എന്ന വാർത്തയെ മുൻനിറുത്തിയാണ് പുരസ്കാരമെന്ന് പ്രവാസിഭാരതി ബുള്ളറ്റിൻ ചീഫ് എഡിറ്റർ പ്രവാസിബന്ധു എസ്. അഹമ്മദ് അറിയിച്ചു. ശില്പവും പ്രശസ്തിപത്രവും അടങ്ങുന്ന പുരസ്കാരം 11ന് തിരുവനന്തപുരം കോർബാങ്ക് ടവർ ഹാളിൽ ചേരുന്ന സമ്മേളനത്തിൽ കർണാടക ഭക്ഷ്യമന്ത്രി യു.ടി. ഖാദർ നൽകും. മന്ത്രി മാത്യു ടി. തോമസ് പ്രശസ്തിപത്രം കൈമാറും. എൻ.കെ. പ്രേമചന്ദ്രൻ എം.പിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനം സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ, കേന്ദ്ര വിദേശകാര്യ വകുപ്പ് ഡയറക്ടർ എം.എച്ച്. കന്യാർ എന്നിവർ പങ്കെടുക്കും.

## ക്ലാസ് ഫോർ പരീക്ഷ 21ന്

തിരുവനന്തപുരം: കാർഷിക സർവകലാശാലയുടെ ക്ലാസ് ഫോർ തസ്തികയിലേക്കുള്ള നിയമനത്തിനുള്ള ഒ.എം.ആർ പരീക്ഷ 21ന് തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ നടത്തും. ഹാൾടിക്കറ്റ് ലഭിക്കാത്തവർ www.lbskerala.com ൽ നിന്ന് ഡൗൺലോഡ് ചെയ്യണം. ഫോൺ- 0471 -2560312, 2560313

# പെൻഷൻ ഏറ്റെടുക്കാനാവില്ല

# കെ.എസ്.ആർ.ടി.സിയെ കൈവിടില്ല: മന്ത്രി തോമസ് ഐസക്

## ■ കമ്മി നികത്താൻ ബഡ്ജറ്റിൽ 1000 കോടി നൽകാൻ തീരുമാനം

തിരുവനന്തപുരം: കെ.എസ്.ആർ.ടി.സിയെ ഇനിയും ചുമക്കാനാവില്ലെന്ന് കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ തിരുത്തലുമായി ധനമന്ത്രി തോമസ് ഐസക്. കെ.എസ്.ആർ.ടി.സിയെ കരകയറ്റാൻ സർക്കാർ സഹായിക്കില്ലെന്ന് ഗതാഗത സെക്രട്ടറി കോടതിയിൽ പറഞ്ഞിട്ടില്ലെന്നും പെൻഷൻ ബാദ്ധ്യത ഏറ്റെടുക്കില്ലെന്നും സാമ്പത്തിക പാക്കേജുകളും പുനർനിർമ്മാണ പദ്ധതികളും ഉപയോഗിച്ച് പെൻഷനും ശമ്പളവും നൽകാൻ അവരെ പ്രാപ്തമാക്കുമെന്നാണ് പറഞ്ഞതെന്നും മന്ത്രി ഐസക് ഫേസ് ബുക്കിലൂടെ അറിയിച്ചു.



തോമസ് ഐസക്

കെ.എസ്.ആർ.ടി.സി പ്രതിസന്ധിക്ക് കാരണം സർക്കാർ വരുത്തിവച്ച പെൻഷൻ ബാദ്ധ്യതയാണെന്ന വാദം ശരിയല്ല. പത്തുമാസത്തെ പെൻഷൻ ബാദ്ധ്യത 600 കോടിയാണ്. പകുതി വഹിക്കാമെന്നാണ് സർക്കാരുമായുള്ള ധാരണയെങ്കിലും ഇതുവരെ സർക്കാർ 630 കോടി നൽകി. എന്നിട്ടും പ്രതിസന്ധി തീർന്നില്ലെന്നതിൽ നിന്ന് ഇക്കാര്യം വ്യക്തമാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുന്നത് നയപരമായ തീരുമാനമായതിനാൽ കെ.എസ്.ആർ.ടി.സി.യുടെ പെൻഷൻ ബാദ്ധ്യത സർക്കാരിനേറ്റെടുക്കാനാവില്ല.

കെ.എസ്. ആർ. ടി. സിക്ക് പെൻഷൻ, ശമ്പളം നൽകാൻ 630 കോടിയും വായ്പാ ഗാരന്റിയായി 505 കോടിയും ബഡ്ജറ്റ് വിഹിതമായി 47 കോടിയും ബസ് വാങ്ങാൻ കിഫ്ബി വഴി 325 കോടിയും ഉൾപ്പെടെ ഇതുവരെ 1507 കോടി നൽകി. പുനഃസംഘടനാ പാക്കേജുമായി ബന്ധപ്പെട്ട് ബാങ്കുകളുമായുണ്ടാക്കിയ ധാരണയനുസരിച്ച് വരുന്ന രണ്ടുവർഷങ്ങളിൽ കമ്മി നികത്താൻ ബഡ്ജറ്റിൽ 1000 കോടി നൽകാനും തീരുമാനിച്ചിട്ടുണ്ട്.





പൊതുമേഖലകളെ സംരക്ഷിക്കുന്നത് ഇടതുമുന്നണി നയമാണ്. സംസ്ഥാനത്തെ പൊതുമേഖലകളുടെ മൊത്തം നഷ്ടം 202 കോടിയായിരുന്നത് 40 കോടിയുടെ ലാഭത്തിലേക്ക് മാറ്റിയത് സർക്കാരിന്റെ ഈ നയത്തിന്റെ വിജയമാണ് - ഐസക് അറിയിച്ചു.

## ആർ.സി.സി തെറ്റ് തിരുത്തി

# സുകൃതം: പാവങ്ങൾക്ക് വീണ്ടും സൗജന്യ ചികിത്സ

◗ കെ.എസ്.അരവിന്ദ്

തിരുവനന്തപുരം: സൗജന്യ കാൻസർ ചികിത്സാ പദ്ധതിയായ സുകൃതത്തിലേക്ക് പുതിയ രോഗികളെ ചേർക്കേണ്ടെന്ന നിർദ്ദേശം ആർ.സി.സി അഡിഷണൽ ഡയറക്ടർ പിൻവലിച്ചു. പുതിയ രോഗികളെ ഉൾപ്പെടുത്താനും, ചിസ് പ്ലസ് കാർഡ്, കാരുണ്യ എന്നീ പദ്ധതികൾക്ക് ശേഷം ആവശ്യാനുസരണം സുകൃതത്തിലേക്ക് രോഗികളെ ചേർക്കാനും നിർദ്ദേശിച്ച് പുതിയ സർക്കുലർ ഇറക്കി.

സാധാരണക്കാരായ കാൻസർ രോഗികൾക്ക് സുകൃതം നിഷേധിച്ച് ആ.സി.സി ഡിസംബർ 21നാണ് സർക്കുലർ ഇറക്കിയത്. പിന്നാലെ 30ന് കേരളകൗമുദി വാർത്ത പ്രസിദ്ധീകരിച്ചു. ആരോഗ്യ മന്ത്രി കെ.കെ. ശൈലജ വിഷയത്തിൽ ഇടപെടുകയും പദ്ധതി നിറുത്തില്ലെന്ന് ഉറപ്പ് നൽകുകയും ചെയ്തു. ഒടുവിൽ, പാവങ്ങൾക്ക് ആശ്വാസമായ സൗജന്യ ചികിത്സാ പദ്ധതി തുടരുമെന്ന് അഡിഷണൽ ഡയറക്ടർ തന്നെ പുതിയ സർക്കുലർ ഇറക്കിയിരിക്കയാണ്.



### സുകൃതം കനിയുന്നത് 3 ലക്ഷം വരെ

ചിസ് പ്ലസ് കാർഡിന്റെയും കാരുണ്യയുടെയും പരിധി കഴിഞ്ഞ രോഗികളെ ജനുവരി ഒന്നുമുതൽ സുകൃതത്തിൽ ചേർക്കാതെ പ്രധാനമന്ത്രിയുടെ ധനസഹായ നിധിയിലേക്കായിരുന്നു തള്ളിവിട്ടിരുന്നത്. അൻപതിനായിരം രൂപയാണ് പരമാവധി ലഭിക്കുന്നത്. മാസങ്ങൾ കാത്തിരിക്കുകയും വേണം. സുകൃതം നിലച്ചതറിഞ്ഞ് നിരവധി രോഗികളും ബന്ധുക്കളുമാണ് കഴിഞ്ഞ ദിവസങ്ങളിൽ കണ്ണീരോടെ ആർ.സി.സിയിൽ നിന്ന് മടങ്ങിയത്. 3 ലക്ഷം വരെയുള്ള സൗജന്യ ചികിത്സയാണ് സുകൃതത്തിലൂടെ ലഭിക്കുന്നത്.


## ചെന്നൈയിലേക്ക് പുതിയ ഇൻഡിഗോ സർവീസ്

തിരുവനന്തപുരം: തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ചെന്നൈയിലേക്ക് ഇൻഡിഗോയുടെ പുതിയ പ്രതിദിന സർവീസ് ഫെബ്രുവരി 20ന് തുടങ്ങും. ഇതോടെ തിരുവനന്തപുരം - ചെന്നൈ റൂട്ടിൽ ഇൻഡിഗോ സർവീസുകളുടെ എണ്ണം മൂന്നാകും. ചെന്നൈയിൽ നിന്നും രാവിലെ 5.25ന് പുറപ്പെട്ട് 6.50-ന് തിരുവനന്തപുരത്തെത്തും. നമ്പർ 6ഇ 0507. മടക്കയാത്ര രാവിലെ 7.20ന് തിരുവനന്തപുരത്തുനിന്ന് പുറപ്പെട്ട് 8.40ന് ചെന്നൈയിലെത്തും. നമ്പർ. 6ഇ 0513. കൊളംബോ, വിജയവാഡ, രാജമുന്ദ്രി, തിരുപ്പതി എന്നിവിടങ്ങളിലേക്കും പുതിയ സർവീസുകൾ തുടങ്ങുമെന്ന് ഇൻഡിഗോ ചീഫ് കൊമേഴ്സ്യൽ ആഫീസർ സഞ്ജയകുമാർ അറിയിച്ചു.

# ബിരുദക്കാരെ വിലക്കിയ ആദ്യ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് പരീക്ഷ ഇന്ന്

## ■ 4,60,317 പേർ ഇന്നു മാത്രമെഴുതും

■ 8,54,811 അപേക്ഷകർ
■ 141028 പേർ തലസ്ഥാന ജില്ലയിൽ
■ 80,637 പേർ മലപ്പുറത്തുനിന്ന്



◗ പ്രത്യേക ലേഖകൻ

തിരുവനന്തപുരം: വിവിധ വകുപ്പുകളിൽ താഴ്ന്ന യോഗ്യതക്കാർക്ക് ജോലിയുറപ്പാക്കാൻ ബിരുദക്കാർക്ക് വിലക്കേർപ്പെടുത്തിക്കൊണ്ടുള്ള പി. എസ്.സിയുടെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് പരീക്ഷ ഇന്നും 13നുമായി നടക്കും.

കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കാസർകോട് ജില്ലക്കാർക്കാണ് ഇന്ന് പരീക്ഷ. തിരുവനന്തപുരമടക്കമുള്ള ഏഴ് ജില്ലകളിൽ 13ന് ഉച്ചയ്ക്ക് 1.30 മുതൽ 3.15 വരെയാണ് പരീക്ഷ.

ബിരുദ-ബിരുദാനന്തരക്കാരെ വിലക്കിയിട്ടും ഉദ്യോഗാർത്ഥികൾക്കു കുറവില്ല. മൊത്തം 2007 പരീക്ഷാകേന്ദ്രങ്ങളാണ്. 219 സെന്ററുകളുണ്ടെങ്കിലും തികയാതെവന്നതോടെ, കൊല്ലക്കാർക്കായി തിരുവനന്തപുരത്ത് 370 കേന്ദ്രങ്ങൾ കൂടെയൊരുക്കി.

അവസരം നിഷേധിച്ചെന്നു കാട്ടി ബിരുദക്കാർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. വിധിക്ക് വിധേയമായി പരീക്ഷയാകാമെന്ന് നിയമോപദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പരീക്ഷ. സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് സർക്കാർ വിജ്ഞാപനമിറക്കിയിട്ടുണ്ടെന്നതിനാൽ പരീക്ഷാ നടപടികളുമായി മുന്നോട്ടുപോവുകയാണ് പി.എസ്.സി. ഏപ്രിലിലോ മേയ് ആദ്യമോ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചേക്കും. നിലവിലെ റാങ്ക് ലിസ്റ്റിൽനിന്ന് 5575 പേരെ നിയമിച്ചിട്ടുണ്ട്. ലിസ്റ്റിന്റെ കാലാവധി തീരുന്ന ജൂണിനുമുമ്പ് അയ്യായിരത്തോളം പേർക്കുകൂടി നിയമനം ലഭിച്ചേക്കും.

### കോടതി ഡിഗ്രിക്കാർക്ക് അനുകൂലമായാൽ

- സപ്ലിമെന്ററി പരീക്ഷ നടത്തേണ്ടിവരും.
- ഇരു യോഗ്യതയുടെയും മാർക്ക് സ്റ്റാൻഡർഡൈസ് ചെയ്യണം
- ബ്യൂറോ ഒഫ് സ്റ്റാൻഡേർഡ്സിനെക്കൊണ്ടാണ് ചെയ്യിക്കുക
- ഇതോടെ രണ്ട് കൂട്ടർക്കും തുല്യമായ അവസരം ലഭിക്കും.

### ഡിഗ്രിക്കാർക്ക് വിലക്കേർപ്പെടുത്തിയത്

- ഏഴാം ക്ലാസ് പാസായവർക്കുള്ള ഉദ്യോഗം, ഉയർന്നയോഗ്യതക്കാർ തട്ടിയെടുക്കുന്നതിനാൽ
- ഇത്തരത്തിലെ വിലക്ക് പി. എസ്.സിയുടെ ചരിത്രത്തിൽ ആദ്യം
- ലാസ്റ്റ്ഗ്രേഡ് റാങ്ക് ലിസ്റ്റിൽ മുന്നിലെത്തുന്നത് ഡിഗ്രിക്കാർ
- ഇവരൊന്നും പക്ഷേ ജോലിക്കെത്തില്ല
- തസ്തികമാറ്റം വഴി 10 ശതമാനം പേർ മറ്റ് ജോലിയിലേക്കു കളംമാറും
- വിലക്കേർപ്പെടുത്തിയത് സ്പെഷ്യൽ റൂൾ ഭേദഗതിചെയ്ത്

## മൂന്ന് മെഡിക്കൽ കോളേജുകളിൽ റേഡിയേഷന് കാൻസർ ലീനിയർ ആക്സിലറേറ്റർ

തിരുവനന്തപുരം: കാൻസർ രോഗികൾക്ക് ആശ്വാസകരമായ നൂതന റേഡിയേഷൻ ചികിത്സയ്ക്കായി തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്ററുകൾ ഇൻസ്റ്റാൾ ചെയ്യാൻ മന്ത്രി കെ.കെ. ശൈലജ നിർദ്ദേശം നൽകി.

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ഈ മൂന്ന് മെഡിക്കൽ കോളേജുകളിലും ലീനിയർ ആക്സിലറേറ്ററുകൾ വാങ്ങിക്കാനുള്ള ഉത്തരവ് സർക്കാർ ഇറക്കിയിരുന്നു. തിരുവനന്തപുരത്തും തൃശ്ശൂരും 17 കോടി രൂപ വീതവും കോട്ടയത്ത് 12 കോടി രൂപയും വിനിയോഗിച്ചാണ് ഇത് വാങ്ങുന്നത്. തിരുവനന്തപുരത്തും തൃശ്ശൂരും അധികമായി വേണ്ടിവരുന്ന 8.6 കോടി രൂപയും കോട്ടയത്ത് അധികമായി വരുന്ന 3.87 കോടി രൂപയും അടിയന്തരമായി നൽകാനും ഉത്തരവിട്ടു.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 3,000ത്തോളം പേരും കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ 4,000ത്തോളം പേരും വീതമാണ് കാൻസർ ചികിത്സയ്ക്കായെത്തുന്നത്. രോഗികളുടെ എണ്ണം കാരണം പലപ്പോഴും റേഡിയേഷൻ ചികിത്സയ്ക്ക് കാലതാമസമെടുക്കാറുണ്ട്.

പുതിയ മെഷീൻ സ്ഥാപിക്കുന്നത് വഴി കാൻസർ വന്ന അവയവങ്ങൾക്ക് മാത്രം റേഡിയേഷൻ നൽകാനും അതിനടുത്തുള്ള മറ്റ് അവയവങ്ങൾക്ക് റേഡിയേഷൻ വഴിയുള്ള പാർശ്വഫലങ്ങൾ പരമാവധി കുറയ്ക്കുവാനും കഴിയും.

## കരിഞ്ചന്ത: റേഷൻ കടകളിൽ വിജിലൻസ് റെയ്ഡ്

തിരുവനന്തപുരം: റേഷൻ അരി കരിഞ്ചന്തയിലേക്കൊഴുകുന്നത് കണ്ടെത്താൻ വിജിലൻസ് വ്യാപക റെയ്ഡുകൾ നടത്തി. റേഷൻ വാങ്ങിയതായി രജിസ്റ്ററിൽ തിരിമറി കാട്ടുന്നതായും തൂക്കത്തിൽ കുറവ് വരുത്തുന്നതായും ലഭിച്ച പരാതികളെത്തുടർന്നായിരുന്നു റെയ്ഡ്. സംസ്ഥാനത്തുടനീളം റേഷൻ കടകളിൽ നടത്തിയ റെയ്ഡിൽ വ്യാപക ക്രമക്കേടുകൾ കണ്ടെത്തി.

മിക്ക റേഷൻ കടകളിലെയും മണ്ണെണ്ണ, അരി, ആട്ട, ഗോതമ്പ് എന്നിവയുടെ സ്റ്റോക്കിൽ ക്രമക്കേടുകളും റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ പേര് രജിസ്റ്ററിൽ രേഖപ്പെടുത്തിയതായും കണ്ടെത്തി. പല റേഷൻ കടകളിലും വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവുകളിലും കുറവുണ്ട്.

## വിളംബരം

### സൈനിക സ്കൂൾ പ്രവേശന പരീക്ഷ

തിരുവനന്തപുരം: ആൾ ഇന്ത്യ സൈനിക സ്കൂളിലെ ആറ്, ഒൻപത് ക്ലാസുകളിലേക്കുള്ള പ്രവേശന പരീക്ഷ 7ന് നടത്തും. അഡ്മിഷൻ ടിക്കറ്റ് www.sainikschooladmission.in ൽ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ. 0471 -2167590.

### സീറ്റൊഴിവ്

തിരുവനന്തപുരം: സംസ്കൃത സർവകലാശാലയിൽ എം.ഫിൽ ഹിസ്റ്ററി പ്രോഗ്രാമിൽ എസ്.ടി വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. പ്രവേശനത്തിനുള്ള അപേക്ഷകൾ ചരിത്ര വിഭാഗം മേധാവിക്ക് 8ന് വൈകിട്ട് 4നകം സമർപ്പിക്കണം. പ്രവേശന പരീക്ഷ 9ന് രാവിലെ 10.30ന് നടത്തും. എസ്.ടി വിഭാഗത്തിന്റെ അഭാവത്തിൽ എസ്.സി വിഭാഗത്തെയും പരിഗണിക്കും.

### സ്പോട്ട് അഡ്മിഷൻ

തിരുവനന്തപുരം: കേരള കാർഷിക സർവകലാശാലയുടെ കുമരകം പ്രാദേശിക കേന്ദ്രം നടത്തുന്ന ഒരു വർഷത്തെ ഇന്റഗ്രേറ്റഡ് ഫാമിംഗ് സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് 9ന് കുമരകം കേന്ദ്രത്തിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടക്കും. കൂടുതൽ വിവരങ്ങൾക്ക് www.kau.in, ഫോൺ: 0481 -2524421.

### വൈദ്യുതി റഗുലേറ്ററി കമ്മിഷൻ തെളിവെടുപ്പ്

തിരുവനന്തപുരം: കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് വൈദ്യുതി വിതരണ ജോലികളുടെ എസ്റ്റിമേറ്റ് നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിന് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷനിൽ സമർപ്പിച്ച അപേക്ഷയിന്മേലുള്ള പൊതു തെളിവെടുപ്പ് 15,16,18 തീയതികളിൽ നടക്കും. അപേക്ഷ www.erckerala.org ൽ. തെളിവെടുപ്പ് സമയവും തീയതിയും: 15 രാവിലെ 11 ടൗൺ ഹാൾ, എറണാകുളം, 16 രാവിലെ 10.30 ഹോട്ടൽ സ്പാൻ, ജയിൽ റോഡ്, കോഴിക്കോട്, 18 രാവിലെ 11 കമ്മിഷൻ ഓഫീസ്, തിരുവനന്തപുരം. പൊതുജനങ്ങൾക്കും അഭിപ്രായങ്ങൾ രേഖപ്പെടുത്താം. തപാൽ മുഖേന അഭിപ്രായങ്ങൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷൻ, കെ.പി.എഫ്.സി ഭവനം, സി.വി. രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695010 എന്ന വിലാസത്തിൽ 15ന് മുമ്പായി ലഭിക്കണം.

## കുട്ടികളുടെ ജൈവവൈവിദ്ധ്യ കോൺഗ്രസ് രജിസ്ട്രേഷൻ





തിരുവനന്തപുരം: പൊതുവിദ്യാഭ്യാസ വകുപ്പ്, സംസ്ഥാന ജൈവവൈവിധ്യ ബോർഡ് എന്നിവയുടെ നേതൃത്വത്തിൽ കുട്ടികളുടെ പത്താമത് ജൈവവൈവിധ്യ കോൺഗ്രസ് ജില്ലാതല മത്സരങ്ങൾക്ക് രജിസ്ട്രേഷൻ ആരംഭിച്ചു.

പ്രോജക്ട് അവതരണത്തിനുള്ള മുഖ്യവിഷയം നമുക്കു ചുറ്റുമുള്ള ജൈവവൈവിധ്യം എന്നതാണ്. തദ്ദേശ സ്കൂൾ പരിസരതീരദേശ ജൈവവൈവിദ്ധ്യം, തദ്ദേശ കാർഷിക ഇനങ്ങളുടെയും കന്നുകാലികളുടെയും ജൈവവൈവിദ്ധ്യം, കാവുകളുടെയും, ഭൂമിക്കടിയിലെയും ജൈവവൈവിദ്ധ്യം, ജൈവൈവിധ്യം നേരിടുന്ന ഭീഷണി എന്നിവയാണ് ഉപവിഷയങ്ങൾ.

ഉപവിഷയങ്ങളിൽ ഒരെണ്ണം തിരഞ്ഞെടുത്ത് പ്രോജക്ട് തയാറാക്കാം. ഒപ്പം ചിത്രരചന, ക്വിസ് മത്സരവും ഉണ്ടാവും. നിബന്ധനകളും, മാർഗ നിർദ്ദേശങ്ങളും അതത് വിദ്യാലയങ്ങളിൽ ലഭ്യമാണ്.

സർക്കാർ എയ്ഡഡ്, സർക്കാർ അഫിലിയേറ്റഡ് അൺഎയ്ഡഡ് സ്കൂളുകളിലെ യു.പി, എച്ച്.എസ്, എച്ച്.എസ്.എസ്. വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. തിരുവനന്തപുരം ജില്ലയിലെ മത്സരം 27ന ആർട്സ് കോളേജിൽ നടക്കും.

പത്തുപേജിൽ കവിയാത്ത പ്രോജക്ട് ഇംഗ്ലീഷിലോ, മലയാളത്തിലോ തയ്യാറാക്കി 20ന നാലുമണിക്കകം തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നൽകണം. സ്കൂളുകൾക്ക് പങ്കെടുക്കാൻ www.keralabiodiversityboard.org ൽ രജിസ്റ്റർ ചെയ്യാം. ഫോൺ: 9895133841, 8547148380.

# സഹതാപാർഹ സ്ഥലം മാറ്റം: അപേക്ഷ ക്ഷണിച്ചു

സർക്കാർ സ്കൂൾ അദ്ധ്യാപകരുടെ സഹതാപാർഹ സാഹചര്യത്തിലുള്ള അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് അപേക്ഷ ക്ഷണിച്ചു. നിലവിൽ ജോലി ചെയ്യുന്ന ജില്ലയിൽ നിലവിലെ തസ്തികയിൽ 2017 മാർച്ച് 31ന് അഞ്ച് വർഷം പൂർത്തിയാക്കിയവർക്ക് നിർദ്ദിഷ്ട ഫോറത്തിൽ ബന്ധപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ (ആറ് മാസത്തിനുള്ളിൽ ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റുകൾ) സഹിതം സ്കൂൾ പ്രധാനാദ്ധ്യാപകന്റെ ശുപാർശയോടുകൂടി വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ 25ന് വൈകിട്ട് അഞ്ചുവരെ നൽകാം. അപേക്ഷയുടെ മാതൃക www.education.kerala.gov.in ൽ.

തിരുവനന്തപുരം

### സൗജന്യ കോഴ്സിന് അപേക്ഷിക്കാം

ദേശീയ നഗര ഉപജീവന മിഷന്റെ കീഴിൽ തിരുവനന്തപുരം മോഡൽ ഫിനിഷിംഗ് സ്കൂളിൽ 15ന് ആരംഭിക്കുന്ന വെബ്ഡിസൈനിംഗ് ആൻഡ് പബ്ലിഷിംഗ് അസിസ്റ്റന്റ് സൗജന്യ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി 12. (www.modelfinishingschool.org) ൽ നിന്നും തിരുവനന്തപുരം മോഡൽ ഫിനിഷിംഗ് സ്കൂളിൽ നിന്നും അപേക്ഷാ ഫോറം ലഭിക്കും. കോഴ്സ് കാലാവധി 1000 മണിക്കൂർ, യോഗ്യത: പത്താം ക്ലാസ് പാസ്. അപേക്ഷകർ ബി.പി.എൽ കാർഡ് ഉപഭോക്താക്കളോ കുടുംബശ്രീ അംഗമോ ആശ്രിതരോ ആയിരിക്കണം. അല്ലാത്തവർ വില്ലേജ് ഓഫീസർ നൽകുന്ന 50,000 വരെയുള്ള വാർഷിക വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കണം. അപേക്ഷകർ കോർപ്പറേഷൻ അല്ലെങ്കിൽ മുനിസിപ്പാലിറ്റി സ്ഥിരതാമസക്കാർ ആയിരിക്കണം. (കോർപ്പറേഷൻ അഥവാ മുനിസിപ്പാലിറ്റി കൗൺസിലിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കണം).

റേഷൻ കാർഡ്, ആധാർ കാർഡ്, ഇലക്ഷൻ ഐ.ഡി. കാർഡ്, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവയുടെ അസലും പകർപ്പും, നാല് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കണം. ഫോൺ: 0471 2307733.

### പരീക്ഷാ വിജ്ഞാപനം

ലൈബ്രറി സയൻസ് പരീക്ഷാ (മാർച്ച് 2018) വിജ്ഞാപനം www.keralapareekshabhavan.in ൽ.

2018 മാർച്ചിൽ നടത്തുന്ന ഡി.എൽ.ഇ.ഡി (ഹിന്ദി) പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പരീക്ഷാഭവൻ വെബ്സൈറ്റിൽ (www.keralapareekshabhavan.in) ലഭ്യമാണ്.

## പി.വി. വിൽസൺ എം.എസ്.പി കമൻഡാന്റ്

### ■ 7 ഡിവൈ.എസ്.പിമാർക്കും മാറ്റം

തിരുവനന്തപുരം: സംസ്ഥാന പൊലീസിലെ 2 നോൺ ഐ.പി.എസ് എസ്.പിമാരെയും 7 ഡിവൈ.എസ്.പിമാരെയും സ്ഥലംമാറ്റി നിയമിച്ചു.

ഇനി പറയുന്നവരെ പേരിനൊപ്പമുള്ള തസ്തികയിലാണ് നിയമിച്ചത്. പി.വി.വിൽസൺ- എം.എസ്.പി, വി.അജിത്- ഡി.സി.പി, ശ്രീപദ്മനാഭസ്വാമി ക്ഷേത്രം എന്നിവരാണ് മാറ്റപ്പെട്ട എസ്.പിമാർ. സ്ഥലംമാറ്റിയ ഡിവൈ.എസ്.പിമാർ - എം. അനിൽകുമാർ- കൊല്ലം റൂറൽ അഡ്മിനിസ്ട്രേഷൻ, വിജയകുമാർ- പാലക്കാട്, പി.അനിൽകുമാർ- ആറ്റിങ്ങൽ, കെ. ആർ. ശിവസുതൻ പിള്ള- കൊല്ലം റൂറൽ സ്പെഷ്യൽ ബ്രാഞ്ച്, ടി. ബിജു ഭാസ്കർ- തിരൂർ, വി.എ. ഉല്ലാസ്- വിജിലൻസ് കോഴിക്കോട് റേഞ്ച്, സുജിത് ദാസ്- എ. സി.പി നാർകോട്ടിക് സെൽ, എറണാകുളം

## ഡെപ്യൂട്ടേഷൻ ഒഴിവ്: അപേക്ഷ 10 വരെ

തിരുവനന്തപുരം പ്രവേശന പരീക്ഷാ കമ്മിഷണറുടെ കാര്യാലയത്തിൽ സിസ്റ്റം മാനേജർ (55350 101400), പ്രോഗ്രാമിംഗ് ഓഫീസർ (3660079200), ഇൻഫർമേഷൻ ഓഫീസർ (36600 79200), ടെക്നിക്കൽ അസിസ്റ്റന്റ് (39500 83000), കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (20000 45800), അറ്റൻഡർ (19000 43600) തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രോഗ്രാമിംഗ് ഓഫീസറുടെ രണ്ട് ഒഴിവുകളുണ്ട്. മറ്റ് തസ്തികകളിൽ ഒരൊഴിവ് വീതം.

സംസ്ഥാന സർക്കാർ സർവീസിലോ സർക്കാർ സ്വയംഭരണ സ്ഥാപനങ്ങളിലോ കേന്ദ്രസർക്കാർ സ്ഥാപനങ്ങളിലോ തത്തുല്യ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം. ബയോഡാറ്റയും ജോലി ചെയ്യുന്ന സ്ഥാപനത്തിലെ മേലധികാരിയുടെ നിരാക്ഷേപപത്രം ഉൾപ്പെടെ കേരള സർവീസ് റൂൾസ് 144 അനുസരിച്ചുള്ള പ്രൊഫോർമ സഹിതം 10ന് മുമ്പ് പ്രവേശന പരീക്ഷാകമ്മീഷണറുടെ കാര്യാലയം, ശാന്തിനഗർ, തിരുവനന്തപുരം 01 എന്ന വിലാസത്തിൽ ലഭിക്കത്തക്കവിധം അയയ്ക്കണം. പ്രവേശനപരീക്ഷാ കമ്മിഷണർ നേരിട്ട് കൂടിക്കാഴ്ച നടത്തിയശേഷമായിരിക്കും ഡെപ്യൂട്ടേഷൻ നിയമന നടപടികൾ സ്വീകരിക്കുക. വിവരങ്ങൾക്ക് www.cee.kerala.org

### വന ഗവേഷണ സ്ഥാപനത്തിൽ വാക് ഇൻ ഇന്റർവ്യൂ

കേരള വന ഗവേഷണ സ്ഥാപനത്തിൽ സമയബന്ധിത ഗവേഷണ പദ്ധതിയായ റീജിയണൽ കം ഫെസിലിറ്റേഷൻ സെന്റർ ഫോർ സസ്റ്റൈനബിൾ ഡെവലപ്മെന്റ് ഒഫ് മെഡിസിനൽ പ്ലാന്റ്സ് (സതേൺ റീജിയൻ) ൽ റീജിയണൽ ഡയറക്ടറുടെയും ഡെപ്യൂട്ടി ഡയറക്ടറുടെയും താത്കാലിക ഒഴിവിലേക്ക് 12ന് രാവിലെ 10ന് വന ഗവേഷണ സ്ഥാപനത്തിന്റെ തൃശ്ശൂർ പീച്ചിയിലുള്ള ഓഫീസിൽ വാക് ഇൻ ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾക്ക് www.kfri.res.in

തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിൽ ടെക്നിക്കൽ അസിസ്റ്റന്റിന്റെ താത്കാലിക ഒഴിവിലേക്ക് 12ന് വാക് ഇൻ ഇന്റർവ്യൂ നടക്കും. വിശദവിവരങ്ങൾ www.sctimst.ac.in ൽ.

### ആർ.സി.സിയിൽ അപ്രന്റീസ്

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ഗ്രാജ്വേറ്റ് അപ്രന്റീസ് ട്രെയിനിംഗ് പ്രോഗ്രാം (സിവിൽ എൻജിനിയറിംഗ്) ലേക്ക് അപേക്ഷ ക്ഷണിച്ചു. 2018 15ന് വൈകിട്ട് നാലുവരെ അപേക്ഷകൾ സ്വീകരിക്കും. വെബ്സൈറ്റ് www.rcctvm.org

### ചീഫ് ട്യൂട്ടർ കരാർ നിയമനം

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഡിസ്ട്രിക്ട് സെന്റർ ഫോർ ഇംഗ്ലീഷിലെ ചീഫ് ട്യൂട്ടർ തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ www.education.kerala.gov.in ൽ.

### അദ്ധ്യാപക ഒഴിവ്

തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജിൽ ഫിസിക്സ് ഡിപ്പാർട്ട്മെന്റിൽ എഫ്.ഡി.പി സബ്സ്റ്റിറ്റ്യൂട്ട് അദ്ധ്യാപക ഒഴിവിലേക്ക് നിയമനം നടത്തും. യു.ജി.സി നിഷ്കർഷിച്ച യോഗ്യതയുള്ളവരും കൊല്ലം ഡി.ഡി ഓഫീസിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായ ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റ് സഹിതം 9ന രാവിലെ 11ന് കോളേജ് ഓഫീസിൽ എത്തിച്ചേരണം.

## സർവകലാശാല വാർത്തകൾ

### കേരള
www.keralauniversity.ac.in

#### പ്രൈവറ്റ് രജിസ്ട്രേഷൻ: തീയതി നീട്ടി

സർവകലാശാല 2018-20 വർഷത്തേക്കുള്ള (2017-18 അഡ്മിഷൻ) ബി.എ/ബി.കോം (അഡിഷണൽ ഇലക്ടീവ് - കോ-ഓപ്പറേഷൻ)/ബി.കോം/ബി.ബി.എ വാർഷിക കോഴ്സുകളുടെ പ്രൈവറ്റ് രജിസ്ട്രേഷൻ ചെയ്യുവാനുള്ള അവസാന തീയതി 31 വരെ നീട്ടി. രജിസ്ട്രേഷൻ ഫീസിനു പുറമേ ബി.എ/ബി.കോം (അഡിഷണൽ ഇലക്ടീവ്-കോ-ഓപ്പറേഷൻ)/കോഴ്സുകൾക്ക് 2500 രൂപ പിഴയും, ബി.ബി.എ കോഴ്സുകൾക്ക് 3000 രൂപ പിഴയും അടയ്ക്കേണ്ടതാണ്. ബി.കോം/ബി.എ സോഷ്യോളജി കോഴ്സുകൾക്ക് ജനുവരി 22ന് ശേഷം രജിസ്ട്രേഷൻ ഫീസിന് പുറമെ 2500 രൂപ പിഴയോടു കൂടി 31 വരെ അപേക്ഷിക്കാം. പുതിയ രജിസ്ട്രേഷൻ www.de.keralauniversity.ac.in ൽ എട്ട് മുതൽ ഓൺലൈനായും, ബി.കോം (അഡിഷണൽ ഇലക്ടീവ്-കോ-ഓപ്പറേഷൻ), ബി.എ/ ബി.കോം റീ-രജിസ്ട്രേഷൻ, അഡിഷണൽ ഡിഗ്രി ഓഫ്‌ലൈനായും അപേക്ഷിക്കണം.

#### പരീക്ഷ

മൂന്നാം സെമസ്റ്റർ എം.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ്) സ്കീം പരീക്ഷയ്ക്ക് പിഴയില്ലാതെ 23 (50 രൂപ പിഴയോടെ 25, 125 രൂപ പിഴയോടെ 29) വരെ അപേക്ഷിക്കാം.

ഒന്നാം സെമസ്റ്റർ എം.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷയ്ക്ക് പിഴയില്ലാതെ 20 (50 രൂപ പിഴയോടെ 22, 125 രൂപ പിഴയോടെ 25) അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ് സ്കീം) ഡിഗ്രി പരീക്ഷയ്ക്ക് പിഴയില്ലാതെ 15 (50 രൂപ പിഴയോടെ 17, 125 രൂപ പിഴയോടെ 20) വരെ അപേക്ഷിക്കാം.

ഏഴാം സെമസ്റ്റർ ബി.ആർക്ക് (2013 സ്കീം) റഗുലർ പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ 10 മുതൽ ആരംഭിക്കും.

അവസാന വർഷ ബി.ഫാം സപ്ലിമെന്ററി ഡിഗ്രി പരീക്ഷയ്ക്ക് പിഴയില്ലാതെ 10 (50 രൂപ പിഴയോടെ 12, 125 രൂപ പിഴയോടെ 15) വരെ അപേക്ഷിക്കാം.

#### പരീക്ഷാഫലം

ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എസ്‌സി ഫിസിക്സ് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, ബി.എസ്‌സി എൻവയോൺമെന്റൽ സയൻസ് ആൻഡ് എൻവയോൺമെന്റ് ആൻഡ് വാട്ടർ മാനേജ്മെന്റ് (2013 & 2014 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

ഒന്നാം സെമസ്റ്റർ ബി.പി.എ (2013 & 2014 സ്കീം) ബി.എ ഇംഗ്ലീഷ് ആൻഡ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (2013 സ്കീം) (സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ. രണ്ടാം വർഷ പ്രൊഫഷണൽ ബി.എ.എം.എസ്-ന്റെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 20 വരെ അപേക്ഷിക്കാം.

2017 മേയിൽ നടത്തിയ രണ്ടാം വർഷം (ത്രിവത്സരം) (1998 അഡ്മിഷന് മുമ്പുള്ളത്) (പഴയ സ്കീം) (മേഴ്സി ചാൻസ്), രണ്ടാം വർഷം (ത്രിവത്സരം) & നാലാം വർഷം (പഞ്ചവത്സരം) (1998 അഡ്മിഷൻ) (പുതിയ സ്കീം) (മേഴ്സി ചാൻസ്) എൽ എൽ.ബി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 30 വരെ അപേക്ഷിക്കാം.

എം.ഫിൽ റഗുലർ (2016-2017 ബാച്ച് - യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം) ഹിന്ദി, ഫിലോസഫി വിഭാഗങ്ങളിലെ പരീക്ഷാഫലം വെബ്സൈറ്റിൽ.

രണ്ടാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസിലേഷൻ സ്റ്റഡീസ് പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ.

ഒന്നാം സെമസ്റ്റർ ബി.ബി.എ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് (സപ്ലിമെന്ററി 2013, 2014 സ്കീം) ഡിഗ്രി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ.

### എം.ജി
www.mgu.ac.in

#### ഒന്നാം സെമസ്റ്റർ യു.ജി അപേക്ഷകൾ

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം റഗുലർ 2017 അഡ്മിഷൻ), സി.ബി.സി.എസ്.എസ്. (2013 മുതൽ 2016 വരെ അഡ്മിഷൻ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) യു.ജി പരീക്ഷകൾക്ക് പിഴയില്ലാതെ 9 വരെയും 50 രൂപ പിഴയോടെ 10 വരെയും 500 രൂപ സൂപ്പർഫൈനോടെ 12 വരെയും അപേക്ഷിക്കാം. 2013-2014 അഡ്മിഷൻ സപ്ലിമെന്ററി വിദ്യാർത്ഥികൾ അപേക്ഷകൾ സർവകലാശാലാ ഓഫീസിൽ നേരിട്ടും, 2015, 2016, 2017 അഡ്മിഷൻ വിദ്യാർത്ഥികൾ സർവകലാശാലാ പോർട്ടൽവഴി ഓൺലൈനായി കോളേജുകളിൽ നിന്നും അപേക്ഷകൾ സമർപ്പിക്കണം.

#### അപേക്ഷാ തീയതി

രണ്ടാം സെമസ്റ്റർ എം.ഫിൽ സുവോളജി (2015 അഡ്മിഷൻ) ഡിഗ്രി കോഴ്സിന്റെ പ്രോജക്ട് മൂല്യനിർണയം, വൈവാവോസി എന്നിവയ്ക്ക് പിഴയില്ലാതെ 9 വരെയും 50 രൂപ പിഴയോടെ 11 വരെയും 500 രൂപ സൂപ്പർഫൈനോടെ 15 വരെയും അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ ബി.പി.എഡ്. (2016 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഫെബ്രുവരി 6ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ 12 വരെയും 50 രൂപ പിഴയോടെ 15 വരെയും 500 രൂപ സൂപ്പർഫൈനോടെ 17 വരെയും സ്വീകരിക്കും.

#### പരീക്ഷാഫലം

ഒന്നാം സെമസ്റ്റർ എം.ടെക് സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ 19 വരെ സ്വീകരിക്കും. സ്കൂൾ ഒഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ 2017 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.ബി.എ, എൽ എൽ.ബി ഓണേഴ്സ് (2016 മുതൽ അഡ്മിഷൻ റഗുലർ ആൻഡ് 2016ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 19 വരെ അപേക്ഷിക്കാം.

## ജില്ലയിലെ ക്വാറി ഉടമകളുടെ യോഗം

തിരുവനന്തപുരം: ജില്ലയിലെ ക്വാറി - ക്രഷർ ഉടമകളുടെയും ബന്ധപ്പെട്ട വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗം 10ന് രാവിലെ 10.30ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. ജില്ലയിലെ എല്ലാ ക്വാറി- ക്രഷർ ഉടമകളും ലൈസൻസും മറ്റു രേഖകളുമായി യോഗത്തിൽ പങ്കെടുക്കണമെന്ന് ജില്ലാ കളക്ടർ ഡോ. കെ. വാസുകി അറിയിച്ചു.



# മാലിന്യ പ്ലാന്റിൽ കുരുങ്ങുന്ന 'മാതൃകാഗ്രാമം' പദ്ധതി

▶എസ്.ടി.ബിജു

പാലോട്: ആശുപത്രി മാലിന്യ സംസ്കരണ പ്ലാന്റ് വിവാദത്തിൽ വിറങ്ങലിച്ച് നിൽക്കുകയാണ് ജില്ലാതിർത്തിയിലെ താന്നിമൂട് ആദിവാസി സങ്കേതം. നിർദ്ദിഷ്ട പ്ലാന്റിനായി കണ്ടെത്തിയ സ്ഥലം ഇവിടെ നിന്ന് 200 മീറ്റർ മാത്രം ദൂരത്താണ്. ഇവിടം ജനവാസയോഗ്യമല്ലെന്നും ജലസ്രോതസുകളില്ലെന്നും ഐ.എം.എ അവകാശപ്പെടുമ്പോൾ നീർച്ചാലുകളും കൃഷിയിടങ്ങളും സിമന്റ് പാകിയ നാട്ടുവഴികളും ടെറസ് വീടുകളാലും സമ്പന്നമാണ് ഓട്ടുചുട്ടുപടുക്ക വനമേഖലയിലെ ഈ കൊച്ചുഗ്രാമം.

64 ആദിവാസി കുടുംബങ്ങൾ ഇവിടെയുണ്ട്. റോഡും വൈദ്യുതിയും ശുദ്ധജല വിതരണ ശൃംഖലയും അംഗൻവാടിയും സർക്കാർ സ്കൂളുമടക്കം എല്ലാമുണ്ട്. മാരക രോഗങ്ങളും ആധുനിക ചികിത്സാരീതികളുമൊക്കെ ഇവിടത്തുകാർക്ക് കേട്ടുകേൾവി മാത്രമാണ്.

അസുഖം വന്നാൽ ആശുപത്രിയിൽ പോകുന്ന പതിവില്ല. പച്ചില മരുന്ന് കഴിച്ച് രോഗം ശമിപ്പിക്കും. നൂറാം വയസിലും ആരോഗ്യത്തോടെ കഴിയുന്ന അനേകം പേരുണ്ട് ഇവിടെ. റബർ, വാഴ കൃഷിയാണ് പ്രധാന വരുമാന മാർഗം.

വനംവകുപ്പിന്റെ സഹായത്തോടെ തേനീച്ച, കുമിൾ, അച്ചാർ യൂണിറ്റുകൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ഉദ്യോഗസ്ഥരും ഇവിടെ താമസിക്കുന്നു. ബിരുദ പഠനം പൂർത്തിയാക്കിയ പത്തോളം പേരുണ്ട്. ശശി - ഇന്ദിര ദമ്പതികളുടെ മകൻ അഖിൽ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പൂർത്തിയാക്കി നിയമനം കാത്തിരിക്കുകയാണ്. 'പഠനകാലയളവിൽ പാലക്കാട്ടുള്ള ഐ.എം.എ മാലിന്യ സംസ്കരണ പ്ലാന്റ് സന്ദർശിച്ചിരുന്നു. ശാസ്ത്രീയമായ മുൻകരുതലുകളൊന്നും ഇല്ലാതെയാണ് പ്ലാന്റ് പ്രവർത്തിക്കുന്നത്.

മനുഷ്യ ശരീരാവശിഷ്ടങ്ങളും ആശുപത്രി മാലിന്യങ്ങളും കുമിഞ്ഞുകൂടിയ നിലയിലായിരുന്നു. മലിനജലം സമീപത്തെ നീരുറവകളിലാണ് ഒഴുക്കുന്നത്. മാലിന്യങ്ങൾ കത്തിക്കുമ്പോഴുള്ള പുക അസഹനീയമാണ്. ഈ പ്ലാന്റ് ആരംഭിച്ചാൽ ഞങ്ങളെല്ലാം ഇവിടം വിട്ടു പോകേണ്ടിവരും തീർച്ച...' - അഖിൽ പറയുന്നു.

'പ്ലാന്റ് തുടങ്ങാൻ സാറന്മാർ വരട്ടെ, ഇത് അട്ടപ്പാടിയും മുത്തങ്ങയുമൊന്നുമല്ലെന്ന് ഞങ്ങൾ ബോദ്ധ്യപ്പെടുത്തി കൊടുക്കും" - അഖിലിന്റെ ബന്ധുവായ സ്ത്രീ തട്ടിക്കയറി. മുപ്പതോളം വിദ്യാർത്ഥികളുണ്ടിവിടെ. അവരെ മെയിൻ റോഡിലെത്തിക്കാൻ രാവിലെയും വൈകിട്ടും സ്കൂൾബസ് വരും. ഡി.കെ. മുരളി എം.എൽ.എയുടെ സംഭാവനയാണ് ബസ്.

താന്നിമൂട്ടിൽ നിന്ന് പ്രധാന ജംഗ്ഷനായ ഇലവുപാലത്ത് എത്താൻ രണ്ട് കിലോ മീറ്റർ കാട്ടു പാതയിലൂടെ സഞ്ചരിക്കണം. റോഡിന്റെ ദുർഘടാവസ്ഥ കാരണം ട്രാൻസ്പോർട്ട് സർവീസ് ആരംഭിച്ചിട്ടില്ല.

ജില്ലാപഞ്ചായത്ത് 20 ലക്ഷം രൂപ ചെലവിട്ട് റോഡ് കോൺക്രീറ്റും ഗ്രാമപഞ്ചായത്ത് 15 ലക്ഷം രൂപ വിനിയോഗിച്ച് ഓട പണിതതും അടുത്തിടെയാണ്. കുഴൽക്കിണർ സ്ഥാപിച്ച് ശുദ്ധജലം പൈപ്പിലൂടെ വീടുകളിലെത്തിക്കുന്നുണ്ട്. അരക്കിലോമീറ്റർ ഉള്ളിലേക്ക് നടന്നാൽ പട്ടികജാതി കോളനികളായ അടിപറമ്പും ചോനമലയുമായി. നിർദ്ദിഷ്ട പ്ലാന്റ് ഇവിടത്തുകാരുടെയും ഉറക്കം കെടുത്തിയിട്ടുണ്ട്.



താന്നിമൂട് പട്ടികവർഗ കോളനിയിലെ ഹെൽത്ത് ഇൻസ്പെക്ടർ അഖിൽ സ്ഥലവാസികളോടൊപ്പം



നിർദ്ദിഷ്ട ആശുപത്രി മാലിന്യ സംസ്കരണ പ്ലാന്റ് പ്രദേശത്തെ കൈത്തോട്

KAUMUDI ALERT

## മാലിന്യസംസ്കരണ പ്ലാന്റ് പെരിങ്ങമ്മലയിൽ വേണ്ട : ചെന്നിത്തല

പാലോട്: ജൈവവൈവിദ്ധ്യങ്ങളുടെ കലവറയായ പെരിങ്ങമ്മലയിൽ ആശുപത്രി മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ അനുവദിക്കില്ലെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. പദ്ധതി പ്രദേശം സന്ദർശിച്ച ശേഷം മാദ്ധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആശുപത്രി മാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കാനുള്ള പദ്ധതി തയ്യാറാക്കണമെന്നും ചെന്നിത്തല ആവശ്യപ്പെട്ടു. ആക്ഷൻ കൗൺസിൽ ഒരുക്കിയ സമരപ്പന്തലിലെത്തി പിന്തുണ പ്രഖ്യാപിച്ച പ്രതിപക്ഷ നേതാവിനെ ഹർഷാരവത്തോടെയാണ് ജനങ്ങൾ വരവേറ്റത്. സമര സമിതി പ്രസിഡന്റ് പി.ജി. സുരേന്ദ്രനും കൺവീനർ എ. റിയാസും ചേർന്ന് അദ്ദേഹത്തെ സ്വീകരിച്ചു.

രാവിലെ പത്തരയോടെ എത്തിയ ചെന്നിത്തല ഉച്ചയോടെയാണ് മടങ്ങിയത്. ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ, കെ.എസ്. ശബരിനാഥൻ എം.എൽ.എ, മുൻ എം.എൽ.എമാരായ പാലോട് രവി, ടി. ശരത്ചന്ദ്രപ്രസാദ്, ഡി.സി.സി ജനറൽ സെക്രട്ടറിമാരായ പി.എസ്. ബാജിലാൽ, ഡി. രഘുനാഥൻ നായർ, ബ്ലോക്ക് പ്രസിഡന്റ് ബി. പവിത്രകുമാർ, ബി.എൽ. കൃഷ്ണപ്രസാദ്, ചന്ദ്രശേഖരപിള്ള, തെന്നൂർ ഷാജി എന്നിവർ ഒപ്പമുണ്ടായിരുന്നു.



പാലോട് ആശുപത്രി മാലിന്യ സംസ്കരണ പ്ലാന്റ് പ്രദേശം സന്ദർശിച്ച പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല സമരസമിതി പ്രവർത്തകർക്കൊപ്പം സത്യാഗ്രഹത്തിൽ. കെ. എസ്. ശബരീനാഥൻ എം. എൽ. എ, ശരത്ചന്ദ്രപ്രസാദ്, പാലോട് രവി തുടങ്ങിയവർ സമീപം

## മാലിന്യ പ്ലാന്റ്: അന്വേഷണം വേണമെന്ന് യൂത്ത് കോൺഗ്രസ്

പാലോട്: ആശുപത്രി മാലിന്യ സംസ്കരണ പ്ലാന്റ് പാലോട്ട് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സി.പി.എം നേതൃത്വത്തിന്റെ പങ്ക് അന്വേഷിക്കണമെന്ന് യൂത്ത് കോൺഗ്രസ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ കത്തുകൾ ഗ്രാമപഞ്ചായത്ത് ഭരണസമിതി അറിയാതെ പൂഴ്ത്തിവച്ചതും ഇതിനു പിന്നിലെ സാമ്പത്തിക അഴിമതിയും അന്വേഷിക്കണം. ഇക്കാര്യങ്ങൾ ആവശ്യപ്പെട്ട് തിങ്കളാഴ്ച രാവിലെ പത്തിന് പെരിങ്ങമ്മല പഞ്ചായത്തോഫീസിലേക്ക് മാർച്ചും ധർണയും നടത്തുമെന്നും ഭാരവാഹികൾ അറിയിച്ചു.

യുവജനക്ഷേമ ബോർഡ് മുൻ വൈസ് ചെയർമാൻ പി.എസ്. പ്രശാന്തിന്റെ നേതൃത്വത്തിൽ മണ്ഡലം ഭാരവാഹികൾ നിർദ്ദിഷ്ട പദ്ധതി പ്രദേശം സന്ദർശിച്ചു. ഷിബു വർക്കല, ലാൽറോഷൻ, സുധീർഷാ, അരുൺരാജൻ, ഹാഷിം റഷീദ്, തെന്നൂർ ഷാജി, അനിലേഷ് ഗോപിനാഥ്, രാജ്കുമാർ, ആർ.പി. കുമാർ, ബിനു എസ്. നായർ, അൻഷാദ്, ഷഹ്നാസ് തുടങ്ങിയവർ സംഘത്തിലുണ്ടായിരുന്നു.

## സർക്കാർ നിലപാട് വ്യക്തമാക്കണമെന്ന് എ.ഐ.ടി.യു.സി

തിരുവനന്തപുരം: കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ പെൻഷൻ ബാദ്ധ്യത സംബന്ധിച്ച് സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലം കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന്റെ പ്രകടനപത്രികയിൽ പറഞ്ഞതിന് വിരുദ്ധമാണെന്ന് എ.ഐ.ടി.യു.സി ജില്ലാ സെക്രട്ടറി എം. രാധാകൃഷ്ണൻ നായർ പറഞ്ഞു.

എൽ.ഡി.എഫിൽ ചർച്ച ചെയ്താണോ ഇത്തരത്തിൽ സത്യവാങ്മൂലം നൽകിയതെന്ന് എൽ.ഡി.എഫ് വ്യക്തമാക്കണമെന്ന് സമരം ഉദ്ഘാടനം ചെയ്ത് അദ്ദേഹം പറഞ്ഞു. ഗംഗാധരൻ അദ്ധ്യക്ഷത വഹിച്ചു. നടരാജൻ ആശാരി, രാജശേഖരൻ, സതീശൻ, സുരേന്ദ്രൻ നായർ എന്നിവർ സംസാരിച്ചു.

## ഇ.എസ്.ഐ പരാതി പരിഹാരമേള

തിരുവനന്തപുരം : തൊഴിലാളികൾക്കും തൊഴിൽ ഉടമകൾക്കുമായി പരാതിപരിഹാരമേള (സുവിധാസമാഗം) ചൊവ്വാഴ്ച ഉച്ചയ്ക്ക് 2ന് ഇ.എസ്.ഐ കോർപറേഷന്റെ തിരുവനന്തപുരം സബ്റീജിയണൽ ഓഫീസിൽ നടത്തും. ബന്ധപ്പെട്ട ഇ.എസ്.ഐ ആശുപത്രിയിലെ മെഡിക്കൽ സൂപ്രണ്ട്, ഇ.എസ്.ഐ കോർപറേഷന്റെ ജോയിന്റ് ഡയറക്ടർ, മെഡിക്കൽ ഓഫീസർമാർ എന്നിവർ പങ്കെടുക്കും. എല്ലാ മാസവും രണ്ടാമത്തെ ചൊവ്വാഴ്ചകളിൽ സബ് റീജിയണൽ ഓഫീസിലും രണ്ടാമത്തെ വെള്ളിയാഴ്ചകളിൽ ബ്രാഞ്ച് ഓഫീസുകളിലും ഉണ്ടായിരിക്കും.

## ക്രീമിലെയർ പരിധി: ഉത്തരവ് നടപ്പിലാക്കണം: എസ്.ആർ.പി (എസ്)

തിരുവനന്തപുരം : പിന്നാക്ക വിഭാഗക്കാർക്ക് അർഹമായ സംവരണ ആനുകൂല്യം ലഭിക്കുന്നതിനായി ക്രീമിലെയർ പരിധി എട്ടുലക്ഷമാക്കി ഉയർത്തിയ കേന്ദ്ര സർക്കാർ ഉത്തരവ് സംസ്ഥാനത്ത് എത്രയുംവേഗം നടപ്പിലാക്കണമെന്ന് എസ്.ആർ.പി (എസ്) സംസ്ഥാന ചെയർമാൻ അഡ്വ. എ.എൻ. പ്രേംലാൽ ആവശ്യപ്പെട്ടു.

## സി.പി.ഐ ജില്ലാ സമ്മേളനം: പതാകദിനം നാളെ

തിരുവനന്തപുരം: സി.പി.ഐ 23-ാം പാർട്ടി കോൺഗ്രസിന് മുന്നോടിയായുള്ള ജില്ലാ സമ്മേളനത്തിന്റെ ഭാഗമായുള്ള പതാകദിനാചരണം നാളെ നടക്കും. ജില്ലയിലെ 1200 ബ്രാഞ്ച് കേന്ദ്രങ്ങളിൽ പ്രഭാതഭേരി മുഴക്കി പ്രവർത്തകർ പതാക ഉയർത്തും. വൈകിട്ട് ആറിന് നവോത്ഥാന സ്മൃതി കേന്ദ്രങ്ങളായ ചെമ്പഴന്തി, വെങ്ങാനൂർ, അരുവിപ്പുറം, ശിവഗിരി, ആറ്റിങ്ങൽ, തോന്നയ്ക്കൽ, കിളിമാനൂർ, നെടുമങ്ങാട്, കല്ലറ, പാങ്ങോട്, കവടിയാർ എന്നിവിടങ്ങളിലും ലോക്കൽ കേന്ദ്രങ്ങളിലും വർഗീയതയ്ക്കും ഫാസിസത്തിനുമെതിരെ മാനവ ഐക്യ ദീപമാല സംഘടിപ്പിക്കും.

രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക രംഗത്തെ പ്രമുഖർ മാനവ ഐക്യ ദീപമാലയിൽ പങ്കാളികളായി പ്രതിജ്ഞ ചൊല്ലുമെന്ന് ജില്ലാ സെക്രട്ടറി ജി.ആർ. അനിൽ അറിയിച്ചു.

# ട്രെയിനിനു നേരെ കല്ലേറ്; രണ്ട് യാത്രക്കാർക്ക് പരിക്ക്

വർക്കല : ഓടിക്കൊണ്ടിരുന്ന ട്രെയിനിനു നേരെയുണ്ടായ കല്ലേറിൽ രണ്ട് യാത്രക്കാർക്ക് പരിക്കേറ്റു. ഇന്നലെ രാവിലെ 9.30ന് ഇരവിപുരത്തിനും മയ്യനാടിനും മദ്ധ്യേയായിരുന്നു സംഭവം. എറണാകുളത്തു നിന്ന് തിരുവനന്തപുരത്തേക്ക് വന്ന വഞ്ചിനാട് എക്സ്പ്രസിനു നേരെയാണ് കല്ലേറുണ്ടായത്.

ഹരിപ്പാട് തൃക്കുന്നപ്പുഴ വള്ളിഷാപ്പ് മുറിയിൽ തൈവേലിക്കകത്ത് തെക്കതിൽ വീട്ടിൽ സദാശിവൻ (54), കൊല്ലം തെക്കേവിളത്തുമസി വീട്ടിൽ ചന്ദ്രശേഖരൻ (51) എന്നിവർക്കാണ് പരിക്കേറ്റത്. സദാശിവൻ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ കെമിസ്ട്രി വിഭാഗം മേധാവിയാണ്. ചന്ദ്രശേഖരൻ ദേവസ്വം അസിസ്റ്റന്റ് കമ്മിഷണറാണ്. ഇരുവരുടെയും വലതുകൈയ്ക്കാണ് പരിക്കേറ്റത്. രണ്ട് ബോഗികളിലാണ് ഇവർ യാത്രചെയ്തത്. യാത്രക്കാർ വർക്കല സ്റ്റേഷൻമാസ്റ്ററെ വിവരം അറിയിച്ചതിനെ തുടർന്ന് ഫയർഫോഴ്സെത്തി പരിക്കേറ്റവരെ വർക്കല താലൂക്കാശുപത്രിയിലെത്തിച്ച് പ്രാഥമിക ചികിത്സ നൽകി.

# നേമം ബ്ലോക്ക്: അവിശ്വാസ പ്രമേയം ചർച്ചയ്ക്കെടുത്തില്ല

▶ടി.എസ്.ചന്ദ്രൻ

മലയിൻകീഴ്: നേമം ബ്ലോക്ക് പഞ്ചായത്ത് ഭരണത്തിനെതിരെ കോൺഗ്രസ് നൽകിയ അവിശ്വാസ പ്രമേയം ക്വാറം തികയാത്തതിനാൽ ചർച്ചയ്ക്കെടുത്തില്ല. പ്രസിഡന്റ് എൽ. ശകുന്തളകുമാരി, വൈസ് പ്രസിഡന്റ് വിളപ്പിൽ രാധാകൃഷ്ണൻ എന്നിവർക്കെതിരെ ഡിസംബർ 20ന് ആണ് കോൺഗ്രസ് അവിശ്വാസ നോട്ടീസ് നൽകിയത്.

ഇടതുമുന്നണി അംഗങ്ങൾ അവിശ്വാസ പ്രമേയ ചർച്ചയിൽ നിന്ന് വിട്ടുനിന്നു. ആകെയുള്ള 16 അംഗങ്ങളിൽ കോൺഗ്രസിലെ 7 പേർ മാത്രമേ ചർച്ചയിൽ പങ്കെടുത്തിരുന്നുള്ളൂ. 8 പേരുണ്ടെങ്കിൽ മാത്രമേ പ്രമേയം ചർച്ചയ്ക്കെടുക്കാനാകൂ. ജില്ലാപഞ്ചായത്ത് സെക്രട്ടറി വി. സുഭാഷ് വരണാധികാരിയായിരുന്നു. ബി.ജെ.പി.യുടെ 2 അംഗങ്ങളും അവിശ്വാസ പ്രമേയത്തിൽ നിന്ന് വിട്ട് നിന്നു.

16 അംഗ ബ്ലോക്ക് പഞ്ചായത്തിൽ ഇടതുമുന്നണിക്കും കോൺഗ്രസിനും 7 അംഗങ്ങൾ വീതവും ബി.ജെ.പിക്ക് 2 അംഗങ്ങളുമാണ്. ഉച്ചയ്ക്ക് ശേഷം വൈസ് പ്രസിഡന്റിനെതിരെയുള്ള അവിശ്വാസ പ്രമേയം പരിഗണിച്ചെങ്കിലും അതും ക്വാറം തികയാത്തതിനാൽ ചർച്ചയ്ക്കെടുത്തില്ല. കഴിഞ്ഞ വർഷം മേയ് 5ന് അവിശ്വാസ പ്രമേയത്തിലൂടെയാണ് കോൺഗ്രസിൽ നിന്ന് ഭരണം ഇടതുമുന്നണി പിടിച്ചെടുത്തത്. അവിശ്വാസ പ്രമേയത്തിൽ നിന്നു വിട്ടുനിന്ന ബി.ജെ.പിയുടെ വിശദീകരണം ഇങ്ങനെ; 7 അംഗങ്ങളുള്ള കോൺഗ്രസ് നൽകിയ അവിശ്വാസ പ്രമേയത്തിൽ 6 പേർ മാത്രമാണ് ഒപ്പിട്ട് നൽകിയത്. അവർക്കിടയിൽ പോലും ഐക്യമില്ല. അതിനാലാണ് അവിശ്വാസ പ്രമേയ ചർച്ചയിൽ പങ്കെടുക്കാതിരുന്നത്.

## ഓഖി ദുരിതബാധിത കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യം നൽകി

തിരുവനന്തപുരം: ഓഖി ദുരിതാബാധിതാരായ 105 കുടുംബങ്ങൾക്ക് വാട്ടർ അതോറിട്ടി കുര്യാത്തി സബ് ഡിവിഷൻ ഭക്ഷ്യധാന്യങ്ങൾ നൽകി. സബ്ഡിവിഷന്റെ കീഴിൽ വരുന്ന ചാല, വണ്ടിത്തടം സെക്ഷനുകളിലെ ജീവനക്കാർ, ലൈസൻസ്ഡ് പ്ലംബർമാർ, റണ്ണിംഗ് കോൺട്രാക്ടർമാർ എന്നിവരുടെ സഹകരണത്തോടെ പബ്ലിക് ഹെൽത്ത് ഡിവിഷൻ സൗത്ത് എക്സിക്യൂട്ടീവ് എൻജിനിയറുടെ നേതൃത്വത്തിലാണ് ഭക്ഷ്യധാന്യങ്ങൾ നൽകിയത്.

## മത്സ്യ ലോറിക്ക് തീപിടിച്ചു

തിരുവനന്തപുരം: മംഗലാപുരത്ത് നിന്നു മത്സ്യം കയറ്റി വന്ന ലോറിക്ക് ഇടപ്പഴഞ്ഞിയിൽ വച്ച് തീ പിടിച്ചു. ആളപായമില്ല. ചെങ്കൽചൂളയിൽനിന്ന് ഫയർഫോഴ്സ് സംഘമെത്തി തീ കെടുത്തി. ഇന്നലെ പുലർച്ചെ ഒരു മണിയോടെയാണ് സംഭവം. എസ്.ആർ.എഫ് ട്രാൻസ്പോർട്ടിന്റെ കെ.എ 20 ഡി 6059 നമ്പർ കർണാടക രജിസ്ട്രേഷനിലുള്ള ശ്രീരതേശ്വരി എന്ന ലോറിയാണ് കത്തിയത്. ഷോർട്ട് സർക്യൂട്ടാണ് തീപിടിത്തത്തിന് കാരണമെന്നാണ് നിഗമനം. ലീഡിംഗ് ഫയർമാൻ ടി.ജി. ബിജു, ഫയർമാൻമാരായ സുനിൽകുമാർ, സന്തോഷ് കുമാർ, കണ്ണൻ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് തീ കെടുത്തിയത്.



കിംസ് നിയോനാറ്റോളജി വിഭാഗം ദക്ഷിണേന്ത്യയിലെ വിവിധ ആശുപത്രികളിലെ നഴ്സുമാർക്കായി നടത്തിയ 'അഡ്വാൻസ്ഡ് വെന്റിലേഷൻ വർക്ക് ഷോപ്പ്' കിംസ് ചെയർമാനും എം.ഡിയുമായ ഡോ. എം.ഐ. സഹദുള്ള ഉദ്ഘാടനം ചെയ്യുന്നു. നിയോനാറ്റോളജി വിഭാഗം മേധാവി ഡോ. നവീൻ ജെയ്ൻ, ഡോ. പി.എം.സി. നായർ, ഡോ. ജ്യോതി പ്രഭാകർ, അക്കാമ്മാ അബ്രഹാം എന്നിവർ സമീപം

## കേരള സർവകലാശാലയ്ക്ക് പഴയ പേര് തിരിച്ചു നൽകണം: അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിഭായി

തിരുവനന്തപുരം: സംസ്ഥാന സർവകലാശാലയെന്ന നിലയിൽ കേരള സർവകലാശാലയാക്കി മാറ്റിയ തിരുവിതാംകൂർ സർവകലാശാലയ്ക്ക് പഴയ പേര് തിരിച്ചുനൽകണമെന്ന് അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിഭായി പറഞ്ഞു.

കേരളയൂണിവേഴ്സിറ്റി പെൻഷണേഴ്സ് വെൽഫെയർ അസോസിയേഷൻ ആറാമത് വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. സംസ്ഥാനത്ത് നിരവധി സർവകലാശാലകളുള്ളപ്പോൾ സംസ്ഥാന സർവകലാശാലയെന്ന സങ്കല്പത്തിന് അർത്ഥമില്ല.

അസോസിയേഷൻ പ്രസിഡന്റ് ബി. ശ്രീധരൻനായർ അദ്ധ്യക്ഷത വഹിച്ചു. ജോർജ് ഓണക്കൂർ, എം. നന്ദകുമാർ തുടങ്ങിയവർ സംസാരിച്ചു. ജനറൽ സെക്രട്ടറി എ. അബ്ദുൽ കലാം സ്വാഗതവും ജേക്കബ് വർഗീസ് നന്ദിയും പറഞ്ഞു.



കേരളയൂണിവേഴ്സിറ്റി പെൻഷണേഴ്സ് വെൽഫെയർ അസോസിയേഷൻ വാർഷികസമ്മേളനം അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിഭായി ഉദ്ഘാടനം ചെയ്യുന്നു. ബി. ശ്രീധരൻനായർ, ജോർജ് ഓണക്കൂർ, എം. നന്ദകുമാർ, ജേക്കബ് വർഗീസ്, എ. അബ്ദുൽ കലാം തുടങ്ങിയവർ സമീപം

# ഓഖി ദുരിതബാധിതർക്ക് ആക്കുളം കെ.വിയുടെ 2 ലക്ഷം

തിരുവനന്തപുരം: ഓഖി ദുരിത ബാധിതർക്ക് ആക്കുളം കേന്ദ്രീയ വിദ്യാലയം വിദ്യാർത്ഥികളും അദ്ധ്യാപകരും ചേർന്ന് സ്വരൂപിച്ച 2,10,000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് കൈമാറാൻ മന്ത്രി കടകംപള്ളി സുരേന്ദ്രനെ ഏല്പിച്ചു. 1,37,200 രൂപ കുട്ടികളും 72,800 രൂപ അദ്ധ്യാപകരുമാണ് സ്വരൂപിച്ചത്.

വിദ്യാലയ സ്ഥാപകദിനാചരണത്തിന്റെ ഉദ്ഘാടനവും ദേശീയ പുരസ്കാരങ്ങൾ നേടിയ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ആദരിക്കലും മന്ത്രി നിർവഹിച്ചു. കേന്ദ്രീയ വിദ്യാലയങ്ങളുടെ പ്രവർത്തനവും അച്ചടക്കവും മാതൃകാപരമാണെന്ന് മന്ത്രി പറഞ്ഞു.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് ഡോ. ഷർമ്മദ് മുഖ്യപ്രഭാഷണം നടത്തി.

വിംഗ് കമാൻഡർ എം.എസ്. മാത്യു, വിദ്യാലയ മാനേജ്മെന്റ് കമ്മിറ്റി അംഗം തോമസ് ജേകബ്, സ്കൂൾ ക്യാപ്ടൻ ഭവ്യകുമാരി എന്നിവർ സംസാരിച്ചു.

## സിഗ്നൽ ലൈറ്റ് പോസ്റ്റ് കാറിനു മുകളിൽ വീണു

തിരുവനന്തപുരം: ട്രിവാൻഡ്രം ടെന്നിസ് ക്ലബ് റോഡിലെ സിഗ്നൽ ലൈറ്റ് പോസ്റ്റ് കാറിനു മുകളിലേക്കൊടിഞ്ഞു വീണു.

കാറിന്റെ പിൻവശം തകർന്നു. ആളപായമില്ല. സിഗ്നൽ ലൈറ്റിൽ നിന്നുള്ള കേബിൾ വയർ അയഞ്ഞ് മറ്റൊരു വാഹനത്തിൽ കുരുങ്ങിയതോടെയാണ് പോസ്റ്റ് വീണത്. ചെങ്കൽ ചൂളയിൽ നിന്നെത്തിയ ഫയർഫോഴ്സ് സംഘം കേബിൾ മുറിച്ച് മാറ്റിയ ശേഷമാണ് കാർ മാറ്റി ഗതാഗതം പുനഃസ്ഥാപിച്ചത്.

## വൈദ്യുതി മുടങ്ങും

കഴക്കൂട്ടം: 110 കെവി ലൈനിൽ അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് 110 കെ.വി കഴക്കൂട്ടം സബ് സ്റ്റേഷനിൽ നിന്നുള്ള കഴക്കൂട്ടം, ശ്രീകാര്യം, കുളത്തൂർ സെക്ഷനുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ നാളെ രാവിലെ 11 മുതൽ ഉച്ചയ്ക്ക് ഒന്നു വരെ ഭാഗികമായി വൈദ്യുതി മുടങ്ങും.

# സി.പി.എം നേതാവിനെ വധിക്കാൻ ശ്രമം: മുഖ്യപ്രതി അറസ്റ്റിൽ

തിരുവനന്തപുരം : സി.പി.എം വഞ്ചിയൂർ ഏരിയാ കമ്മിറ്റി അംഗം സാജുവിനെ വെട്ടിക്കൊല്ലാൻ ശ്രമിച്ച കേസിലെ മുഖ്യപ്രതി അറസ്റ്റിൽ.

ആർ.എസ്.എസ് ശ്രീകാര്യം ഉപനഗർ വിദ്യാർത്ഥി പ്രമുഖ് കേരളാദിത്യപുരം ശ്രീകൃഷ്ണപുരം അയണിയറത്തല രമാ ഭവനിൽ ഉണ്ണിക്കുട്ടനെന്ന വിഷ്ണു (24) ആണ് പിടിയിലായത്. വ്യാഴാഴ്ച രാത്രി ലാ കോളേജിന് സമീപത്ത് നിന്നാണ് ഇയാളെ പിടികൂടിയത്.

സാജുവിനെ വധിക്കാൻ പദ്ധതി തയ്യാറാക്കിയ മുഖ്യസൂത്രധാരനാണ് വിഷ്ണുവെന്ന് പൊലീസ് പറഞ്ഞു. കൃത്യത്തിനുപയോഗിച്ച ബൈക്കും ഇയാളിൽ നിന്ന് കണ്ടെത്തി.



വിഷ്ണു

സംഭവത്തിൽ നേരിട്ട് പങ്കാളികളായ സുമേഷ്, ജയശങ്കർ, വിഘ്നേഷ് എന്നിവരെ മൂന്ന് ദിവസം മുമ്പ് അറസ്റ്റ് ചെയ്തിരുന്നു. മറ്റ് പ്രതികളെ കുറിച്ചുള്ള അന്വേഷണവും പുരോഗമിക്കുകയാണ്. കഴക്കൂട്ടം സൈബർ സിറ്റി അസിസ്റ്റന്റ് കമ്മിഷണർ ആർ. സുനിൽകുമാറിന്റെ നേതൃത്വത്തിൽ മെഡിക്കൽ കോളേജ് സി.ഐ സി. ബിനുകുമാർ, ശ്രീകാര്യം എസ്.ഐ സനോജ്, പൊലീസുകാരായ ഖാദർ, അനിൽ, ബിനു എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ പിടികൂടിയത്.

ഇക്കഴിഞ്ഞ ബുധനാഴ്ച രാത്രി ഒമ്പതരയോടെയാണ് ശ്രീകാര്യം ഇടവക്കോട് ജംഗ്ഷനിലെ കടയിൽ നിന്നു സാധനങ്ങൾ വാങ്ങിയ ശേഷം കൂട്ടുകാരോട് സംസാരിച്ച് നിൽക്കുകയായിരുന്ന സാജുവിനെ ബൈക്കുകളിലെത്തിയ ഏഴംഗ സംഘം വെട്ടിക്കൊല്ലാൻ ശ്രമിച്ചത്. സാജു മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്.

## ജമാഅത്ത് കൗൺസിൽ സിറ്റി സമ്മേളനം

തിരുവനന്തപുരം: മുത്തലാഖ് ബില്ലിലൂടെ രാജ്യത്ത് ഏകീകൃത സിവിൽ കോഡ് നടപ്പാക്കുകയാണ് കേന്ദ്ര സർക്കാരിന്റെ ലക്ഷ്യമെന്ന് കേരള മുസ്ലീം ജമാഅത്ത് കൗൺസിൽ സംസ്ഥാന പ്രസിഡന്റ് കരമന ബയാർ പറഞ്ഞു.

കൗൺസിൽ സിറ്റി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സിറ്റി പ്രസിഡന്റ് എ.എൽ.എം. കാസിം അദ്ധ്യക്ഷത വഹിച്ചു. ദേശീയ സമിതി കൺവീനർ മുഹമ്മദ് ബഷീർ ബാബു, കൽപാളയം ഷാഹുൽ ഹമീദ്, പി. സെയ്ദലി, ജെ.എം. മുസ്തഫ, കുളപ്പട അബൂബക്കർ, പാപ്പനംകോട് അൻസാരി എന്നിവർ സംസാരിച്ചു.




കേരള മുസ്ലിം ജമാഅത്ത് കൗൺസിൽ സിറ്റി സമ്മേളനം സംസ്ഥാന പ്രസിഡന്റ് കരമന ബയാർ ഉദ്ഘാടനം ചെയ്യുന്നു



## ഫേസ്ബുക്ക് വിവാദം: വി.ടി. ബൽറാമിനെ ചോദ്യം ചെയ്തു

തൃത്താല: ടി.പി കേസ് അട്ടിമറിച്ചെന്ന വിവാദ ഫേസ്ബുക്ക് പോസ്റ്റ് സംബന്ധിച്ച് വി.ടി. ബൽറാം എം.എൽ.എയെ കോഴിക്കോട് നിന്നുള്ള ക്രൈംബ്രാഞ്ച് സംഘം ചോദ്യം ചെയ്തു. അഡ്ജസ്റ്റ്മെന്റ് രാഷ്ട്രീയത്തെ വിമർശിച്ച് വി.ടി. ബൽറാം ഇട്ട പോസ്റ്റിനെ കുറിച്ച് ബി.ജെ.പി ജില്ലാ സെക്രട്ടറി പി. രാജീവ് നൽകിയ പരാതിയെ തുടർന്നാണ് ചോദ്യം ചെയ്യൽ. ടി.പി വധക്കേസിലെ ഗൂഢാലോചന നേരാംവണ്ണം അന്വേഷിക്കാതെ ഒത്തുതീർപ്പുണ്ടാക്കിയതിന് കോൺഗ്രസിന് കിട്ടിയ പ്രതിഫലമായി കണക്കാക്കിയാൽ മതിയെന്നാണ് ബൽറാം ഫേസ്ബുക്കിൽ പരാമർശിച്ചത്. ഇത് ഏറെ വിവാദത്തിന് വഴി വച്ചിരുന്നു.

www.keralakaumudi.com www.facebook.com/keralakaumudi

# കണ്ണൂരിൽ നിന്ന് മണിക്കൂറിന് 2500 രൂപയ്ക്കു പറക്കാം


▶പ്രത്യേക ലേഖകൻ

തിരുവനന്തപുരം: രാജ്യത്തെ ചെറുനഗരങ്ങളെ ആകാശമാർഗം കൂട്ടിയിണക്കുന്ന 'ഉഡാൻ' കേന്ദ്രപദ്ധതിയിലൂടെ മണിക്കൂറിന് 2500 രൂപയ്ക്ക് പറക്കാവുന്ന വിമാന സർവീസുകൾ കണ്ണൂർ വിമാനത്താവളത്തിൽ നിന്ന് ഇക്കൊല്ലം മദ്ധ്യത്തോടെ ആരംഭിക്കും.

ഇതു സംബന്ധിച്ച് കേന്ദ്ര, സംസ്ഥാന സർക്കാരുകളും എയർപോർട്ട് അതോറിട്ടിയും ധാരണാപത്രം ഒപ്പുവച്ചതായി കണ്ണൂർ എയർപോർട്ട് എം.ഡി പി. ബാലകിരൺ അറിയിച്ചു. ഉഡാൻ പദ്ധതിയിൽ ചെറുനഗരങ്ങളിലെ 45 വിമാനത്താവളങ്ങളാണുള്ളത്.

യാത്രക്കാർ കുറവുള്ള സർവീസുകളുടെ റവന്യൂ നഷ്ടം പരിഹരിക്കുന്നതിന് വയബിലിറ്റി ഗ്യാപ് ഫണ്ടായി 20 ശതമാനം തുക സംസ്ഥാന സർക്കാർ നൽകും. സ്പൈസ് ജെറ്റും ഇൻഡിഗോയും കണ്ണൂരിൽ നിന്ന് ചെന്നൈ, ഗാസിയാബാദ്, ബംഗളൂരു, ഹുബ്ളി, ഡൽഹി, ഗോവ, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങളിലേക്ക് ആഴ്ചയിൽ എല്ലാ ദിവസവും സർവീസ് നടത്തും. ജെറ്റ് എയർവേസും, ഗോ എയറും ദമാം, അബുദാബി എന്നിവിടങ്ങളിലേക്ക് സർവീസ് നടത്തും.

എയർ ഇന്ത്യ, എമിറേറ്റ്സ്, ഖത്തർ എയർവേസ്, എത്തിഹാദ്, ഒമാൻ എയർ, എയർ ഏഷ്യ, ഫ്ളൈ ദുബായ്, എയർ അറേബ്യ, ഗൾഫ് എയർ, ശ്രീലങ്കൻ എയർവേസ്, ടൈഗർ എയർവേസ് എന്നിവയും കണ്ണൂരിൽ നിന്ന് സർവീസ് നടത്താൻ താത്പര്യം അറിയിച്ചിട്ടുണ്ട്.



കണ്ണൂർ വിമാനത്താവളം

### ഇന്ധന നികുതി ഇളവ്

ഉഡാൻ (ഉഡേ ദേശ് കാ ആം നാഗരിക്) പദ്ധതിയിൽ 2500 രൂപയ്ക്ക് സർവീസ് നടത്താൻ സന്നദ്ധമാവുന്ന വിമാനക്കമ്പനികൾക്ക് ഇന്ധന നികുതി നാല്പ്ശതമാനത്തിൽ നിന്ന് ഒരു ശതമാനമാക്കി സംസ്ഥാന സർക്കാർ കുറച്ചിട്ടുണ്ട്. നികുതിയിളവ് നേടിയെടുക്കാൻ കൂടുതൽ കമ്പനികൾ ഇവിടേക്ക് പറക്കുമെന്നാണ് പ്രതീക്ഷ.

### സംസ്ഥാന സ്കൂൾ കലോത്സവം

## ലോകായുക്തയുടെ ഉത്തരവുകൾക്ക് സ്റ്റേ



കൊച്ചി: സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പങ്കെടുക്കാൻ വിദ്യാർത്ഥികൾക്ക് അനുമതി നൽകി ലോകായുക്തയും ഉപലോകായുക്തയും പുറപ്പെടുവിച്ച ഉത്തരവുകൾക്കെതിരെ കലോത്സവ കൺവീനറായ പൊതു വിദ്യാഭ്യാസ അഡി. ഡയറക്ടർ നൽകിയ മൂന്ന് ഹർജികളിൽ ഹൈക്കോടതി സ്റ്റേ അനുവദിച്ചു.

തമിഴ് പദ്യം ചൊല്ലൽ മത്സരത്തിൽ പാലക്കാട് സ്വദേശി അനഘയെ പങ്കെടുപ്പിക്കണം എന്നത് ഉൾപ്പെടെ ലോകായുക്തയുടെ മൂന്ന് ഉത്തരവുകൾക്കെതിരെയാണ് സർക്കാർ ഹർജി നൽകിയത്. സമാനമായ 52 പരാതികളിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ ലോകായുക്തയും ഉപലോകായുക്തയും നിർദേശിച്ചിട്ടുണ്ടെന്ന് ഹർജിയിൽ പറയുന്നു.

ആക്ടിംഗ് ചീഫ് ജസ്റ്റിസ് ഉൾപ്പെട്ട ഡിവിഷൻ ബെഞ്ച് ഹർജികളിലെ കേസുകളിൽ മാത്രമാണ് സ്റ്റേ അനുവദിച്ചത്. കുട്ടികളെ കലോത്സവത്തിൽ പങ്കെടുപ്പിക്കണമെന്ന് ലോകായുക്തക്ക് എങ്ങനെ നിർദേശിക്കാനാവുമെന്ന് ഹൈക്കോടതി വാക്കാൽ ചോദിച്ചു.

സർക്കാർ ഉദ്യോഗസ്ഥർ പദവി ദുരുപയോഗം ചെയ്യുന്നതുമായ കേസുകളാണ് ലോകായുക്ത പരിഗണിക്കുന്നതെന്നും ലോകായുക്തയുടെ തീരുമാനം ശുപാർശ മാത്രമാണെന്നും ഹർജിയിൽ പറയുന്നു. ജില്ലാ മത്സരങ്ങളുടെ വിധിനിർണയത്തിൽ ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥൻ പദവി ദുരുപയോഗം ചെയ്ത് തീരുമാനമെടുത്തെന്ന് പരാതിക്കാർക്ക് ആക്ഷേപമില്ല. ഇതിനാൽ കുട്ടികളെ കലോത്സവത്തിൽ പങ്കെടുപ്പിക്കണമെന്ന് നിർദേശിക്കാൻ ലോകായുക്തയ്ക്ക് അധികാരമില്ലെന്നും സർക്കാർ ബോധിപ്പിച്ചു. മത്സരങ്ങളിൽ പങ്കെടുത്ത കുട്ടികളുടെ മികവ് കണക്കിലെടുത്തല്ല ലോകായുക്തയുടെ നിർദേശം. ഈ നിർദേശങ്ങൾ പാലിച്ച് കൂടുതൽ കുട്ടികളെ പങ്കെടുക്കാൻ അനുവദിച്ചാൽ സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ സമയക്രമങ്ങൾ പാടേ തെറ്റും. ഇത് സംഘാടനത്തെ ബാധിക്കുമെന്നും ലോകായുക്തയുടെ ഉത്തരവുകൾ റദ്ദാക്കണമെന്നും സർക്കാരിന്റെ ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

### 'കിലെ' അന്തർദ്ദേശീയ നിലവാരത്തിലാക്കും: ശിവൻകുട്ടി

തിരുവനന്തപുരം: കേരള ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിനെ (കിലെ) അന്തർദ്ദേശീയ നിലവാരത്തിലുള്ള പഠന, ഗവേഷണ, പരിശീലന കേന്ദ്രമായി ഉയർത്തുമെന്ന് ചെയർമാൻ വി. ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

കിലെയുടെ നാല്പതാം വാർഷികാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ഫെബ്രുവരിയിൽ തിരുവനന്തപുരത്ത് നടക്കും. കോഴിക്കോട്ടായിരിക്കും സമാപനസമ്മേളനം. വാർഷികത്തോടനുബന്ധിച്ച് 14@40 എന്ന പേരിൽ എല്ലാ ജില്ലകളിലും പരിപാടികൾ നടത്തും. 'തൊഴിൽ മേഖലയിലെ വേറിട്ട കാഴ്ചകൾ' എന്ന വിഷയത്തിൽ ഷോർട്ട് ഫിലിം ഫെസ്റ്റിവലും 'മാറുന്ന തൊഴിൽ മേഖല, മാറുന്ന കാഴ്ചപ്പാട്' എന്ന വിഷയത്തിൽ ഉപന്യാസ മത്സരവും നടത്തും. നോർക്കയുമായി ചേർന്ന് ജോബ് ഫെസ്റ്റ് സംഘടിപ്പിക്കും. പുതിയ ആസ്ഥാനമന്ദിരത്തിനായി തിരുവനന്തപുരത്ത് മൂന്ന് ഏക്കർ സ്ഥലം കണ്ടെത്തി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. അനുകൂല നിലപാട് ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ശിവൻകുട്ടി പറഞ്ഞു.

### കൺസ്യൂമർഫെഡിന്റെ മദ്യഷോപ്പുകളിൽ ഇനി വനിതാ ജീവനക്കാരും

തിരുവനന്തപുരം: കൺസ്യൂമർഫെഡിന്റെ വിദേശമദ്യ വില്പനശാലകളിൽ വനിതാ ജീവനക്കാരെ നിയമിക്കാൻ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി യോഗം തീരുമാനിച്ചു.

ത്രിവേണി സ്റ്റോറുകൾ അടക്കമുള്ള കൺസ്യൂമർഫെഡ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വനിതകൾക്കാണ് അവസരം. നിലവിൽ കിട്ടുന്ന വേതനത്തിന് പുറമെ ഇവർക്ക് പ്രതിദിനം 275 രൂപ അധികം ലഭിക്കും. രാവിലെ 10 മുതൽ രാത്രി 9 വരെയാണ് മദ്യഷോപ്പുകളുടെ പ്രവർത്തനസമയം. താത്പര്യമുള്ളവർക്ക് ജനവരി ഒമ്പതിനകം ഓപ്ഷൻ മാനേജിംഗ് ഡയറക്ടർക്ക് സമർപ്പിക്കാം. ആറു മാസത്തിനുള്ളിൽ കൺസ്യൂമർഫെഡിന്റെ 39 ഷോപ്പുകളും ആധുനിക സംവിധാനങ്ങളുള്ള സെൽഫ് സർവീസ് സൂപ്പർ മാർക്കറ്റുകളാക്കുകയാണ് ലക്ഷ്യമെന്ന് ചെയർമാൻ എം.മെഹബൂബും മാനേജിംഗ് ഡയറക്ടർ ഡോ. എം. രാമനുണ്ണിയും അറിയിച്ചു. ഇപ്പോൾ 17 ഷോപ്പുകളിലാണ് ഈ സംവിധാനമുള്ളത്.

### കുമാരനാശാൻ അനുസ്മരണവും കാവ്യസംഗമവും

കൊച്ചി: നവ എഴുത്തുകാരെയും കവികളെയും കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ രൂപീകരിച്ച മഹാകവി ദർശനവേദി 21ന് മഹാകവി കുമാരനാശാൻ അനുസ്മരണവും കാവ്യസംഗമവും സംഘടിപ്പിക്കും. പല്ലന കുമാരകോടിയിൽ ഒരു വർഷത്തെ പരിപാടികളുടെ ഉദ്ഘാടനം രാവിലെ 9.30ന് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല നിർവഹിക്കും. സ്വാഗതസംഘം ചെയർമാൻ പുറക്കാട് ചന്ദ്രൻ അദ്ധ്യക്ഷത വഹിക്കും. 11.30 ന് കാവ്യസംഗമം. 2.30ന് സമാപന സമ്മേളനം മന്ത്രി ജി. സുധാകരൻ ഉദ്ഘാടനം ചെയ്യും. തോട്ടപ്പള്ളി ഗോപാലകൃഷ്ണനും മുഞ്ഞനാട് പത്മകുമാറിനും പുരസ്കാരം സമർപ്പിക്കും. 15,001 രൂപയും പ്രശസ്തിപത്രവും അടങ്ങിയതാണ് പുരസ്കാരം. വാർത്താസമ്മേളനത്തിൽ ദർശനവേദി ജനറൽ കൺവീനർ എം.സോമൻ, കൺവീനർമാരായ ജോസ് കുളങ്ങര, സുന്ദരേശൻ തൃക്കുന്നപ്പുഴ എന്നിവർ പങ്കെടുത്തു.

### തേർഡ് എ.സി. കോച്ച് കൂട്ടിച്ചേർത്തു

തിരുവനന്തപുരം: ശബരി എക്സ്പ്രസിൽ ഫെബ്രുവരി 4 വരെ ഒരു തേർഡ് എ.സി. കോച്ചും കൊച്ചുവേളി - ഇൻഡോർ പ്രതിവാര എക്സ്പ്രസിൽ ഫെബ്രുവരി 2 വരെ ഒരു തേർഡ് എ.സി. എൽ.എച്ച്. ബി. കോച്ചും കൂട്ടിച്ചേർത്തു.

### സാക്ഷരതാ മിഷന്റെ തുല്യതാ കോഴ്സുകൾ പരിഷ്കരിക്കുന്നു

തിരുവനന്തപുരം: രജിസ്റ്റർ ചെയ്യുന്ന എല്ലാവരെയും പരീക്ഷക്കിരുത്താൻ സാക്ഷരതാ മിഷന്റെ തുല്യതാ കോഴ്സുകൾ ശക്തിപ്പെടുത്തുന്നു. സ്കൂൾ, കോളേജ് അദ്ധ്യാപകരുടെയും ബി.എഡ് വിദ്യാർത്ഥികളുടെയും വിരമിച്ച അദ്ധ്യാപകരെയും ക്ലാസെടുക്കാൻ നിയോഗിക്കും. ക്ലാസുകളുടെ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിൽ പ്രത്യേക സമിതികൾ രൂപീകരിക്കും. വിദഗ്ദ്ധരായ ഗസ്റ്റ് അദ്ധ്യാപകരുമുണ്ടാവും. പത്താംതരം തുല്യതാ കോഴ്സിന്റെ സിലബസ് പരിഷ്കരിക്കും. നാലാംതരം, ഏഴാംതരം തുല്യതാ കോഴ്സുകളിൽ മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലകളിൽ രജിസ്ട്രേഷൻ കാമ്പെയിൻ നടത്തും. പഠിതാക്കളിലെ പരീക്ഷപ്പേടി അകറ്റാൻ ബോധവത്കരണം നൽകും. പത്തു വർഷത്തിനിടെ 2,68,253 പേർ പത്താംതരം തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തെങ്കിലും പരീക്ഷയെഴുതിയത് 1,41,101 പേർ മാത്രമാണ്.

# ഇ.പി.എഫ് പെൻഷൻകാർക്കും ഇ.എസ്.ഐ ചികിത്സ പരിഗണിക്കും

## പി.എഫ് പെൻഷൻ അപാകത പരിശോധിക്കാൻ സമിതി

▶സ്വന്തം ലേഖകൻ

ന്യൂഡൽഹി: ഇ.പി.എഫ് പെൻഷൻകാർക്കും താമസിയാതെ ഇ.എസ്.ഐ ചികിത്സാ സൗകര്യം ലഭിക്കും. ലേബർ കൺസൾട്ടേറ്റീവ് കമ്മിറ്റി യോഗത്തിൽ കേന്ദ്ര തൊഴിൽ മന്ത്രി സന്തോഷ് ഗാംഗ്‌വാർ ഇക്കാര്യം അറിയിച്ചതായി എൻ.കെ. പ്രേമചന്ദ്രൻ എം.പി പറഞ്ഞു. കമ്മ്യൂട്ട് ചെയ്തവരുടെ പൂർണ പെൻഷൻ പുനഃസ്ഥാപിക്കുന്നതും പരിഗണനയിലാണ്.

ഇ.പി.എഫ് പെൻഷൻ പദ്ധതിയിലെ അപാകതകൾ സമഗ്രമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് അഡിഷണൽ ലേബർ സെക്രട്ടറി എച്ച്.എ. സമര്യ അദ്ധ്യക്ഷനായ ഉന്നതാധികാര സമിതിക്ക് രൂപം നൽകി. ലോക്സഭയിൽ പി.എഫ് പെൻഷൻ സംബന്ധിച്ച് പ്രേമചന്ദ്രൻ അവതരിപ്പിച്ച സ്വകാര്യ അംഗ പ്രമേയത്തിന് മറുപടി നൽകവേ ഇക്കാര്യം തൊഴിൽമന്ത്രി ഉറപ്പുനൽകിയിരുന്നു.

കമ്മ്യൂട്ട് ചെയ്ത തുക പൂർണമായി തിരിച്ചുപിടിച്ച പെൻഷൻകാർക്ക് പൂർണ പെൻഷൻ പുനഃസ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് പ്രേമചന്ദ്രൻ യോഗത്തിൽ ആവശ്യപ്പെട്ടു. പെൻഷൻ തുകയിൽ 40,500 രൂപ കമ്മ്യൂട്ട് ചെയ്ത് വാങ്ങിയ കെ.എസ്.എഫ്.ഇ ജീവനക്കാരനായ ടി.എം. ജോർജിൽ നിന്ന് 1263 രൂപ ക്രമത്തിൽ 141 തവണകളായി 1.78 ലക്ഷം രൂപ തിരിച്ചുപിടിച്ചിട്ടും പൂർണ പെൻഷൻ പുനഃസ്ഥാപിക്കാത്തത് പ്രേമചന്ദ്രൻ ചൂണ്ടിക്കാട്ടി.

തൊഴിൽ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പാർലമെന്ററികാര്യ സഹമന്ത്രി അർജ്ജുൻ റാം മേഘ്‌വാൾ, വിവിധ കക്ഷി എം.പിമാർ, ചീഫ് പി.എഫ് കമ്മിഷണർ വി.പി. ജോയ്, ഇ.എസ്.ഐ ഡയറക്ടർ, തൊഴിൽ മന്ത്രാലയ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

### സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ: അപാകത തീർക്കും

ഇ.എസ്.ഐ പദ്ധതിയിലെ അംഗങ്ങൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുന്ന പദ്ധതിയിലെ അപാകതകൾ അടുത്ത മാസം ചേരുന്ന യോഗം പുനഃപരിശോധിക്കുമെന്ന് കേന്ദ്രമന്ത്രി ഉറപ്പുനൽകി.

ഒടുവിലത്തെ രണ്ട് വർഷത്തിൽ 156 ഹാജർ ഇല്ലാത്തതിന്റെ പേരിൽ തൊഴിലാളികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നിഷേധിക്കുന്നത് തിരുത്തണമെന്ന് പ്രേമചന്ദ്രൻ ആവശ്യപ്പെട്ടിരുന്നു.

## ബാങ്ക് ബാലൻസ്: കൊള്ള അനുവദിക്കില്ലെന്ന് സർക്കാർ

തിരുവനന്തപുരം: അക്കൗണ്ടിൽ ബാലൻസില്ലെന്ന പേരിൽ സാമൂഹ്യക്ഷേമ പെൻഷൻ വാങ്ങുന്ന പാവങ്ങളെ കൊള്ളയടിക്കാൻ ബാങ്കുകളെ അനുവദിക്കില്ലെന്ന് സർക്കാർ മുന്നറിയിപ്പ് നൽകി. നടപടി പിൻവലിച്ചില്ലെങ്കിൽ ഇത്തരം പെൻഷനുകളുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ പിൻവലിക്കുമെന്ന് ധനകാര്യസെക്രട്ടറി സംസ്ഥാനതല ബാങ്കേഴ്സ് സമിതിയെ അറിയിച്ചു.

ആലപ്പുഴ മണ്ണഞ്ചേരിയിലെ ഫമീദബീവിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ച വയോജന പെൻഷൻ തുക മിനിമം ബാലൻസ് ഇല്ലാത്തതിന്റെ പിഴയായി ബാങ്ക് ഈടാക്കിയതിനെതിരെ ധനമന്ത്രി തോമസ് ഐസക് ഫേസ്ബുക്കിൽ പ്രതികരിച്ചിരുന്നു. തുടർന്ന് ഫമീദാബീവിക്ക് തുക തിരിച്ചുനൽകാൻ ഫെഡറൽ ബാങ്ക് സമ്മതിച്ചു. ഇത് കൊള്ളയും ജനവിരുദ്ധവുമാണ്. എല്ലാ ബാങ്കുകളും ഇത്തരം നടപടികളിൽ നിന്ന് പിന്മാറണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ജൻധൻ, ക്ഷേമനിധി, നോ ഫ്രിൽ അക്കൗണ്ടുകൾ, ശമ്പള അക്കൗണ്ട് എന്നിവയിൽ മിനിമം ബാലൻസ് നിർബന്ധമില്ലെന്നാണ് ബാങ്ക് നിയമം. എന്നാൽ എസ്.ബി.ടിയെ എസ്.ബി.ഐ.യിൽ ലയിപ്പിച്ചപ്പോൾ ഈ വ്യവസ്ഥ മറികടന്ന് എല്ലാ അക്കൗണ്ടുകളും ജനറൽ വിഭാഗത്തിൽ പെടുത്തി. ഈ മാതൃക മറ്റ് ബാങ്കുകളും പിന്തുടർന്നതോടെ എല്ലാ അക്കൗണ്ടുകൾക്കും മിനിമം ബാലൻസ് ബാധകമായി. നഗരങ്ങളിൽ 3000 രൂപയും ഗ്രാമങ്ങളിൽ 2000 രൂപയുമാണ് മിനിമം ബാലൻസ്. ഇതില്ലെങ്കിൽ നഗരങ്ങളിൽ 50 രൂപയും ഗ്രാമങ്ങളിൽ 30 രൂപയും ആണ് പിഴ ഈടാക്കുക. പിഴയ്ക്ക് 18 ശതമാനം ജി.എസ്.ടിയും 12 ശതമാനം സർവ്വീസ് ചാർജ്ജും ഈടാക്കും. രാജ്യത്താകെ എസ്. ബി. ഐ. മാത്രം ഇത്തരത്തിൽ 1680 കോടി രൂപയാണ് പിഴയായി ഈടാക്കിയത്.

# പരീക്ഷണം വിജയം, നാവിക് സന്ദേശങ്ങൾ ബോട്ടുകളിലെത്തി

▶പ്രത്യേക ലേഖകൻ

തിരുവനന്തപുരം: മത്സ്യത്തൊഴിലാളികൾക്ക് കടലിൽ വഴികാട്ടിയാവുന്ന നാവിക് ആപ്ലിക്കേഷൻ ഉപകരണത്തിന്റെ പരീക്ഷണം വിജയിച്ചു.

ഐ.എസ്.ആർ.ഒയുടെ ഗതിനിർണയ ഉപഗ്രഹ ശൃംഖലയായ 'നാവിക്' ഒരു മണിക്കൂർ ഇടവിട്ട് അയച്ച പരീക്ഷണ സന്ദേശങ്ങളെല്ലാം മത്സ്യബന്ധന ബോട്ടുകളിൽ ഘടിപ്പിച്ച ഉപകരണം സ്വീകരിച്ചു.

വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ എന്നിവിടങ്ങളിൽ നിന്ന് ഉപകരണങ്ങൾ ഘടിപ്പിച്ച ആറ് ബോട്ടുകളാണ് ഇന്നലെ രാവിലെ ഉൾക്കടലിലേക്ക് പരീക്ഷണത്തിനായി പോയത്.

ഐ.എസ്.ആർ.ഒ ശാസ്ത്രജ്ഞരും ഫിഷറീസ് ഉദ്യോഗസ്ഥരും മത്സ്യത്തൊഴിലാളികൾക്കൊപ്പം കടലിലേക്ക് പോയി. രാവിലെ എട്ടരയോടെ നാവിക് ഉപഗ്രഹ ശൃംഖലയിൽ നിന്ന് ആദ്യ പരീക്ഷണ സന്ദേശം ബോട്ടുകളിലെ ഉപകരണങ്ങൾ വഴി മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിൽ ലഭിച്ചു. ഫിഷറീസ് ഡയറക്ടറുടെ ഓഫീസിലെ ഉപകരണത്തിലും ഇതേസമയം സന്ദേശം ലഭിച്ചു. നിലവിൽ സന്ദേശങ്ങൾ ഇംഗ്ലീഷിലാണ്. മലയാളത്തിൽ ടെക്സ്റ്റ് സന്ദേശവും വോയിസ് സന്ദേശവും ലഭിക്കാനുള്ള സംവിധാനം ഉടൻ ഒരുക്കുമെന്ന് ഐ.എസ്.ആർ.ഒ ശാസ്ത്രജ്ഞർ അറിയിച്ചു. ഇതിനായി ഡൽഹിയിലെ 'മാപ്മൈഇന്ത്യ'യുടെ സോഫ്ട്‌വെയറിൽ മലയാളം കൂട്ടിച്ചേർക്കും. 200 നോട്ടിക്കൽ മൈൽ വരെ പല ഘട്ടങ്ങളായി സന്ദേശം അയച്ചുള്ള പരീക്ഷണം ഇന്ന് വൈകിട്ട് ആറുവരെ തുടരും. നാവിക് ശൃംഖലയിൽ നിന്നുള്ള പരീക്ഷണ സന്ദേശങ്ങളായതിനാൽ അവഗണിക്കാൻ മറ്റ് സംസ്ഥാനങ്ങൾക്ക് ജാഗ്രതാനിർദ്ദേശം നൽകിയിട്ടുണ്ട്. ഐ.എസ്.ആർ.ഒ ആസ്ഥാനത്തെ സീനിയർ ശാസ്ത്രജ്ഞൻ ഹനുമന്ത്‌രായപ്പ, അഹമ്മദാബാദ് സ്പേസ് ആപ്ലിക്കേഷൻ സെന്ററിലെ ശാസ്ത്രജ്ഞൻ ജോഷി എന്നിവരുടെ നേതൃത്വത്തിലാണ് പരീക്ഷണം നടന്നത്.



സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ സംബന്ധിച്ച മുന്നറിയിപ്പുകൾ നൽകുന്നതിനായി ഐ.എസ്.ആർ.ഒ വികസിപ്പിച്ച നാവിക് ഘടിപ്പിച്ച ബോട്ടുകൾ മന്ത്രി ജെ. മെഴ്സിക്കുട്ടിയമ്മ ഫ്ലാഗ് ഓഫ് ചെയ്ത് വിഴിഞ്ഞം കടലിലിറക്കുന്നു

# റേഷൻ കടകളിൽ ഇന്നുമുതൽ ഇ-പോസ് യന്ത്രം സ്ഥാപിക്കും

## പൈലറ്റ് പദ്ധതി കരുനാഗപ്പള്ളിയിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

തിരുവനന്തപുരം: റേഷൻ വിതരണം സുതാര്യമാക്കാൻ റേഷൻ കടകളിൽ ഇ - പോസ് യന്ത്രം സ്ഥാപിക്കുന്ന പദ്ധതിക്ക് കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻ കടകളിൽ ഇന്ന് തുടക്കമാകും. പൈലറ്റ് പദ്ധതി വൈകിട്ട് മൂന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉൽഘാടനം ചെയ്യും. മുഴവൻ റേഷൻ കടകളിലും മൂന്ന് മാസത്തിനകം ഇ- പോസ് യന്ത്രങ്ങൾ സ്ഥാപിക്കുകയാണ് ലക്ഷ്യമെന്ന് ഭക്ഷ്യമന്ത്രി പി. തിലോത്തമൻ അറിയിച്ചു.

കാർഡുടമകളുടെയോ അംഗങ്ങളുടെയോ വിരലടയാളമോ കൃഷ്ണമണിയോ അടിസ്ഥാനമാക്കിയുള്ള ബയോമെടിക് സാങ്കേതിക വിദ്യയിലാണ് പോയിന്റ് ഓഫ് സെയിൽ യന്ത്രങ്ങൾ പ്രവർത്തിക്കുന്നത്. ഇതിലൂടെ റേഷൻ തിരിമറി പാടേ ഇല്ലാതാക്കി കാർഡുടമയ്ക്ക് കൃത്യമായി സാധനങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പാക്കാം. റേഷൻ സാധനങ്ങളുടെ വരവ്, പോക്ക്, നീക്കിയിരിപ്പ്, റേഷൻ കടകൾ തുറന്നിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ ജനങ്ങൾക്ക് പൊതുവിതരണ വകുപ്പിന്റെ പോർട്ടൽ വഴി അറിയാനും കഴിയും.

### മുൻഗണനാ പട്ടിക



സംസ്ഥാനത്താകെ നടത്തിയ 9,442 ഫോട്ടോ ക്യാമ്പുകളിലൂടെയും റേഷൻ കടകൾ വഴി ഫോറങ്ങൾ പൂരിപ്പിച്ച് വാങ്ങിയും സി - ഡിറ്റ്, കുടുംബശ്രീ തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെ വിവരങ്ങൾ ക്രോഡീകരിച്ചും താലൂക്ക് തലത്തിലാണ് ആദ്യം മുൻഗണനാ റാങ്കിംഗ് നടത്തിയത്. എറണാകുളം സിറ്റി റേഷനിംഗ് ഓഫീസിലും കൊടുങ്ങല്ലൂർ താലൂക്ക് റേഷനിംഗ് ഓഫീസിലും കരട് പട്ടിക പ്രസിദ്ധീകരിച്ചു. ഈ പട്ടികയിൽ അപാകത കണ്ടതിനാൽ സംസ്ഥാനതല റാങ്കിംഗ് നടത്തി കരട് പട്ടിക പ്രസിദ്ധീകരിച്ചു. അതിലും പരാതികൾ ഉയർന്നപ്പോൾ വെരിഫിക്കേഷൻ, അപ്പീൽ കമ്മിറ്റികളുടെ തീരുമാന പ്രകാരം മാർച്ച് 9ന് അന്തിമ മുൻഗണനാ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. റേഷൻകാർഡിന്റെ അച്ചടിയും വിതരണവും 98ശതമാനവും പൂർത്തിയാക്കി.

# കോൺഗ്രസിനും ബി.ജെ.പിക്കും ഒരേ നയം: പിണറായി

കൊല്ലം: വർഗീയതയ്ക്കെതിരായ പോരാട്ടവും തിരഞ്ഞെടുപ്പ് സഖ്യവും രണ്ടാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സി.പി.എം ജില്ലാ സമ്മേളനത്തിന്റെ പ്രതിനിധി സമ്മേളനം സി. കേശവൻ സ്മാരക ടൗൺ ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്ന അദ്ദേഹം. നയത്തിൽ വ്യക്തതയുള്ളവരുമായാണ് തിരഞ്ഞെടുപ്പിൽ ഇടതുപക്ഷം കൂട്ടുകെട്ടുണ്ടാക്കുന്നത്. നവ ഉദാരവത്കരണ നയത്തിന്റെ വക്താക്കളാണ് കോൺഗ്രസ്. കോൺഗ്രസും ബി.ജെ.പിയും തമ്മിൽ നയത്തിൽ വ്യത്യാസമില്ല. അതുകൊണ്ട് തന്നെ കോൺഗ്രസുമായി തിരഞ്ഞെടുപ്പ് ധാരണയില്ലെന്ന സി.പി.എമ്മിന്റെ മുൻ നിലപാട് ഇപ്പോഴും തുടരുകയാണ്.

സോളാർ തട്ടിപ്പ് സംബന്ധിച്ച കമ്മിഷൻ ശുപാർശയിൽ നിയമ പരിശോധന നടക്കുകയാണ്. അത് കൃത്യമായി തന്നെ നടക്കും. സംസ്ഥാന സർക്കാർ വിവിധ ക്ഷേമ പദ്ധതികളുമായി മുന്നോട്ട് പോകുകയാണ്. വികസനത്തിന് സ്ഥലം ഏറ്റെടുക്കുമ്പോൾ പദ്ധതിപ്രദേശത്തെ ജനങ്ങളുടെ പുനരധിവാസത്തിന് ശരിയായ പരിഗണനയാണ് നൽകുന്നത്. രാജ്യത്ത് മതനിരപേക്ഷതയും ഫെഡറലിസവുമൊക്കെ വെല്ലുവിളി നേരിടുകയാണ്. മതനിരപേക്ഷതയെ തകർക്കുകയാണ് ബി.ജെ.പി. ആർ.എസ്.എസ് ഇതിനുള്ള കളമൊരുക്കി നൽകുന്നു.

കേരളത്തിലെ സമാധാനാന്തരീക്ഷവും സ്വൈര്യവും തകർക്കാൻ ബോധപൂർവമായ നീക്കങ്ങൾ നടക്കുന്നുണ്ട്. ഇവിടെ വർഗീയ സംഘർഷങ്ങൾ ഉണ്ടാക്കി കലാപത്തിലേക്ക് എത്തിക്കാൻ ചിലർ ശ്രമിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായാണ് കാസർകോട് റിയാസ് മൗലവിയുടെയും കൊടിഞ്ഞി ഫൈസലിന്റെയും കൊലപാതകങ്ങൾ. ഇക്കാര്യങ്ങൾ ജാഗ്രതയോടെ കാണണമെന്നും പിണറായി വിജയൻ പറഞ്ഞു.

### ഉദയകുമാർ ഉരുട്ടിക്കൊല കേസ്

# കള്ളമൊഴി കൊടുത്തത് എസ്.ഐയും സി.ഐയും പറഞ്ഞിട്ടെന്ന് പൊലീസുകാരി

തിരുവനന്തപുരം: ഉദയകുമാർ ഉരുട്ടിക്കൊല കേസ് അന്വേഷിച്ച നർകോട്ടിക് സെൽ ഡിവൈ.എസ്.പിക്കും ക്രൈംബ്രാഞ്ച് എസ്.പിക്കും കള്ളമൊഴി കൊടുത്തത് എസ്.ഐയും സി.ഐയും പറഞ്ഞിട്ടാണെന്ന് മാപ്പുസാക്ഷിയും സംഭവ സമയം ഫോർട്ട് സ്റ്റേഷനിലെ പൊലീസുകാരിയുമായിരുന്ന രജനി പ്രത്യേക സി.ബി.ഐ കോടതിയിൽ പറഞ്ഞു.

ഉച്ചയ്ക്ക് സ്റ്റേഷനിൽ എത്തിച്ച ഉദയകുമാറിനെയും സുരേഷ്കുമാറിനെയും രാത്രി എട്ടിന് ശേഷമാണ് കൊണ്ടുവന്നതെന്ന് മൊഴി നൽകാൻ എസ്.ഐ ടി. അജിത്കുമാറും സി.ഐ ഇ.കെ. സാബുവും നിർദ്ദേശിച്ചു. 2005 സെപ്തംബർ 27 ന് ഉച്ചയ്ക്കാണ് പൊലീസുകാരായ ജിതകുമാറും ശ്രീകുമാറും ഇരുവരെയും സ്റ്റേഷനിൽ കൊണ്ടുവന്നത്. ഉദയകുമാറിനെ ചോദ്യം ചെയ്യാൻ സി.ഐയുടെ ഓഫീസിലേക്ക് കൊണ്ടുപോയി. ഒന്നര മണിക്കൂർ കഴിഞ്ഞ് ജിതകുമാറും ശ്രീകുമാറും ഇരുവശത്തും താങ്ങിപ്പിടിച്ച് കൊണ്ടുവന്ന് ലോക്കപ്പിൽ അടച്ചു. പിന്നീട് സുരേഷ്കുമാറിനെ കൊണ്ടുപോയെങ്കിലും ഉടൻ മടക്കിക്കൊണ്ടുവന്നു.

രാത്രി 7.30ന് ലോക്കപ്പിൽ നിന്ന് ഉദയകുമാറിന്റെ നിലവിളി കേട്ടിരുന്നു. ഞാൻ കുപ്പിയിൽ വെള്ളം നൽകിയെങ്കിലും പിടിക്കാൻ കഴിയാതെ ഉദയകുമാറിന്റെ കൈയിൽ നിന്ന് താഴെ വീണു. ഈ വിവരം എസ്.ഐയെ അറിയിച്ചെങ്കിലും വന്ന് നോക്കുന്നത് കണ്ടില്ല. അനക്കം ഇല്ലാതിരുന്ന ഉദയകുമാറിനെ രാത്രി പത്തരയോടെ ആശുപത്രിയിൽ കൊണ്ടുപോയി. ഉദയകുമാർ മരിച്ചതായി പിന്നീട് അറിഞ്ഞെന്നും രജനി മൊഴി നൽകി. ഉദയകുമാറിന് തക്കസമയത്ത് ചികിത്സ ലഭ്യമാക്കിയിരുന്നെങ്കിൽ ജീവൻ രക്ഷിക്കാൻ കഴിയുമായിരുന്നെന്ന് പോസ്റ്റ്മോർട്ടം ചെയ്ത ഡോക്ടർ നേരത്തേ മൊഴി നൽകിയിരുന്നു.

ശ്രീകണ്ഠേശ്വരം പാർക്കിൽ നിന്ന് അറസ്റ്റ് ചെയ്ത ഉദയകുമാറിന്റെ പക്കലുണ്ടായിരുന്ന നാലായിരം രൂപ സംബന്ധിച്ച ചോദ്യം ചെയ്യലാണ് കൊലപാതകത്തിൽ കലാശിച്ചത്. ഫോർട്ട് സി.ഐയുടെ ക്രൈം സ്ക്വാഡാണ് ഉദയകുമാറിനെ പിടികൂടിയത്.



- ഉച്ചയ്ക്ക് കൊണ്ടുവന്നെങ്കിലും രാത്രിയിലെന്ന് പറയാൻ നിർദ്ദേശിച്ചു
- ചോദ്യം ചെയ്ത് ലോക്കപ്പിലിട്ടപ്പോൾ ഉദയകുമാർ അവശൻ
- നിലവിളി കേട്ടു. വെള്ളം കുടിക്കാൻ പോലും ശേഷിയില്ലായിരുന്നു

### ബ്രിട്ടീഷ് കമ്പനികളുടെ തോട്ടങ്ങൾ

## കുമ്മനത്തിന്റെ ആവശ്യത്തെ സി.ബി.ഐ എതിർക്കും

▶കെ.പി.കൈലാസ്‌നാഥ്

തിരുവനന്തപുരം: കേരളത്തിൽ ബിനാമി പേരിൽ തോട്ടങ്ങൾ കൈവശം വയ്ക്കാൻ ബ്രിട്ടീഷ് കമ്പനികൾ വ്യാജരേഖ ചമച്ചതിന്റെയും ഫെറ നിയമങ്ങൾ ലംഘിച്ചതിന്റെയും ചുരുളഴിക്കാൻ സി.ബി.ഐ-എൻഫോഴ്സ്മെന്റ് അന്വേഷണം വേണമെന്ന് ബി.ജെ.പി നേതാവ് കുമ്മനം രാജശേഖരൻ ഹൈക്കോടതിയിൽ നൽകിയ ഹർജിയെ സി. ബി. ഐ എതിർത്തേക്കും.


ഹാരിസൺ പ്രതിക്കൂട്ടിലാവുന്ന കേസിൽ സി. ബി. ഐ അന്വേഷണം വേണ്ടെന്നും നിലവിലുള്ള ക്രൈംബ്രാഞ്ച് അന്വേഷണം മതിയെന്നുമുള്ള നിലപാടായിരിക്കും സർക്കാരും സ്വീകരിക്കുക. ഹാരിസൺ കമ്പനിയും സ്വകാര്യ എസ്റ്റേറ്റുകളും അനധികൃതമായി കൈവശം വച്ച തോട്ടങ്ങളിൽ നിന്ന് സർക്കാർ അവരെ ഒഴിപ്പിക്കുന്നതിനെതിരെയുള്ള കേസ് ജനുവരി 30നാണ് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പരിഗണിക്കുന്നത്. കുമ്മനം രാജശേഖരന്റെ ഹർജിയും ഇതോടൊപ്പം പരിഗണിക്കുന്നുണ്ട്. രാജ്യത്തിന്റെ പരമാധികാരത്തെ പരിഹസിക്കുകയും ജുഡിഷ്യറിയെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്ത ഈ കമ്പനികളുടെ ഇടപാടുകളെക്കുറിച്ച് സി.ബി.ഐ - എൻഫോഴ്സ്മെന്റ് അന്വേഷണം വേണമെന്ന് സ്പെഷ്യൽ ഓഫീസർ എം.ജി രാജമാണിക്യവും 2016 സെപ്റ്റംബർ 24 ന് സർക്കാരിന് റിപ്പോർട്ട് നൽകിയിരുന്നു.

### കർദ്ദിനാളിനെ തടഞ്ഞവർക്കെതിരെ പരാതി

കൊച്ചി: സീറോ മലബാർസഭയുടെ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ ഡോ. ജോർജ് ആലഞ്ചേരിയെ അരമനയിൽ തടഞ്ഞുവച്ചവർക്കെതിരെ പൊലീസിൽ പരാതി. കത്തോലിക്കാസഭാ നവീകരണ പ്രസ്ഥാനത്തിന്റെ നിയമോപദേശക ഇന്ദുലേഖ ജോസഫാണ് എറണാകുളം സെൻട്രൽ പൊലീസിൽ പരാതി നൽകിയത്. കർദ്ദിനാളിനെതിരായ ബലപ്രയോഗവും തടഞ്ഞുവയ്ക്കലും ലക്ഷക്കണക്കിന് വിശ്വാസികളെ വേദനിപ്പിച്ചതിനാൽ ക്രിമിനൽ നടപടി സ്വീകരിക്കണമെന്നാണ് പരാതിയിലെ ആവശ്യം. അങ്കമാലി അതിരൂപതയുടെ സ്ഥലവില്പനയുമായി ബന്ധപ്പെട്ട വിവാദം ചർച്ച ചെയ്യാൻ വ്യാഴാഴ്ച നിശ്ചയിച്ച യോഗത്തിൽ പങ്കെടുക്കാതിരിക്കാനാണ് കെന്നഡി കരിമ്പിൻകാലയിൽ, വി.വി. അഗസ്റ്റിൻ, സാബു ജോസ് എന്നിവർ കർദ്ദിനാളിനെ തടഞ്ഞുവച്ചത്.

## വീണ്ടും സ്ക്രീനിലെത്താൻ ക്ലിയോപാട്ര

ഈജിപ്റ്റിന്റെ രാജ്ഞിയായിരുന്ന ക്ലിയോപാട്രയുടെ സൗന്ദര്യത്തിൽ അദ്ഭുതം കൂറാത്തവരില്ല. ചരിത്രത്തിലൂടെയും സിനിമകളിലൂടെയും ക്ലിയോപാട്ര പലതവണ നിർവചിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഒരിക്കൽ കൂടി സിനിമയാകാൻ ഒരുങ്ങുകയാണ് ക്ലിയോപാട്രയുടെ ജീവിതം. ഡെന്നിസ് വില്ലെന്യൂവ് സംവിധാനം ചെയ്യുന്ന ചിത്രം ഇതുവരെയുള്ള ക്ലിയോപാട്ര ചിത്രങ്ങളിൽ നിന്ന് വ്യത്യസ്തമായിരിക്കും. പുരുഷന്മാരുടെ കണ്ണിലൂടെ പറഞ്ഞുവച്ച കഥകളെ അപ നിർമ്മിക്കുകയാണ് ക്ലിയോപാട്രയുടെ കണ്ണിലൂടെ പറയുന്ന സിനിമയെന്ന് സംവിധായകൻ അവകാശപ്പെടുന്നു.



www.keralakaumudi.com www.facebook.com/keralakaumudi



## മമതയുടെ രൂപകല്പന; പശ്ചിമബംഗാളിന് പുതിയ ചിഹ്നം

കൊൽക്കത്ത: പശ്ചിമബംഗാളിന്റെ ഔദ്യോഗിക ചിഹ്നം മുഖ്യമന്ത്രി മമതാബാനർജി ഇന്നലെ പുറത്തിറക്കി. അശോക സ്തംഭം ഉൾക്കൊള്ളുന്ന ചിഹ്നം മമത തന്നെയാണ് രൂപകല്പന ചെയ്തത്.

സ്വാതന്ത്ര്യം ലഭിച്ച് 70 വർഷം പിന്നിടേണ്ടി വന്ന പശ്ചിമബംഗാളിന് സ്വന്തമായി ഒരു ചിഹ്നം ഉണ്ടാകാൻ. സംസ്ഥാനത്തിന് അതിന്റേതായ വ്യക്തിത്വമുണ്ടാകണമെന്ന് ആരും ചിന്തിച്ചിരുന്നില്ലെന്നും സംസ്ഥാന സെക്രട്ടറിയേറ്റിൽ നടന്ന ചടങ്ങിൽ മമത പറഞ്ഞു. ജനുവരി മൂന്നിന് ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നെന്നും മമത പറഞ്ഞു.

സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക രേഖകളിലെല്ലാം ചിഹ്നം ആലേഖനം ചെയ്യുമെന്നും മമത അറിയിച്ചു.

# വരുന്നു; മോദിക്ക് ഇസ്രയേൽ 'ജീപ്പ്'

ജറുസലേം: മോദിക്ക് ഒരു സവിശേഷ സമ്മാനവുമായാണ് ഇസ്രയേൽ പ്രധാനമന്ത്രി ബഞ്ചമിൻ നെതന്യാഹു ഈ മാസം 14 ന് ഇന്ത്യയിലെത്തുന്നത്. ഗാൽ മൊബീൽ എന്ന ജീപ്പാവും ഉപഹാരമായി നൽകുക. കഴിഞ്ഞ ജൂലായിൽ പ്രധാനമന്ത്രി മോദി ഇസ്രയേൽ സന്ദർശിച്ചപ്പോൾ ജീപ്പ് കണ്ട് പ്രവർത്തന രീതി പരിശോധിക്കുകയും അഭിനന്ദിക്കുകയും ചെയ്തിരുന്നു. ഇതേ തുടർന്നാണ് നെതന്യാഹുവിന്റെ ചതുർദിന ഇന്ത്യാ സന്ദർശനത്തിന്റെ ഭാഗമായി ജീപ്പ് സമ്മാനിക്കാൻ തീരുമാനിച്ചത്.

### ഗാൽ ജീപ്പിന്റെ സവിശേഷത

- കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കും.
- ഏകദേശം 70 ലക്ഷം രൂപ വില
- ഒരു ദിവസം 20,000 ലിറ്റർ കടൽ വെള്ളം ശുദ്ധീകരിക്കും.
- നദിയിൽ നിന്നുള്ള വെള്ളമാണെങ്കിൽ 80000 ലിറ്റർ
- ഭാരം : 1540 കിലോ. വേഗം : 90 കിലോമീറ്റർ
- ലോക നിലവാരം പാലിക്കുന്ന ശുദ്ധജലം നൽകും.
- കപ്പലിലും കയറ്റിക്കൊണ്ട് പോകാം.

### ജീപ്പ് കണ്ട മോദി പറഞ്ഞത്

"ഈ വാഹനം കാണിച്ചതിന് നെതന്യാഹുവിന് ഞാൻ നന്ദിപറയുന്നു. പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുമ്പോൾ കുടിവെള്ളം കിട്ടാതെ വലയുന്ന ജനങ്ങളെ സഹായിക്കാൻ ഈ ജീപ്പിന് കഴിയും".



നെതന്യാഹുവിനൊപ്പം മോദി ജീപ്പിനരികെ

## പാർലമെന്റ് സമ്മേളനം 29ന് തുടങ്ങും: പൊതു ബഡ്ജറ്റ് ഫെബ്രു. ഒന്നിന്

### വിനോദസഞ്ചാര മേഖലയ്ക്ക് കൂടുതൽ ഇളവുകൾ

▸ സ്വന്തം ലേഖകൻ

ന്യൂഡൽഹി: പാർലമെന്റിന്റെ ബഡ്ജറ്റ് സമ്മേളനം 29ന് തുടങ്ങും. ഫെബ്രുവരി ഒന്നിന് ധനമന്ത്രി അരുൺ ജയ്റ്റ്‌ലി ബഡ്ജറ്റ് അവതരിപ്പിക്കും. 29ന് രാഷ്ട്രപതി രാംനാഥ് കോവിന്ദ് ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യും.

സാമ്പത്തിക കാര്യ സർവേ അന്ന് തന്നെ അവതരിപ്പിക്കും. രണ്ട് ഭാഗങ്ങളായാണ് ബഡ്ജറ്റ് സമ്മേളനം നടക്കുന്നത്. ഒന്നാം ഭാഗം ഫെബ്രുവരി ഒൻപതിന് അവസാനിക്കും. മാർച്ച് അഞ്ച് മുതൽ ഏപ്രിൽ ആറ് വരെയാണ് രണ്ടാം ഭാഗം.

രാജ്യത്ത് പുതുതായി രണ്ട് ലക്ഷം ഹോട്ടൽ മുറികൾ അനിവാര്യമാണെന്ന് കേന്ദ്ര ടൂറിസം മന്ത്രി അൽഫോൺസ് കണ്ണന്താനം ലോക്‌സഭയിൽ വ്യക്തമാക്കിയിരുന്നു. പുതിയ ടൂറിസം പാക്കേജുകളുടെ വികസനത്തിനായി അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് പുതിയ പദ്ധതികൾ അനിവാര്യമാണെന്നും മന്ത്രി വ്യക്തമാക്കിയിരുന്നു.

### പ്രതീക്ഷകൾ

- വിനോദ സഞ്ചാര മേഖലയ്ക്ക് നികുതി ഇളവ്
- ടൂറിസം മേഖലയിൽ കൂടുതൽ നിക്ഷേപം
- സ്വകാര്യ നിക്ഷേപത്തിന് ഇൻസെന്റീവും ഹോട്ടൽ നിരക്കുകളിൽ നികുതി ഇളവും
- പുതിയ ഹോട്ടൽ സംരംഭങ്ങൾക്ക് ആദായനികുതി ഇളവ്
- ആഭ്യന്തര വിമാന സർവീസുകൾക്ക് ഇളവ്

# പാകിസ്ഥാനോട് അമേരിക്ക സുരക്ഷയും ഇനി ഇല്ല



വാഷിംഗ്ടൺ: പാകിസ്ഥാനുള്ള 7200 കോടി രൂപയുടെ സുരക്ഷാ ധനസഹായങ്ങൾ അവസാനിപ്പിച്ചതായി അമേരിക്ക അറിയിച്ചു. താലിബാനെ പോലുള്ള ഭീകര സംഘടനകളെ പ്രോത്സാഹിപ്പിക്കുന്ന പാക് നടപടി അവസാനിപ്പിച്ചാൽ മാത്രമേ സാമ്പത്തിക, സൈനിക സഹായങ്ങൾ പുനഃസ്ഥാപിക്കുവെന്നും യു.എസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് വക്താവ് ഹീതർ നവോർട്ട് അറിയിച്ചു.

അമേരിക്ക നൽകിയ സാമ്പത്തിക സഹായങ്ങൾക്ക് ചതിയും വഞ്ചനയും മാത്രമാണ് പാകിസ്ഥാൻ പകരം നൽകിയതെന്നും ഭീകരർക്ക് പാർക്കാൻ സുരക്ഷിത കേന്ദ്രങ്ങൾ ഒരുക്കുകയാണ് എന്നുമുള്ള ട്രംപിന്റെ പ്രസ്താവനയ്ക്ക് പിന്നാലെയാണ് പുതിയ തീരുമാനം.

2016 സാമ്പത്തിക വർഷം പാകിസ്ഥാന് നൽകാൻ തീരുമാനിച്ച വിദേശ മന്ത്രാലയ ഫണ്ടിംഗിലെ 1600 കോടി രൂപയാണ് (255 മില്യൺ ഡോളർ) പ്രധാനമായും പിൻവലിച്ചത്. 2017ൽ നൽകാമെന്നേറ്റ 5600 കോടി രൂപയുടെ (900 മില്യൺ ഡോളർ) ഫണ്ടും പിൻവലിക്കുന്നതായി അമേരിക്കൻ പ്രതിരോധ വകുപ്പ് അറിയിച്ചു.

ആയുധങ്ങളോ സുരക്ഷാ പിന്തുണയോ പാകിസ്ഥാന് നൽകില്ല. എന്നാൽ രാജ്യ സുരക്ഷയ്ക്ക് ഭീഷണി ഉയരുന്ന സാഹചര്യമുണ്ടായാൽ വിട്ടുവീഴ്ച ചെയ്യുമെന്നും വക്താവ് അറിയിച്ചു.

2002 മുതൽ അമേരിക്കയിൽ നിന്ന് പാകിസ്ഥാൻ സഹായധനം സ്വീകരിക്കുന്നുണ്ട്.

ഭീകരർക്കെതിരെയുള്ള പോരാട്ടം പാകിസ്ഥാൻ കൂടുതൽ കാര്യക്ഷമമാക്കണമെന്നാവശ്യപ്പെട്ടാണ് തുക തടഞ്ഞുവച്ചിരിക്കുന്നത്.

### ട്രംപിന് ഇന്ത്യയുടെ സ്വരമെന്ന് പാകിസ്ഥാൻ



ഇസ്ലാമാബാദ്: പാകിസ്ഥാനെതിരെ ഡൊണാൾഡ് ട്രംപ് നടത്തുന്ന പ്രസ്താവനകൾക്ക് ഇന്ത്യയുടെ ഭാഷയാണെന്ന് പാക് വിദേശകാര്യമന്ത്രി ഖ്വാജ മുഹമ്മദ് ആസിഫ് ആരോപിച്ചു. ദേശീയ സുരക്ഷ സംബന്ധിച്ച പാർലമെന്ററികാര്യ സമിതിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അഫ്ഗാനിസ്ഥാനിലെ പരാജയത്തിന് ഇസ്ലാമാബാദിനെ ബലിയാടാക്കുകയാണ് അമേരിക്കയെന്നും ആസിഫ് ആരോപിച്ചു. അമേരിക്കയുടെ പരാമർശങ്ങളെല്ലാം വസ്തുതാവിരുദ്ധമാണ്.

### ഞങ്ങളുടെ അടുപ്പം കൂടുന്നു; ചൈന

ബെയ്ജിംഗ്: പാകിസ്ഥാനെതിരെയുള്ള അമേരിക്കയുടെ പരാമർശം ചൈനയും പാകിസ്ഥാനും തമ്മിലുള്ള അടുപ്പം വർദ്ധിപ്പിക്കുകയാണെന്ന് ചൈനീസ് മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇന്ത്യയുമായി അടുത്ത ബന്ധമാണ് അമേരിക്ക ആഗ്രഹിക്കുന്നതെന്നും അതിനാലാണ് പാകിസ്ഥാനെതിരെ ആരോപണങ്ങൾ ഉന്നയിക്കുന്നതെന്നും ചൈനീസ് മാദ്ധ്യമം ഗ്ലോബൽ ടൈംസ് പറയുന്നു. ട്രംപിന്റെ ട്വീറ്റിനു പിന്നാലെ ഉഭയകക്ഷി വ്യാപാരത്തിലും സാമ്പത്തിക ഇടപാടുകൾക്കും ചൈനീസ് കറൻസിയായ യുവാൻ ഉപയോഗിക്കുമെന്ന് സ്റ്റേറ്റ് ബാങ്ക് ഒഫ് പാകിസ്ഥാൻ അറിയിച്ചിരുന്നു.

ചൈനയ്ക്ക് സ്വാഭാവിക പിന്തുണ നൽകുന്ന പാകിസ്ഥാനും അവരുമായി ബന്ധം ദൃഢമാക്കാൻ തന്നെയാണ് ശ്രമം.

## തോക്കുചൂണ്ടി വിവാഹം; പേടിച്ച് വിറച്ച് ഏങ്ങലടിച്ച് വരൻ

പാറ്റ്ന: ഇഷ്ടമില്ലാത്ത വിവാഹത്തിന് 'കഴുത്തുനീട്ടേണ്ടി' വന്ന ബീഹാറുകാരൻ വരന്റെ ദയനീയ വീഡിയോ സോഷ്യൽ മീഡിയയിൽ വൈറലായി. തോക്കിൻ മുനയിൽ നിറുത്തി പരിചയം പോലുമില്ലാത്ത പെൺകുട്ടിയുടെ കഴുത്തിൽ താലി കെട്ടിച്ചത് പെൺകുട്ടിയുടെ സഹോദരൻ തന്നെയായിരുന്നു.

ബൊക്കാറോ സ്റ്റീൽ പ്ലാന്റിൽ ജൂനിയർ മാനേജറായ വിനോദ് കുമാറിനെ (29) തട്ടിക്കൊണ്ടുപോയി ബലംപ്രയോഗിച്ച് തോക്കു ചൂണ്ടി വിവാഹം നടത്തുകയായിരുന്നു. പാറ്റ്നയിലെ പാണ്ഡരാക്കിലാണ് അപൂർവ സംഭവം നടന്നത്.

വിവാഹ ചടങ്ങുകൾ നടക്കുമ്പോൾ തേങ്ങിക്കരഞ്ഞുകൊണ്ട് വരൻ സഹായം അപേക്ഷിക്കുന്നത് വീഡിയോയിൽ കാണാം. താലി ചാർത്താൻ വിമുഖത കാട്ടുന്ന ഇയാളെ മർദ്ദിക്കുന്നുമുണ്ട്.



ഭീഷണി വിവാഹത്തിനിടെ കരഞ്ഞുകൊണ്ട് വരൻ

നിങ്ങളെ തൂക്കിക്കൊല്ലുകയല്ലല്ലോ, വിവാഹമംഗളാശംസകൾ നേരുകയല്ലേ, എന്തിനാണ് ആശങ്കപ്പെടുന്നതെന്ന് വധുവിന്റെ ബന്ധുക്കൾ ചോദിക്കുന്നതും വീഡിയോയിൽ കേൾക്കാം. കഴിഞ്ഞ മാസമാണ് വിനോദിനെ കാണാതായത്. തുടർന്ന് സഹോദരൻ സഞ്ജയ് കുമാർ പൊലീസിൽ പരാതി നൽകി. വിനോദിന്റെ വിവാഹത്തെ കുറിച്ച് ഒരു അജ്ഞാത സന്ദേശം ലഭിച്ചതായി ഇയാൾ പൊലീസിനോട് പറഞ്ഞിരുന്നു.

ഡിസംബർ മൂന്നിന് ഹാട്ടിയ-പാറ്റ്ന ട്രെയിനിൽ ഒരു വിവാഹ ചടങ്ങിൽ പങ്കെടുക്കാൻ പാറ്റ്നയിലേക്ക് പുറപ്പെട്ടതായിരുന്നു വിനോദ്. അവിടെ വച്ച് പെൺകുട്ടിയുടെ സഹോദരൻ ഇയാളെ മൊക്കാമയിലേക്ക് കൂട്ടിക്കൊണ്ട് പോയി ബലംപ്രയോഗിച്ച് വിവാഹം കഴിപ്പിച്ചതാണെന്നാണ് സഹോദരൻ പറയുന്നത്. എന്നാൽ പൊലീസ് ഇക്കാര്യം സ്ഥിരീകരിച്ചിട്ടില്ല.

## മോദി മൗനം വെടിയണം: ജിഗ്നേഷ് മേവാനി

ന്യൂഡൽഹി: പ്രകോപനപരമായ പ്രസംഗം നടത്തിയതിന്റെ പേരിൽ പൂനെ പൊലീസ് ക്രിമിനൽ കേസ് ചുമത്തിയ ദളിത് നേതാവ് ജിഗ്നേഷ് മേവാനി പ്രധാനമന്ത്രി മോദിക്കെതിരെ ആഞ്ഞടിച്ചു. മഹാരാഷ്ട്രയിൽ ദളിതർക്കു നേരെ നടക്കുന്ന അക്രമ സംഭവങ്ങളിൽ പ്രധാനമന്ത്രി മൗനം വെടിയണമെന്ന് മേവാനി ആവശ്യപ്പെട്ടു. ''പൂനെയിൽ സംസാരിച്ചതിൽ ഒരു വാക്കുപോലും പ്രകോപനപരമല്ല. പ്രസംഗത്തിലെ ഒരു ഭാഗത്തും ജാതിസ്പർദ്ധ വളർത്തുന്ന തരത്തിൽ പരാമർശങ്ങളില്ല. ഗുജറാത്ത് തിരഞ്ഞെടുപ്പ് ക്ഷീണത്തെ തുടർന്ന് ബി.ജെ.പിയും സംഘപരിവാറും എന്നെ ലക്ഷ്യം വയ്ക്കുകയാണ്'' മേവാനി പറഞ്ഞു.

ദളിതർക്കും ന്യൂനപക്ഷങ്ങൾക്കും എതിരെയുള്ള അക്രമങ്ങൾക്കെതിരെ യുവ അഹങ്കാർ എന്ന പേരിൽ ഡൽഹിയിൽ റാലി നടത്തുമെന്നും ജിഗ്നേഷ് അറിയിച്ചു.

## വിവാഹേതര ബന്ധം: പുനഃപരിശോധന ഭരണഘടനാ ബെഞ്ചിന്

ന്യൂഡൽഹി: വിവാഹേതര ബന്ധത്തിൽ ഏർപ്പെടുന്ന പുരുഷന്മാർക്ക് ശിക്ഷ വ്യവസ്ഥ ചെയ്യുകയും സ്ത്രീക്ക് സംരക്ഷണം നൽകുകയും ചെയ്യുന്ന ഇന്ത്യൻശിക്ഷാ നിയമത്തിലെ 497-ാം വകുപ്പിന്റെ നിയമസാധുത പരിശോധിക്കുന്നതിനുള്ള ഹർജി സുപ്രീംകോടതി ഭരണഘടനാ ബെഞ്ചിന് വിട്ടു.

വകുപ്പ് കാലഹരണപ്പെട്ടതും പൗരാണികവുമാണെന്ന് കോടതി നിരീക്ഷിച്ചുകൊണ്ടാണ് ചീഫ് ജസ്റ്റിസ് ദീപക് മിശ്ര അദ്ധ്യക്ഷനായ ബെഞ്ചിന്റെ നടപടി. കാലം മാറിയതിന് അനുസരിച്ച് നിയമങ്ങളിലും ആവശ്യമായ മാറ്റങ്ങൾ വരണം. ഈ സാഹചര്യത്തിൽ 497-ാം വകുപ്പിന്റെ നിയമസാധുത ശരിവച്ച മുൻ ഉത്തരവുകൾ പുനഃപരിശോധിക്കപ്പെടേണ്ടതുണ്ടെന്നും കോടതി വ്യക്തമാക്കി. 497-ാം വകുപ്പ് ഭരണഘടന ഉറപ്പുനൽകുന്ന തുല്യതയ്ക്ക് വിരുദ്ധമാണെന്നും അസാധുവാക്കണമെന്നും ആവശ്യപ്പെട്ട് മലയാളിയായ ജോസഫ് ഷൈൻ ആണ് കോടതിയെ സമീപിച്ചത്.

## 'ബോംബ് ചുഴലി'യിൽ ഭയന്ന് ബോസ്റ്റൺ

ബോസ്റ്റൺ: അമേരിക്കയുടെ കിഴക്കൻ തീരങ്ങളിൽ വീശിയടിച്ച 'ബോംബ് ചുഴലി'ക്കാറ്റിൽ (ബോംബ് സൈക്ലോൺ) ബോസ്റ്റൺ അടക്കമുള്ള മേഖലകളിൽ ശക്തമായ നാശനഷ്ടം സംഭവിച്ചു. ചുഴലിയിൽ നാലുപേർ മരിച്ചതായാണ് വിവരം. പ്രദേശത്തെ റെയിൽ, റോഡ് ഗതാഗതം പൂർണമായി തടസപ്പെട്ടു. വീണ്ടും ശക്തമായ കാറ്റ് വീശാൻ സാദ്ധ്യതയുണ്ടെന്ന് ദേശീയ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. നിരവധി വിമാന സർവീസുകൾ റദ്ദാക്കി. ശൈത്യത്തിലേക്ക് കൂപ്പുകുത്തിയ യു.എസിൽ ബോംബ് ചുഴലിയെ തുടർന്ന് അടുത്ത 24 മണിക്കൂറിനകം വടക്കു കിഴക്കൻ തീരങ്ങളെല്ലാം പൂർണമായി മഞ്ഞിനടിയിലാകും. അന്തരീക്ഷ താപനില മൈനസ് 15 ഡിഗ്രി വരെ കുറയ്ക്കാൻ ബോംബ് ചുഴലിക്ക് സാധിക്കും. മഞ്ഞുവീഴ്ചയും ചുഴലിയും ഒരുമിച്ചുണ്ടാക്കാൻ ശേഷിയുള്ള ബോംബ് ചുഴലി വിനാശകാരിയാണ്.



### ബോംബ് ചുഴലി

'ബോംബോജെനെസിസ്' എന്ന പ്രതിഭാസത്തെയാണ് കാലാവസ്ഥാ നിരീക്ഷകർ ബോംബ് ചുഴലി എന്ന ഓമനപ്പേരിൽ വിളിക്കുന്നത്. അന്തരീക്ഷ മർദ്ദം പെട്ടെന്ന് താഴുമ്പോഴാണ് ഈ പ്രതിഭാസം രൂപപ്പെടുന്നത്.

ബോംബ് ചുഴലി' ക്കാറ്റിനെ തുടർന്ന് മഞ്ഞിനടിയിലായ കാർ തള്ളിനീക്കാൻ ശ്രമിക്കുന്നവർ (ബോസ്റ്റണിൽ നിന്നൊരു കാഴ്ച)

## ഇൻഡോർ സ്കൂൾ ബസ് ട്രക്കിലിടിച്ച് 5 വിദ്യാർത്ഥികളും ഡ്രൈവറും മരിച്ചു

ഇൻഡോർ: മദ്ധ്യപ്രദേശ് തലസ്ഥാനമായ ഭോപ്പാലിൽ നിന്ന് 170 കിലോമീറ്റർ അകലെ ഇൻഡോറിൽ, സ്കൂൾ ബസ് ട്രക്കുമായി കൂട്ടിയിടിച്ച് അഞ്ച് വിദ്യാർത്ഥികളും ബസ് ഡ്രൈവറും മരിച്ചു. നാല് വിദ്യാർത്ഥികൾക്ക് പരിക്കേറ്റു. അപകടത്തിൽ ബസ് പൂർണമായും തകർന്നു. ഇവരെ സമീപത്തെ ബോംബെ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു.

ഇൻഡോറിലെ ഡൽഹി പബ്ലിക് സ്കൂൾ ബസാണ് അപകടത്തിൽപ്പെട്ടത്. സാങ്കേതിക തകരാണ് അപകട കാരണമെന്ന് കരുതുന്നു. റോഡിലെ ഡിവൈഡർ മറികടന്ന ബസ് എതിർദിശയിൽ വന്ന ട്രക്കിൽ ഇടിക്കുകയായിരുന്നു.

സംഭവത്തിൽ ആഭ്യന്തരമന്ത്രി ഭൂപേന്ദ്രസിംഗ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. 24 മണിക്കൂറിനകം റിപ്പോർട്ട് സമർപ്പിക്കാൻ അദ്ദേഹം മോട്ടോർവാഹന വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കാലിത്തീറ്റ കുംഭകോണം: ലാലുവിന്റെ ശിക്ഷ ഇന്ന്

റാഞ്ചി: കാലിത്തീറ്റ കുംഭകോണ കേസിൽ ഇന്നലെ വിധിക്കാനിരുന്ന ആർ.ജെ.ഡി നേതാവ് ലാലു പ്രസാദ് യാദവിന്റെ ശിക്ഷ ഇന്നത്തേക്ക് മാറ്റി. ഇന്ന് ഉച്ചയ്ക്ക് രണ്ടുമണിയോടെ വിധി പ്രഖ്യാപിക്കും. കോടതിയിലെ തിരക്ക് പരിഗണിച്ച് വീഡിയോ കോൺഫറൻസിംഗ് വഴിയാകും വിധി പ്രഖ്യാപനമെന്ന് കോടതി വ്യക്തമാക്കി.

കാലിത്തീറ്റ കുംഭകോണത്തിലെ രണ്ടാമത്തെ കേസിലാണ് ലാലു അടക്കം 16 പേരുടെ ശിക്ഷ വിധിക്കേണ്ടത്. ഇത് രണ്ടാം തവണയാണ് വിധി പറയുന്നത് കോടതി മാറ്റിവയ്ക്കുന്നത്.

### ശൈത്യകാല സമ്മേളനം അവസാനിച്ചു

## ലോക്‌സഭയും രാജ്യസഭയും നഷ്ടപ്പെടുത്തിയത് 49 മണിക്കൂർ

ന്യൂഡൽഹി: പാർലമെന്റിന്റെ ശൈത്യകാല സമ്മേളനം അവസാനിച്ചപ്പോൾ ഇരുസഭകളും ബഹളത്തിൽ മുങ്ങി നഷ്ടപ്പെടുത്തിയത് 49 മണിക്കൂർ. രാജ്യസഭ 34 മണിക്കൂർ നഷ്ടപ്പെടുത്തിയെന്ന് സഭാദ്ധ്യക്ഷൻ എം. വെങ്കയ്യ നായിഡു അറിയിച്ചപ്പോൾ ലോക്‌സഭയുടെ 15 മണിക്കൂർ ബഹളത്തിൽ മുങ്ങിയെന്ന് സ്പീക്കർ സുമിത്ര മഹാജൻ പറഞ്ഞു. 13 സിറ്റിംഗുകൾ മാത്രമുണ്ടായ ഹ്രസ്വകാല സമ്മേളനമാണ് ഇത്തവണയുണ്ടായത്. ഗുജറാത്ത് തിരഞ്ഞെടുപ്പിനായി സമ്മേളനം നീട്ടിവച്ചത് വലിയ വിവാദമായിരുന്നു. പാർലമെന്റ് പിരിയുന്ന ദിവസത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇരുസഭകളിലും എത്തിയിരുന്നു.

മുത്തലാഖ് ക്രിമിനൽ കുറ്റമാക്കി കൊണ്ടുള്ള ബിൽ ലോക്‌സഭ പാസാക്കിയെങ്കിലും രാജ്യസഭ കടക്കാത്തതാണ് ശൈത്യകാല സമ്മേളനത്തിലെ പ്രത്യേകത. ഇന്നലെ രാജ്യസഭയുടെ നടപടികളിൽ മുത്തലാഖ് ബിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന നിലപാടിൽ പ്രതിപക്ഷം ഉറച്ചുനിന്നതോടെ വിഷയം ഉയർന്നുവന്നില്ല.

## വിവിധം

# ദേശീയ ഹജ്ജ് നയത്തിന് സ്റ്റേ ഇല്ല

▸ സ്വന്തം ലേഖകൻ

ന്യൂഡൽഹി: ദേശീയ ഹജ്ജ് നയം സ്റ്റേ ചെയ്യണമെന്ന കേരള ഹജ്ജ് കമ്മിറ്റിയുടെ ആവശ്യം സുപ്രീംകോടതി തള്ളി. ഹജ്ജ് അപേക്ഷകളുടെ നറുക്കെടുപ്പുമായി മുന്നോട്ട് പോകാനും കേന്ദ്ര ഹജ്ജ് കമ്മിറ്റിക്ക് ചീഫ് ജസ്റ്റിസ് ദീപക് മിശ്ര അദ്ധ്യക്ഷനായ ബെഞ്ച് അനുമതി നൽകി.

വിവേചനം ഒഴിവാക്കാനായി അഖിലേന്ത്യാ തലത്തിൽ ഒറ്റ നറുക്കെടുപ്പ് നടത്തണമെന്ന സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ആവശ്യത്തിൽ കോടതി കേന്ദ്രത്തിന്റെ നിലപാട് തേടി. 30ന് കേസ് വീണ്ടും പരിഗണിക്കും.

1.70 ലക്ഷം സീറ്റുകളാണ് ഇത്തവണ ഇന്ത്യയ്ക്ക് ലഭിച്ച ഹജ്ജ് ക്വോട്ട. ഇതിൽ 1.25 ലക്ഷം ഹജ്ജ് കമ്മിറ്റിക്കും 45,000 സീറ്റുകൾ സ്വകാര്യ ടൂർ ഓപ്പറേറ്റർമാർക്കുമാണ് നൽകിയിട്ടുള്ളത്.

കണക്കുകൾ പരിശോധിച്ച കോടതി സ്വകാര്യ ടൂർ ഓപ്പറേറ്റർമാർക്ക് ഇത്രയും സീറ്റുകൾ നൽകുന്നതിലെ യുക്തി എന്താണെന്ന് ചോദിച്ചു.

സംസ്ഥാനങ്ങളുടെ ജനസംഖ്യാടിസ്ഥാനത്തിൽ ഹജ്ജ് ക്വോട്ട അനുവദിക്കുന്നത് കൂടുതൽ അപേക്ഷകരുള്ള കേരളത്തെ ബാധിക്കുമെന്ന് സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് വേണ്ടി ഹാജരായ പ്രശാന്ത് ഭൂഷണും ഹാരീസ് ബീരാനും വാദിച്ചു.

6000 അപേക്ഷകരുള്ള ബീഹാറിന് 12,000 സീറ്റും 90,000 അപേക്ഷകരുള്ള കേരളത്തിന് 6300 സീറ്റുമാണ് ഇപ്പോഴത്തെ സാഹചര്യത്തിൽ ലഭിക്കുക. കേരളത്തിലെ 15 അപേക്ഷകരിൽ ഒരാൾക്ക് മാത്രമേ അവസരം ലഭിക്കൂ.

അതിനാൽ വിവേചനപരമായ ഇത്തരം വ്യവസ്ഥകളുടെ കാര്യത്തിൽ തീരുമാനമുണ്ടാകുന്നത് വരെ ഹജ്ജ് നയം സ്റ്റേ ചെയ്യണമെന്ന് അഭിഭാഷകർ വാദിച്ചു. എന്നാൽ, അധികമായി വരുന്ന ക്വോട്ട മറ്റ് സംസ്ഥാനങ്ങളിലേക്ക് വിഭജിച്ച് നൽകുന്ന സംവിധാനം നിലവിലുണ്ടെന്നായിരുന്നു കേന്ദ്രത്തിന്റെ മറുപടി.

രാജ്യത്തെ മുഴുവൻ ഹജ്ജ് കമ്മിറ്റികളുമായി ചർച്ച നടത്തിയ ശേഷമാണ് നയം രൂപീകരിച്ചതെന്നും ഒരു സംസ്ഥാനത്തിന്റെ മാത്രം ഹർജി പരിഗണിച്ച് സ്റ്റേ അനുവദിക്കരുതെന്നും അറ്റോർണി ജനറൽ കെ.കെ. വേണുഗോപാൽ വാദിച്ചു.

ഈ ഘട്ടത്തിലാണ് വിവേചനം ഒഴിവാക്കാൻ അഖിലേന്ത്യാ തലത്തിൽ ഒറ്റ നറുക്കെടുപ്പ് എന്ന നിർദ്ദേശം സംസ്ഥാന ഹജ്ജ് കമ്മിറ്റി മുന്നോട്ടുവച്ചത്. നിലവിൽ സംസ്ഥാന അടിസ്ഥാനത്തിലാണ് ഹജ്ജ് അപേക്ഷകളുടെ നറുക്കെടുപ്പ് നടത്തുന്നത്.

ഇക്കാര്യത്തിൽ രണ്ടാഴ്ചയ്ക്കകം നിലപാട് അറിയിക്കാനാണ് കേന്ദ്രത്തോട് കോടതി നിർദ്ദേശിച്ചിട്ടുള്ളത്.

## സൗദിയിൽ വാഹനാപകടത്തിൽ മലയാളികൾ ഉൾപ്പെടെ 5 മരണം

കൊല്ലം: സൗദി അറേബ്യയിലെ അൽ ഖോബാറിൽ ഉണ്ടായ വാഹനാപകടത്തിൽ രണ്ട് മലയാളികളടക്കം അഞ്ച് പേർ മരിച്ചു.



സജി തോമസ്

കൊല്ലം കോവൂർ കേടവിള അനഘ വില്ലയിൽ സജി തോമസ് (48), പത്തനംതിട്ട കോഴഞ്ചേരി ചാലക്കുന്നത്ത് ജോയി ചാക്കോ (62) എന്നിവരാണ് മരിച്ച മലയാളികൾ. മറ്റ് രണ്ടു പേർ മഹാരാഷ്ട്ര സ്വദേശികളും ഒരാൾ പാകിസ്ഥാനിയുമാണ്. ഇവർ സഞ്ചരിച്ച കാർ ട്രെയിലറുമായി കൂട്ടിയിടിക്കുകയായിരുന്നു. കാറിലുണ്ടായിരുന്ന അഞ്ച് പേരും മരിച്ചു.

സജി തോമസിന്റെ സംസ്കാരം 7 ന് വൈകിട്ട് 3ന് തേവലക്കര ഇമ്മാനുവേൽ പള്ളി സെമിത്തേരിയിൽ. ഭാര്യ: സാലമ്മ സജി. മക്കൾ: അനഘ സജി, അലീന സജി.

## കുറ്റിപ്പുറം പാലത്തിന് സമീപം ഭാരതപ്പുഴയിൽ മൈനുകൾ കണ്ടെത്തി

കുറ്റിപ്പുറം: പട്ടാളക്കാർ ഉപയോഗിക്കുന്ന അഞ്ച് ആന്റി പേഴ്സണൽ മൈനുകൾ കുറ്റിപ്പുറം പാലത്തിന് സമീപം ഭാരതപ്പുഴയിൽ കണ്ടെത്തി. കാലാവധി കഴിഞ്ഞ ഇവയ്ക്ക് സ്ഫോടകശക്തിയില്ല. ശത്രുക്കളുടെ നുഴഞ്ഞുകയറ്റം തടയാൻ പാതയിൽ സ്ഥാപിക്കുന്ന ഇനം മൈനുകളാണിവ.

40 മുതൽ 100 കിലോഗ്രാം വരെ ഭാരം മുകളിൽ വന്നാൽ പൊട്ടിത്തെറിക്കുന്ന ആന്റി പേഴ്സണൽ മൈനുകൾ പ്രധാനമായും ശത്രുസൈനികരെ പരിക്കേൽപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണ്.

വ്യാഴാഴ്ച വൈകിട്ട് വളാഞ്ചേരി സ്വദേശിയായ യുവാവാണ് പാലത്തിന് 15 മീറ്റർ അകലെയായി പുഴയിൽ മൈനുകൾ ആദ്യം കണ്ടത്. സംശയം തോന്നിയ ഇയാൾ രാത്രി ഒമ്പതോടെ പൊലീസിൽ വിവരമറിയിച്ചു. പൊലീസും ബോംബ് സ്ക്വാഡും ഉടൻ സ്ഥലത്തെത്തി പരിശോധിച്ച ശേഷം ഇവ മലപ്പുറം എ.ആർ ക്യാമ്പിലേക്ക് മാറ്റി. തൃശൂർ റേഞ്ച് ഐ.ജി. എം.ആർ. അജിത്കുമാറിന്റെ നേതൃത്വത്തിൽ ഫോറൻസിക് വിദഗ്ദ്ധരും ഡോഗ് സ്ക്വാഡും ഉൾപ്പെട്ട സംഘം ഇന്നലെ സ്ഥലത്ത് പരിശോധന നടത്തി. കണ്ടെത്തിയത് മൈനുകളാണെന്ന് അദ്ദേഹം സ്ഥിരീകരിച്ചു.

മിലിട്ടറി ഇന്റലിജൻസിനെയും എൻ.എസ്.ജിയേയും വിവരം അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇവർ ഇന്ന് സംഭവസ്ഥലത്തെത്തി പരിശോധന നടത്തും. എൻ.ഐ.എ, ഡി.ആർ.ഡി.ഒ അധികൃതരും ഒപ്പമുണ്ടാവും.



കുറ്റിപ്പുറം പാലത്തിന് സമീപം ഭാരതപ്പുഴയിൽ മൈനുകൾ കണ്ടെത്തിയ സ്ഥലം ഫോറൻസിക് വിദഗ്ദ്ധർ പരിശോധിക്കുന്നു

മൈനുകൾ കണ്ടെത്തിയ സ്ഥലത്തുനിന്ന് അഞ്ചു സഞ്ചികളും കണ്ടെടുത്തിട്ടുണ്ട്. മൈനുകളും സഞ്ചികളും ദ്രവിച്ച നിലയിലായതിനാൽ പുഴയിൽ നീരൊഴുക്കുണ്ടായിരുന്ന സമയത്ത് ഉപേക്ഷിച്ചതാവാനും വഴിയുണ്ടെന്ന് പൊലീസ് പറഞ്ഞു. 40 ദിവസം മുമ്പ് നീരൊഴുക്കുണ്ടായിരുന്ന ഭാഗത്തുനിന്നാണ് ഇവ കണ്ടെടുത്തത്. മൈനുകളുടെ അടിഭാഗം ദ്രവിച്ച നിലയിലാണ്.

20 വർഷമാണ് ആന്റി പേഴ്സണൽ മൈനുകളുടെ കാലാവധി. കണ്ടെടുത്ത മൈനുകൾ 1990 മോഡലാണ്. അടിഭാഗം ദ്രവിച്ചിട്ടുമുണ്ട് എന്നതിനാൽ സ്ഫോടകശക്തിയില്ല. കാലാവധി കഴിഞ്ഞാൽ നിർവീര്യമാക്കുകയാണ് സൈന്യത്തിലെ പതിവ്. സൈന്യത്തിൽ നിന്ന് നഷ്ടപ്പെട്ടതാണ് ഇവയെന്നാണ് സംശയിക്കുന്നത്.

ഒരു മേജറുടെ നേതൃത്വത്തിലുള്ള സംഘമാണ് മൈനുകൾ കൈകാര്യം ചെയ്യുന്നത് എന്നതിനാൽ ഇവ പുറത്തെത്താനിടയായ സാഹചര്യമാണ് പ്രധാനമായും അന്വേഷണസംഘം പരിശോധിക്കുക.

കാലഹരണപ്പെട്ട മൈനുകൾ പാലത്തിനടിയിൽ വന്ന സംഭവത്തിൽ തീവ്രവാദസ്വഭാവം സംശയിക്കുന്നില്ലെങ്കിലും ഇവ പുറത്തെത്തിച്ചത് എന്ന്, എന്ത് ലക്ഷ്യത്തോടെ എന്നീ കാര്യങ്ങളാണ് പ്രധാനമായും അന്വേഷിക്കുക.

മിലിട്ടറി ഇന്റലിജൻസ് സംഘമെത്തുന്നതോടെ ഏതുവിഭാഗത്തിന്റെ കൈവശമാണ് കണ്ടെത്തിയ മൈനുകൾ ഉണ്ടായിരുന്നത് എന്ന് വ്യക്തമാവും. ഇതിനെ ചുറ്റിപ്പറ്റിയാവും അന്വേഷണം പുരോഗമിക്കുക.



## വംശീയതയ്ക്ക് മീതെ വിജയം കോയ്ത്ത സെറീന

ടെന്നീസ് ലോകം എക്കാലവും അദ്ഭുതം കൂറിയ പേര്- സെറീന വില്യംസ്. 23 സിംഗിൾസും 14 ഡബിൾസും 2 മിക്സഡ് ഡബിൾസും ഉൾപ്പെടെ 39 ഗ്രാൻഡ്സ്ലാമുകൾ നേടിയ അമേരിക്കൻ പ്രൊഫഷണൽ ടെന്നിസ് താരമായ സെറീന കായിക ലോകത്ത് വിജയം നേടുമ്പോഴും പലപ്പോഴും തന്റെ കറുത്ത നിറത്തിന്റെയും ദൃഢകായ രൂപത്തിന്റെയും പേരിൽ അപരവത്കരിക്കപ്പെട്ടിട്ടുണ്ട്. പത്ര-ദൃശ്യ മാദ്ധ്യമങ്ങൾ കോർപറേറ്റ് കടലാസിൽ നിന്ന് അവരെ മാറ്റി നിറുത്തിയെങ്കിലും വിവേചനങ്ങളോട് പൊരുതിയ സെറീനയുടെ ജീവിതം ലോകത്തിന് നൽകുന്ന സന്ദേശം വളരെ വലുതാണ്.





ഡോ. ടി.പി. സേതുമാധവൻ

വിദ്യാഭ്യാസ വിദഗ്ധനും എഡ്യൂക്കേഷൻ ആൻഡ് കരിയർ കൺസൾട്ടന്റുമാണ് ലേഖകൻ. കോഴിക്കോട് യു.എൽ എഡ്യൂക്കേഷൻ ഡയറക്ടറാണ്.

# ലക്ഷ്യ

വിദ്യാർത്ഥികൾക്ക് ഒരു പാഥേയം

ഇന്നലത്തെ സങ്കടങ്ങളിൽ സ്വയം തടഞ്ഞു നിറുത്തരുത്. ജീവിതം നാളെകളിലാണ്. സ്വപ്നങ്ങൾക്ക് മൂർച്ച കൂട്ടി ഉറച്ച കാലടികളോടെ നാളെയിലേക്ക് നടന്നു നീങ്ങണം

# തൊഴിൽ നിങ്ങളെ തേടി വരട്ടെ

തൊഴിൽ തേടി അലയാൻ ആർക്കാണ് മോഹം? പകരം ഒരുപിടി ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരം ഉറപ്പാക്കാൻ സാധിക്കുമെങ്കിലോ... സ്റ്റാർട്ടപ്പുകളുടെ യുഗത്തിൽ തൊഴിലന്വേഷിക്കുന്നതിന് പകരം വിദ്യാർത്ഥികൾ തന്നെ തൊഴിൽ ദാതാക്കളായി മാറുകയാണ്.

മനസിൽ മികച്ച ആശയമുണ്ടോ? ഇതിനെ ഇന്നവേഷൻ എന്ന് വിളിക്കാം. ഇനി വേണ്ടത് ഇന്നവേഷനിണങ്ങിയ സാങ്കേതിക വിദ്യയാണ്. ഇത് സുസ്ഥിര സാങ്കേതിക വിദ്യയാകണം. മനസിലുള്ള ആശയങ്ങൾ പ്രാവർത്തികമാക്കാൻ ടെക്നോളജി ബിസിനസ് ഇൻക്യുബേറ്ററുകളുണ്ട്. വ്യാവസായികാടിസ്ഥാനത്തിൽ വിപുലപ്പെടുത്താൻ ടെക്നോളജി ആക്സിലറേറ്ററുകളും പിന്തുണയ്ക്കുണ്ടാകും. സ്റ്റാർട്ടപ്പുകൾ തുടങ്ങാനുള്ള അനുകൂല സാഹചര്യവും ചിന്തയും രൂപപ്പെടേണ്ടത് കാമ്പസുകളിൽ നിന്നാണ്. ഇതിനായി സ്റ്റുഡന്റ് എന്റർപ്രണർഷിപ് വിപുലപ്പെട്ടു വരുന്നുണ്ട്. ആഗോളതലത്തിൽ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിൽ ഇന്ത്യയ്ക്ക് മൂന്നാം സ്ഥാനമാണുള്ളത്. നിരവധി കേന്ദ്ര, സംസ്ഥാന സർക്കാർ ഏജൻസികൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

## വളർച്ചയുടെ പാതയിൽ ഇന്ത്യൻ സ്റ്റാർട്ടപ്പ്

കഴിഞ്ഞ മൂന്നു വർഷക്കാലയളവിൽ ഇന്ത്യൻ സ്റ്റാർട്ടപ് ഇക്കോസിസ്റ്റം ലോകത്തിൽ മൂന്നാം സ്ഥാനത്തെത്തിയിട്ടുണ്ട്. മുൻ വർഷത്തെ അപേക്ഷിച്ച് 1.3 ഇരട്ടി വർദ്ധനവ് ഇന്ത്യൻ സ്റ്റാർട്ടപ് മേഖലയിലുണ്ടായിട്ടുണ്ട്. 10000 കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റ് സ്റ്റാർട്ടപ് ഇന്ത്യ, സ്റ്റാൻഡപ് ഇന്ത്യ പദ്ധതിക്ക് വേണ്ടി അനുവദിച്ചത്. ഇതിൽ 75 ശതമാനവും സ്റ്റാർട്ടപ്പുകൾക്ക് ലഭിച്ചിട്ടുണ്ട്.

## ഫണ്ടിന്റെ കാര്യത്തിൽ ആശങ്ക വേണ്ട

കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഐ.ടി. വകുപ്പുകൾ പേറ്റന്റുകൾക്ക് 15 ലക്ഷം രൂപവരെയും അപേക്ഷിക്കാൻ 50 ശതമാനവും സബ്സിഡിയും നൽകി വരുന്നു. ഐ.ടി. സേവനം, അനലിറ്റിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇന്റർനെറ്റ് ഒഫ് തിംഗ്സ് എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് രണ്ട് കോടി വരെ ഗ്രാൻഡും നൽകി വരുന്നുണ്ട്. സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾക്ക് ഒരുകോടി രൂപവരെ ലഭിക്കാവുന്ന ക്രെഡിറ്റ് ഗാരന്റി ട്രസ്റ്റ് ഫണ്ടും നിലവിലുണ്ട്.

## വേണ്ടത് മനോധൈര്യം

വ്യത്യസ്തമായ ആശയം കണ്ടെത്തിക്കഴിഞ്ഞാൽ പിന്നീട് സാമ്പത്തിക സ്രോതസും സ്റ്റാർട്ടപ് തുടങ്ങാനുള്ള മനോധൈര്യവുമാണ് വേണ്ടത്. സുസ്ഥിര വിപണി നേടിയെടുക്കാനും ശ്രമിക്കണം. ഐ.ടിയെ പോലെ സേവന, സ്കിൽ വികസന മേഖലകളിലുള്ള സ്റ്റാർട്ടപ്പുകളുടെ സാദ്ധ്യതയും വിലയിരുത്തണം.

## നിലനിറുത്തലിലാണ് കാര്യം

സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിന് പ്രോത്സാഹനം നൽകുന്നുണ്ടെങ്കിലും അവ നിലനിറുത്താനോ, സുസ്ഥിരത കൈവരിക്കാനോ രാജ്യത്തെ സ്റ്റാർട്ടപ്പ് നയം പ്രയോജനപ്പെടുന്നില്ല. ഈ രംഗത്ത് ഇസ്രയേലിനെ മാതൃകയായി കാണേണ്ടതുണ്ട്. സ്റ്റാർട്ടപ്പുകളിൽ ലോകത്തിൽ ഏറ്റവും വിജയം കൈവരിച്ചത് ഇസ്രയേലാണ്. 1991 ലാണ് ഇവിടെ ടെക്നോളജി ഇൻക്യുബേറ്റർ പ്രോഗ്രാം നിലവിൽ വന്നത്. 1993ൽ ഇതനുസരിച്ച് പുതിയ കമ്പനികൾ നിലവിൽ വന്നു. 61 ശതമാനം കമ്പനികൾക്കും തുടർ സാമ്പത്തിക സഹായം ലഭിച്ചു വരുന്നു. ഇതിൽ 40 ശതമാനം കമ്പനികളും വിജയകരമായി ഇന്നും ഇസ്രയേലി ഗവൺമെന്റിന് മുഴുവൻ തുകയും, 50 ശതമാനം ബോണസും നാലുവർഷത്തിനകം തന്നെ സ്റ്റാർട്ടപ്പുകൾക്ക് തിരിച്ചടയ്ക്കാൻ സാധിച്ചിരുന്നു.

ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകളുടെ എണ്ണം 5430 എണ്ണം മാത്രമാണ്! എന്നാൽ ഇന്ത്യയിലെ 51 ശതമാനത്തോളം ഫോർച്യൂൺ കമ്പനികളിൽ 500 കമ്പനികൾ നഷ്ടത്തിലാകുന്നു. സംരംഭകത്വം പ്രോത്സാഹിപ്പിക്കാനായി ആഗോള സംരംഭകത്വ സംഗമം സംഘടിപ്പിക്കുമ്പോഴും സംരംഭങ്ങൾ സുസ്ഥിരത കൈവരിക്കാനുള്ള മാർഗങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്.



## അറിഞ്ഞിരിക്കാൻ ചിലത്

സ്റ്റാർട്ടപ്പുകൾ തുടങ്ങാനാഗ്രഹിക്കുന്നവർക്ക് നിരവധി സംശയങ്ങളാണുള്ളത്. സ്റ്റാർട്ടപ്പുകളുടെ പാരിസ്ഥിതിക ചുറ്റുപാടുകൾ, സാദ്ധ്യതയുള്ള മേഖലകൾ, വിപണനം, സ്കിൽ വികസനം, നയങ്ങൾ, ലക്ഷ്യങ്ങൾ, സാമ്പത്തിക സ്രോതസുകൾ തുടങ്ങി നിരവധി സംശങ്ങളുണ്ട്. സ്റ്റാർട്ടപ്പുകൾക്കിണങ്ങിയ കോഴ്സുകളെ കുറിച്ചും പുത്തൻ തൊഴിൽ പ്രവണതകളെക്കുറിച്ചും അവർ അറിഞ്ഞിരിക്കേണ്ടതുണ്ട്. അഡ്വാൻസ്ഡ് ഐ.ടി, ഓട്ടമേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ക്ലൗഡ് സേവനങ്ങൾ, ഇന്റർനെറ്റ് ഒഫ് തിംഗ്സ് എന്നിവ ഭാവിയിൽ കൂടുതലായി അനുവർത്തിച്ച് വരാനിടയുള്ളപ്പോൾ സ്റ്റാർട്ടപ്പുകൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് ഭാവി തൊഴിലുകൾക്കിണങ്ങിയ മേഖലകൾ കണ്ടെത്തേണ്ടതുണ്ട്.




## സംശയങ്ങൾ

തൊഴിൽ സാദ്ധ്യതകളുള്ള കോഴ്സുകൾ എതൊക്കെ? എന്ത് പഠിക്കണം? എങ്ങനെ പഠിക്കണം?....... വിദ്യാഭ്യാസ സംബന്ധമായ എന്ത് സംശയങ്ങൾക്കും വിദ്യാഭ്യാസ വിദഗ്ദ്ധൻ ഡോ.ടി.പി. സേതുമാധവൻ മറുപടി നൽകുന്നു

*? ISRO യിൽ ശാസ്ത്രജ്ഞയാകാനാണ് ആഗ്രഹം. ഞാൻ ഏത് കോഴ്സ് തിരഞ്ഞെടുക്കണം*

*റാണി, ഇടുക്കി*

പ്ലസ് ടുവിന് ശേഷം JEE Main എഴുതി JEE (Advanced) പരീക്ഷയിൽ മികച്ച റാങ്ക് നേടിയാൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജിയിൽ നേരിട്ട് ബി.ടെക്കിന് ചേരാം. കോഴ്സ് പൂർത്തിയാക്കിയവർക്ക് നേരിട്ട് ഐ.എസ്.ആർ.ഒയിൽ എൻജിനീയറായോ, ശാസ്ത്രജ്ഞനായോ തൊഴിൽ ലഭിക്കും. ഐ.ഐ.ടി, എൻ.ഐ.ടികളിൽ ബി.ടെക് പഠിക്കുന്ന വിദ്യാർത്ഥികളെ കാമ്പസ് റിക്രൂട്ട്മെന്റിലൂടെ ഐ.എസ്.ആർ.ഒ റിക്രൂട്ട് ചെയ്യാറുണ്ട്. ബി.ടെക് പൂർത്തിയാക്കിയവർക്ക് ഐ.സി.ആർ.ബി പരീക്ഷയിലൂടെ ഐ.എസ്.ആർ.ഒയിൽ സയന്റിസ്റ്റ് കേഡറിൽ തൊഴിൽ നേടാം.

## തൊഴിൽ തേടേണ്ട വഴി

### ശാസ്ത്രജ്ഞർ മടങ്ങിവരുന്നു



വിദേശ രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്ന ഇന്ത്യൻ ശാസ്ത്രജ്ഞർ ഇന്ത്യയിലേക്ക് തിരിച്ച് വരുന്നതായി കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രാലയത്തിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. 2007-12 നെ അപേക്ഷിച്ച് 2012-17 കാലയളവിൽ ഇന്ത്യയിലേക്ക് തിരിച്ചെത്തിയ ശാസ്ത്രജ്ഞൻമാരുടെ കാര്യത്തിൽ 60 ശതമാനത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. സയൻസ്, ടെക്നോളജി, എൻജിനിയറിംഗ്, മാത്തമാറ്റിക്സ് എന്നീ മേഖലകളിൽ നിന്നുള്ള ഗവേഷകരാണ് കൂടുതലായും ഇന്ത്യയിലേക്ക് തിരിച്ചെത്തുന്നത്. രാമാനുജം ഫെല്ലോഷിപ്, ഇൻസ്പയർ എന്നിവ കൂടുതൽ ശാസ്ത്രജ്ഞരെ ഇന്ത്യയിലെത്താൻ പ്രേരിപ്പിക്കുന്നുണ്ട്. മടങ്ങിയെത്തുന്ന ഗവേഷകർക്ക് ബയോടെക്നോളജി മന്ത്രാലയത്തിന് കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കാൻ അവസരം ലഭിക്കും.



### ഓൺലൈൻ തൊഴിലാണ് താരം

ഇന്ത്യയിൽ 70-80 ശതമാനത്തോളം തൊഴിലുകൾ കരാർ ജോലിയാണ്. തൊഴിൽ ധാതാക്കൾക്ക് പ്രവൃത്തി പരിചയമുള്ളവരെ നിയമിക്കാനാണ് താത്പര്യം- ICRIER LIRNEAsia സർവെ വ്യക്തമാക്കുന്നു. സാങ്കേതിക വിദ്യ, സ്ഥാപനങ്ങൾ, തൊഴിൽ പ്രവണതകൾ എന്നിവ അനുദിനം മാറിക്കൊണ്ടിരിക്കുമ്പോൾ തൊഴിലില്ലായ്മ പരിഹരിക്കാൻ ഓൺലൈൻ തൊഴിലുകളാണ് ഏറെ സഹായകമാകുന്നത്. ഓൺലൈൻ തൊഴിലിനോട് വിദ്യാർത്ഥികളിൽ ആഭിമുഖ്യം വളർത്തിയെടുക്കേണ്ടതുണ്ട്. സേവന മേഖല വളർച്ച കൈവരിക്കുമ്പോൾ കൂടുതൽ ഓൺലൈൻ തൊഴിലുകൾ പ്രയോജനപ്പെടുത്താൻ സാധിക്കും.

### സൈബർ സുരക്ഷ ഉറപ്പാക്കാം



ഈ വർഷം ഏറെ ശക്തി പ്രാപിക്കാൻ പോകുന്ന മേഖലകളിലൊന്നാണ് സൈബർ സെക്യൂരിറ്റി. ഡിജിറ്റൽ സാങ്കേതിക വിദ്യ കൂടുതലായി ബിസിനസ് സംരംഭങ്ങളിൽ ഉപയോഗിക്കുമ്പോൾ ഡേറ്റ സുരക്ഷിതത്വത്തിന് ഏറെ പ്രാധാന്യമുണ്ട്.

സ്മാർട്ട് സേവനങ്ങൾ, ഇന്റർനെറ്റ് ഒഫ് തിംഗ്സ്, ക്ലൗഡ് സേവനങ്ങൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ് എന്നിവ പ്രാവർത്തികമാകുമ്പോൾ ഇതുമായി ബന്ധപ്പെട്ട വിവരങ്ങളുടെ സുരക്ഷയ്ക്ക് സുരക്ഷാ സാങ്കേതിക വിദ്യ അത്യന്താപേക്ഷിതമാണ്. യഥാസമയമുള്ള സുരക്ഷാ ഭീഷണി കണ്ടെത്തി പരിഹരിക്കാൻ സാധിക്കുന്ന സൈബർ കാവൽക്കാരെ കാത്ത് വലിയ അവസരമാണുള്ളത്.

## കായിക താരത്തെ താരമാക്കാമോ?



കളിക്കളത്തിൽ മാത്രം മികച്ചതായാൽ പോര, ക്ലബിന്റെ, ടീമിന്റെ അല്ലെങ്കിൽ കളിക്കാരന്റെ ബ്രാൻഡ് ഇമേജ് നിലനിറുത്താനും വർദ്ധിപ്പിക്കാനും നിരന്തരം പ്രയത്നിക്കുന്ന ഒരാൾ കൂടെ വേണം. ഇത്തലരത്തിലുള്ള പ്രൊഫഷണലുകളാണ് സ്പോർട്സ് പി.ആർ ഓഫീസർ, സ്പോർട്സ് കമ്മ്യൂണിക്കേഷൻ മാനേജർ എന്നീ പേരുകളിൽ അറിയപ്പെടുന്നത്. വിവിധ മീഡിയകളുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ തങ്ങൾ പ്രതിനിധാനം ചെയ്യുന്ന ബ്രാൻഡിന്റെ (ടീം, ക്ലബ്, കളിക്കാർ, സ്പോർട്സ് ഏജൻസി) ബഹുമാന്യതയും സ്വീകാര്യതയും സൃഷ്ടിക്കാനും നിലനിറുത്താനും വർദ്ധിപ്പിക്കാനും ആവശ്യമായ പ്രവർത്തനങ്ങൾ സ്പോർട്സ് പി.ആർ. ഓഫീസർ നടത്തുന്നു. മാദ്ധ്യമങ്ങളിലൂടെയും മറ്റ് വഴികളിലൂടെയും തങ്ങൾ പ്രതിനിധീകരിക്കുന്ന ബ്രാൻഡിന് ആവശ്യത്തിന് വാർത്തകൾ ലഭിക്കുന്നുണ്ടെന്ന് ഇവർ ഉറപ്പാക്കുന്നു. ബ്രാൻഡിനെതിരെ ദോഷകരമായ എന്തെങ്കിലും വാർത്തയുണ്ടാകുമ്പോൾ ആ വാർത്തയുടെ 'ദോഷം' കുറയ്ക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതും സ്പോർട്സ് പി.ആർ. ഓഫീസർമാരാണ്. ബ്രാൻഡിനുവേണ്ടി വാർത്തകൾ സൃഷ്ടിക്കുക, വാർത്താകുറിപ്പ് തയ്യാറാക്കുക, ആവശ്യാനുസരണം വിശദീകരണം നൽകുക എന്നിവയെല്ലാം സ്പോർട്സ് പി.ആറിന്റെ ജോലിയിൽ ഉൾപ്പെടുന്നു.

അധികം ടീമുകൾക്കും ക്ലബുകൾക്കും സ്പോർട്സ് ഏജന്റുമാരും സ്വന്തമായ സ്പോർട്സ് പി.ആർ.മാരുടെ ടീമുണ്ട്. ചിലർ സ്വതന്ത്രമായ സ്പോർട്സ് പി.ആർ.ഏജൻസികളുടെ സേവനം വിനിയോഗിക്കുകയും ചെയ്യുന്നു. ജേർണലിസം ഡിഗ്രിയാണ് പി.ആർ. ജോലിക്ക് വേണ്ട അടിസ്ഥാന യോഗ്യത. ജേർണലിസം/മാസ് കമ്മ്യൂണിക്കേഷൻ/ലിറ്ററേച്ചർ ഡിഗ്രിക്കൊപ്പം സ്പോർട്സ് ബിസിനസിനെക്കുറിച്ചുള്ള നല്ല അവഗാഹവും ഉള്ളവർക്ക് മികച്ച എൻട്രി ലെവൽ സ്പോർട്സ് പി.ആർ. ജോലി നേടാവുന്നതാണ്.

*തയ്യാറാക്കിയത്: ഡോ. ഇന്ദുലേഖ ആർ.*
*അസോസിയേറ്റ് പ്രൊഫസർ*
*ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി, പുന്നപ്ര*





## റോബോട്ടാണ് താരം

റോബോട്ടുകൾക്ക് പൗരത്വം വരെ ലഭിച്ചു തുടങ്ങി. ഹ്യൂമണോയിഡ് റോബോട്ടായ സോഫിയയ്ക്ക് കഴിഞ്ഞ വർഷമാണ് സൗദി അറേബ്യ പൗരത്വം നൽകിയത്. ഈ വർഷവും ഏറെ ചർച്ച ചെയ്യപ്പെടാൻ പോകുന്നത് ഇവയുടെ പ്രവർത്തനത്തിന് പിന്നിലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തന്നെയായിരിക്കും. എ.ഐ. തൊഴിൽമേഖലയെ ബാധിക്കുമോയെന്ന ആശങ്ക ലോകത്തെമ്പാടും നിലനിൽക്കുന്നുണ്ടെങ്കിലും റോബോട്ടുകളുടെ ലോകത്തെ പ്രോത്സാഹിപ്പിക്കാൻ തന്നെയാണ് ശാസ്ത്രലോകം ലക്ഷ്യമിടുന്നത്. എ.ഐയുടെ ചെറിയ രൂപമായ ഭാഷ മനസിലാക്കാനും, വ്യക്തികളെ തിരിച്ചറിയാനുള്ള സാങ്കേതിക വിദ്യ 1990 മുതൽ തന്നെ ഫേസ്ബുക്ക്, ആമസോൺ, സാംസംഗ്, എന്നീ കമ്പനികൾ അനുവർത്തിച്ചു വരുന്നുണ്ട്. ഡ്രൈവറില്ലാത്ത കാറുകളും ഡ്രോണുകളും പതിയെ സ്വാഭാവിക കാഴ്ചയായി മാറും.

കമ്പ്യൂട്ടർ അധിഷ്ഠിത മേഖലകൾ, ആൻഡ്രോയിഡ് വികസനം, സ്മാർട്ട് ഫോൺ സേവനം, വ്യവസായം, വിദ്യാഭ്യാസ സാങ്കേതിക വിദ്യ, കൃഷി തുടങ്ങിയ സമസ്ത മേഖലകളിലും ഇതിന്റെ പ്രതിഫലനങ്ങൾ കാണാൻ പോവുകയാണ്.

സ്മാർട്ട് ഫോണുകളിലൂടെയുള്ള AI സാങ്കേതിക വിദ്യ ജീവിത നിലവാരത്തിലും, സേവനങ്ങളിലും വൻ മാറ്റങ്ങൾക്കിടവരുത്തും. ഉപഭോക്താക്കളുടെ താത്പര്യത്തിനിണങ്ങിയ സേവനം, അദ്ധ്യാപനം എന്നിവയിലും അവിശ്വസനീയമായ സാങ്കേതിക വളർച്ച പ്രകടമാകും.

വ്യവസായ മേഖലയിൽ വോക്സ് വാഗൺ റോബോട്ടുകളെ ഉപയോഗിച്ചപ്പോൾ ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ കുറഞ്ഞെങ്കിലും ജപ്പാൻ, കൊറിയ, ജർമ്മനി എന്നീ രാജ്യങ്ങളിൽ മറ്റൊരു മേഖലയിൽ വലിയ തൊഴിലവസരങ്ങൾക്കും ഇത് സഹായിച്ചിട്ടുണ്ട്. സ്മാർട്ട് തൊഴിലുകൾ രൂപപ്പെടുന്ന കാലത്ത് തൊഴിലാളികൾ കൂടുതൽ സ്മാർട്ടാകേണ്ടതുണ്ട്. ഇതിനുതകുന്ന രീതിയിൽ കാലത്തിനൊത്ത സാങ്കേതിക വിദ്യ പഠനത്തിലേക്ക് മാറുകയാണ് വേണ്ടത്. ഐ.ടി. അനുബന്ധ മേഖലകളിലെ പുത്തൻ കോഴ്സുകളും കമ്പ്യൂട്ടർ സയൻസ്, ഐ.ടി, AI, ക്ലൗഡ് സേവനങ്ങൾ എന്നിവയിൽ കൂട്ടുതൽ ബിരുദ, ബിരുദനന്തര, ഡിപ്ലോമ, സർട്ടിഫിക്കേറ്റ് കോഴ്സുകളും രൂപപ്പെടുമ്പോൾ വളരെ ബുദ്ധിപരമായി വേണം തിരഞ്ഞെടുപ്പ് നടത്താൻ.

**ഫുട്ബാൾ ടിവി ലൈവ്**

**ഐ ലീഗ്**
ഗോകുലം Vs മിനർവ
വൈകിട്ട് 5.30 മുതൽ
സ്റ്റാർസ്പോർട്സ് 2, എച്ച്.ഡി 2

**ഐ.എസ്.എൽ**
ജംഷഡ്പൂർ Vs മുംബയ്
രാത്രി 8 മുതൽ
സ്റ്റാർസ്പോർട്സ് എസ്.ഡി 2, എച്ച്.ഡി 2

**ലാലിഗ**
സെവിയ്യ Vs റയൽ ബെറ്റിസ്
രാത്രി 1.10 മുതൽ സോണി
ടെൻ 2, എസ്.ഡി, എച്ച്.ഡി

**എഫ്.എ കപ്പ്**
നോർവിച്ച് Vs ചെൽസി
11.20 മുതൽ സോണി
ടെൻ 2, എച്ച്.ഡി

www.keralakaumudi.com www.facebook.com/keralakaumudi

# പേസ് പണി തുടങ്ങി

■ ഒന്നാം ടെസ്റ്റിന്റെ ആദ്യ ദിനം ദക്ഷിണാഫ്രിക്ക ഒന്നാം ഇന്നിംഗ്സിൽ 286 റൺസിന് ആൾഔട്ട് ■ ഇന്ത്യ 28/3

■ ഭുവനേശ്വറിന് 4 വിക്കറ്റ് ■ ബുംറയ്ക്ക് അരങ്ങേറ്റം

കേപ്ടൗൺ: ഇന്ത്യ - ദക്ഷിണാഫ്രിക്ക ഒന്നാം ടെസ്റ്റിന്റെ ആദ്യ ദിനം ബൗളർമാരുടെ വിളയാട്ടം. ദക്ഷിണാഫ്രിക്കയെ ഒന്നാം ദിനം ഭുവനേശ്വർ കുമാറിന്റെ നേതൃത്വത്തിൽ ഒന്നാം ഇന്നിംഗ്സിൽ 286 റൺസിന് ആൾഔട്ടാക്കിയെങ്കിലും ആദ്യ ദിനം സ്റ്റംപെടുക്കുമ്പോൾ 28/3 എന്ന നിലയിൽ പതറുകയാണ് ഇന്ത്യ. ആദ്യ ദിനമായ ഇന്നലെ ആകെ വീണത് 13 വിക്കറ്റുകളാണ്.

### വെൽഡൺ ഇന്ത്യ

കേപ്ടൗണിലെ പേസിനെ തുണയ്ക്കുന്ന പിച്ചിൽ ടോസ് നേടിയ ദക്ഷിണാഫ്രിക്കൻ ക്യാപടൻ ഫാഫ് ഡുപ്ലെസിസ് ബാറ്റിംഗ് തിരഞ്ഞെടുക്കുകയായിരുന്നു. എന്നാൽ 12 റൺസിനിടെ മൂന്ന് വിക്കറ്റ് പിഴുത് ഇന്ത്യൻ പേസർ ഭുവനേശ്വർ കുമാർ ദക്ഷിണാഫ്രിക്കയെ തുടക്കത്തിലേ പ്രതിസന്ധിയിലാക്കി.

ആദ്യ ഓവറിലെ മൂന്നാം പന്തിൽ ഭുവനേശ്വർ ദക്ഷിണാഫ്രിക്കൻ ഓപ്പണർ ഡേവിഡ് എൽഗാറിനെ (0) സാഹയുടെ കൈയിൽ എത്തിച്ചു. തന്റെ രണ്ടാം ഓവറിൽ എയ്ഡൻ മർക്രത്തെയും (5) മൂന്നാം ഓവറിൽ വിശ്വസ്തൻ ഹാംഷിം അംലയെയും (3) മടക്കിയ ഭുവി ആതിഥേയരെ വൻ തകർച്ചയിലേക്ക് തള്ളിയിട്ടു. തുടർന്ന് 12/3 എന്ന നിലിയിൽ ക്രീസിൽ ഒന്നിച്ച എ ബി ഡിവില്ലിയേഴ്സും (65), ഡുപ്ലെസിസും (62) അവരെ കൂട്ടതകർച്ചയിൽ നിന്ന് രക്ഷിക്കുകയായിരുന്നു. നാലാം വിക്കറ്റിൽ ഇരുവരും 114 റൺസ് കൂട്ടിച്ചേർത്തു.

ഏകദിന ശൈലിയിൽ ബാറ്റുവീശിയ ഇരുവരും നിഷ്പ്രയാസം ദക്ഷിണാഫ്രിക്കൻ അക്കൗണ്ടിലേക്ക് റൺസ് കണ്ടെത്തി. 84 പന്തുകൾ നേരിട്ട ഡിവില്ലിയേഴ്സ് 11 ബൗണ്ടറികൾ നേടിയപ്പോൾ 104 പന്തിൽ 12 ബൗണ്ടറികൾ ഉൾപ്പെടുന്നതായിരുന്നു ഡുപ്ലെസിയുടെ ഇന്നിംഗ്സ്. ഡിവില്ലിയേഴ്സിനെ മടക്കി അരങ്ങേറ്റ ടെസ്റ്റ് കളിക്കുന്ന ജസ്പ്രീത് ബുംറയാണ് ഈ കൂട്ടുകെട്ട് പൊളിച്ചത്. തൊട്ടുപിന്നാലെ ഹാർദിക് പാണ്ഡ്യയ്ക്ക് ആദ്യ വിക്കറ്റ് സമ്മാനിച്ച് ഡുപ്ലെസിയും മടങ്ങി. ആറാം വിക്കറ്റിൽ 60 റൺസിന്റെ കൂട്ടുകെട്ട് തീർത്ത് ക്വിന്റൺ ഡികോക്ക്-വെർനോൺ ഫിലാൻഡർ സഖ്യം വീണ്ടും ഇന്ത്യയ്ക്ക് വെല്ലുവിളിയായി. 40 പന്തിൽ ഏഴ് ബൗണ്ടറികൾ ഉൾപ്പെടെ 43 റൺസെടുത്ത ഡി കോക്കിനെയും മടക്കി ഭുവനേശ്വർ വീണ്ടും ഇന്ത്യയുടെ രക്ഷകനായി.

ഫിലാൻഡർ (23), കേശവ് മഹാരാജ് (35), റംഗിസോ റബാഡ (26) എന്നിവരും ഭേദപ്പെട്ട പ്രകടനം കാഴ്ചവച്ചെങ്കിലും കൃത്യമായ ഇടവേളകളിൽ വിക്കറ്റ് കണ്ടെത്തിയ ഇന്ത്യൻ ബൗളർമാർ ദക്ഷിണാഫ്രിക്കയെ 300 കടക്കാൻ അനുവദിച്ചില്ല. മോണി മോർക്കൽ രണ്ട റൺസെടുത്ത് പുറത്തായി. ഡെയ്ൽ സ്റ്റെയിൻ 16 റൺസുമായി പുറത്താകാതെ നിന്നു. ഇന്ത്യയ്ക്കായി ഭുവനേശ്വർ നാലും അശ്വിൻ രണ്ടും വിക്കറ്റ് വീഴ്ത്തി. ഹാർദിക് പാണ്ഡ്യ, മുഹമ്മദ് ഷാമി, ബുംറ എന്നിവർ ഓരോ വിക്കറ്റും സ്വന്തമാക്കി.

### തകർന്ന് തുടങ്ങി

തുടർന്ന് ഒന്നാം ഇന്നിംഗ്സിനിറങ്ങിയ ഇന്ത്യയുടെ തുടക്കവും തകർച്ചയോടെയായിരുന്നു. മുരളി വിജയിനെ (1) എൽഗാറിന്റെ കൈയിൽ എത്തിച്ച് ഫിലാണ്ടറാണ് ഇന്ത്യയുടെ ആദ്യ വിക്കറ്റ് വീഴ്ത്തിയത്. പിന്നാലെ ധവാനെ (16) സ്റ്റെയിനും കൊഹ്‌ലിയെ (5) മോർക്കലും പുറത്താക്കിയതോടെ ഇന്ത്യ പരിങ്ങലിൽ ആയി.

5 റൺസെടുത്ത ചേതേശ്വർ പുജാരയും റൺസൊന്നുമെടുക്കാതെ രോഹിത്ത് ശർമയുമാണ് സ്റ്റംപെടുക്കുമ്പോൾ ക്രീസിൽ.

പരുക്ക മാറിയെത്തിയ ഡേൽ സ്റ്റെയിനൾപ്പെടെ നാലു ഫാസ്റ്റ് ബാളർമാരെ ദക്ഷിണാഫ്രിക്ക ടീമിലുൾപ്പെടുത്തിയപ്പോൾ ടെസ്റ്റ് അരങ്ങേറ്റം കുറിച്ച ജസ്പ്രീത് ബുംറയായിരുന്നു ഇന്ത്യൻ ടീമിലെ ശ്രദ്ധേയ താരം. ഇശാന്തിനെ മറികടന്നാണ് ബുംറ അവസരം നേടിയത്.



ഇന്ത്യൻ ടീം ഒരു വിക്കറ്റാഘോഷത്തിനിടെ

**നോട്ട് ദി പോയിന്റ്**

■ ഇന്ത്യൻ ബൗളിംഗ് ഓപ്പൺ ചെയ്ത ഭുവനേശ്വർ കുമാർ താനെറിഞ്ഞ ആദ്യ മൂന്ന് ഓവറുകളിലും ഓരോ വിക്കറ്റ് വീതം വീഴ്ത്തി. 2001 ന് നേട്ടം ഒരു വിദേശ പര്യടനത്തിൽ ഈ നേട്ടം സ്വന്തമാക്കുന്ന മൂന്നാമത്തെ താരമാണ് ഭുവനേശ്വർ.

■ 1992-93ൽ കപിൽ ഡർബനിൽ ജിമ്മി കുക്കിനെ ആദ്യ ഓവറിലെ ആദ്യ പന്തിൽ പുറത്താക്കിയശേഷം വിദേശത്ത് ഇത്രയും മികച്ച തുടക്കം ഇന്ത്യയ്ക്ക് ലഭിക്കുന്നത് ആദ്യമായാണ്. ഇന്നലെ ഭുവനേശ്വർ ആദ്യ ഓവറിലെ മൂന്നാം പന്തിലാണ് എൽഗാറിനെ വീഴ്ത്തി ഇന്ത്യയ്ക്ക് ആദ്യ വിക്കറ്റ് സമ്മാനിച്ചത്.

■ 65 റൺസെടുത്ത എ ബി ഡിവില്ലിയേഴ്സാണ് ദക്ഷിണാഫ്രിക്കയുടെ ടോപ് സ്കോറർ.

■ 4-ാം വിക്കറ്റിൽ ഡിവില്ലിയേഴ്സും ഡുപ്ലെസിസും കൂട്ടിച്ചേർത്ത 114 റൺസാണ് ദക്ഷിണാഫ്രിക്കൻ ഇന്നിംഗ്സിന്റെ നട്ടെല്ല്.

### സ്കോർ ബോർഡ്

ദക്ഷിണാഫ്രിക്ക ഒന്നാം ഇന്നിംഗ്സ്: എൽഗാർ സി സാഹ ബി ഭുവനേശ്വർ 0, മർക്രാം എൽബി ഭുവനേശ്വർ 5, അംല സി സാഹ ബി ഭുവനേശ്വർ 3, ഡിവില്ലിയേഴ്സ് ബി ബുംറ 45, ഡുപ്ലെസിസ് സി സാഹ ബി പാണ്ഡ്യ 62, ബി ഡികോക്ക് സി സാഹ ബി കുമാർ 43, ഫിലാണ്ടർ ബി ഷാമി 23, മഹാരാജ് റണ്ണൗട്ട് 35, റബാഡ സി സാഹ ബി അശ്വിൻ 26, സ്റ്റെയിൻ നോട്ടൗട്ട് 16, മോർക്കൽ എൽബി അശ്വിൻ 2.

വിക്കറ്റ് വീഴ്ച: 1 - 0, 2 - 7, 3 - 12, 4 - 126, 5 - 142, 6 - 202, 7 - 221, 8 - 258, 9 - 280, 10 - 286

ബൗളിംഗ്: ഭുവനേശ്വർ 19 - 4 - 87 - 4, ഷാമി 16 - 6 - 47 - 1 ബുംറ 19 - 1 - 73 - 1, പാണ്ഡ്യ 12 - 1 - 53 - 1, അശ്വിൻ 7 - 1 - 1 - 21 - 2



ഐ ലീഗിൽ ഇന്നലെ നടന്ന ജംഷഡ്പൂർ- മുംബയ് മത്സരത്തിൽ നിന്ന്. മത്സരം 2-2ന്റെ സമനിലയിൽ അവസാനിച്ചു

## കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പ് ഇന്ന് മുതൽ

തിരുവനന്തപുരം: ഇന്ത്യൻ കളരിപ്പയറ്റ് ഫെഡറേഷൻ, കേരള സ്പോർട്സ് കൗൺസിൽ എന്നിവയുടെ സഹകരണത്തോടെ കേരള കളരിപ്പയറ്റ് അസോസിയേഷൻ സംഘടിപ്പിക്കുന്ന 59-ാമത് കേരള സ്റ്റേറ്റ് കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പ് ഇന്നും നാളെയും സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കും. ഇന്ന് രാവിലെ 10.30ന് സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ടി.പി. ദാസൻ ഉദ്ഘാടനം ചെയ്യും. അഡ്മിനിസ്ട്രേറ്റീവ് ബോർഡ് മെമ്പർ എം.ആർ. രഞ്ജിത്ത്, ഇന്ത്യൻ കളരിപ്പയറ്റ് ഫെഡറേഷൻ സെക്രട്ടറി ജനറൽ പൂന്തുറ സോമൻ, കേരള കളരിപ്പയറ്റ് അസോസിയേഷൻ പ്രസിഡന്റ് കെ. പി. കൃഷ്ണദാസ്, വൈസ് പ്രസിഡന്റ് എം. കെ. രാജഗോപാൽ തുടങ്ങിയവർ പങ്കെടുക്കും. തുടർന്ന് മത്സരങ്ങൾ നടക്കും. നാളെ വൈകിട്ട് 6.30ന് നടക്കുന്ന സമാപന സമ്മേളനത്തിൽ അഡിഷണൽ ചീഫ് സെക്രട്ടറി ടിക്കാറാം മീണ സമ്മാനങ്ങൾ വിതരണം ചെയ്യും.

## 'സായി' കായിക താരങ്ങളെ തിരഞ്ഞെടുക്കുന്നു

തിരുവനന്തപുരം: സ്പോർട്സ് അതോറിറ്റി ഒഫ് ഇന്ത്യ (സായി) യുടെ കാര്യവട്ടം സെന്റർ പരിശീലനത്തിന് കായിക താരങ്ങളെ തിരഞ്ഞെടുക്കുന്നു. അത്‌ലറ്റിക്സ്, നീന്തൽ, തായ്ക്കൊണ്ടോ, വോളിബോൾ എന്നിവയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സെലക്ഷനിൽ പങ്കെടുക്കാം. എന്നാൽ, ബോക്സിംഗ്, ഹാൻഡ്ബാൾ, കബഡി എന്നിവയിൽ പെൺകുട്ടികളെ മതി. വ്യക്തിഗതയിനത്തിൽ 12-18 പ്രായവിഭാഗക്കാർക്കും ടീമിനത്തിൽ 10-18 പ്രായക്കാർക്കും സെലക്ഷനിൽ പങ്കെടുക്കാം.

ജില്ലാ, സംസ്ഥാന മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർക്ക് സെലക്ഷനിൽ പങ്കെടുക്കാവുന്നതാണ്. സംസ്ഥാന, ദേശീയ മത്സരങ്ങളിൽ മെഡൽ നേടിയിട്ടുള്ളവർക്ക് മുൻഗണന. കൂടുതൽ വിവരങ്ങൾക്ക് സായി കാര്യവട്ടം ട്രെയിനിംഗ് സെന്റർ അസി. ഡയറക്ടറുമായി ബന്ധപ്പെടുക. ഫോൺ: 0471-2415401.



കൊല്ലം വൈഎംസിഎ ഹാളിൽ നടന്ന കേരള ആരോഗ്യ സർവകലാശാല ഇന്റർസോൺ ചെസ് ചാമ്പ്യൻഷിപ്പിൽ വനിതാ വിഭാഗത്തിൽ കിരീടം നേടിയ തിരുവനന്തപുരം ഗവ.മെഡിക്കൽ കോളേജ് ടീം, പ്രിൻസിപ്പൽ ഡോ. തോമസ് മാത്യു, എച്ച്.ഒ ഡി ഡോ.പ്രസന്നകുമാർ, ടീം മാനേജർ ഡോ.സുജനേഷ്.കെ.ദാസ് എന്നിവരോടൊപ്പം



ഐ ലീഗിൽ നോർക്ക - ആരോസ് മത്സരത്തിൽ നിന്ന്

## ആരോസിനെ അരിഞ്ഞ് നെറോക്ക

ഇംഫാൽ: ഐ ലീഗിൽ തോൽവി അറിയാതെ നെറോക്ക കുതിപ്പ് തുടരുന്നു. ഇന്നലെ നടന്ന മത്സരത്തിൽ യുവസംഘമായ ഇന്ത്യൻ ആരോസിനെ നെറോക്ക 2-1ന് തോൽപ്പിച്ചു. നെറോക്കയുടെ തട്ടകമായ ഇംഫാലിലെ ഖുമാൻലാംപക് സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ആദ്യ പകുതിയിൽ തന്നെ നെറോക്ക രണ്ട് ഗോളുകൾ ആരോസിന്റെ വലയിൽ എത്തിച്ചു. ഇരട്ട ഗോളുകളുമായി കളം നിറഞ്ഞ സുഭാഷ് സിംഗാണ് നെറോക്കയുടെ വിജയശില്പി.

39,45 മിനിട്ടുകളിലായിരുന്നു സുഭാഷ് ആരോസിന്റെ വലയിൽ പന്തെത്തിച്ചത്. രണ്ടാം പകുതിയിൽ പകരക്കാരനായിറങ്ങിയ അഭിജിത്ത് സർക്കാരാണ് 89-ാം മിനിട്ടിൽ ആരോസിനായി വല കുലുക്കിയത്. തോൽവി അറിയാതെ ഐ ലീഗിൽ ഈ സീസണിൽ ആറാം മത്സരമാണ് നെറോക്ക പൂർത്തിയാക്കിയത്. ജയത്തോടെ പോയിന്റ് ടേബിളിൽ രണ്ടാം സ്ഥാനത്തെത്തിയ നെറോക്ക ഒന്നാം സ്ഥാനത്തുള്ള ഈസ്റ്റ് ബംഗാളുമായുള്ള അകലം മൂന്നായി കുറച്ചു. 7 മത്സരങ്ങളിൽ നിന്ന് നെറോക്കയ്ക്ക് 14 പോയിന്റും 8 മത്സരങ്ങളിൽ നിന്ന് ഈസ്റ്റ് ബംഗാളിന് 17 പോയിന്റുമാണുള്ളത്.

പരിചയസമ്പന്നനായ ഗൗർമാംഗി സിംഗിനെ ഈ സീസണിൽ ആദ്യമായി ആദ്യ പതിനൊന്നിൽ നെറോക്ക പരിശീലകൻ ഗിഫ്റ്റ് റെയ്ഖാൻ ഉൾപ്പെടുത്തി.

മറുവശത്ത് വിലക്ക് മാറി തിരിച്ചെത്തിയ ക്യാപ്ടൻ അമർജിത്ത് സിംഗിനൊപ്പം രാഹുൽ പ്രണോയി, റഹിം അലി, നയോറെം, സുരേഷ് സിംഗ്, ജീക്സൺ സിംഗ് എന്നിവരും ആദ്യ പതിനൊന്നിൽ ഇറങ്ങി.

ഇന്നലെ നടന്ന മറ്റൊരു മത്സരത്തിൽ ഷില്ലോംഗ് ലജോംഗും ചെന്നൈ സിറ്റിയും ഗോൾരഹിത സമനിലയിൽ പിരിഞ്ഞു. ഷില്ലോംഗിന്റെ തട്ടകത്തിലാണ് മത്സരം നടന്നത്. ഷില്ലോംഗ് നാലാം സ്ഥാനത്തും ചെന്നൈ ഏഴാം സ്ഥാനത്തുമാണ്.



### ആഷസ്: ഓസീസ് തിരിച്ചടിക്കുന്നു

സിഡ്നി: ആഷസ് പരമ്പരയിലെ അവസാന ടെസ്റ്റിൽ ഇംഗ്ലണ്ട് ഒന്നാമിന്നിംഗ്സിൽ 346 റൺസിന് ആൾ ഔട്ടായി. മറുപടി ബാറ്റിംഗിനിറങ്ങിയ ആസ്ട്രേലിയ രണ്ടാം ദിനം സ്റ്റമ്പെടുക്കുമ്പോൾ രണ്ടു വിക്കറ്റ് നഷ്ടത്തിൽ 193 റൺസെടുത്തിട്ടുണ്ട്. ഇംഗ്ലണ്ടിന്റെ ഒന്നാമിന്നിംഗ്സ് സ്കോറിനൊപ്പമെത്താൻ ഓസീസിന് 153 റൺസ് കൂടി വേണം. അഞ്ചു വിക്കറ്റിന് 233 റൺസെന്ന നിലയിൽ രണ്ടാം ദിനം കളി തുടങ്ങിയ ഇംഗ്ലണ്ടിന് 113 റൺസ് കൂടിയേ കൂട്ടിച്ചേർക്കാനായുള്ളൂ. അവസാന മൂന്നു വിക്കറ്റുകൾ 11 റൺസിനിടയിൽ ഇംഗ്ലണ്ടിന് നഷ്ടമായി. ക്യാപ്ടൻ ജോ റൂട്ടും (83) ഡേവിഡ് മാലനും ചേർന്ന് നടത്തിയ ചെറുത്തുനിൽപ്പാണ് (62) ഇംഗ്ലണ്ടിന് മുതൽക്കൂട്ടായത്.

ഇംഗ്ലണ്ടിന്റെ ക്രെയിൻ ഒരു ക്യാച്ചിനുള്ള ശ്രമത്തിൽ



### സെറീന വില്ല്യംസ് ആസ്ട്രേലിയൻ ഓപ്പണിനില്ല

മെൽബൺ: നിലവിലെ ചാമ്പ്യനും മുൻ ലോക ഒന്നാം നമ്പർതാരവുമായ സെറീന വില്ല്യംസ് ഇത്തവണ ആസ്ത്രേലിയൻ ഓപ്പണിൽ മത്സരിക്കില്ല. പ്രസവ സംബന്ധമായ ആവശ്യങ്ങൾക്കായി കഴിഞ്ഞ ആസ്ത്രേലിയൻ ഓപ്പണിന് ശേഷം ടെന്നീസ് കോർട്ടിൽ നിന്ന് വിട്ടുനിൽക്കുകയായിരുന്നു സെറീന. പഴയ മികവിലേക്ക് പൂർണമായും ഉയരാൻ കഴിയാത്തതിനെ തുടർന്നാണ് സെറീനയുടെ പിൻമാറ്റം. കഴിഞ്ഞയിടെ അബുദാബിയിൽ ഒരു പ്രദർശന മത്സരത്തിൽ സെറീന കളിച്ചിരുന്നെങ്കിലും ഫ്രഞ്ച് ഓപ്പൺ ചാമ്പ്യൻ ജെലേന ഒസ്റ്റാപെങ്കോയോട് തോറ്റു.

ഇത്തവണത്തെ ആസ്ത്രേലിയൻ ഓപ്പണിൽ നിന്ന് പിൻമാറുന്ന മൂന്നാമത്തെ പ്രമുഖ താരമാണ് സെറീന. നേരത്തേ ബ്രിട്ടീഷ് താരം ആൻഡി മുറേ, ജപ്പനീസ് താരം കെയ് നിഷിക്കോറി എന്നിവർ പരിക്കിനെ തുടർന്ന് പിൻമാറിയിരുന്നു.

### ഗോകുലം ഇന്ന് മിനർവയ്ക്കെതിരെ

കോഴിക്കോട്: ഐ ലീഗിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ ഗോകുലം കേരള എഫ്.സി മിനർവ പഞ്ചാബിനെ നേരിടും.

ഗോകുലത്തിന്റെ തട്ടകമായ കോഴിക്കോട് ഇ. എം. എസ് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ വൈകിട്ട് 5.30 മുതലാണ് മത്സരം. പോയിന്റ് ടേബിളിൽ ഗോകുലം ഒമ്പതാമതും മിനർവ മൂന്നാമതുമാണ്.

## ടോട്ടൻഹാമിന് സമനില

ലണ്ടൻ: ഇംഗ്ലീഷ് പ്രിമിയർ ലീഗിൽ കഴിഞ്ഞ ദിവസം നടന്ന മത്സരത്തിൽ ടോട്ടൻഹാം ഹോട്സ്പറും വെസ്റ്റ് ഹാം യുണൈറ്റഡും 1-1ന്റെ സമനിലയിൽ പിരിഞ്ഞു. വിരസമായ ഒന്നാംപകുതിക്ക് ശേഷം രണ്ടാംപകുതിയിലായിരുന്നു മത്സരത്തിലെ രണ്ടു ഗോളും വീണത്. 70-ാം മിനിറ്റിൽ പെഡ്രോ ഒബിയാംഗിന്റെ ഗോളിലൂടെ വെസ്റ്റ്ഹാമാണ് ആദ്യം മുന്നിലെത്തിയത്.

മത്സരം വെസ്റ്റ്ഹാം ജയിക്കുമെന്ന് കരുതിയിരിക്കേ 84-ാം മിനിറ്റിൽ സൺ ഹ്യൂംഗ് മിൻ തകർപ്പൻ ഫിനിഷിംഗിലൂടെ ടോട്ടൻഹാമിന്റെ സമനില ഗോൾ നേടുകയായിരുന്നു. 22 മത്സരങ്ങളിൽ നിന്ന് 41 പോയിന്റുള്ള ടോട്ടൻഹാം പോയിന്റ് ടേബിളിൽ അഞ്ചാമതാണ്. ഇത്രയും മത്സരങ്ങളിൽ നിന്ന് 22 പോയിന്റുള്ള വെസ്റ്റ് ഹാം പതിനഞ്ചാം സ്ഥാനത്താണ്.



സൺ ഹ്യൂംഗ് മിൻ

## റയൽ മൂന്നടിച്ച് തുടങ്ങി

മാഡ്രിഡ്: പുതുവർഷത്തിൽ സ്പാനിഷ് സൂപ്പർ ക്ലബ് റയൽ മാഡ്രിഡിന് വിജയത്തുടക്കം. കോപ്പ ഡെൽ റേ പ്രീക്വാർട്ടറിന്റെ ആദ്യപാദത്തിൽ ന്യൂമാൻസിയയെ റയൽ തോൽപ്പിച്ചു. ന്യൂമാൻസിയയുടെ തട്ടകത്തിൽ നടന്ന മത്സരത്തിൽ മറുപടിയില്ലാത്ത മൂന്ന് ഗോളുകൾക്കാണ് റയലിന്റെ ജയം. റയലിന്റെ രണ്ട് ഗോളുകൾ പിറന്നത് പെനാൽറ്റിയിലൂടെയാണ്. ഗാരത് ബെയ്ൽ 35-ാം മിനിറ്റിലും ഇസ്കോ 89-ാം മിനിറ്റിലും കിട്ടിയ പെനാൽറ്റികൾ ഗോളാക്കിയപ്പോൾ ബോർജ മയോറൽ രണ്ടാം പകുതിയുടെ അധിക സമയത്ത് റയലിന്റെ ലീഡ് മൂന്നാക്കി ഉയർത്തി. റൊണാൾഡോ, ബെൻസേമ, മോഡ്രിച്ച്, ക്രൂസ്, റാമോസ്, നവാസ് തുടങ്ങിയ പ്രമുഖർക്കെല്ലാം വിശ്രമം അനുവദിച്ച സിദാൻ ബെയ്‌ലിനെയും അസാൻസിയോയേയും ആയിരുന്നു ന്യൂമാൻസിയയ്ക്കെതിരെ ആക്രമണത്തിന് നിയോഗിച്ചത്. ഡിയാമൻക രണ്ട് മഞ്ഞ കാർഡ് കണ്ട് മാർച്ചിംഗ് ഓർഡർ വാങ്ങി പുറത്തായതിനാൽ പത്ത് പേരുമായാണ് റയൽ മത്സരം പൂർത്തിയാക്കിയത്.

### ബാഴ്സയ്ക്ക് സമനില

അതേസമയം ബാഴ്സലോണ സ്വന്തം തട്ടകത്തിൽ സമനിലയിൽ കുരുങ്ങി. സെൽറ്റ ഡി വിഗോയാണ് ബാഴസയെ 1-1ന്റെ സമനിലിയിൽ തളച്ചത്. മെസിയും സുവാരസുമില്ലാതിറങ്ങിയ ബാഴ്സയെ 15-ാം മിനിറ്റിൽ ഹോസെ അർണയിസ് മുന്നിലെത്തിച്ചെങ്കിലും 31-ാം മിനിറ്റിൽ സിസ്റ്റോ നേടിയ ഗോളിൽ സെൽറ്റ സമനില പിടിക്കുകയായിരുന്നു. ഇതോടെ സെൽറ്റയുടെ തട്ടകത്തിൽ നടക്കുന്ന രണ്ടാം പാദം ബാഴ്സയ്ക്ക് സമ്മർദ്ദമേറിയതായി.



ബെയ്ൽ റയലിനായി ഗോൾ നേടുന്നു

